ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജൂലൈ-സെപ്റ്റംബർ 2023 പുസ്തകം 4 ലക്കം 3


കേരളത്തിലെ ധനകാര്യ മേഖല നേരിടുന്ന ആശങ്കകളും വെല്ലുവിളികളും : ഒരു താരതമ്യ വിശകലനം

ധനകാര്യ ഫെഡറലിസവും കേരളത്തിന്റെ സ്ഥിതിയും

ഡിജിറ്റൽ നികുതിയും ഒ ഇ സി ഡി - ജി 20 ഫ്രെയിംവർക്കും : ഇന്ത്യയിലെ തുല്യത ലെവിയെ കുറിച്ച് ഒരു പഠനം

ഇന്ധന പണപ്പെരുപ്പത്തിലെ ദേശീയ പ്രവണതയും കേരളവും

വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയും സർക്കാരിന്റെ ചെലവഴിക്കലും : സംസ്ഥാന ബജറ്റുകളുടെ അവലോകനം

പ്രാദേശിക ഭരണകൂടവും ഗ്രാമവികസനവും : കേരളത്തിലെ എം ജി എൻ ആർ ഇ ജി എസ് പദ്ധതി നടത്തിപ്പിനെ കുറിച്ച് ഒരു പഠനം

തൊഴിലിടങ്ങളിലെ അന്തസ്സാർന്ന പ്രവർത്തനം സമുദ്ര മൽസ്യബന്ധന മേഖലയിൽ

സ്പെഷ്യൽ കംപോണന്റ് പദ്ധതിയുടെ അടിസ്ഥാനത്തിൽ ആസൂത്രണ പ്രക്രിയയിലെ അഴിച്ചുപണി

അഗ്രിപ്രന്യൂറിയൽ നൈപുണ്യം കർഷകർക്കിടയിൽ - ഒരു വിശകലനം

അടിസ്ഥാന പലിശ നിരക്കിലെ മാറ്റവും നടപ്പാക്കുന്നതിലെ അമാന്തവും - ഒരു അവലോകനം

ജി എസ് ടി : പ്രധാന നടപടികൾ


GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ജൂലൈ–സെപ്റ്റംബർ 2023 പുസ്തകം 4 ലക്കം 3

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

അസോസിയേറ്റ് എഡിറ്റർ
അനിത കുമാരി എൽ

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

അസിസ്റ്റന്റ് എഡിറ്റർ
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള– 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and
do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation,
Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# Contents

**പേജ് നമ്പർ**

**എഡിറ്റോറിയൽ**
പതിനാറാം ധനകാര്യ കമ്മീഷനും സംസ്ഥാനങ്ങളുടെ വികസനവും 3

1. **കേരളത്തിലെ ധനകാര്യ മേഖല നേരിടുന്ന ആശങ്കകളും വെല്ലുവിളികളും : ഒരു താരതമ്യ വിശകലനം** 8
കെ ജെ ജോസഫ്, എൽ അനിതാകുമാരി

2. **ധനകാര്യ ഫെഡറലിസവും കേരളത്തിന്റെ സ്ഥിതിയും** 25
അദിത്ത് എസ് കാർത്തിക്, ക്രിസ്റ്റബെൽ പി ജെ

3. **ഡിജിറ്റൽ നികുതിയും ഒ ഇ സി ഡി – ജി 20 ഫ്രെയിംവർക്കും : ഇന്ത്യയിലെ തുല്യത ലെവിയെ കുറിച്ച് ഒരു പഠനം** 39
അരുൺ പോൾ, എൻ രാമലിംഗം

4. **ഇന്ധന പണപ്പെരുപ്പത്തിലെ ദേശീയ പ്രവണതയും കേരളവും** 57
കിരൺകുമാർ കക്കർലാപുടി, ജോയൽ പി ജോസഫ്

5. **വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയും സർക്കാരിന്റെ ചെലവഴിക്കലും : സംസ്ഥാന ബജറ്റുകളുടെ അവലോകനം** 68
ഷിംനമോൾ എം, ക്രിസ്റ്റബെൽ പി ജെ

6. **പ്രാദേശിക ഭരണകൂടവും ഗ്രാമവികസനവും : കേരളത്തിലെ എം ജി എൻ ആർ ഇ ജി എസ് പദ്ധതി നടത്തിപ്പിനെ കുറിച്ച് ഒരു പഠനം** 79
ടീസൺ സി ജെ, രേവതി കെ ശിവദാസ്

7. **തൊഴിലിടങ്ങളിലെ അന്തസ്സാർന്ന പ്രവർത്തനം സമുദ്ര മൽസ്യബന്ധന മേഖലയിൽ** 89
ശാലിനി മാത്യൂസ്, അനിത വി

8. **സ്പെഷ്യൽ കംപോണന്റ് പദ്ധതിയുടെ അടിസ്ഥാനത്തിൽ ആസൂത്രണ പ്രക്രിയയിലെ അഴിച്ചുപണി** 100
യു പി അനിൽകുമാർ

9. **അഗ്രിപ്രന്യൂറിയൽ നൈപുണ്യം കർഷകർക്കിടയിൽ - ഒരു വിശകലനം** 113
സചീന്ദ്രൻ വി

10. **അടിസ്ഥാന പലിശ നിരക്കിലെ മാറ്റവും നടപ്പാക്കുന്നതിലെ അമാന്തവും - ഒരു അവലോകനം** 126
അശ്വതി റേച്ചൽ വർഗീസ

11. **GST updates** 137
Relfi Paul

12. **New studies on Kerala** 152
Young scholars' forum, GIFT.

13. **What is new(s) from GIFT** 164

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# എഡിറ്റോറിയൽ
# പതിനാറാം ധനകാര്യ കമ്മീഷനും സംസ്ഥാനങ്ങളുടെ വികസനവും

ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരെ ഇനിയും നിയമിച്ചിട്ടില്ലെങ്കിലും, പതിനാറാം ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച ചില സുപ്രധാന വിവരങ്ങൾ കേന്ദ്ര സർക്കാർ ഈയിടെ പുറത്തു വിടുകയുണ്ടായി. 2026 ഏപ്രിൽ ഒന്ന് മുതൽ അഞ്ചു വർഷക്കാലത്തേക്കാണ് കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കുക. നികുതി, നികുതിയേതര മാർഗ്ഗങ്ങളിലൂടെയുള്ള സംസ്ഥാനങ്ങളുടെ തനത് വരുമാനം അവയുടെ മൊത്തം വരുമാനത്തിന്റെ 67 ശതമാനം മാത്രമായ സാഹചര്യത്തിൽ, സംസ്ഥാനങ്ങളുടെ സാമ്പത്തിക ആരോഗ്യനിലയുടെ കാര്യത്തിൽ കമ്മീഷന്റെ ശുപാർശകൾക്ക് വലിയ പ്രധാന്യമാണ് കൈവരുന്നത്. പരിഗണനാവിഷയങ്ങളെ കുറിച്ച് ലഭ്യമായ സൂചനകൾ വച്ചു നോക്കുമ്പോൾ, പതിന്നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശകളിന്മേൽ ഭേദഗതി നിർദേശിക്കാൻ പതിനഞ്ചാം കമ്മീഷനോട് നിർദേശിച്ചത് പോലുള്ള സമീപനങ്ങൾക്ക് സാധ്യത വിരളമാണ്. തികച്ചും ഭരണഘടനാപരമായ അടിസ്ഥാനത്തിൽ നിന്നുകൊണ്ടായിരിക്കും കമ്മീഷന്റെ ശുപാർശകൾ എന്നാണ് കരുതുന്നത്. അതുകൊണ്ട് പുതിയ കമ്മീഷൻ സംസ്ഥാനങ്ങളുമായി വിപുലമായ ചർച്ചകൾ നടത്തിയ ശേഷമായിരിക്കും ശുപാർശകൾ നൽകുക എന്നാണ് പൊതുവെ പ്രതീക്ഷിക്കുന്നത്.

**ലംബമായ പങ്ക് വയ്ക്കൽ (Vertical devolution)**

1951ൽ ഒന്നാം ധനകാര്യ കമ്മീഷന്റെ ഘട്ടത്തിൽ ആദായ നികുതി, ഏതാനും ഉത്പന്നങ്ങളുടെ എക്സൈസ് തീരുവ എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്ക് വച്ചത്. എന്നാൽ പത്താം ധനകാര്യ കമ്മീഷനിലേക്ക് എത്തുമ്പോൾ കേന്ദ്ര സർക്കാരിന് ലഭ്യമാകുന്ന എല്ലാ നികുതി വരുമാനങ്ങളും ഡിവിസിബ്ൾ പൂളിൽ ഉൾപ്പെടുത്തുകയുണ്ടായി. ആസൂത്രണ കമ്മീഷൻ ഇല്ലാതായതോടെ പതിന്നാലാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിന്റെ വ്യാപ്തി 32 ശതമാനത്തിൽ നിന്ന് 42 ശതമാനമാക്കി ഉയർത്തി. പതിനഞ്ചാം കമ്മീഷൻ ഇത് 41 ശതമാനമാക്കി കുറച്ചു. അപ്രകാരം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്, ഡിവിസിബിൾ പൂളിന്റെ വ്യാപ്തം ഉയർത്തുന്ന കാര്യത്തിലും സംസ്ഥാനങ്ങളുടെ വിഹിതത്തിൽ വർധന വരുത്തുന്ന കാര്യത്തിലും തുടർച്ചയായി വന്ന ധനകാര്യ കമ്മീഷനുകൾക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞുവെന്നാണ്.

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിൽ നിലനിൽക്കുന്ന കുത്തനെയുള്ള അസമത്വം കുറച്ചുകൊണ്ട് വരണമെന്ന കാര്യത്തോട് പൊതുവെ എല്ലാവരും യോജിക്കുന്നതായി കാണാം. സംസ്ഥാനങ്ങൾ വികസനപരമായ കൂടുതൽ ഉത്തരവാദിത്വങ്ങൾ വഹിക്കേണ്ടി വരുന്ന സാഹചര്യത്തിൽ അവയുടെ ചെലവുകളും ഉയരുന്ന സ്ഥിതി ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. എന്നാൽ മാറിയ സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ വരുമാന സാദ്ധ്യതകൾ

പരിമിതപ്പെടുന്നതായി കാണാം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിരീക്ഷിക്കുന്നത്, ദേശീയമായി വരുന്ന മൊത്തം ചെലവിന്റെ 62 ശതമാനം സംസ്ഥാനങ്ങൾ നിർവഹിക്കുമ്പോൾ വരുമാനത്തിന്റ കാര്യത്തിൽ അവയുടെ പങ്ക് 37 ശതമാനം മാത്രമാണ് എന്നാണ്. ധനകാര്യ മാനേജ്മെന്റ് രംഗത്ത് സംസ്ഥാനങ്ങൾ നേരിടുന്ന സമ്മർദ്ദത്തിന്റെ മൂലകാരണവും ഇത് തന്നെയാണ്. ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്ക് കൂടുതൽ വരുമാനം ലഭ്യമാകുന്ന വിധത്തിൽ വിഭവങ്ങൾ പങ്ക് വയ്ക്കുമ്പോഴും പല വിധത്തിലുള്ള മാർഗ്ഗങ്ങളിലൂടെ അത് നൽകാതിരിക്കുക എന്ന സമീപനമാണ് കേന്ദ്രം കൈക്കൊള്ളുന്നത്. സെസ്സ്, സർചാർജ് തുടങ്ങിയവ കൂടുതലായി ഏർപ്പെടുത്തുന്നത് ഇതിന് ഉദാഹരണമാണ്.

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ സംസ്ഥാനങ്ങളുമായി പങ്ക് വയ്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് എന്നിവ വഴിയുള്ള വരുമാനം മൂന്നിരട്ടി കണ്ട് വർധിച്ചുവെന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. 2009–10ൽ മൊത്തം വരുമാനത്തിന്റെ 5.2 ശതമാനമായിരുന്ന ഇത്, 2022–23 ആകുമ്പോൾ 17.1 ശതമാനമായി ഉയർന്നു. നാലു ശതമാനത്തോളം വരുന്ന ജി എസ് ടി നഷ്ടപരിഹാര സെസ്സ് ഒഴിവാക്കിയാൽ പോലും വർധന ഭീമമാണെന്ന് കാണാം. അതായത് ഫലത്തിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്ന നികുതി വിഹിതം 2015–16ൽ 35 ശതമാനമായിരുന്നത് 2019–20ൽ 30 ശതമാനത്തിലേക്ക് താഴ്ന്നു എന്നർത്ഥം. സെസ്സ്, സർചാർജ് എന്നീ ഇനങ്ങളിലുള്ള വരുമാനം വിദേശ രാജ്യങ്ങളിലേക്കല്ല പോകുന്നത് എന്ന് വേണമെങ്കിൽ വാദിക്കാം. പക്ഷെ, സംസ്ഥാനങ്ങൾക്ക് പങ്ക് വയ്ക്കുന്നതിനായി കാര്യമായി ഒന്നുമില്ലാതെ വരുന്ന സ്ഥിതിയിൽ, കഴിഞ്ഞ കുറേക്കാലമായുള്ള പ്രവണതകൾ കൂടി പരിഗണിക്കുമ്പോൾ കാണുന്നത് ഫിനാൻസ് കമ്മീഷൻ എന്ന സ്ഥാപനത്തിന്റെ പ്രസക്തി തന്നെ കുറഞ്ഞു വരുന്നതായാണ്. അതുകൊണ്ട് കുത്തനെയുള്ള അസമത്വം തീർച്ചയായും പരിഹരിക്കപ്പെടേണ്ട ഒന്നാണ്. അതിന് സെസ്സ്, സർചാർജ് എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനം മൊത്തം വരുമാനത്തിന്റെ അഞ്ചു ശതമാനം എന്ന നിലയിലേക്ക് നിജപ്പെടുത്തുക എന്ന കാര്യം ധനകാര്യ കമ്മീഷൻ ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. നിർദിഷ്ട നിലയിൽ നിന്നും അത് ഉയരുന്നതായാൽ അതനുസരിച്ചുള്ള വർധന ഡിവിസിബിൾ പൂളിന്റെ കാര്യത്തിലും നിർദ്ദേശിക്കേണ്ടതാണ്. രംഗരാജൻ, ശ്രീവാസ്തവ എന്നിവരുടെ നിരീക്ഷണത്തോട് ഒത്തുപോകുന്ന നിർദേശങ്ങളായിരിക്കും ഇത്.

കുത്തനെയുള്ള അസമത്വത്തിന്റെ കാര്യത്തിൽ വേറെയും നിരവധി വിഷയങ്ങൾ ഉയരുന്നുണ്ട്. ഉദാഹരണത്തിന്, അഞ്ചു വർഷത്തേക്കുള്ള സംസ്ഥാനങ്ങളുടെ വരുമാനം സംബന്ധിച്ച ധനകാര്യ കമ്മീഷന്റെ അനുമാനങ്ങൾ പലപ്പോഴും സംസ്ഥാനങ്ങൾക്ക് തിരിച്ചടിയാകുന്നതാണ്. ധനകാര്യ കമ്മീഷന്റെ പ്രവർത്തന മികവുമായി ഒരു വിധത്തിലുള്ള ബന്ധവും ഇത്തരം അനുമാനങ്ങൾക്കില്ല എന്നതാണ് വാസ്തവം. തുറന്നതും അനിശ്ചിതത്വം ചൂഴ്ന്നു നിൽക്കുന്നതുമായ നിലവിലെ ആഗോള സാഹചര്യത്തിൽ ഇപ്രകാരം അഞ്ചു വർഷത്തേക്ക്, വരുമാനം സംബന്ധിച്ച കൃത്യമായ നിഗമനങ്ങൾ അവതരിപ്പിക്കുക എന്നത് ഏറെക്കുറെ അസാധ്യമായ കാര്യമാണ്. ഒരു ഉദാഹരണം നോക്കാം, പതിന്നാലാം ധനകാര്യ കമ്മീഷൻ 2019–20 വർഷത്തേക്ക് കേന്ദ്ര പൂളിൽ നിന്ന് കേരളത്തിന് ലഭ്യമാകുമെന്ന് കണക്കാക്കുന്നത് 25, 869 കോടി രൂപയാണ്. പക്ഷെ, യഥാർത്ഥത്തിൽ ലഭ്യമായതോ 16,401 കോടി (63.4%) മാത്രവും. ആദിത് എസ്. കാർത്തിക്, ക്രിസ്റ്റബെൽ എന്നിവർ ഇക്കാര്യം '*കേരള ഇക്കോണമി*'യുടെ ഈ ലക്കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ വാക്കുകൾ മുഖവിലയ്ക്കെടുത്ത് പദ്ധതികളുമായി മുന്നോട്ട് പോകുന്ന സംസ്ഥാനങ്ങൾ ഇങ്ങനെ സംഭവിക്കുമ്പോഴാണ് വെട്ടിലാകുന്നത്. ഡോ. ഗോവിന്ദറാവുവിനെ പോലുള്ള പ്രഗത്ഭരായ പണ്ഡിതന്മാർ മുന്നോട്ട്

വയ്ക്കുന്ന, ധനകാര്യ കമ്മീഷൻ എന്നത് സ്ഥിരമായ ഒരു സംവിധാനമാകണം എന്ന നിർദേശത്തിന്റെ പ്രസക്തി ഇത്തരുണത്തിലാണ്. വികസന രംഗത്തെ മാറി വരുന്ന കാഴ്ചപ്പാടുകൾക്കൊപ്പം ധനകാര്യ കമ്മീഷനുകളുടെ കാര്യത്തിലും അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാകണമെന്ന് നിലയിലേക്കാണ് ഇത്തരം കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്.

**തിരശ്ചീനമായി പങ്ക് വയ്ക്കൽ (Horizontal devolution)**

പൊതുധനകാര്യ മേഖലയിലെ വിദഗ്ദർ വാദിക്കുന്ന ഒരു കാര്യം, സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വികസനപരമായ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വത്തിൽ നിന്നും ധനകാര്യ കമ്മീഷനുകളെ ഒഴിവാക്കണം എന്നാണ്. ധനപരമായ വിഭവങ്ങൾ പങ്ക് വയ്ക്കുന്നതിലേക്ക് മാത്രമായി അവയുടെ ചുമതലകൾ പരിമിതപ്പെടുത്തണം എന്നാണ് അവർ നിർദ്ദേശിക്കുന്നത് . എന്നാൽ ഈ ആശയത്തെ ആദരിച്ചുകൊണ്ട് തന്നെ പറയട്ടെ, വികസനം ഏറ്റവും പ്രാമുഖ്യം കൈവരിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിൽ ഒരു നിർദേശം ധനകാര്യ കമ്മീഷനുകളുടെ കാര്യത്തിൽ ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരിക്കില്ല. 2022–23 സാമ്പത്തിക വർഷത്തിൽ 7 ശതമാനം ജി ഡി പി വളർച്ച പ്രതീക്ഷിക്കുന്ന അതിവേഗം വളരുന്ന സമ്പദ്ഘടനയായ, 2029ൽ ലോകത്തെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകുമെന്ന് കരുതുന്ന, 2047 ഓടെ വികസിത സമ്പദ്ഘടനയാകുമെന്ന് കരുതുന്ന ഇന്ത്യ തീരുമാനങ്ങളെടുക്കുമ്പോൾ ദേശീയമായ കാഴ്ചപ്പാട് പുലർത്തേണ്ടതുണ്ട്. എന്നാൽ അടിസ്ഥാനപരമായി ചിന്തിക്കേണ്ട കാര്യം സംസ്ഥാനങ്ങൾ വികസിതമാകുമ്പോഴും വളരുമ്പോഴുമാണ് ഇന്ത്യ വളരുക എന്ന വളരെ പ്രധാനപ്പെട്ട വികസന മർമ്മമാണ്. അതുകൊണ്ട് തിരശ്ചീനതലത്തിലെ പങ്ക് വയ്ക്കലിന്റെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ, മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്ന സംസ്ഥാനങ്ങൾ ശിക്ഷിക്കപ്പെടുന്ന നിലവിലെ സ്ഥിതി പ്രത്യേകം പരിഗണിക്കേണ്ട ഒന്നാണ്.

ഇന്ത്യയെ പോലെ വൈജാത്യങ്ങൾ ഏറെ പ്രകടമായ ഒരു രാജ്യത്ത് തിരശ്ചീനതലത്തിൽ സമത്വം കൈവരിക്കുക എന്നത് വലിയ വെല്ലുവിളി ഉയർത്തുന്ന ഒന്നാണ്. ഏതാനും ചിലർ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന കാര്യത്തിൽ പിന്നോക്കം പോകുമ്പോൾ മറ്റു ചിലർ അതിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്ന സാഹചര്യമുണ്ടാവുകയാണ്. താരതമ്യേന വികസനം കുറഞ്ഞ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ കാര്യത്തിൽ സഹതാപം ഉണ്ടെങ്കിലും തലോടൽ എപ്പോഴും മോശം പ്രകടനം കാഴ്ച്ച വയ്ക്കുന്നവർക്കും തല്ല് മികച്ച പ്രകടനം നടത്തുന്നവർക്കുമാകുന്നത് വികസന വിരുദ്ധമായ കാഴ്ചപ്പാട് എന്ന നിലയിൽ കാണേണ്ടതായി വരും. ഡിവിസിബിൾ പൂളിൽ നിന്നുള്ള കേരളത്തിന്റെ പങ്ക് പത്താം ധനകാര്യ കമ്മിഷന്റെ കാലത്തെ 3.9 ശതമാനത്തിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.9 ശതമാനമായി കുറഞ്ഞു. എച്ച് ഡി ഐ, എസ് ഡി ജി തുടങ്ങിയ വികസന സൂചികകളുടെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം നിരയിലെത്തിയതിന് സംസ്ഥാനത്തിനുള്ള 'ഉപഹാരമായി' ഇത് മാറി. ഇത്തരത്തിൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ കാര്യകാരണങ്ങൾ അന്വേഷിച്ച് പോകുമ്പോൾ ആദ്യം എത്തുന്നത് തിരശ്ചീനമായ പങ്ക് വയ്ക്കലിലെ അസമത്വത്തിലേക്കാണ്. മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനങ്ങൾ അവരുടേതായ പ്രത്യേക പ്രശ്നങ്ങൾ നേരിടുന്നവയാണ്. വയോധികരുടെ എണ്ണം വർധിക്കുന്നത്, കൈവരിച്ച മികച്ച നേട്ടങ്ങൾ സുസ്ഥിരമാക്കുക തുടങ്ങിയ പ്രശ്നങ്ങൾ അവയിൽ ചിലത് മാത്രമാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ ഇതുവരെ ധനകാര്യ കമ്മിഷനുകളുടെ ശ്രദ്ധയിലേക്ക് വരാത്ത സാഹചര്യത്തിൽ പതിനാറാം ധനകാര്യ കമ്മീഷൻ പ്രത്യേകമായ ഒരു തന്ത്രത്തിലേക്ക് മാറേണ്ടതുണ്ട്. പിന്നിലാകുന്നവരെ പരിഗണിക്കുന്നതിനൊപ്പം തന്നെ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നവർക്ക് ഉത്തേജനം നൽകുന്നതുമാകണം അത്.

നീതി ആയോഗിന് വേണ്ടി നടത്തിയ പഠനത്തിൽ ഗോവിന്ദറാവു വ്യക്തമാക്കുന്നത്, പൊതുവായ രീതിയിലുള്ള വിഭവ കൈമാറ്റങ്ങൾ പലപ്പോഴും സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരത്തിന് തടയിടുന്നതാകുമ്പോൾ, പ്രത്യേക പദ്ധതികൾക്കായുള്ള ഫണ്ട് നൽകൽ നേരെ തിരിച്ചുള്ള ഫലമുളവാക്കുന്നു എന്നാണ്. എ. എൻ ജാ, യാഷ് ജല്ക്ക, പിനാക്കി ചക്രവർത്തി എന്നിവർ ചേർന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളെ കുറിച്ച് നടത്തിയ എൻ ഐ പി എഫ് പി പഠനവും ഇത്തരത്തിൽ പ്രത്യേക ആവശ്യങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരം വർധിപ്പിക്കുന്നു എന്ന വസ്തുത കാര്യകാരണ സഹിതം സമർത്ഥിക്കുന്നു. എല്ലാവർക്കും ഒരേ അളവിൽ നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിരവധി ന്യൂനതകളും പഠനം എടുത്തുപറയുന്നുണ്ട്.

എഫ് ആർ ബി എം നിയമത്തിന്റെ പശ്ചാത്തലത്തിൽ വായ്പയെടുക്കലും കടബാധ്യതയുമാണ് മറ്റൊരു പ്രധാന പ്രശ്നം. എന്നാൽ ഇക്കാര്യത്തിൽ രാജ്യം എങ്ങനെയാണ് അനഭിലഷണീയമായ ഒരു സാഹചര്യത്തിലേക്ക് വഴുതി വീണതെന്നതിനെ കുറിച്ച് കൂടുതൽ ഗൗരവതരമായ ഒരു വിചിന്തനം ആവശ്യമാണ്. ജനങ്ങളുടെ ആവശ്യങ്ങളെ കേൾക്കുന്ന കേന്ദ്രത്തിനോ, സംസ്ഥാനങ്ങൾക്കോ കടമെടുക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുക എളുപ്പമല്ല. ഇവിടെ ഉയരുന്ന ഒരു പ്രധാന ചോദ്യം, 2022–23 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്രത്തിന്റെ ധനക്കമ്മി 6.4 ശതമാനമായിരിക്കെ സംസ്ഥാനങ്ങൾ അത് 3 ശതമാനത്തിലേക്ക് എങ്ങനെ ക്രമീകരിക്കുമെന്നതാണ്. നിക്ഷേപമില്ലാതെ ഒരു രാജ്യവും വികസിതമായിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള സമ്പാദ്യം രേഖപ്പെടുത്തുന്ന രാജ്യങ്ങൾ പൊതുവെ വായ്പകളെ കൂടുതലായി ആശ്രയിക്കുന്നതായി കാണാം. അതുകൊണ്ട് കടം – ജി ഡി പി അനുപാതം 240 ശതമാനത്തിന് മുകളിലായിരിക്കുന്ന ഗ്ലോബൽ നോർത്ത് രാജ്യങ്ങളുടെ ഉപദേശ പ്രകാരം ഇന്ത്യയിൽ അത് 60 ശതമാനം എന്ന നിലയിലേക്ക് (കേന്ദ്ര സർക്കാരിന്റെ കാര്യത്തിൽ 40 ശതമാനവും സംസ്ഥാനങ്ങളുടെ കാര്യത്തിൽ 20 ശതമാനവും) കുറച്ചു കൊണ്ടുവരിക എന്നത് എത്രകണ്ട് ഇപ്പോൾ പ്രസക്തമാണ് എന്ന വസ്തുതയും നിലനിൽക്കുകയാണ്

എഫ് ആർ ബി എം നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സൂചികകളുടെ കാര്യത്തിലും ശക്തമായ ചില ആശങ്കകൾ ഉയരുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ എഫ് ആർ ബി എം നിയമത്തിന് ഒരു ബദൽ എന്ന നിലയിൽ 'ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബോറോവിങ് യൂട്ടിലൈസേഷൻ' നിയമത്തിന്റെ (എഫ് ആർ ബി യു) സാദ്ധ്യതകൾ കൂടി ആരായാവുന്നതാണ്. വികസന താല്പര്യങ്ങൾ മുൻനിർത്തി മുതലും പലിശയും തിരികെ നൽകാൻ കഴിയുന്ന വാർഷിക വരുമാന വളർച്ചയുടെ അടിസ്ഥാനത്തിൽ വേണം കടമെടുപ്പിനുള്ള നിയന്ത്രണങ്ങൾ നടപ്പിൽ വരുത്താൻ. ചികിത്സക്ക് പകരം രോഗം വരുന്നത് തടയുക എന്നതിനാവണം മുൻതൂക്കം. അതുകൊണ്ട് വിവിധ രൂപത്തിലുള്ള കമ്മിയുടെ കാര്യം പതിനാറാം ധനകാര്യ കമ്മീഷൻ കൂടുതൽ സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാക്കുന്നത് ഉചിതമായ ഒന്നായിരിക്കും.

ജി എസ് ടി നടപ്പാക്കിയപ്പോൾ വലിയ പ്രതീക്ഷകളാണ് പങ്ക് വയ്ക്കപ്പെട്ടിരിക്കുന്നതെങ്കിലും നമ്മുടെ നിയന്ത്രണത്തിലുള്ളതും അല്ലാത്തതുമായ പല കാരണങ്ങൾ മൂലം ഇക്കാര്യത്തിൽ ചില നഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. ഒരു കാര്യം ധനകാര്യ കമ്മീഷൻ മനസ്സിൽ കരുതേണ്ടതുണ്ട്. സംസ്ഥാനങ്ങൾ തങ്ങളുടെ 52.8 ശതമാനം വരുമാനം ഉപേക്ഷിക്കാൻ തയാറായതുകൊണ്ടാണ് രാജ്യത്ത് ജി എസ് ടി നടപ്പായത് എന്നതാണ് അത്. 47 ശതമാനമാണ് കേന്ദ്രത്തിന് ഒഴിവാക്കേണ്ടി വന്നത്. എന്നാൽ ജി എസ് ടി വരുമാനം പങ്ക് വയ്ക്കുന്ന കാര്യം വന്നപ്പോൾ, സംസ്ഥാനങ്ങൾക്ക് ഉയർന്ന പങ്ക് നൽകണമെന്ന് പല കമ്മറ്റികളും വാദിച്ചുവെങ്കിലും ഒടുവിൽ 50:50 എന്ന

അനുപാതമാണ് അംഗീകരിച്ചത്. അഞ്ചു വർഷത്തേക്ക് 14 ശതമാനം വളർച്ചയോടെ നഷ്ടപരിഹാരം ലഭ്യമാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാരുകൾ ഈ ഫോർമുല അംഗീകരിച്ചത്. അന്ന് രാഷ്ട്രീയ നേതാക്കൾ പലരും അഞ്ചു വർഷമെന്ന പരിധി അംഗീകരിച്ചുവെങ്കിലും ഏതൊരു സാമ്പത്തിക വ്യവസ്ഥയുടെയും ഭാഗത്ത് നിന്നും വീക്ഷിക്കുമ്പോൾ അത് മതിയാവാത്ത ഒരു കാലപരിധിയാണെന്ന് കാണുവാൻ കഴിയും. സംസ്ഥാനങ്ങൾ ഉപേക്ഷിച്ച നികുതി അധികാരങ്ങൾ പരിഗണിക്കുമ്പോൾ ജി എസ് ടി തുടരുന്ന കാലത്തോളം നഷ്ടപരിഹാരവും തുടരുക തന്നെ വേണം. അല്ലെങ്കിൽ നിലവിലെ പങ്ക് വയ്ക്കൽ രീതി സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തേക്കാൾ കൂടുതൽ വിഹിതം ലഭിക്കത്തക്കവിധത്തിൽ പുനഃപരിശോധിക്കേണ്ടതും ആവശ്യമാണ്.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണത്തിൽ അധിഷ്ഠിതമായതാണ് ഇന്ത്യയുടെ സഹകരണ ഫെഡറലിസം. ധനപരമായ ഫെഡറലിസത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ സംസ്ഥാനതലങ്ങളിൽ ആരംഭിച്ച് വിജയം കൈവരിച്ച പദ്ധതികൾ പലതും ദേശീയതലത്തിലുള്ള പദ്ധതികൾക്ക് മാതൃകയായതായി കാണാൻ കഴിയും. സമാനമായ രീതിയിൽ സംസ്ഥാനങ്ങളിലും പ്രാദേശികമായും നടപ്പാക്കിയ പല പരീക്ഷണങ്ങളും പിന്നീട് ദേശീയ നയരൂപീകരണത്തിൽ വലിയ പങ്ക് വഹിച്ചതായി നമുക്ക് കാണാൻ കഴിയും. നിലവിലെ ലംബമായ രീതിയിൽ മാത്രം കാണുന്ന ഫെഡറലിസത്തിനൊപ്പം തിരശ്ചീന തലത്തിൽ പ്രായോഗികമാക്കാൻ കഴിയുന്ന കേന്ദ്രവും സംസ്ഥാനങ്ങളും ചേർന്നുള്ള സംയോജിതമായ നിക്ഷേപ സാദ്ധ്യതകൾ, ഒന്നിലേറെ സംസ്ഥാനങ്ങൾ ചേർന്ന് കൂട്ടായുള്ള കടമെടുക്കൽ തുടങ്ങിയ ഫെഡറലിസത്തിന്റെ നവസാധ്യതകളും ആരായാവുന്നതാണ്.

കൂടുതൽ ചർച്ച ഉയർന്നു വരേണ്ട നിരവധി പ്രശ്നങ്ങൾ ഇനിയുമുണ്ട്. മുൻ ധനകാര്യ കമ്മീഷനുകളുടെ കാലത്തും സ്ഥിതിഗതികൾ വ്യത്യസ്തമായിരുന്നില്ല. എല്ലാ ധനകാര്യ കമ്മീഷനുകളും അവയുടെ ചുമതലകൾ നന്നായി നിർവഹിച്ചിട്ടുണ്ട്. അവയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ചെയ്തു. പതിനാറാം ധനകാര്യ കമ്മീഷന്റെ കാര്യവും വ്യത്യസ്തമായിരിക്കില്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**കെ ജെ ജോസഫ്**

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# കേരളത്തിലെ ധനകാര്യ മേഖല നേരിടുന്ന ആശങ്കകളും വെല്ലുവിളികളും : ഒരു താരതമ്യ വിശകലനം

കെ ജെ ജോസഫ്, എൽ അനിതാകുമാരി

**ആമുഖം**

ഇന്ത്യയിൽ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിൽ വരുമാനം കയ്യാളുന്ന കാര്യത്തിലും ചെലവിന്റെ രംഗത്തും പ്രകടമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്നു എന്നത് ഒരു വസ്തുതയാണ്. അവകാശങ്ങൾ, ഉത്തര വാദിത്വങ്ങൾ എന്നിവയുടെ കാര്യത്തിലും ഇത് പ്രകടമാണ്. ജനങ്ങളുമായി കൂടുതൽ അടുത്ത് ബന്ധപ്പെടുന്നു എന്ന കാരണത്താൽ വികസന രംഗത്തും ചെലവിന്റെ കാര്യത്തിലുമുള്ള കൂടുതൽ ഉത്തരവാദിത്വങ്ങൾ സംസ്ഥാന സർക്കാരുകളുടെ ചുമലിലാണ് വരുന്നത്. പക്ഷെ, അവയുടെ വരുമാന സ്രോതസുകൾ താരതമ്യേന കുറവുമാണ്. കേന്ദ്ര സർക്കാരിന്റെ മുൻകയ്യിൽ നടന്ന ജി എസ് ടി നടപ്പാക്കൽ അടക്കമുള്ള പരിഷ്കരണ നടപടികൾ സംസ്ഥാനങ്ങളുടെ വരുമാനം കൂട്ടുന്നതിന് പകരം കുറയുന്ന സ്ഥിതിയിലേക്ക് മാറി. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കണക്കുകൾ പ്രകാരം ചെലവിനങ്ങളുടെ 62 ശതമാനവും വരുമാനത്തിന്റെ 37 ശതമാനവുമാണ് സംസ്ഥാനങ്ങൾ കയ്യാളുന്നത്. അതുകൊണ്ട് സംസ്ഥാനങ്ങളുടെ സാമ്പത്തിക ആരോഗ്യ നില ധനകാര്യ കമ്മീഷനുകൾ നിർണ്ണയിക്കുന്ന 'ഡിവിസിബിൾ പൂളിൽ' നിന്നുള്ള വിഹിതത്തെ ആശ്രയിച്ചാണ് പ്രധാനമായും നില കൊള്ളുന്നത്. കേന്ദ്ര സർക്കാർ നാനാവിധമായ രീതികളിലൂടെ ഡിവിസിബിൾ പൂളിന്റെ വലുപ്പം കുറയ്ക്കാൻ ശ്രമിക്കുന്നത് സംസ്ഥാനങ്ങളുടെ മേൽ കൂടുതൽ സമ്മർദമേറ്റുകയാണ്.

നിലവിൽ ലഭ്യമായ കണക്കുകൾ പ്രകാരം കേന്ദ്രത്തിന്റെ മൊത്തം നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്, സർചാർജ് തുടങ്ങിയ ഇനങ്ങൾ കാര്യമായി വർധിച്ചു വരുന്നതായി കാണാം. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ ഇതിൽ ഏതാണ്ട് നാല് മടങ്ങ് വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2009–10 സാമ്പത്തിക വർഷത്തിൽ 5.2 ശതമാനമായിരുന്ന ഇത് 2022–23ൽ 17.1 ശതമാനമായി ഉയർന്നു. ജി എസ് ടി നഷ്ടപരിഹാരം എന്ന അക്കൗണ്ടിലേക്ക് വകയിരുത്തി കഴിഞ്ഞിട്ടും ഇതിൽ ഉണ്ടായ വർധന ഒട്ടും ചെറുതല്ല.

ഇന്ത്യയിൽ വികസന പ്രവർത്തനങ്ങൾ മുഖ്യമായും നിർവഹിക്കപ്പെടുന്നത് സംസ്ഥാന സർക്കാരുകൾ വഴിയാണ്. അതുകൊണ്ട് സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങൾ നല്ലനിലയിൽ തുടരുകയെന്നതും സംസ്ഥാനങ്ങൾ തങ്ങളുടെ തനത് നികുതി വരുമാനം ഉയർത്തുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. 2022ൽ ജോസഫ്, അനിതകുമാരി എന്നിവർ തയാറാക്കിയ ഒരു ലേഖനത്തിൽ 2022–23 സാമ്പത്തിക വർഷത്തിൽ കേരളം ധനകാര്യ രംഗത്ത് കാര്യമായ ഒരു തിരിച്ചുവരവിന്റെ പാതയിലാണെന്ന് വ്യക്തമാക്കുകയുണ്ടായി. തനത് നികുതി വരുമാനം 22.1 ശതമാനം കണ്ട് ഉയർന്നതാണ് ഇതിന് കാരണം. നടപ്പ് സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ കേരളത്തിലെ ധനകാര്യ മേഖലയുടെ സ്ഥിതി

***കേരളത്തിന്റെ റവന്യൂ വരുമാനം 2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിൽ മുൻവർഷം ഇതേ കാലയളവിനെയപേക്ഷിച്ച് 12.01 ശതമാനം നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. 6000 കോടി രൂപയുടെ കുറവാണ് ഇത് കാണിക്കുന്നത്. മൊത്തം വരുമാനത്തിന്റെ 79 ശതമാനം നേടുന്നത് നികുതികളിൽ നിന്നാണ്. നികുതി വരുമാനത്തിൽ 6.82 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2302 കോടി രൂപ മാത്രമാണ് ഇതുവഴി അധികമായി നേടാൻ കഴിഞ്ഞത്.***

എന്താണ്? ഈ ചോദ്യത്തിന് ഉത്തരം തേടുകയെന്നതാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരും ഇന്ത്യയിലെ മറ്റു പ്രമുഖ സംസ്ഥാനങ്ങളുമായുള്ള കേരളത്തിന്റെ സ്ഥിതിയുടെ ഒരു താരതമ്യം എന്ന നിലയിലാണ് അതിന് ശ്രമിക്കുന്നത്.

**റവന്യൂ വരുമാനം**

കേരളത്തിന്റെ റവന്യൂ വരുമാനം 2023 ഏപ്രിൽ – ആഗസ്റ്റ് കാലയളവിൽ തൊട്ടുമുൻപുള്ള വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 12.01 ശതമാനം നെഗറ്റീവ് വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഏതാണ്ട് 6000 കോടി രൂപയുടെ കുറവാണ് ഇതുമൂലം ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ 79 ശതമാനം സംഭാവനായർപ്പിക്കുന്ന നികുതി വരുമാനം 6.82 ശതമാനം എന്ന രീതിയിൽ മിതമായ നിരക്കിലുള്ള വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. അതായത്, നികുതി വരുമാനത്തിൽ ഉണ്ടായ വർധന 2302 കോടി രൂപയാണ്. ഇതിൽ കേന്ദ്രത്തിൽ നിന്നുള്ള നികുതി വരുമാന വിഹിതം 18 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കാണിക്കുന്നുണ്ടെങ്കിലും മൊത്തം നികുതി വരുമാനത്തിന്റെ 32 ശതമാനം മാത്രമാണിത് വരുന്നുള്ളൂ. എന്നാൽ സംസ്ഥാനത്തിന്റെ തനതായ നികുതിയേതര വരുമാനം ഈ അഞ്ചു മാസങ്ങളിൽ 26.3 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 1200 കോടി രൂപയുടെ അധികവരുമാനം ഇത് വഴി കണ്ടെത്താൻ കഴിഞ്ഞു. അതായത് മൊത്തം വരുമാനത്തിൽ നികുതി, നികുതിയേതര ഇനങ്ങളിലായി അധികമായി കിട്ടിയത് 3500 കോടി രൂപയാണ്. പക്ഷെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് 6000 കോടി രൂപയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? കേന്ദ്രം നൽകുന്ന ധന സഹായത്തിൽ ഉണ്ടായിട്ടുള്ള കുറവാണ് ഇതിന് കാരണമെന്ന് നമുക്ക് മനസിലാക്കാൻ കഴിയും.

കൃത്യമായി പറഞ്ഞാൽ കേന്ദ്ര ധന സഹായത്തിൽ (ഗ്രാന്റ് ഇൻ എയ്ഡ്) ഈ കാലയളവിൽ ഉണ്ടായ കുറവ് 72 ശതമാനമാണ്. തൊട്ടു തലേ വർഷം മുതൽ ഈ പ്രവണത തുടങ്ങുന്നതായി കാണാം. ആ വർഷം 9 ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത് (പട്ടിക–1). കേരളത്തിന്റെ വരുമാനത്തിൽ ഉണ്ടായ അഭൂതപൂർവമായ ഇടിവിന്റെ കാരണം തേടുമ്പോൾ കേന്ദ്രത്തിന്റെ സംസ്ഥാനത്തോടുള്ള വിവേചനപരമായ സമീപനത്തി

***2023 ഏപ്രിൽ – ആഗസ്റ്റ് ഘട്ടത്തിൽ ഗ്രാന്റ് ഇൻ എയ്ഡിൽ സംഭവിച്ചിരിക്കുന്ന കുറവ് 72 ശതമാനമാണ്. തൊട്ടുമുൻവർഷവും ഇതേ പ്രവണത കാണാൻ കഴിയും, കുറവ് 9 ശതമാനം.***

ലേക്കാണ് കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്. ഇതോടൊപ്പം എടുത്തുപറയേണ്ട ഒരു കാര്യം, വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ കേരളം കൂടുതൽ ഊർജിതമാക്കണം എന്നതാണ് (പട്ടിക 1).

ഇത്തരത്തിൽ കേന്ദ്ര ധനസഹായത്തിൽ വലിയ തോതിലുള്ള കുറവ് കാണിക്കുമ്പോൾ കേന്ദ്രത്തിന്റെ വരുമാന സ്ഥിതി കൂടി ഒന്ന് പരിശോധിക്കേണ്ടതുണ്ട്. പട്ടിക രണ്ടിൽ നിന്നും നമുക്ക് വ്യക്തമാകുന്ന കാര്യം കേന്ദ്രത്തിന്റെ റവന്യൂ വരുമാനം 24 ശതമാനത്തിലധികം വളർച്ച കൈവരിച്ചു എന്നാണ്. റവന്യൂ ചെലവുകൾ 15 ശതമാനം കണ്ട് ഉയർത്തുന്നതിനുള്ള സാഹചര്യം ഇത് സൃഷ്ടിക്കുന്നുണ്ട്. റവന്യൂ കമ്മി 12 ശതമാനം കുറയുന്ന സാഹചര്യത്തിലാണ് ഇത്. ഭാവി വികസന കാര്യങ്ങളിൽ കാര്യമായി ചെലവഴിക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. കാരണം, മൂലധന ചെലവിൽ 48 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരത്തിലുള്ള വികസന സമീപനം പക്ഷെ ദേശീയ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഗ്രാന്റുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ കാണുന്നേയില്ല (പട്ടിക 2).

**ചെലവുകളും കമ്മിയും**

2023 ആഗസ്റ്റ് വരെയുള്ള അഞ്ചു മാസക്കാലയളവിൽ റവന്യൂ വരുമാനത്തിലെ വളർച്ച – 12.01 ശതമാനമായിരുന്നെങ്കിൽ റവന്യൂ ചെലവുകൾ ഉയർന്നിരിക്കുന്നത് 6.23 ശതമാനമാണ്. ഇവിടെ ഉയരുന്ന ഒരു പ്രധാന ആശങ്ക സബ്സിഡി ഇനത്തിലുള്ള ചെലവ് കുത്തനെ കുറഞ്ഞു എന്നതാണ്.

വരുമാനം, ചെലവ് എന്നിവ ഒഴിച്ച് നിർത്തിയാൽ കേരളത്തിന്റെ ധനസ്ഥിതിയെ വിശകലനം ചെയ്യുന്നതിനുള്ള മറ്റൊരു സൂചകം കമ്മിയുടെ സ്ഥിതിയാണ്. 2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിൽ രേഖപ്പെടുത്തിയ റവന്യൂ കമ്മി 18,119 കോടി രൂപയാണ്. 2022ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരിക്കുന്ന വർധന 9935 കോടി രൂപയാണ്. അതായത് 121. 41 ശതമാനമെന്ന അഭൂതപൂർവമായ വളർച്ച. ധനക്കമ്മി 69.25 ശതമാനവും (പട്ടിക –1). കടമെടുപ്പിന്റെയും ബാധ്യതകളുടെയും ആധിക്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. കടമെടുപ്പിൽ ഉണ്ടായിരിക്കുന്ന വർധന 69.25 ശതമാനമാണ്. കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിന്റെ തോത് കുത്തനെ കുറഞ്ഞതാണ് വായ്പ കൂടുന്നതിന് പ്രധാന കാരണം.

**കേരളത്തിന്റെ നികുതി വരുമാനം – വിവിധ ഇനങ്ങളുടെ വിശകലനം**

2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിൽ മൊത്തം നികുതി വരുമാനം 733 കോടി രൂപ വർധിച്ചതായി കാണാം (പട്ടിക–3). നികുതി വരുമാനത്തിലെ വിവിധ ഇനങ്ങൾ പരിശോധിക്കുമ്പോൾ ജി എസ് ടീയിൽ നിന്നുള്ള വരുമാനം 9.84 ശതമാനം വളർച്ച കൈവരിച്ചതായി കാണാം. വില്പന നികുതിയിൽ നിന്നുള്ള വരുമാനം ഉയർന്നത് 1.4 ശതമാനം മാത്രമാണ്. എന്നാൽ മുദ്രവില, ഭൂമി രെജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ നിന്നുള്ള വരുമാനം 7.32 ശതമാനം കുറയുക

***കേന്ദ്രത്തിന് 24 ശതമാനം വരുമാന വളർച്ച നേടാൻ കഴിഞ്ഞു. റവന്യൂ ചെലവുകൾ 15 ശതമാനം കണ്ട് വർധിപ്പിക്കുന്നതിനുള്ള കളം ഇത് നൽകിയിരുന്നു. റവന്യൂ കമ്മി 12 ശതമാനം കുറഞ്ഞു എന്നതും ഇതിന് സഹായകരമായ ഒരു പശ്ചാത്തലമൊരുക്കുന്നു. ഭാവിവികസനം ലക്ഷ്യമിട്ട് മൂലധനച്ചെലവുകൾ 48 ശതമാനം കണ്ട് ഉയർത്തുന്നതിനും കേന്ദ്രത്തിന് കഴിഞ്ഞു.***

**Table 1** - State of State Finance in Kerala- April - August 2023 over April-August 2022 ( crore)

| Description | April-August | April-August | Growth rate for April-August 2023(%) | Growth rate for |
|---|---|---|---|---|
| Revenue receipts (1) | 51650.91 | 45445.87 | -12.01 | 13.72 |
| Tax revenue (a+b) | 33746.72 | 36048.73 | 6.82 | 18.47 |
| Own tax revenue (a) | 29841.77 | 31410.86 | 5.26 | 22.11 |
| States share on union taxes (b) | 3904.95 | 4637.87 | 18.77 | 0.74 |
| Own non tax revenue (i) | 4505.1 | 5692.48 | 26.36 | 44.83 |
| Grand in aid and contributions(ii) | 13399.09 | 3704.66 | -72.35 | -9.09 |
| Total non tax revenue (i+ii) | 17904.19 | 9397.14 | -47.51 | 17.87 |
| Capital receipts(2) | 14122.69 | 24156.75 | 71.05 | -46.85 |
| Borrowings and other liabilities | 14023.93 | 23735.00 | 69.25 | -47.01 |
| Total receipts (1+2) | 65773.6 | 69602.62 | 5.82 | -2.75 |
| Revenue expenditure (3) | 59834.3 | 63564.64 | 6.23 | -2.63 |
| Expenditure on interest payment (3a) | 9026.83 | 9444.35 | 4.63 | 9.63 |
| Expenditure on salaries /wages | 16416.07 | 17244.59 | 5.05 | -13.51 |
| Expenditure on pension | 11829.68 | 12199.38 | 3.13 | -3.02 |
| Expenditure on subsidy | 915.65 | 527.12 | -42.43 | -60.38 |
| Capital expenditure (4) | 5101 | 4738.25 | -7.11 | -2.39 |
| Total expenditure (3+4) | 64935.3 | 68302.89 | 5.19 | -2.61 |
| Revenue surplus/deficit (+/-)(1-3) | -8183.39 | -18118.8 | 121.41 | -74.33 |
| Fiscal surplus/ deficit(+/-) (5) | -14023.93 | -23735 | 69.25 | -47.01 |
| Primary deficit/surplus(+/-) (5-3a) | -4997.1 | -14290.7 | 185.98 | -96.36 |

*Source: CAG monthly indicators (August 2022 and August 2023)*

യാണുണ്ടായത്. സംസ്ഥാന എക്സൈസ് തീരുവ 8.38 ശതമാനവും കുറഞ്ഞു. ഭൂനികുതി 11.07 ശതമാനം വളർച്ചയും രേഖപ്പെടുത്തി (പട്ടിക 3)

**സംസ്ഥാനത്തിന്റെ ധനസ്ഥിതി ഇതര സംസ്ഥാനങ്ങളുമായി ഒരു താരതമ്യം**

മറ്റു സംസ്ഥാനങ്ങളുമായി കേരളത്തിന്റെ ധനസ്ഥിതി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വരുമാനത്തിലെ നികുതിയുടെ വിഹിതം 2023 ഏപ്രിൽ – ആഗസ്റ്റ് കാലയളവിൽ 65.39 ശതമാനത്തിൽ നിന്നും 79.32 ശതമാനമായി ഉയർന്നതായി കാണാം (പട്ടിക–4). ഇക്കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി 4.11 ശതമാനം വളർച്ചയോടെ 77.43 ശതമാനത്തിൽ നിന്നും 81.54 ശതമാനമായി ഉയർന്നിട്ടുണ്ട്. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയുണ്ടായി. 57.78 ശതമാനത്തിൽ നിന്നും ഇത് 69.12 ശതമാനമായി ഉയരുകയുണ്ടായി, 11.94 ശതമാനം വർധന. 12.74 ശതമാനവുമായി പഞ്ചാബാണ് ഒന്നാം സ്ഥാനത്ത്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 58.07 ശതമാനത്തിൽ നിന്നും 60.01

**Table 2** - Fiscal Position of the Union and Kerala -A Comparison (crore)

| Description | April-August 2022-Union | April-August 2023-Union | Growth rate(%) | April-August 2022-Kerala | April-August 2023-Kerala | Growth rate(%) |
|---|---|---|---|---|---|---|
| Revenue receipts | 816898 | 1013526 | 24.1 | 51651 | 45446 | -12.0 |
| Tax revenue | 1020589 | 1189180 | 16.5 | 33747 | 36049 | 6.8 |
| Tax revenue (net) | 700094 | 803944 | 14.8 | 29842 | 31411 | 5.3 |
| Non tax revenue | 116804 | 209582 | 79.4 | 4505 | 5692 | 26.4 |
| Borrowings and other liabilities | 541601 | 642826 | 18.7 | 14024 | 23735 | 69.3 |
| Total receipts | 848425 | 1028931 | 21.3 | 65774 | 69603 | 5.8 |
| Revenue expenditure | 1137698 | 1297958 | 14.1 | 59834 | 63565 | 6.2 |
| Expenditure on interest payment | 338637 | 367539 | 8.5 | 9027 | 9444 | 4.6 |
| Capital expenditure | 252328 | 373799 | 48.1 | 5101 | 4738 | -7.1 |
| Total expenditure | 1390026 | 1671757 | 20.3 | 64935 | 68303 | 5.2 |
| Revenue surplus/deficit (+/-) | -320800 | -284432 | -11.3 | -8183 | -18119 | 121.4 |
| Fiscal surplus/ deficit(+/-) | -541601 | -642826 | 18.7 | -14024 | -23735 | 69.3 |
| Primary deficit/surplus(+/-) | -202964 | -275287 | 35.6 | -4997 | -14291 | 186.0 |

*Source: CGA and CAG, Monthly indicators*

**Table 3** - Tax Revenue in Kerala- April - August 2023 over April-August 2022 ( crore)

| Description | April-August 2022 | April-August 2023 | Growth rate for April-August 2023 (%) | Growth rate for April-August 2023(%) |
|---|---|---|---|---|
| Goods and Services Tax (GST) | 14211.68 | 15609.56 | 9.84 | 19.44 |
| Stamps and registration fees | 2255.25 | 2090.14 | -7.32 | 27.99 |
| Land revenue | 331.87 | 368.61 | 11.07 | 52.95 |
| Sales tax | 9358.88 | 9497.99 | 1.49 | 19.68 |
| State excise duty | 1346.73 | 1233.83 | -8.38 | 41.52 |
| Other taxes and duties* | 2337.36 | 2610.73 | 11.70 | 33.54 |
| Own tax revenue | 29841.77 | 31410.86 | 5.26 | 22.11 |
| States share on union taxes | 3904.95 | 4637.87 | 18.77 | 0.74 |
| Tax revenue | 33746.72 | 36048.73 | 6.82 | 18.47 |

**Motor vehicle tax is included in other taxes and duties, separate data is not available*

*Source: CAG monthly indicators (August 2022 and August 2023)*

***2023 ഏപ്രിൽ – ആഗസ്റ്റ് കാലയളവിൽ കേരളത്തിന്റെ റവന്യൂ കമ്മി 18, 119 കോടി രൂപയാണ്. 2022ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 9935 കോടി രൂപയുടെ വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശതമാനക്കണക്കിൽ 121.41 ശതമാനം വളർച്ച. ധനക്കമ്മിയിൽ 69.25 ശതമാനം വളർച്ചയും രേഖപ്പെടുത്തിയിട്ടുണ്ട്.***

ശതമാനമായി ഉയർന്നു. 2. 3 ശതമാനം വളർച്ച.

കർണ്ണാടക (9.47 ശതമാനം), തെലങ്കാന (4.7), മഹാരാഷ്ട്ര (5.15), മധ്യപ്രദേശ് (3.03), തമിഴ്നാട് (2.9), ഉത്തർപ്രദേശ് (2.57) പശ്ചിമ ബംഗാൾ (2.19 ശതമാനം) എന്നീ സംസ്ഥാനങ്ങളും 2023 ഏപ്രിൽ –ആഗസ്റ്റ് കാലയളവിൽ തനത് നികുതി വരുമാനത്തിൽ വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനങ്ങളാണ്. ഹരിയാന 4.08 ശതമാനവും ഗുജറാത്ത് 3.4 ശതമാനവും ആന്ധ്രപ്രദേശ് 3.7 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി (പട്ടിക 4).

കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളിലും വർധന പ്രകടമായിരുന്നു. പശ്ചിമ ബംഗാളിന്റെ കാര്യത്തിൽ ഇത് 33.57 ശതമാനം മുതൽ 39.54 ശതമാനം വരെയായിരുന്നു. അതായത് 5.97 ശതമാന പോയിന്റ് വർധന. കേരളം തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ നല്ല വർധന പ്രകടമാക്കുകയുണ്ടായി. 8.72 ശതമാനം മുതൽ 12.53 ശതമാനം വരെ. 3.81 ശതമാനം പോയിന്റ് വർധന. ആന്ധ്രപ്രദേശ്, പഞ്ചാബ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ നേരിയ വർധന പ്രകടമാക്കുകയുണ്ടായി. ഹരിയാന, രാജസ്ഥാൻ, ഉത്തർ പ്രദേശ്, ഛത്തീസ്ഗഢ്, ഒഡിഷ എന്നീ സംസ്ഥാനങ്ങൾ തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ 2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിൽ ഇടിവാണ് പ്രകടമാക്കിയത്. കേരളത്തിന്റെ കാര്യത്തിൽ കേന്ദ്ര ധനസഹായം 25.94 ശതമാനത്തിൽ നിന്നും 8.15 ശതമാനത്തിലേക്ക് താഴ്ന്നു, 17.9 ശതമാനം കുറവ്. പഞ്ചാബ് 17.61 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. തമിഴ്നാട് (5.82 ശതമാനം) മഹാരാഷ്ട്ര (8.04 ശതമാനം), കർണ്ണാടക (11.13), പശ്ചിമ ബംഗാൾ (8.55 ശതമാനം) എന്നീ സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ ഇടിവ് രേഖപ്പെടുത്തുകയുണ്ടായി (പട്ടിക 5).

റവന്യൂ വരുമാനത്തിൽ ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനം ഹരിയാനയാണ്, 24. 8 ശതമാനം. കേരളം–12 ശതമാനം ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. പഞ്ചാബിന്റെ കാര്യത്തിൽ ഇടിവ്–5.5 ശതമാനവുമാണ് (പട്ടിക–5). നികുതിയുടെ കാര്യത്തിലെ വളർച്ചയിൽ വ്യത്യസ്തമായ ചിത്രമാണ് സംസ്ഥാനങ്ങൾ രേഖപ്പെടുത്തിയത്. ശരാശരി വളർച്ച 14.3 ശതമാനമായിരുന്നു. 22.9 ശതമാനം വളർച്ചയുമായി മധ്യപ്രദേശ്, 21 ശതമാനവുമായി ഹരിയാന. 21.1 ശതമാനവുമായി ഛത്തീസ്ഗഢ്, 21.4 ശതമാനവുമായി ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത്. ഏറ്റവും കുറവ്

***കടമെടുപ്പിൽ ഉണ്ടായ വർധന 69.25 ശതമാനമാണ്. കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിൽ ഉണ്ടായ വൻ ഇടിവാണ് കടമെടുപ്പ് വർധിക്കുന്നതിന് കളമൊരുക്കിയത്.***

**Table 4** - State wise Share of components of revenue receipts April-August 2023 over April- August 2022 (%)

| States | Share | Tax Revenue | Own Tax rev | Share in central tax | Own non tax rev | GIA | Total non- tax |
|---|---|---|---|---|---|---|---|
| Andra Pradesh | Aug-23 | 69.59 | 55.73 | 13.86 | 3.14 | 27.27 | 30.41 |
| | Aug-22 | 73.25 | 59.43 | 13.82 | 2.85 | 23.90 | 26.75 |
| Chhattisgarh | Aug-23 | 75.73 | 40.54 | 35.19 | 14.94 | 9.33 | 24.27 |
| | Aug-22 | 71.74 | 38.20 | 33.54 | 17.03 | 11.23 | 28.26 |
| Gujarat | Aug-23 | 75.66 | 60.65 | 15.01 | 9.26 | 15.08 | 24.34 |
| | Aug-22 | 78.54 | 64.05 | 14.49 | 8.60 | 12.86 | 21.46 |
| Haryana | Aug-23 | 81.17 | 70.92 | 10.26 | 6.69 | 12.14 | 18.83 |
| | Aug-22 | 83.74 | 75.00 | 8.73 | 11.25 | 5.01 | 16.26 |
| Jharkhand | Aug-23 | 77.18 | 37.84 | 39.34 | 16.02 | 6.80 | 22.82 |
| | Aug-22 | 74.50 | 36.19 | 38.30 | 16.20 | 9.31 | 25.50 |
| Karnataka | Aug-23 | 90.61 | 80.42 | 10.19 | 5.78 | 3.60 | 9.39 |
| | Aug-22 | 79.38 | 70.65 | 8.73 | 5.89 | 14.73 | 20.62 |
| Kerala | Aug-23 | 79.32 | 69.12 | 10.21 | 12.53 | 8.15 | 20.68 |
| | Aug-22 | 65.34 | 57.78 | 7.56 | 8.72 | 25.94 | 34.66 |
| Madhya Pradesh | Aug-23 | 79.22 | 43.79 | 35.44 | 6.66 | 14.12 | 20.78 |
| | Aug-22 | 75.05 | 40.76 | 34.28 | 6.61 | 18.34 | 24.95 |
| Maharashtra | Aug-23 | 90.47 | 74.92 | 15.55 | 4.35 | 5.19 | 9.53 |
| | Aug-22 | 83.16 | 69.77 | 13.39 | 3.61 | 13.23 | 16.84 |
| Odisha | Aug-23 | 57.59 | 30.90 | 26.68 | 33.14 | 9.27 | 42.41 |
| | Aug-22 | 58.79 | 32.33 | 26.45 | 34.79 | 6.43 | 41.21 |
| Punjab | Aug-23 | 81.86 | 60.15 | 21.71 | 6.02 | 12.12 | 18.14 |
| | Aug-22 | 64.45 | 47.41 | 17.04 | 5.83 | 29.73 | 35.55 |
| Rajasthan | Aug-23 | 79.90 | 49.63 | 30.27 | 9.20 | 10.90 | 20.10 |
| | Aug-22 | 76.51 | 49.25 | 27.26 | 10.98 | 12.50 | 23.49 |
| Tamil Nadu | Aug-23 | 84.78 | 67.99 | 16.78 | 5.44 | 9.79 | 15.22 |
| | Aug-22 | 79.20 | 65.09 | 14.12 | 5.19 | 15.61 | 20.80 |
| Uttar Pradesh | Aug-23 | 88.99 | 62.39 | 26.59 | 2.41 | 8.61 | 11.01 |
| | Aug-22 | 84.25 | 59.82 | 24.43 | 3.28 | 12.47 | 15.75 |
| West Bengal | Aug-23 | 87.37 | 47.83 | 39.54 | 1.62 | 11.00 | 12.63 |
| | Aug-22 | 79.21 | 45.64 | 33.57 | 1.24 | 19.55 | 20.79 |
| Telangana | Aug-23 | 76.02 | 69.07 | 6.94 | 19.86 | 4.13 | 23.98 |
| | Aug-22 | 80.75 | 73.82 | 6.93 | 12.74 | 6.52 | 19.25 |
| All states | Aug-23 | 81.54 | 60.10 | 21.44 | 8.39 | 10.06 | 18.46 |
| | Aug-22 | 77.43 | 58.07 | 19.35 | 7.91 | 14.66 | 22.57 |

*Source: CAG monthly indicators (August 2022 and August 2023)*

**Table 5** - Growth rate of Revenue receipts and its components April -August 2023 over April- August 2022 (%)

| Description | Revenue receipts | Tax revenue | Own tax revenue | Share in central tax | Own non tax | GIA | Total - non tax |
|---|---|---|---|---|---|---|---|
| Andra Pradesh | 18.4 | 12.5 | 11.1 | 18.8 | 30.5 | 35.2 | 34.7 |
| Chhattisgarh | 14.7 | 21.1 | 21.7 | 20.4 | 0.7 | -4.7 | -1.5 |
| Gujarat | 16.2 | 12.0 | 10.1 | 20.4 | 25.1 | 36.4 | 31.9 |
| Haryana | 24.8 | 21.0 | 18.0 | 46.6 | -25.8 | 202.2 | 44.5 |
| Jharkhand | 17.2 | 21.4 | 22.5 | 20.4 | 15.9 | -14.3 | 4.9 |
| Karnataka | 1.8 | 16.2 | 15.9 | 18.8 | 0.0 | -75.1 | -53.6 |
| Kerala | -12.0 | 6.8 | 5.3 | 18.8 | 26.4 | -72.4 | -47.5 |
| Madhya Pradesh | 16.5 | 22.9 | 25.1 | 20.4 | 17.2 | -10.3 | -3.0 |
| Maharashtra | 3.6 | 12.7 | 11.3 | 20.3 | 24.8 | -59.4 | -41.3 |
| Odisha | 19.3 | 16.9 | 14.0 | 20.4 | 13.7 | 72.2 | 22.8 |
| Punjab | -5.5 | 20.0 | 19.9 | 20.4 | -2.3 | -61.5 | -51.8 |
| Rajasthan | 8.4 | 13.2 | 9.3 | 20.4 | -9.2 | -5.5 | -7.2 |
| Tamil Nadu | 1.3 | 8.4 | 5.8 | 20.4 | 6.0 | -36.5 | -25.9 |
| Telangana | 9.1 | 15.3 | 13.8 | 18.8 | -19.9 | -24.7 | -23.7 |
| Uttar Pradesh | 1.9 | 12.4 | 6.8 | 20.1 | 33.8 | -42.6 | -38.1 |
| West Bengal | 18.5 | 11.5 | 10.9 | 18.8 | 84.7 | -25.0 | 47.6 |
| All states | 8.6 | 14.3 | 12.3 | 20.2 | 15.1 | -25.5 | -11.2 |

*Source: Same as Table 4*

വളർച്ചയായ 6.8 ശതമാനം രേഖപ്പെടുത്തിയത് കേരളമാണ്. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച 12.3 ശതമാനമാണ്. ഏറ്റവും ഉയർന്ന നിരക്കായ 25.1 ശതമാനം രേഖപ്പെടുത്തിയത് മധ്യപ്ര ദേശാണ്. എന്നാൽ കേരളം താരതമ്യേന കുറഞ്ഞ നിരക്കായ് 5.3 ശതമാനം വളർച്ചയാണ് തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ രേഖപ്പെടുത്തിയത്. കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യത്തിൽ കേരളം രേഖപ്പെടുത്തിയ ശരാശരി വളർച്ച 18.8 ശതമാനമാണ്. 46.6 ശതമാനം വളർച്ചയുമായി ഹരിയാനയാണ്, ഒന്നാം സ്ഥാനത്ത്. ഇക്കാര്യത്തിലെ ദേശീയ ശരാശരി വളർച്ച 20.2 ശതമാനമാണ്. 2023 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ ഒരു സംസ്ഥാനവും ഇക്കാര്യത്തിൽ ഇടിവ് രേഖപെടുത്തിയിട്ടില്ലെന്ന് കാണാം.

തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലെ ദേശീയ ശരാശരി വളർച്ച 15.1 ശതമാനമാണ്. ഇക്കാര്യത്തിൽ 84.7 ശതമാനവുമായി പശ്ചിമ ബംഗാളാണ് ഒന്നാം സ്ഥാനത്ത്. ഇക്കാര്യത്തിൽ കേരളം കൈവരിച്ചിരിക്കുന്നത് 26.4 ശതമാനം വളർച്ചയാണ്. ഉത്തർപ്രദേശ് (33.8 ശതമാനം) ആന്ധ്രപ്രദേശ് (30.5 ശതമാനം) എന്നീ സംസ്ഥാനങ്ങൾക്കും നല്ല നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹരിയാന 25.8 ശതമാനം ഇടിവ് രേഖപെടുത്തിയപ്പോൾ പഞ്ചാബ്, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങളും നെഗറ്റീവ് വളർച്ചയുടെ പാതയിലായിരുന്നു. ഗ്രാൻഡ് ഇൻ എയ്ഡിന്റെ കാര്യത്തിൽ രേഖപ്പെടുത്തിയത് 25.5 ശതമാനം ശരാശരി ഇടിവാണ്. എന്നാൽ ഹരിയാന ഇക്കാര്യത്തിൽ 202.2 ശതമാനമെന്ന അഭൂത

***സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ജി എസ് ടിയുടെ പങ്ക് 9.84 ശതമാനം ഉയർന്നു. എന്നാൽ വില്പന നികുതിയിൽ നിന്നുള്ള വരുമാനത്തിലെ വളർച്ച 1.49 ശതമാനം മാത്രമായിരുന്നു. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നീ ഇനങ്ങളിലെ വരുമാനം 7.32 ശതമാനം കുറഞ്ഞു. സംസ്ഥാന എക്സൈസ് ഡ്യൂട്ടി വരുമാനം 8.38 ശതമാനവും കുറഞ്ഞിട്ടുണ്ട്.***

പൂർവമായ വളർച്ച നേടുകയുണ്ടായി. കേരളത്തിന്റെ കാര്യത്തിൽ 72.4 ശതമാനവും കർണാടകത്തിന്റെ കാര്യത്തിൽ 75.1 ശതമാനവും വീതം ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച–11.2 ശതമാനമാണ്. നികുതിയേതര വരുമാനത്ത് സംഭവിച്ച ഇടിവിന്റെ ചിത്രം ഇത് വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും ഉയർന്ന വളർച്ചയായ 47.6 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത് പശ്ചിമ ബംഗാളാണ്. എന്നാൽ കേരളം (47.5%), കർണ്ണാടക (53.6%), മഹാരാഷ്ട്ര (41.3%), പഞ്ചാബ് (51.8%), ഉത്തർപ്രദേശ് (38.19%) എന്നീ സംസ്ഥാനങ്ങൾ വലിയ ഇടിവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രത്തിൽ നിന്നുള്ള ധനസഹായത്തിൽ (ഗ്രാന്റ് ഇൻ എയ്ഡ്) ഉണ്ടായ ഇടിവാണ് നികുതിയേതര വരുമാനം കുറയുന്നതിനിടയാക്കിയത് (പട്ടിക 6).

കേരളത്തിന്റെ കാര്യമെടുത്താൽ ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയ ഇനങ്ങളിലെ റവന്യു ചെലവുകളിൽ നേരിയ ഇടിവ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. കേരളത്തിന്റെ ശമ്പളമിനത്തിൽ വരുന്ന ചെലവ് ദേശീയ ശരാശരിയായ 23.3 ശതമാനത്തിന് മുകളിലാണ്. എന്നാൽ ഇത് 27.4 ശതമാനത്തിൽ നിന്ന് 27.1 ശതമാനം എന്ന നിലയിലേക്ക് താഴുകയുണ്ടായി. ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ശമ്പളമിനത്തിലുള്ള ചെലവിൽ കേരളത്തേക്കാൾ ഉയർന്ന തോതിലാണ്. കേരളത്തിൽ പെൻഷൻ ചെലവുകൾ റവന്യു ചെലവിന്റെ 19.2 ശതമാനമാണ്. ഇത് 0.6 ശതമാനത്തിന്റെ നേരിയ ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മറ്റു പല സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് കൂടുതലാണെന്ന് കാണാം. ഉത്തർപ്രദേശ് 19 ശതമാനമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റെല്ലാ സംസ്ഥാനങ്ങളിലും പെൻഷൻ ഇനത്തിലെ ചെലവ് കേരളം, യു പി എന്നീ സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞ തോതിലാണ്. സംസ്ഥാനങ്ങളുടെ ശരാശരി കണക്കെടുത്താൽ ഇത് 13.4 ശതമാനമാണ്.

***മറ്റു സംസ്ഥാനങ്ങളുമായി കേരളത്തിന്റെ ധനസ്ഥിതി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വരുമാനത്തിലെ നികുതിയുടെ വിഹിതം 2023 ഏപ്രിൽ – ആഗസ്റ്റ് കാലയളവിൽ 65.39 ശതമാനത്തിൽ നിന്നും 79.32 ശതമാനമായി ഉയർന്നതായി കാണാം. ഇക്കാര്യത്തിൽ എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി 4.11 ശതമാനം വളർച്ചയോടെ 77.43 ശതമാനത്തിൽ നിന്നും 81.54 ശതമാനമായി ഉയർന്നിട്ടുണ്ട്. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിക്കുകയുണ്ടായി. 57.78 ശതമാനത്തിൽ നിന്നും ഇത് 69.12 ശതമാനമായി ഉയരുകയുണ്ടായി, 11.94 ശതമാനം വർധന. 12.74 ശതമാനവുമായി പഞ്ചാബാണ് ഒന്നാം സ്ഥാനത്ത്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 58.07 ശതമാനത്തിൽ നിന്നും 60.01 ശതമാനമായി ഉയർന്നു. 2.3 ശതമാനം വളർച്ച.***

**Table 6** - State wise Share of components of revenue expenditure April-August 2023 over April-August 2022 (%)

| States | Share | Exp on Revenue A/C | Exp on interest payment | Exp on salaries / wages | Exp on pension | Exp on subsidy |
|---|---|---|---|---|---|---|
| Andra Pradesh | Aug-23 | 50.3 | 10.0 | 20.3 | 8.1 | 11.3 |
| | Aug-22 | 44.6 | 9.4 | 21.3 | 8.6 | 16.0 |
| Chhattisgarh | Aug-23 | 38.5 | 5.0 | 36.8 | 11.9 | 7.9 |
| | Aug-22 | 37.6 | 5.8 | 36.6 | 11.1 | 8.9 |
| Gujarat | Aug-23 | 54.2 | 15.8 | 10.6 | 10.4 | 9.0 |
| | Aug-22 | 54.7 | 15.1 | 8.9 | 9.9 | 11.4 |
| Haryana | Aug-23 | 41.6 | 13.7 | 20.7 | 14.2 | 9.8 |
| | Aug-22 | 43.7 | 18.3 | 21.0 | 13.3 | 3.7 |
| Jharkhand | Aug-23 | 45.0 | 7.5 | 26.1 | 15.1 | 6.4 |
| | Aug-22 | 41.6 | 7.4 | 25.8 | 16.2 | 9.0 |
| Karnataka | Aug-23 | 61.7 | 15.4 | 11.7 | 11.2 | 0.0 |
| | Aug-22 | 73.7 | 14.4 | 0.0 | 11.9 | 0.0 |
| Kerala | Aug-23 | 38.0 | 14.9 | 27.1 | 19.2 | 0.8 |
| | Aug-22 | 36.2 | 15.1 | 27.4 | 19.8 | 1.5 |
| Madhya Pradesh | Aug-23 | 47.0 | 8.6 | 27.4 | 9.8 | 7.3 |
| | Aug-22 | 43.5 | 8.8 | 29.6 | 10.4 | 7.7 |
| Maharashtra | Aug-23 | 28.7 | 11.2 | 40.5 | 15.2 | 4.4 |
| | Aug-22 | 26.1 | 10.4 | 43.8 | 15.8 | 3.9 |
| Odisha | Aug-23 | 54.2 | 2.3 | 25.8 | 16.8 | 0.9 |
| | Aug-22 | 43.2 | 3.7 | 32.3 | 18.3 | 2.5 |
| Punjab | Aug-23 | 23.0 | 17.1 | 25.3 | 15.4 | 19.1 |
| | Aug-22 | 22.5 | 14.6 | 30.3 | 17.2 | 15.3 |
| Rajasthan | Aug-23 | 37.9 | 10.9 | 29.3 | 11.2 | 10.7 |
| | Aug-22 | 34.4 | 10.7 | 29.8 | 12.8 | 12.3 |
| Tamil Nadu | Aug-23 | 0.0 | 16.4 | 0.0 | 15.1 | 0.0 |
| | Aug-22 | 0.0 | 16.3 | 0.0 | 14.4 | 0.0 |
| Uttar Pradesh | Aug-23 | 46.0 | 9.9 | 19.0 | 19.0 | 6.3 |
| | Aug-22 | 44.6 | 10.6 | 19.9 | 19.9 | 5.0 |
| West Bengal | Aug-23 | 53.0 | 16.3 | 16.3 | 12.0 | 2.4 |
| | Aug-22 | 48.7 | 16.2 | 15.7 | 13.2 | 6.2 |
| Telangana | Aug-23 | 52.0 | 11.5 | 22.1 | 9.1 | 5.2 |
| | Aug-22 | 46.3 | 12.0 | 24.0 | 11.5 | 6.3 |
| All states | Aug-23 | 43.4 | 12.0 | 23.3 | 13.4 | 6.8 |
| | Aug-22 | 41.6 | 12.1 | 25.4 | 14.1 | 7.4 |

*Source: same as table 4*

*Note: Data on salaries and wages for Tamil Nadu has not been given and also in the case of Karnataka expenditure on wages and salaries and expenditure on subsidy has not been provided*

***തനത് നികുതിയേതര വരുമാന രംഗത്ത് കേരളം മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ച വച്ചത്. ഇത് 8.72 ശതമാനത്തിൽ നിന്ന് 12.53 ശതമാനമായി ഉയർന്നു. പെർസെന്റജ് പോയിന്റിൽ 3.81ന്റെ വളർച്ച.***

എന്നാൽ കേരളത്തിന്റെ സബ്സിഡി ഇനത്തിലുള്ള ചെലവ് ദേശീയ ശരാശരി യേക്കാൾ ഏറെ താഴെയാണ് (0.8 ശതമാനം). 19.1 ശതമാനവുമായി പഞ്ചാബ്, 11.3 ശതമാനവുമായി ആന്ധ്രപ്രദേശ്, 9.8 ശതമാനവുമായി ഹരിയാന, 10.7 ശതമാനവുമായി രാജസ്ഥാൻ, 7.3 ശതമാനവു മായി മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് സബ്സിഡി ചെലവിൽ മുൻനിരയിൽ നിൽക്കുന്നത് (പട്ടിക 7).

2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിലെ നികുതി വരുമാനത്തിന്റെ വിവിധ ഇനങ്ങൾ പരിഗണിക്കുമ്പോൾ കേരളത്തിന്റെ കാര്യത്തിൽ ജി എസ് ടീയിൽ നിന്നുള്ള വരുമാനം 42.1 ശതമാനത്തിൽ നിന്നും 43.3 ശതമാനമായി ഉയർന്നതായി കാണാം. എന്നാൽ മറ്റെല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. 43.1 ശതമാനവുമായി കർണ്ണാടകം രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങൾ തുടർന്നും വരുന്നതായി കാണാം. മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നി ഇനത്തിലെ കേരളത്തിന്റെ വരുമാനം 8.4 ശതമാനത്തിൽ നിന്നും 8.3 ശതമാനമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ ഭൂനികുതി വരുമാനം മാറ്റമില്ലാതെ തുടർന്നു. മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇക്കാര്യത്തിൽ നേരിയ നേട്ടം കാണാം. ഗുജറാത്ത്, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഭൂനികുതി വരുമാനം ഉയർത്തിയിട്ടിട്ടുണ്ട്. വില്പന നികുതി വരുമാനം കേരളത്തിന്റെ കാര്യത്തിൽ 27.7 ശതമാനത്തിൽ നിന്നും 26.3 ശതമാനമായി കുറഞ്ഞു. ദേശീയ ശരാശരിയിലും കുറവ് പ്രകടമാണ്. പെട്രോൾ, ഡീസൽ, മദ്യം എന്നിവയുടെ ഉപയോഗത്തിൽ ഉണ്ടായ ഇടിവാകാം ഇതിന് നിദാനം. കേരളത്തിൽ സംസ്ഥാന എക്സൈസ് തീരുവ 4 ശതമാനത്തിൽ നിന്നും 3.4 ശതമാനമായി താഴ്ന്നു. ഛത്തീസ്ഗഡ്, പശ്ചിമ ബംഗാൾ, തെലങ്കാന എന്നിങ്ങനെ വർധന പ്രകടമാക്കിയ സംസ്ഥാനങ്ങൾ ഒഴികെയുള്ള എല്ലാ സംസ്ഥാന ങ്ങളെയുമെടുക്കുമ്പോൾ (9.9 % മുതൽ 9.6%) സംസ്ഥാന എക്സൈസ് തീരുവ ഇനത്തിൽ നിന്നുള്ള വരുമാനം കുറയുകയാണുണ്ടായത്. കേന്ദ്ര നികുതിയിൽ നിന്നും ലഭ്യമാകുന്ന കേരളത്തിന്റെ വിഹിതം 11.6 ശതമാനത്തിൽ നിന്നും 12.9 ശതമാനമായി ഉയരുകയുണ്ടായി. ഇക്കാര്യത്തിലെ ദേശീയ ശരാശരി 25 ശതമാനത്തിൽ നിന്നും 26.3 ശതമാനമെന്ന തോതിലേക്കും വർധിച്ചിട്ടുണ്ട്. രാജസ്ഥാൻ (35.6 ശതമാനത്തിൽ നിന്നും 37.9 ശതമാനം), പശ്ചിമ ബംഗാൾ (42.4 ശതമാനത്തിൽ നിന്നും 45.3

***ഗ്രാൻഡ് ഇൻ എയ്ഡിന്റെ കാര്യത്തിൽ രേഖപ്പെടുത്തിയത് 25.5 ശതമാനം ശരാശരി ഇടിവാണ്. എന്നാൽ ഹരിയാന ഇക്കാര്യത്തിൽ 202. 2 ശതമാനമെന്ന അഭൂതപൂർവമായ വളർച്ച നേടുകയുണ്ടായി. കേരളത്തിന്റെ കാര്യത്തിൽ 72.4 ശതമാനവും കർണാടകത്തിന്റെ കാര്യത്തിൽ 75.1 ശതമാനവും വീതം ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ ശരാശരി വളർച്ച –11.2 ശതമാനമാണ്.***

**Table 7** - State wise Share of components of Tax Revenue April-August 2023 over April-August 2022(in %)

| States | Month | GST | Stamps and registration fees | Land revenue | Sales tax | State excise dutys | States share on union taxes | Other taxes and duties |
|---|---|---|---|---|---|---|---|---|
| Andra Pradesh | 2023 | 37.7 | 8.3 | 0.0 | 16.0 | 13.6 | 19.9 | 4.5 |
| | 2022 | 35.9 | 8.0 | 0.0 | 17.5 | 15.2 | 18.9 | 4.6 |
| Chattisgarh | 2023 | 19.3 | 3.5 | 1.1 | 8.6 | 11.6 | 46.5 | 9.5 |
| | 2022 | 19.3 | 3.7 | 1.4 | 10.2 | 10.1 | 46.8 | 8.6 |
| Gujarat | 2023 | 36.1 | 10.2 | 6.6 | 20.3 | 0.1 | 19.8 | 6.9 |
| | 2022 | 33.8 | 8.6 | 2.6 | 25.8 | 0.1 | 18.5 | 10.7 |
| Haryana | 2023 | 40.7 | 11.5 | 0.0 | 14.2 | 14.8 | 12.6 | 6.2 |
| | 2022 | 36.5 | 13.2 | 0.0 | 18.0 | 15.4 | 10.4 | 6.4 |
| Jharkhand | 2023 | 20.6 | 3.2 | 4.4 | 11.9 | 3.7 | 51.0 | 5.2 |
| | 2022 | 21.9 | 2.3 | 3.0 | 13.1 | 3.2 | 51.4 | 5.2 |
| Karnataka | 2023 | 43.1 | 9.3 | 0.8 | 11.0 | 17.9 | 11.2 | 6.6 |
| | 2022 | 41.9 | 10.0 | 0.2 | 11.9 | 18.3 | 11.0 | 6.7 |
| Kerala | 2023 | 43.3 | 5.8 | 1.0 | 26.3 | 3.4 | 12.9 | 7.2 |
| | 2022 | 42.1 | 6.7 | 1.0 | 27.7 | 4.0 | 11.6 | 6.9 |
| Madhya Pradesh | 2023 | 25.6 | 5.9 | 0.6 | 9.9 | 8.2 | 44.7 | 5.1 |
| | 2022 | 18.6 | 6.2 | 0.6 | 12.8 | 10.0 | 45.7 | 6.2 |
| Maharashtra | 2023 | 41.7 | 13.1 | 0.6 | 15.7 | 6.0 | 17.2 | 5.7 |
| | 2022 | 39.4 | 12.1 | 0.6 | 19.2 | 6.1 | 16.1 | 6.5 |
| Odisha | 2023 | 23.3 | 2.4 | 0.7 | 11.7 | 7.1 | 46.3 | 8.5 |
| | 2022 | 22.9 | 2.6 | 0.8 | 13.5 | 7.7 | 45.0 | 7.6 |
| Punjab | 2023 | 32.5 | 6.9 | 0.2 | 10.3 | 14.6 | 26.5 | 9.0 |
| | 2022 | 32.9 | 7.4 | 0.2 | 11.5 | 16.3 | 26.4 | 5.3 |
| Rajasthan | 2023 | 25.6 | 6.5 | 0.3 | 15.8 | 8.5 | 37.9 | 5.4 |
| | 2022 | 25.1 | 6.3 | 0.3 | 17.7 | 10.5 | 35.6 | 4.5 |
| Tamil nadu | 2023 | 31.5 | 9.5 | 0.1 | 29.0 | 5.5 | 19.8 | 4.6 |
| | 2022 | 30.0 | 9.7 | 0.1 | 31.9 | 6.0 | 17.8 | 4.4 |
| Uttar Pradesh | 2023 | 38.4 | 7.8 | 0.1 | 8.0 | 11.7 | 29.9 | 4.0 |
| | 2022 | 37.7 | 8.3 | 0.1 | 9.1 | 12.7 | 29.0 | 3.0 |
| West Bengal | 2023 | 24.8 | 4.2 | 2.0 | 6.9 | 11.2 | 45.3 | 5.6 |
| | 2022 | 26.9 | 5.0 | 2.4 | 7.7 | 10.6 | 42.4 | 5.1 |
| Telangana | 2023 | 33.8 | 10.6 | 0.0 | 22.3 | 18.3 | 9.1 | 5.8 |
| | 2022 | 32.9 | 12.2 | 0.0 | 24.9 | 14.4 | 8.6 | 7.1 |
| All states | 2023 | 34.3 | 8.3 | 1.0 | 14.8 | 9.6 | 26.3 | 5.8 |
| | 2022 | 32.9 | 8.4 | 0.7 | 17.2 | 9.9 | 25.0 | 5.9 |

*Source: Same as Table 4*

***തനത് നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലെ ദേശീയ ശരാശരി വളർച്ച 15.1 ശതമാനമാണ്. ഇക്കാര്യത്തിൽ 84.7 ശതമാനവുമായി പശ്ചിമ ബംഗാളാണ് ഒന്നാം സ്ഥാനത്ത്. കേരളം കൈവരിച്ചിരിക്കുന്നത് 26.4 ശതമാനം വളർച്ചയാണ്.***

ശതമാനം) എന്നീ സംസ്ഥാനങ്ങളാണന് ഇക്കാര്യത്തിൽ ഏറ്റവും മികച്ച നേട്ടം കൈവരിച്ചത് (പട്ടിക 8).

റവന്യു കമ്മിയിൽ ഏറ്റവും കൂടുതൽ വർധന കണ്ടത് കേരളത്തിന്റെ കാര്യത്തിലാണ്, 121.4 ശതമാനം. 77.6 ശതമാനമാണ് ദേശീയ ശരാശരി. 2023 ഏപ്രിൽ –ആഗസ്റ്റ് കാലയളവിൽ ഏറ്റവും ഉയർന്ന റവന്യു കമ്മിയായ 286.9 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത് പഞ്ചാബിലാണ്. 239.5 ശതമാനവുമായി തമിഴ്നാടാണ് തൊട്ടടുത്ത സ്ഥാനത്ത്. ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു വസ്തുത ആറ് സംസ്ഥാനങ്ങൾ മാത്രമാണ് റവന്യു കമ്മി രേഖപ്പെടുത്തിയത് എന്നതാണ്. ഏറ്റവും കൂടുതൽ റവന്യു മിച്ചം ഉണ്ടായിരിക്കുന്നത് കർണ്ണാടകത്തിലാണ്. ഇക്കാലയളവിൽ തെലങ്കാന ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും റവന്യു കമ്മി രേഖപ്പെടുത്തു കയുണ്ടായി. കേരളത്തിന്റെ ധനക്കമ്മി 69.2 ശതമാനം കണ്ട് വർധിച്ചപ്പോൾ സംസ്ഥാന ങ്ങളുടെ ശരാശരി വളർച്ച 54.2 ശതമാനമാണ് (പട്ടിക–8). റവന്യു മിച്ചം വരുന്നത് മൂലധന ചെലവുകൾക്ക് പണം കണ്ടെത്തു ന്നതിന് സഹായകമാണ്. 2023 ഏപ്രിൽ –ആഗസ്റ്റ് കാലയളവിൽ 14,290.7 കോടി രൂപയാണ് കേരളത്തിന്റെ പ്രാഥമിക കമ്മി (ധനക്കമ്മിയിൽ നിന്നും പലിശ ഇനത്തിലുള്ള ചെലവുകൾ കുറയ്ക്കുന്നത്). അതായത് 186 ശതമാനമെന്ന ഏറ്റവും ഉയർന്ന വർധനയാണ് ഇക്കാര്യത്തിൽ കേരളം കൈവരിച്ചത്. 368.7 ശതമാനമാണ് ദേശീയ ശരാശരി. ഈ പഠനത്തിന്റെ കാലയളവിൽ കേരളത്തിന്റെ കടമെടുപ്പിൽ ഉണ്ടായ വളർച്ച 69. 2 ശതമാനമാണ്. എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി കണക്കാക്കുമ്പോൾ ഇത് 54.6 ശതമാനവുമാണ് 16 സംസ്ഥാനങ്ങളെയെടു ത്താൽ പത്തിലും കടമെടുപ്പിന്റെ തോതിൽ വർധന ഉണ്ടായതായി കാണാം. ഹരിയാന, ഒഡിഷ എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ മാത്രമാണ് ഇക്കാര്യത്തിൽ ഇടിവ് രേഖപ്പെടുത്തി യിട്ടുള്ളത്

**ഉപസംഹാരം**

പഠന കാലയളവിൽ കേരളത്തിന്റെ റവന്യു വരുമാനം 12. 01 ശതമാനം നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയത്. വരുമാനത്തിൽ 6000 കോടി രൂപയുടെ കുറവാണ് ഇത് കാണിക്കുന്നത്. നികുതി വരുമാനത്തിൽ 6.82 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2302 കോടി രൂപ മാത്രമാണ് ഇതുവഴി അധികമായി നേടാൻ കഴിഞ്ഞത്. ഇതിൽ കേന്ദ്ര നികുതി വിഹിതം 32 ശതമാനം മാത്രമാണ്. കേന്ദ്ര നികുതി വിഹിതത്തിൽ പഠനകാലയളവിൽ 18 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുള്ള സ്ഥിതിയാണ്

***കേരളത്തിന്റെ ശമ്പളമിനത്തിൽ വരുന്ന ചെലവ് ദേശീയ ശരാശരിയായ 23.3 ശതമാനത്തിന് മുകളിലാണ്. എന്നാൽ ഇത് 27.4 ശതമാനത്തിൽ നിന്ന് 27.1 ശതമാനം എന്ന നിലയിലേക്ക് താഴുകയുണ്ടായി. ഛത്തീസ്ഗഢ്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ശമ്പളമിനത്തിലുള്ള ചെലവിൽ കേരളത്തേക്കാൾ ഉയർന്ന തോതിലാണ്. കേരളത്തിൽ പെൻഷൻ ചെലവുകൾ റവന്യു ചെലവിന്റെ 19.2 ശതമാനമാണ്. ഇത് 0.6 ശതമാനത്തിന്റെ നേരിയ ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.***

**Table 8** - State wise Growth rate of Deficits and Borrowing April-August 2023 over April-August 2022(in %)

| States | Month | Revenue Surplus/ Deficit | GR | Fiscal Surplus/ Deficit | GR2 | Primary Deficit/ Surplus | GR3 | Borrowings and Other Liabilities | GR4 |
|---|---|---|---|---|---|---|---|---|---|
| Andra pradesh | 2023 | -37326.7 | | -53557 | | -42739.2 | | 53557.0 | |
| | 2022 | -36983.3 | 0.9 | -44582.6 | 20.1 | -35491.3 | 20.4 | 44582.6 | 20.1 |
| Chattisgarh | 2023 | 1571.5 | | -3742.2 | | -1957.4 | | 3742.2 | |
| | 2022 | 4415.9 | -64.4 | 1199.2 | -412.0 | 2825.4 | -169.3 | -1199.2 | -412.0 |
| Gujarat | 2023 | 27029.0 | | 7529.1 | | 17277.4 | | -7529.1 | |
| | 2022 | 15769.1 | 71.4 | 5039.4 | 49.4 | 14201.6 | 21.7 | -5039.3 | 49.4 |
| Haryana | 2023 | 1471.9 | | -4530.1 | | 840.3 | | 4530.1 | |
| | 2022 | -6347.6 | -123.2 | -9671.6 | -53.2 | -2516.1 | -133.4 | 9671.6 | -53.2 |
| Jharkhand | 2023 | 7404.7 | | 621.3 | | 2472.7 | | -1127.8 | |
| | 2022 | 3787.3 | 95.5 | 859.9 | -27.7 | 2614.3 | -5.4 | -1043.5 | 8.1 |
| Karnataka | 2023 | 10295.7 | | 3914.6 | | 15590.8 | | -3914.6 | |
| | 2022 | 10842.5 | -5.0 | -1391.8 | -381.3 | 9264.6 | 68.3 | 1391.8 | -381.3 |
| Kerala | 2023 | -18118.8 | | -23735.0 | | -14290.7 | | 23735.0 | |
| | 2022 | -8183.4 | 121.4 | -14023.9 | 69.2 | -4997.1 | 186.0 | 14023.9 | 69.2 |
| Madhyapradesh | 2023 | 5308.5 | | -17859.6 | | -11027.4 | | 17859.6 | |
| | 2022 | 3886.5 | 36.6 | -12621.5 | 41.5 | -6578.8 | 67.6 | 12621.5 | 41.5 |
| Maharashtra | 2023 | 20612.1 | | 8870.5 | | 23969.8 | | -8870.5 | |
| | 2022 | 15831.7 | 30.2 | 6046.3 | 46.7 | 19966.1 | 20.1 | -6046.3 | 46.7 |
| Odisha | 2023 | 15929.3 | | 2768.3 | | | | -2768.3 | |
| | 2022 | 17911.2 | -11.1 | 12021.3 | -77.0 | | | -12021.3 | -77.0 |
| Punjab | 2023 | -14819.8 | | -16075.4 | | -8101.4 | | 16075.4 | |
| | 2022 | -3830.7 | 286.9 | -5589.3 | 187.6 | -107.2 | 7459.4 | 5589.3 | 187.6 |
| Rajasthan | 2023 | -15050.9 | | -26008.0 | | -16079.2 | | 26008.0 | |
| | 2022 | -12480.0 | 20.6 | -19445.9 | 33.7 | -10593.6 | 51.8 | 19445.9 | 33.7 |
| Tamilnadu | 2023 | -17615.0 | | -33142.8 | | -14991.3 | | 33142.8 | |
| | 2022 | -5189.2 | 239.5 | -16304.1 | 103.3 | -490.4 | 2957.1 | 16304.2 | 103.3 |
| Uttar Pradesh | 2023 | 12328.6 | | -11754.7 | | 3077.4 | | 11754.7 | |
| | 2022 | 16280.2 | -24.3 | -3360.8 | 249.8 | 10752.0 | -71.4 | 3360.8 | 249.8 |
| West Bengal | 2023 | -9927.5 | | -17920.0 | | -4489.4 | | 17920.0 | |
| | 2022 | -9689.8 | 2.5 | -16487.7 | 8.7 | -3420.1 | 31.3 | 16487.7 | 8.7 |
| Telangana | 2023 | -3715.4 | | -26158.5 | | -17306.7 | | 26158.5 | |
| | 2022 | -4778.7 | -22.2 | -17842.6 | 46.6 | -9884.1 | 75.1 | 17842.6 | 46.6 |
| All States | 2023 | -913.9 | | -13173.7 | | -4517.0 | | 13142.1 | |
| | 2022 | 77.6 | -1277.6 | -8509.7 | 54.8 | -963.6 | 368.7 | 8498.3 | 54.6 |

*Source: Same as Table 4*

***2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിലെ നികുതി വരുമാനത്തിന്റെ വിവിധ ഇനങ്ങൾ പരിഗണിക്കുമ്പോൾ കേരളത്തിന്റെ കാര്യത്തിൽ ജി എസ് ടീയിൽ നിന്നുള്ള വരുമാനം 42.1 ശതമാനത്തിൽ നിന്നും 43.3 ശതമാനമായി ഉയർന്നതായി കാണാം. എന്നാൽ മറ്റെല്ലാ സംസ്ഥാനങ്ങളുടെ കാര്യത്തിലും കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. 43.1 ശതമാനവുമായി കർണ്ണാടകം രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങൾ തുടർന്നും വരുന്നതായി കാണാം.***

കാണുന്നത്. തനത് നികുതിയേതര വരുമാനം വഴി 1200 കോടി രൂപ അധികം സമാഹരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. മൊത്തത്തിൽ നികുതി, നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വഴിയായി അധികം സമാഹരിക്കാൻ കഴിഞ്ഞത് 3500 കോടി രൂപയാണ്. എന്നാൽ കേന്ദ്ര ധനസഹായത്തിന്റെ കാര്യത്തിൽ 10,000 കോടി രൂപയുടെ കുറവാണ് ഉണ്ടായത്. കേന്ദ്രത്തിന്റെ പക്ഷപാതപരമായ നിലപാടിന്റെ ഫലമായാണ് ഇത് സംഭവിച്ചതെന്ന് വിലയിരുത്തേണ്ട സഹചര്യമാണ് ഇത് വ്യക്തമാക്കുന്നത് . അതായത്, കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ സംഭവിച്ചിരിക്കുന്ന കുത്തനെയുള്ള ഇടിവിന്റെ പ്രധാന കാരണമായി വിലയിരുത്താൻ കഴിയുന്നത് ഗ്രാന്റ് ഇൻ എയ്ഡിൽ ഉണ്ടായിരിക്കുന്ന കുറവാണ്.

24 ശതമാനം വരുമാന വളർച്ച നേടാൻ കഴിഞ്ഞ സാഹചര്യത്തിൽ കേന്ദ്രത്തിന് റവന്യൂ ചെലവുകളിൽ 15 ശതമാനത്തിന്റെ വർധന വരുത്താൻ കഴിയുന്ന സ്ഥിതിയുണ്ട്. ഇത് റവന്യൂ കമ്മി നിയന്ത്രിക്കുന്നതിന് വലിയൊരളവോളം പരിഹാരമാണ്. റവന്യൂ കമ്മി 12 ശതമാനം കുറയ്ക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. ഭാവി വികസനകാര്യത്തിൽ കേന്ദ്രത്തിന് കാര്യമായ സംഭാവനായർപ്പിക്കാൻ കഴിഞ്ഞതായി കാണാം. മൂലധന ചെലവുകൾ 48 ശതമാനമാണ് ഉയർന്നിരിക്കുന്നത്. എന്നാൽ ദൗർഭാഗ്യവശാൽ, ഇന്ത്യയെ ഒരു വികസിത രാജ്യമാക്കി മാറ്റുക എന്ന കേന്ദ്രത്തിന്റെ ലക്ഷ്യം, കേരളം പോലുള്ള സംസ്ഥാനങ്ങളെ സഹായിക്കുന്ന കാര്യത്തിൽ കാണുന്നില്ല. എച്ച് ഡി ഐ, എസ് ഡി ജി തുടങ്ങിയ സൂചികകളുടെ കാര്യത്തിലെ നേട്ടത്തിൽ കാര്യമായ സംഭാവനായർപ്പിച്ചു കൊണ്ട് ദേശീയ വികസന ലക്ഷ്യങ്ങളെ സഹായിക്കുന്നതിന് കേരളം നിർണ്ണായകമായ പങ്ക് വഹിക്കുന്ന സാഹചര്യത്തിൽ ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

കേരളത്തിന്റെ സാമ്പത്തിക നിലയെ ഇതര സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തിലെ നികുതിയിൽ നിന്നുള്ള വിഹിതം 65.39 ശതമാനത്തിൽ നിന്നും 79.32 ശതമാനമായി ഉയർന്നിട്ടുണ്ട് (13.39 പെർസെന്റ് പോയിന്റ് വർധന ). എല്ലാ സംസ്ഥാനങ്ങളുടെയും ശരാശരി 81.5 ശതമാനമാണ്. എന്നാൽ ഇവിടെ ഉയരുന്ന ഒരു പ്രധാന കാര്യം മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ പെർസെന്റ് പോയിന്റ് വളർച്ച കേവലം 4 ശതമാനമായിരിക്കെ കേരളത്തിന്റെ കാര്യത്തിൽ അത് 14 ശതമാനമാണ് എന്നതാണ്. നികുതി പിരിവിന്റെ കാര്യത്തിൽ കേരളം കാഴ്ച

***കേരളത്തിന്റെ റവന്യൂ കമ്മി 121.4 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു. ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെ ശരാശരി 77.6 ശതമാനമാണ്. ഏപ്രിൽ – ആഗസ്റ്റ് 2023 കാലയളവിൽ 286.9 ശതമാനവുമായി പഞ്ചാബ് ഒന്നാം സ്ഥാനത്തും 239.5 ശതമാനം റവന്യൂ കമ്മിയുമായി തമിഴ്നാട് രണ്ടാം സ്ഥാനത്തുമാണ്.***

**കേരളത്തിന്റെ ധനക്കമ്മിയിൽ 69.2 ശതമാനത്തിന്റെ വളർച്ച രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലുള്ള ശരാശരി വളർച്ച 54.2 ശതമാനമാണ്.**

വച്ച മികച്ച പ്രവർത്തനമാണ് ഇതിന് കാരണമായത്. തനത് നികുതി വരുമാനത്തിന്റെ വിഹിതത്തിൽ 12 ശതമാനം വളർച്ച കാഴ്ച്ച വയ്ക്കാൻ കഴിഞ്ഞു. ഇക്കാര്യത്തിൽ പഞ്ചാബ് മാത്രമാണ് കേരളത്തിന് മുന്നിലുള്ളത് (12.74 ശതമാനം).

2023 ഏപ്രിൽ –ആഗസ്റ്റ് കാലയളവിലെ നികുതി വരുമാനത്തിലെ വിവിധ ഇനങ്ങൾ പരിശോധിക്കുമ്പോൾ കേരളത്തിന്റെ ജി എസ് ടിയിൽ നിന്നുള്ള വിഹിതം 42.1 ശതമാനത്തിൽ നിന്ന് 43.3 ശതമാനമായി ഉയർന്നതായി കാണാം. 43.1 ശതമാനവുമായി കർണ്ണാടകമാണ് ഇക്കാര്യ ത്തിൽ ഒന്നാം സ്ഥാനത്തുള്ളത്. മഹാരാഷ്ട്ര, ഹരിയാന എന്നീ സംസ്ഥാനങ്ങൾ തൊട്ടടുത്തും നില കൊള്ളുന്നു. മുദ്രവില, രജിസ്ട്രേഷൻ എന്നിവയിൽ നിന്നുള്ള കേരളത്തിന്റെ വരവ് 6.7 ശതമാനത്തിൽ നിന്നും 5.78 ശതമാനമായി താഴ്ന്നു. ഇക്കാര്യത്തിൽ എല്ലാ സംസ്ഥാന ങ്ങളുടെയും ശരാശരി 8.4 ശതമാനമായിരുന്നത് 2023 ഏപ്രിൽ–ആഗസ്റ്റ് കാലയളവിൽ 8.3 ശതമാനമായി കുറയു കയുണ്ടായി.

കേരളത്തിന്റെ റവന്യൂ കമ്മി 121.4 ശതമാനം എന്ന നിലയിലേക്ക് ഉയർന്നു. ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെ ശരാശരി 77.6 ശതമാനമാണ്. ഏപ്രിൽ–ആഗസ്റ്റ് 2023 കാലയളവിൽ 286.9 ശതമാനവുമായി പഞ്ചാബ് ഒന്നാം സ്ഥാനത്തും 239.5 ശതമാനം റവന്യൂ കമ്മിയുമായി തമിഴ്നാട് രണ്ടാം സ്ഥാനത്തുമാണ്. ധനക്കമ്മിയുടെ കാര്യത്തിലെ ദേശീയ ശരാശരി വളർച്ച 54.2 ശതമാനമായിരിക്കെ കേരളത്തിൽ 69.2 ശതമാനമാണ്. റവന്യൂ മിച്ചമുള്ള സംസ്ഥാന ങ്ങൾക്ക് അത് മൂലധനച്ചെലവു കൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞു. ഇക്കാലയളവിൽ കേരളത്തിന്റെ കടമെടുപ്പ് 69.2 ശതമാനം കണ്ട് ഉയർന്നിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിലെ ദേശീയ ശരാശരി 54.6 ശതമാനമാണ്.

ചുരുക്കത്തിൽ കേരളത്തിന്റെ റവന്യൂ വരു മാനത്തിൽ സംഭവിച്ച ഇടിവിനെ കേന്ദ്ര ധനസഹായത്തിൽ ഉണ്ടായ ഇടിവിന്റെ പശ്ചാത്തലത്തിൽ വേണം കാണുവാൻ. ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന ഇടിവ് 72 ശതമാനമാണ്. 2022–23 സാമ്പത്തിക വർഷം മുതൽക്ക് തന്നെ (9 ശതമാനം) ഇത് പ്രകടമായിരുന്നു. തനത് നികുതി വരുമാനത്തിലെ വളർച്ചയുടെ കാര്യത്തിൽ പ്രതീക്ഷ നൽകുന്ന മാറ്റം പ്രകടമാണെങ്കിലും ഇക്കാര്യത്തിലെ വളർച്ച കുറഞ്ഞ തോതിലാണെന്നതാണ് ആശങ്ക ഉയർത്തുന്ന ഘടകം. കേരളത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ച വിശദമായ ഒരു പഠനം ആവശ്യമാണെന്ന് ഇത്തരം ചില പ്രവണതകൾ ചൂണ്ടിക്കാട്ടുന്നുണ്ട്. വരു മാനത്തിന്റെ കാര്യത്തിൽ നിസാരമെന്ന് തോന്നാവുന്ന സ്രോതസ്സുകളെ പോലും അവഗണിച്ചു കൊണ്ട് മുന്നോട്ട് പോകാൻ സംസ്ഥാനത്തിന് ഇന്നത്തെ നിലയിൽ കഴിയില്ല. റവന്യൂ വരുമാനത്തിൽ സംഭവിച്ചിട്ടുള്ള ഇടിവ് സ്വാഭാവികമായി വിരൽ ചൂണ്ടുന്നത് കടമെടുപ്പിന്റെ കാര്യത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണം അടക്കമുള്ള കേന്ദ്ര സർക്കാരിന്റെ നിലപാടുകളിലേക്കാണ്. കേരളം തനത് വരുമാനം പരമാവധി സമാഹരിക്കേണ്ട ആവശ്യ കതയിലേക്കും ഇത് ശക്തമായി വിരൽ ചൂണ്ടുകയാണ്.

■

(ഗിഫ്റ്റിന്റെ ഡയറക്ടറാണ് പ്രൊഫ. കെ ജെ ജോസഫ്, ഗിഫ്റ്റിലെ വിസ്സിറ്റിംഗ് ഫാക്കൽറ്റിയാണ് അനിതകുമാരി എൽ)

## References

1 Comptroller and Auditor General of India (2022 to 2023) *State Accounts, Monthly Key Indicators*:https://cag.gov.in/en/state-accounts-report

2 Comptroller General Accounts, Department of Expenditure, India (2022 to 2023) *State Accounts, Ministry of Finance, Government of India*, Monthly accounts, https://cga.nic.in

3 Joseph K J & Anitha Kumary L (2022). *State of state finances: Kerala's turnaround in fiscal consolidation*, Kerala Economy, Vol No4 October-November-December 2022, Gulati Institute of Finance and Taxation

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# ധനകാര്യ ഫെഡറലിസവും കേരളത്തിന്റെ സ്ഥിതിയും

അദിത്ത് എസ് കാർത്തിക്, ക്രിസ്റ്റബെൽ പി ജെ

ധനകാര്യ ഫെഡറലിസത്തെ സംബന്ധിച്ച ആദ്യതലമുറ സിദ്ധാന്തങ്ങൾ (എഫ് ജി ടി) സർക്കാരുകളുടെ പ്രവർത്തനങ്ങളെ മൂന്ന് പ്രത്യേക കള്ളികളിലായി വേർതിരിക്കുന്നു. നീക്കിവയ്ക്കുന്നത്, വിതരണം ചെയ്യുന്നത്, സ്ഥിരതയുള്ളത് എന്നിങ്ങനെയാണ് അത്. കൂടുതൽ മുൻതൂക്കം ലഭിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിൽ വിതരണം, സ്ഥിരത എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദേശീയ സർക്കാരിലും വിഭവങ്ങൾ പങ്ക് വയ്ക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക സർക്കാരുകളിലും നിക്ഷിപ്തമായിരിക്കുന്നു. ധനപരമായ അധികാര വികേന്ദ്രീകരണം എന്ന തത്വം ചെലവഴിക്കുന്നതിലെ വികേന്ദ്രീകരണവുമായി ബന്ധപ്പെടുന്നതായി കാണാം. സമത്വം, മികച്ച കാര്യശേഷി എന്നിവ കൈവരിക്കുന്നതിന് വരുമാനത്തിന്റെ കേന്ദ്രീകരണവും ആവശ്യമായി വരുന്നു. എന്നാൽ സംസ്ഥാനങ്ങളുടെ വരുമാനവും ചെലവുകളും തമ്മിൽ പൊരുത്തപ്പെട്ട് പോകാത്ത സാഹചര്യങ്ങളിൽ കേന്ദ്രവും സംസ്ഥാന സർകാരുകളായും തമ്മിലുള്ള പണം കൈമാറ്റമാണ് നല്ലതെന്ന് എഫ് ജി ടി അഭിപ്രായപ്പെടുന്നു. രണ്ടാം തലമുറ സിദ്ധാന്തങ്ങൾ പക്ഷെ ഇത്തരം ഉത്തരവാദിത്വങ്ങളിൽ വികേന്ദ്രീകരണം എന്ന ആശയമാണ് ശക്തമായി മുന്നോട്ട് വയ്ക്കുന്നത്. വിപണി വ്യവസ്ഥ ആധാരമാക്കിയുള്ള ഫെഡറലിസത്തിനു വേണ്ടിയാണ് രണ്ടാം തലമുറ സിദ്ധാന്തങ്ങൾ വാദിക്കുന്നത്.

താരതമ്യ മേൽക്കൈ എന്ന സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി സ്ഥിരത, പുനർ വിതരണം തുടങ്ങിയ ചുമതലകൾ ഇന്ത്യയിൽ, കേന്ദ്ര സർക്കാരാണ് നിർവഹിക്കുന്നത്. അതുകൊണ്ട് റവന്യു വരുമാനത്തിന്റെ കാര്യത്തിൽ കൂടുതൽ അധികാരങ്ങളും കേന്ദ്ര സർക്കാർ കയ്യാളുന്നു. വിഭവങ്ങളുടെ പങ്ക് വയ്ക്കൽ അഥവാ പൊതുചെലവുകളാണ് പ്രധാനമായും സംസ്ഥാന സർക്കാരുകളുടെ ചുമതല.

## 2. അസമത്വം ഫെഡറൽ സംവിധാനത്തിന്റെ പ്രധാന പ്രശ്നം

അധികാരങ്ങൾ തരം തിരിക്കുന്നതും ചെലവുകൾ പങ്ക് വയ്ക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. ഇതിനുപുറമെ, ഇന്ത്യയിൽ സംസ്ഥാനങ്ങൾ തമ്മിലും അജഗജാന്തര കാണാൻ കഴിയും. ഒരു

***ധനപരമായ അധികാര വികേന്ദ്രീകരണം, സമത്വവും മികച്ച കാര്യക്ഷമതയും ലക്ഷ്യമിട്ടുള്ള ചെലവിന്റെ വികേന്ദ്രീകരണവും വരുമാനത്തിന്റെ കേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്.***

***കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന പൊതുവായ ഫണ്ടുകൾ സംസ്ഥാനങ്ങൾക്ക് ധനപരമായ അവസരങ്ങൾ കൂടുതലായി പ്രദാനം ചെയ്യുന്നതാണ്. സാമ്പത്തികമായ പൊതുനിലവാരം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി ഇതിനു പിന്നിലുണ്ട്.***

ഉദാഹരണമെടുത്താൽ ഏറ്റവും കുറഞ്ഞ പ്രതിശീർഷ ജി എസ് ഡി പി ആയ 28,127 രൂപ ബിഹാറിൽ രേഖപ്പെടു ത്തുമ്പോൾ ഹരിയാന രേഖപ്പെടുത്തുന്നത് 165,617 രൂപയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സംസ്ഥാനങ്ങൾ തമ്മിലുള്ള ഗുരുതരമായ അസന്തുലിതാവസ്ഥ പ്രകടമാക്കുന്നതാണ്. ഇത് വളരെ നിർണായകമായ ഒരു കാര്യമാണ്. കാരണം, കുറഞ്ഞ പ്രതിശീർഷ വരുമാനം പൊതുവിൽ കുറഞ്ഞ വരുമാനത്തിലേക്കും അത് കുറഞ്ഞ നികുതി വരുമാനത്തിലേക്കും നയിയ്ക്കുന്നു. സ്വാഭാവികമായും പൊതു ചെലവഴിക്കലിന്റെ കുറവിനും ഇത് വഴി വയ്ക്കുന്നു. ഇത്തരത്തിൽ കുറഞ്ഞ വരുമാനം ഉണ്ടാക്കുന്ന വിഷമവൃത്തം പൊതു സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിലും സംസ്ഥാനങ്ങൾ തമ്മിലുള്ള ഏറ്റക്കുറച്ചിലിന് കാരണമാകുന്നു. ജനങ്ങളുടെ ജീവിത സാഹചര്യത്തിൽ അസംതുലിതാവസ്ഥ പ്രകടമാകുന്നു എന്നതാണ് ഇതു വഴിയുണ്ടാകുന്ന പ്രധാന ന്യൂനത.

ഇത്തരത്തിൽ സംഭവിക്കുന്ന അസന്തുലിതാവസ്ഥക്ക് പരിഹാരമാണ് ഭരണഘടനയുടെ അനുച്ഛേദം 280. ഇതനുസരിച്ച് ഓരോ അഞ്ചു വർഷം കൂടുമ്പോഴും രാഷ്ട്രപതി ധനകാര്യ കമ്മീഷനെ നിയോഗിക്കുന്നു. പ്രത്യേക പരിഗണന തത്വങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രത്തിന്റെ പങ്ക് വയ്ക്കുന്ന ശേഖരത്തിൽ നിന്നുള്ള വിഹിതം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്നു. ഇതിന് പുറമെ ഓരോ സംസ്ഥാനത്തിനും പ്രത്യേകം നൽകേണ്ട വിഹിതത്തിന്റെ കാര്യത്തിൽ ആവശ്യമായ ശുപാർശയും കമ്മീഷൻ നൽകുന്നു. ഇങ്ങനെ നികുതി വരുമാനം പങ്ക് വയ്ക്കുന്നതിന് പുറമെ പ്രത്യേക സഹായം (ഗ്രാന്റ് ഇൻ എയ്ഡ്) നൽകുന്ന തിനുള്ള ശുപാർശകളും നൽകുന്നു. ഇത്തരത്തിൽ നിബന്ധനകൾ പ്രകാരവും അല്ലാതെയും സംസ്ഥാനങ്ങൾക്ക് നൽകുന്ന ധനസഹായം പലപ്പോഴും വലിയ തർക്കങ്ങൾക്കും ചർച്ചക്കും വിഷയീഭവിക്കാറുണ്ട്

പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ നിഗമനം ഗ്രാന്റുകളാണ് സംസ്ഥാനങ്ങൾക്ക് നൽകാവുന്ന ഏറ്റവും ഉചിതമായ സഹായം എന്നതായിരുന്നു (പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്–പേജ് 14). എന്നാൽ പതിന്നാലാം ധനകാര്യ കമ്മീഷൻ ഇത്തരത്തിൽ പ്രത്യേകമായ പരാമർശമൊന്നും നടത്തിയില്ല. പതിന്നാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര മന്ത്രാലയങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്ക് നൽകുന്ന സഹായത്തെ കുറിച്ചാണ് വ്യക്തമാക്കിയത് (ഗോവിന്ദറാവു–2018). ഇക്കാര്യത്തിൽ നിലനിൽക്കുന്ന തർക്ക വിതർക്കങ്ങൾ പരിഗണിക്കുമ്പോൾ പൊതുവായി നൽകുന്നതും പ്രത്യേക ആവശ്യങ്ങൾക്ക് നൽകുന്നതുമായ സഹായങ്ങൾ തമ്മിൽ ഒരു സന്തുലിതാവസ്ഥ ഉണ്ടാകുന്നതാണ് അഭി

***ഫണ്ടുകളുടെ പൊതുവായ വിതരണത്തിൽ മുന്നേറ്റം പ്രകടമാണെങ്കിലും, കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേന്ദ്രം നേരിട്ട് സംസ്ഥാന ഏജൻസികൾക്ക് പണം അനുവദിക്കുന്ന പ്രവണത ഇതിന്റെ ഫലത്തെ പൊതുവിൽ നിരാകരിക്കുന്നു എന്ന ആക്ഷേപം ഉയർന്നു വരുന്നുണ്ട്.***

***പൊതുവിൽ കേന്ദ്രത്തിന്റെ ഫണ്ട് വിതരണവും ഗ്രാന്റ് ഇൻ എയ്ഡും ഉയരുന്നതായി കാണാമെങ്കിലും കേരളത്തിന്റെ കാര്യത്തിൽ അല്പം ഭിന്നമായ ചിത്രമാണ് പ്രകടമാകുന്നത്.***

കാമ്യമായ കാര്യം. പൊതുവായി നൽകുന്ന സഹായം ധനപരമായ കൂടുതൽ സാധ്യത സംസ്ഥാനങ്ങൾക്ക് തുറന്ന് നൽകുന്നതിനാൽ ഇത് സേവനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് സഹായകമായി മാറുന്നു. ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടുന്ന വിഹിതം ഉയർത്തണമെന്ന് എല്ലാ ധനകാര്യ കമ്മീഷനുകളും എടുത്തു പറഞ്ഞിട്ടുള്ളതാണ്.

ഈ നിർദേശങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഡിവിസിബിൾ പൂളിന്റെ വലുപ്പം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നതായി കാണാം. പങ്ക് വയ്ക്കേണ്ട ആവശ്യമില്ലാത്ത സെസ്സുകൾ, സർ ചാർജുകൾ തുടങ്ങിയ കാര്യങ്ങൾ വർദ്ധിപ്പിച്ചാണ് ഇത് ചെയ്യുന്നത്. പൊതുവായ ധനസഹായം ഉയരുന്നതായി വിലയിരുത്താമെങ്കിലും ഫലത്തിൽ ഇത് കുറഞ്ഞു വരുന്നതായി കാണാം (പിനാക്കി ചക്രവർത്തി–2018). കേന്ദ്രാവിഷ്കൃത പദ്ധതികളിലെ വിഹിതം കുറയുന്നതാണ് ഇതിന് പ്രധാന കാരണം. കേന്ദ്രസർക്കാരിന്റെ മറ്റൊരു കടന്നുകയറ്റം എന്ന് പറയുന്നത് ഭരണഘടനയുടെ ഏഴാം പട്ടികയുടെ ലംഘനമാണ്. കേന്ദ്രസർക്കാരിന്റെ റവന്യൂ ചെലവിന്റെ നല്ലൊരു ഭാഗം പോകുന്നത് സംസ്ഥാന ലിസ്റ്റിലും കൺകറൻറ് ലിസ്റ്റിലും ഉൾപ്പെടുന്ന കാര്യങ്ങൾക്ക് വേണ്ടിയാണ്. കേന്ദ്ര വിഷയങ്ങളിലെ ചെലവഴിക്കൽ ആനുപാതികമായി കുറയുന്നതും കാണാം (പിനാക്കി ചക്രവർത്തി–2018). സംസ്ഥാന ഏജൻസികളിലൂടെ പണം നേരിട്ട് ചെലവഴിക്കുന്നത് വഴിയായി സംസ്ഥാനങ്ങളുടെ ധനപരമായ കാര്യങ്ങളിൽ കേന്ദ്രം ഇടപെടുന്നതും കാണാം. ഇത്തരമൊരു പശ്ചാത്തലത്തിൽ വ്യക്തമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ 2010 മുതൽ കേരളത്തിന് ലഭിച്ച സഹായങ്ങളുടെ സ്ഥിതിയും ഘടനയും ഈ ലേഖനത്തിൽ പരിശോധിക്കുകയാണ്.

### 3. കേരളവും സാമ്പത്തിക സ്ഥിതിയും – തൽസ്ഥിതി വിലയിരുത്തൽ

രാജ്യത്തിന്റെ തെക്കേ അറ്റത്ത് കിടക്കുന്ന സംസ്ഥാനമായ കേരളം തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്നു. 38,863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള സംസ്ഥാനം വലുപ്പത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഇരുപത്തിരണ്ടാം സ്ഥാനത്താണ്. 3.56 കോടിയാണ് സംസ്ഥാനത്തെ ജനസംഖ്യ. ഇന്ത്യയിൽ പതിന്നാലാം സ്ഥാനം. 860 പേരാണ് കേരളത്തിന്റെ ജനസാന്ദ്രത. ഇക്കാര്യത്തിൽ അഞ്ചാം സ്ഥാനത്താണ്. ഒരു

***പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020–21 സാമ്പത്തിക വർഷത്തേക്ക് കേന്ദ്രപൂളിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് വിതരണം നടത്തണമെന്നാണ് ശുപാർശ നൽകിയത്. ഇതനുസരിച്ച് കേരളത്തിന് ലഭ്യമായത് 1. 943 ശതമാനം മാത്രമാണ്.***

***സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്ന മൊത്തം തുകയിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിലുള്ള വിഹിതം 2010-11 സാമ്പത്തിക വർഷത്തിൽ 35 ശതമാനമായിരുന്നത് 2016-17ൽ കേവലം 5 ശതമാനം എന്ന തോതിലേക്ക് താഴ്ന്നു.***

ദശകത്തിനിടയിലെ കേരളത്തിന്റെ ജനസംഖ്യ വളർച്ച 6.05 ശതമാനമാണ്. 2011ൽ 3.35 കോടി ആയിരുന്ന ജനസംഖ്യ 2021ൽ 3.56 കോടിയായി ഉയർന്നു. രാജ്യത്തെ ഏറ്റവും കുറഞ്ഞ രണ്ടമത്തെ വളർച്ചയാണ് ഇത്. 94 ശതമാനം സാക്ഷരതയുമായി ഇക്കാര്യത്തിൽ രണ്ടാം സ്ഥാനത്താണ്. 2020-21ലെ കണക്കുകൾ പ്രകാരം നിലവിലെ വിലനിലവാരത്തിൽ 758,942 കോടി രൂപയാണ് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജി എസ് ഡി പി) (കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2022ലെ ആഡിറ്റ് റിപ്പോർട്ട്.)

**3. 1 വരുമാനവും ചെലവുകളും**

സംസ്ഥാനത്തിന്റെ റവന്യു വരുമാനം, മൂലധന വരുമാനം, പബ്ലിക്ക് അക്കൗണ്ട് വരുമാനം തുടങ്ങിയവയിൽ പ്രധാന പങ്ക് വഹിക്കുന്നത് നികുതി, നികുതിയേതര വരുമാനങ്ങൾ, കേന്ദ്രത്തിന്റേൽ നിന്നുള്ള ഗ്രാന്റ് ഇൻ എയ്ഡ്, തുടങ്ങിയവയാണ്. റവന്യു, മൂലധന ച്ചെലവുകൾ, വായ്പകൾ, അഡ്വാൻസുകൾ എന്നിങ്ങനെ മൂന്ന് തലങ്ങളിലായാണ് പ്രധാനമായും ചെലവുകൾ വരുന്നത് (പട്ടിക-1).

**സംസ്ഥാനാന്തര സഹായങ്ങളും കേരളവും**

കേരളത്തിന്റെ റവന്യു വരുമാനം വരുന്നത് പ്രധാനമായും മൂന്ന് വിഭാഗങ്ങളിലാണ്, തനത് നികുതി വരുമാനം, തനത് നികുതിയേതര വരുമാനം, കേന്ദ്രസഹായങ്ങൾ. ഇതിൽ തനത് നികുതി വരുമാനമാണ് ഏറ്റവും പ്രധാന പെട്ടതെങ്കിലും ഇത് അസ്ഥിരമായ ഒരു പ്രവണതയാണ് പ്രകടമാക്കുന്നത്. എന്നാൽ ജി എസ് ഡി പിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന വിഹിതം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉയരുന്നതായി കാണാം (പട്ടിക-2). ഇതാകട്ടെ തനത് നികുതിയേതര വരുമാനത്തേക്കാൾ എപ്പോഴും കൂടുതലാണ്.

കേന്ദ്ര വിഹിതത്തിന്റെ വിവിധ ഘടകങ്ങൾ പരിശോധിക്കുമ്പോൾ നികുതിയിൽ നിന്നുള്ള വിഹിതമാണ് ഏറ്റവും കൂടുതലെന്ന് കാണാവുന്നതാണ് (2020–21 ലൊഴികെ). 2015 16 ഇത്തരം കാര്യങ്ങളിൽ പ്രകടമായ ചില മാറ്റങ്ങൾ കണ്ട വർഷമാണ് (പട്ടിക-3).

കേന്ദ്ര നികുതി വിഹിതവും ധനസഹായവും തുകയുടെ കാര്യത്തിൽ ഉയരുന്നുണ്ടെങ്കിലും കേരളത്തിന്റെ മൊത്തം വരുമാനത്തിലെ ഇതിന്റെ പങ്ക് മാറുന്നതായി കാണാം. 2010–15 കാലഘട്ടം മുതൽക്ക് കേന്ദ്രത്തിന്റെ നികുതി ഇനത്തിലുള്ള വിഹിതം കുറഞ്ഞു വരികയാണ്. 2010–11ൽ ഇത് മൊത്തം വരുമാനത്തിന്റെ 19 ശതമാനം എന്ന തോതിലായിരുന്നെങ്കിൽ 2014–15 ആകുമ്പോൾ 14 ശതമാനത്തിലേക്ക് താഴ്ന്നു. മൊത്തം കേന്ദ്ര സഹായത്തിൽ നികുതിയിൽ നിന്നുള്ള വിഹിതം 2010–11ൽ 67.5 ശതമാനമായിരുന്നത് 2014–15ൽ 51.4 ശതമാനമായി കുറഞ്ഞു. പക്ഷെ 2015–16 മുതൽ 2017–18 വരെ തുടർച്ചയായി ഇത് ഉയർന്നു. എന്നാൽ ഇതേ ദശകത്തിന്റ ആദ്യപകുതിയിലെ നികുതി വിഹിതത്തെ മറി കടക്കാൻ കഴിഞ്ഞിട്ടില്ല. 2018 മുതൽക്ക് വീണ്ടും ഇടിവാണ് പ്രകടമായിരിക്കുന്നത്.

മൊത്തം നൽകിയ തുകയിൽ ഗ്രാന്റുകളുടെ വിഹിതം ഉയർന്നിട്ടുണ്ടെന്ന് കാണാം. ഇത് 2010–11ൽ മൊത്തം കേന്ദ്ര വിഹിതത്തിന്റെ 32.6 ശതമാനമായിരുന്നത് 2014–15ൽ 48.7 ശതമാനമായി ഉയർന്നു. എന്നാൽ 2015–16 മുതൽ 2018–19 വരെയുള്ള ഘട്ടത്തിൽ തുടർച്ചയായ

**Table 1.** Growth of revenue and expenditure

| Compounded Annual Growth Rate | | 2011-12 to 2019-20 | | 2015-16 to 2019-20 | | 2019-20 to 2020-21 | |
|---|---|---|---|---|---|---|---|
| Particulars | | General Category States | Kerala | General Category States | Kerala | General Category States | Kerala |
| a. | Revenue Receipts | 11.61 | 11.41 | 9.32 | 6.92 | -4.56 | 8.19 |
| b. | Own Tax Revenue | 9.88 | 8.75 | 8.74 | 6.58 | -4.43 | -5.29 |
| c. | Non-Tax Revenue1 | 3.20 | 21.44 | 13.88 | 9.84 | -35.6 | -40.26 |
| d. | Total Expenditure | 12.18 | 10.65 | 8.91 | 7.07 | 4.54 | 21.42 |
| e. | Capital Expenditure | 10.10 | 9.00 | 1.12 | 3.75 | -2.36 | 59.73 |
| f. | Revenue Expenditure on Education | 11.15 | 8.77 | 9.65 | 6.99 | -1.32 | -11.04 |
| g. | Revenue Expenditure on Health | 15.33 | 12.82 | 13.09 | 12.51 | 14.65 | 16.34 |
| h. | Salaries and Wages | 10.18 | 9.25 | 10.01 | 8.52 | 2.27 | -12.67 |
| I. | Pension | 13.31 | 10.30 | 14.09 | 9.91 | 6.02 | -0.64 |

*Source: Information furnished by the Economic Adviser, O/o the C&AG of India, New Delhi.*

**Table 2:** Own revenue and Central transfers (as a percent of GSDP)

| Particulars | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|---|---|---|
| Own Tax revenue/ GSDP | 7.8 | 6.9 | 7.3 | 7.9 | 6.9 | 6.9 | 6.64 | 6.62 | 6.41 | 5.59 | 6.28 |
| Own non-Tax revenue/ GSDP | 0.7 | 1.2 | 1 | 1.4 | 1.4 | 1.5 | 1.53 | 1.60 | 1.49 | 1.44 | 0.97 |
| Central Transfers/ GSDP | 2.6 | 2.5 | 2.4 | 2.9 | 3.0 | 3.8 | 3.74 | 3.61 | 3.85 | 3.23 | 5.62 |

*Source: Ministry of Statistics and Programme Implementation*

**Table 3** Transfers and Revenue receipts

(? in crore)

| Particulars | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|---|---|---|
| Revenue Receipts(A) | 21107 | 38010 | 44137 | 49177 | 57950 | 69033 | 75611.72 | 83020.14 | 92854.47 | 90224.67 | 97616.83 |
| State's share in Union taxes and duties(B) | 4502 | 5990 | 6841 | 7469 | 7926 | 12691 | 15225.02 | 16833.08 | 19038.17 | 16401.05 | 11560.4 |
| Grants in aid from GOI (C) | 2176 | 3709 | 3021 | 4138 | 7508 | 8921 | 8510.35 | 8527.84 | 11388.96 | 11235.26 | 31068.28 |
| Total transfers (B+/C) | 6678 | 9699 | 9862 | 11607 | 15434 | 21612 | 23735.37 | 25360.92 | 30427.13 | 27636.31 | 42628.68 |
| B/A | 19% | 16% | 15% | 15% | 14% | 18% | 20% | 20% | 20% | 18% | 12% |
| C/A | 10% | 10% | 7% | 9% | 13% | 13% | 11% | 10% | 12% | 12% | 32% |
| Share of tax transfers in total transfers | 67.5% | 61.8% | 69.4% | 64.4% | 51.4% | 58.8% | 64.2% | 66.4% | 62.6% | 59.4% | 27.2% |
| Share of grants in total transfers | 32.6% | 38.3% | 30.7% | 35.7% | 48.7% | 41.3% | 35.9% | 33.7% | 37.5% | 40.7% | 72.9% |

*Source: Audit report, The Comptroller and Auditor General of India*

ഇടിവാണ് കണ്ടത്. മഹാമാരി തകർത്തെറിഞ്ഞ രണ്ടു വർഷങ്ങളിൽ ഇത് യഥാക്രമം 73 ശതമാനവും 32 ശതമാനവുമായിരുന്നു.

2015–16 മുതൽക്ക് കണ്ട ഈ മാറ്റത്തിന് നിദാനം പതിന്നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ കളാണ്. ഡിവിസിബിൾ പൂളിൽ നിന്നുള്ള വിഹിതം 42 ശതമാനമാക്കി ഉയർത്താനായിരുന്നു കമ്മീഷന്റെ ശുപാർശ. ഗ്രാന്റുകൾ പ്രത്യേകം അനുവദിക്കുന്നത് ഒഴിവാക്കുന്നതിനും ശുപാർശ നൽകിയിരുന്നു.

### 4.1 ധനകാര്യ കമ്മീഷനും കേരളവും

ഈ പഠനത്തിന്റെ കാലയളവിൽ, അതായത് 2010 മുതൽ 2021 വരെയുള്ള ഘട്ടത്തിൽ 13,14,15 ധനകാര്യ കമ്മീഷനുകളാണ് പ്രവർത്തിച്ചിരുന്നത്. ഈ മൂന്ന് ധനകാര്യ കമ്മീഷനുകളുടെ പരിഗണനാ വിഷയങ്ങൾ വ്യത്യസ്തമായിരുന്നു (പട്ടിക–4). 2010 മുതൽ 2015 വരെയുള്ള ഘട്ടത്തിലാണ് പതിമൂന്നാം ധനകാര്യ കമ്മിഷൻ പ്രവർത്തിച്ചിരുന്നത്. ഡിവിസിബിൾ പൂളിൽ നിന്ന് 32 ശതമാനം പങ്ക് വയ്ക്കുന്നതിനാണ് കമ്മിഷൻ ശുപാർശ നൽകിയത്. എന്നാൽ പതിന്നാലാം ധനകാര്യ കമ്മീഷൻ ഇത് 42 ശതമാനമായി ഉയർത്തുന്ന തിനാണ് ശുപാർശ നൽകിയത്. കേരളത്തിന് ചരക്ക്, സേവന നികുതി വരുമാനത്തിൽ നിന്നും യഥാക്രമം 2.500 ശതമാനവും 2.526 ശതമാന വുമാണ് പതിന്നാലാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത്. പതിനഞ്ചാം ധനകാര്യ കമ്മിഷനാകട്ടെ 2020–21 സാമ്പത്തിക വർഷത്തിൽ ഡിവിസിബിൾ പൂളിന്റെ 41 ശതമാനമാണ് ശുപാർശ ചെയ്തത്. എന്നാൽ കേരളത്തിന് ലഭിക്കുന്ന വിഹിതം 1.943 ശതമാനമായി കുറഞ്ഞു (ആഡിറ്റ് റിപ്പോർട്ട്, കൺട്രോളർ ആൻഡ് ആഡിറ്റ് ജനറൽ ഓഫ് ഇന്ത്യ). പത്താം ധനകാര്യ കമ്മീഷൻ കേരളത്തിന് നൽകിയത് 3.875 ശതമാനമായിരുന്നു എന്നോർക്കണം (ആഡിറ്റ് റിപ്പോർട്ട്, കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ). അതായത് ഡിവിസിബിൾ പൂളിൽ നിന്നുള്ള കേരളത്തിന്റെ വിഹിതം പടി പടിയായി കുറയുന്നു എന്ന് സാരം (പട്ടിക–4).

ഇത്തരത്തിൽ ചില സമവാക്യങ്ങൾ ഉണ്ടായിരുന്നെങ്കിലും കമ്മീഷനുകൾ നൽകിയ ശുപാർശകളും യഥാർത്ഥത്തിൽ കേന്ദ്ര സർക്കാർ നൽകിയ തുകയും തമ്മിൽ അജഗജാന്തര മുള്ളതായി കാണാം (പട്ടിക–5). ഇതിൽ വിതരണം ചെയ്ത തുകയുടെ കാര്യത്തിലും വ്യത്യാസം വർധിച്ചതായി കാണാം. 2010–11 സാമ്പത്തിക വർഷത്തിൽ 459 കോടി രൂപയായിരുന്നു വ്യത്യാസമെങ്കിൽ 2019–20 ലെത്തുമ്പോൾ അത് 9468 കോടി രൂപയായി ഉയർന്നു.

### 4.2 നികുതിയിലെ ഘടകങ്ങൾ

നികുതി പങ്ക് വയ്ക്കുന്ന കാര്യം വരുമ്പോൾ അതിൽ പ്രധാന ഭാഗം പ്രത്യക്ഷ നികുതി വരുമാനത്തിൽ നിന്നാണ്, അതായത് സ്വത്ത്, വരുമാന നികുതികളാണ് (പട്ടിക–6). എടുത്തു പറയേണ്ട മറ്റൊരു പ്രധാന പ്രവണത ജി എസ് ടി നിലവിൽ വന്നതിന് ശേഷമുള്ള സ്ഥിതിയാണ്. എസ് ജി എസ് ടി പൂർണ്ണമായും സംസ്ഥാനങ്ങൾക്ക് ലഭിക്കുമ്പോൾ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സി ജി എസ് ടി പങ്ക് വയ്ക്കുന്നു.

മൊത്തം വിതരണം ചെയ്യുന്ന നികുതി വരുമാനത്തിൽ ജി എസ് ടീയുടെ പങ്ക് വർധിച്ചു വരുന്നതായി കാണാം. 2015–16 ൽ ഇത്തരത്തിൽ നികുതി വിതരണം 60.12 ശതമാനം കണ്ട് ഉയർന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (2019–20, 2020–21) നികുതിയുടെ വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

### 4.3 ഗ്രാന്റ് ഇൻ എയ്ഡ്

2014ൽ ആസൂത്രണ കമ്മീഷൻ ഇല്ലാതാകുന്നത് വരെ സംസ്ഥാനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കാൻ അതിന് അധികാരമുണ്ടായിരുന്നു. ആയതിനാൽ സംസ്ഥാനങ്ങൾക്ക് പദ്ധതിയേതര ആവശ്യങ്ങൾക്കുള്ള വിഹിതങ്ങൾ ശുപാർശ ചെയ്യുന്നതിനുള്ള അധികാരം മാത്രമാണ് ധനകാര്യ കമ്മീഷനുകൾക്ക് ഉണ്ടായിരുന്നത്. എന്നാൽ ആസൂത്രണ കമ്മീഷൻ ഇല്ലാതായ സാഹചര്യത്തിൽ പതിനാലാം ധനകാര്യ

**Table 4:** Horizontal Devolution Formula of three Finance Commissions

| | Weights accorded | | |
|---|---|---|---|
| **Variables** | **13 th** | **14th** | **15th** |
| Population (1971) | 25 | 17.5 | 0 |
| Population (2011 | 0 | 10 | 15 |
| Fiscal capacity/Income distance | 47.5 | 50 | 45 |
| Area | 10 | 15 | 15 |
| Forest Cover | 0 | 7.5 | 0 |
| Fiscal discipline | 17.5 | 0 | 0 |
| Forest and ecology | 0 | 0 | 10 |
| Demographic performance | 0 | 0 | 12.5 |
| Tax effort | 0 | 0 | 2.5 |
| Total | 100 | 100 | 100 |
| Kerala's share in divisible pool | 2.30% | 2.50% | 1.93% |

*Source: Reports of the XIII-FC, XIV-FC, XV-FC*

**Table 5:** Tax devolution in crore)

| Year | Finance Commission projections | Projections in FCR | Actual tax devolution | Difference |
|---|---|---|---|---|
| 2010-11<br>2011-12<br>2012-13<br>2013-14<br>2014-15 | 32 percent of net proceeds of all shareable taxes excluding service tax and 2.341 percent of net proceeds of sharable service tax (As per recommendations of XIIIFC) | 5601<br>6569<br>7749<br>9140<br>10781 | 5142<br>5990<br>6841<br>7469<br>7926 | 459<br>579<br>908<br>1671<br>2855 |
| 2015-16<br>2016-17<br>2017-18<br>2018-19<br>2019-20 | 42 percent of net proceeds of all shareable taxes excluding service tax and 2.526 percent of net proceeds of shareable service tax (As per recommendations of XIV FC) | 14482<br>16711<br>19308<br>22336<br>25869 | 12691<br>15225<br>16833<br>19038<br>16401 | 1791<br>1486<br>2475<br>3298<br>9468 |
| 2020-21 | 41 percent of net proceeds of union taxes(As per recommendations of XV FC) | 16616.07 | 11560.4 | 5055.67 |

*Source: Reports of the XIII-FC, XIV-FC, XV-FC and Finance Accounts*

**Table 6:** Components of taxes in crore)

| Head | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| Direct taxes | | | | | | |
| Corporation Tax | 4001 | 4885.98 | 5156.64 | 621.02 | 5592.06 | 3546.02 |
| Taxes on Income other than Corporation Tax | 2783 | 3395.7 | 4354.4 | 4876.1 | 4381.76 | 3642.7 |
| Taxes on Wealth | 1 | 11.18 | 0 | 2.44 | 0.25 | 0 |
| Total of Direct Taxes (A) | 6785 | 8292.93 | 9511.04 | 11499.56 | 9973.82 | 7188.72 |
| Indirect taxes Central Goods and Services Tax (CGST) | 0 | 0 | 239.9 | 4699.1 | 4654.19 | 3325.63 |
| Integrated Goods and Services Tax (IGST) | 0 | 0 | 1699.96 | 375 | 0 | 0 |
| Customs | 2032 | 2101.76 | 1699.4 | 1349.57 | 1039.6 | 591.59 |
| Union Excise Duties | 1689 | 2400 | 1776 | 897 | 722.8 | 380.78 |
| Service Tax | 2176 | 2430.25 | 1906.55 | 174 | 0 | 62.54 |
| Other Taxes | 9 | 0.05 | 0 | 44.31 | 10.39 | 11.14 |
| Total of Indirect Taxes (B) | 5906 | 6932.09 | 7322.19 | 7538.61 | 6426.98 | 4371.68 |
| Central Tax transfers (A+B) | 12691 | 15225.0 2 | 16833.2 3 | 19038.17 | 16401.05 | 11560.4 |
| Percentage of increase over the previous year | 60.12 | 20 | 10.56 | 13.1 | (-)13.85 | (-)29.51 |

*Source: Finance Accounts of respective years*

കമ്മീഷൻ മുതൽക്കാണ് പദ്ധതി, പദ്ധതിയേതര വിഹിതം ശുപാർശ ചെയ്യുന്നതിനുള്ള അധികാരം കമ്മീഷനുകൾക്ക് സിദ്ധിച്ചത്. 2018ൽ നടത്തിയ ഘടനാപരമായ അഴിച്ചുപണിയുടെ ഫലമായി കേന്ദ്ര സർക്കാർ ഗ്രാന്റുകളെ പദ്ധതി, പദ്ധതിയേതരം എന്ന തരത്തിൽ വിഭജിക്കുകയുണ്ടായി. ഗ്രാന്റുകളുടെ കാര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, ഇതര ഗ്രാന്റുകൾ എന്നിങ്ങനെയുള്ള തരം തിരിവ് 2018 മുതൽ തുടങ്ങി. അതുപോലെ ധനകാര്യ കമ്മീഷൻ ഗ്രാന്റുകളെ റവന്യൂ കമ്മി ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, പ്രകൃതി ദുരന്ത ഗ്രാന്റുകൾ എന്നിങ്ങനെ തിരിക്കുകയുണ്ടായി. ഭരണഘടനയുടെ 275 (1) അനുച്ഛേദം അനുസരിച്ചുള്ള സഹായം, വിദേശ സഹായമുള്ള പദ്ധതികൾക്കുള്ള ധനസഹായം തുടങ്ങിയവയാണ് മറ്റിനങ്ങളിൽ പെടുന്ന ഗ്രാന്റുകൾ.

ഗ്രാന്റ് ഇൻ എയ്ഡുകളുടെ വിവിധ ഘടകങ്ങളെ കുറിച്ചാണ് ഇനിയുള്ള വിശകലനം (പട്ടിക–7). 2018ന് മുൻപുള്ള സ്ഥിതി പരിശോധിക്കുമ്പോൾ പദ്ധതിയേതര ഗ്രാന്റുകളുടെ കാര്യത്തിൽ വ്യക്തമായ വർധന ഉണ്ടായതായി കാണാം. മൊത്തമുള്ള വിതരണത്തിൽ പദ്ധതിയേതര

**Table 7:** Grants in aid from GOI (? in crore)

| Head | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|---|---|---|---|
| Non-Plan Grants | 1433 (38.06*%) | 657 2 (1.7%) | 1679 (40%) | 1984 (26.4%) | 5178 (58%) | 5250.3 (61%) | -- | -- | -- | -- |
| Grants for State Plan Schemes | 904 (24.3) % | 1163 (38.4%) | 1154 (27.8%) | 4929 (65.6%) | 3406 (38.17%) | 2726.9 (32%) | -- | -- | -- | -- |
| Grants for Central Plan Schemes* | 74 (2%) | 60 (1.9%) | 87 (2.1%) | 158 (2.1%) | 170 (1.9%) | 71.31 (0.8%) | -- | -- | -- | -- |
| Grants for Centrally Sponsored Plan Schemes | 1298 (35%) | 1141 (37.7%) | 1218 (29.4%) | 437 (5.8%) | 167 (1.87%) | 461.75 (5.4%) | (-)0.47 | (-)0.97 | -- | - |
| Grants for Centrally Sponsored Schemes | | | | | -- | -- | 3213.5 (38%) | 3771.0 (33%) | 3262.6 (29%) | 5141.9 (16.5%) |
| Finance Commission Grants | | | | | -- | -- | 3182.4 (37%) | 1646.2 (14%) | 2343.1 (21%) | 18048. (58%) |
| Other transfers/ Grants to States/ Union Territories with Legislature | | | | | -- | -- | 2133.6 (25%) | 5972.6 (52%) | 5629.6 (50%) | 7877.5 (25%) |
| Total | 3709 | 3021 | 4138 | 7508 | 8921 | 8510.35 | 8527.84 | 11388.96 | 11235.26 | 31068.28 |
| Percentage of increase over the previous year | | (-) 18.5 | 37 | 81 | 18.82 | (-) 4 61 | 0.21 | 33.65 | (-)135 | 176.52 |

*Source: CAG report various years*

**The figures in the bracket show the share of a particular item to the total transfer of the particular year*

സഹായത്തിന്റെ പങ്ക് 2010–11ൽ 38 ശതമാനമായിരുന്നത് 2016–17ൽ 85 ശതമാനമായി ഉയർന്നു. പതിന്നാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റ് കാര്യമായി ഉയർത്തിയതാണ് ഇതിന് കാരണം. എന്നാൽ ഇവിടെ എടുത്തുപറയേണ്ട കാര്യം കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിയായുള്ള ധനവിതരണം 2010–11ൽ 35 ശതമാനമായിരുന്നത് 2016–17 ആയപ്പോൾ കേവലം 5 ശതമാനത്തിലേക്ക് താഴ്ന്നു എന്നതാണ്.

കൗതുകകരമായ കാര്യം ഇത്തരത്തിലുള്ള സഹായത്തിന്റെ വിഹിതത്തിന്റെ ശതമാനം 2014 മുതൽ ഒറ്റ അക്കത്തിൽ തുടരുന്നു എന്നതാണ്. 2017–18 മുതൽക്ക് ഇത് തുടർച്ചയായി കുറയുകയും ചെയ്യുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം കേന്ദ്ര സർക്കാർ കുറവ് വരുത്തുന്നു എന്നാണ് ഇതിനർത്ഥം. എന്നാൽ 2014–15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതികൾക്കുള്ള വിഹിതം 65.6 ശതമാനം കണ്ട് ഉയർന്നിട്ടുമുണ്ട്. സംസ്ഥാന ബജറ്റിലെ പദ്ധതികൾ വഴി കേന്ദ്ര ഫണ്ടുകൾ വഴി തിരിച്ചു വിടുന്നതാണ് ഇതിന് പ്രധാന കാരണം. 2013–14 വരെ ഇത്തരം സഹായം സംസ്ഥാനങ്ങളിലെ അത്തരം കാര്യങ്ങൾ നടപ്പാക്കുന്ന ഏജൻസികൾ വഴിയാണ് നൽകി പോന്നിരുന്നത്.

### 5. ധനകാര്യ കമ്മീഷൻ

2010 മുതൽ 2021 വരെയുള്ള ഘട്ടത്തിൽ മൂന്ന് ധനകാര്യ കമ്മീഷനുകൾ പ്രവർത്തിക്കുകയുണ്ടായി. അവയുടെ താരതമ്യം ശ്രദ്ധേയമാണ്.

### 5.1 പതിമൂന്നാം ധനകാര്യ കമ്മീഷൻ

6700.72 കോടി രൂപയാണ് കമ്മീഷൻ കേരളത്തിനായി ശുപാർശ ചെയ്തത്. ഇതിൽ 6371. 50 കോടി രൂപ ഗ്രാന്റ് ഇൻ എയ്ഡാണ്. (ഏഴ് മേഖലകളിലെ 21 അംഗീകൃത പദ്ധതികൾ നടപ്പാക്കുന്നതിനായി). ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നെടുത്ത വായ്പകൾക്കുള്ള പലിശ സഹായമായി 329.22 കോടി രൂപയും നൽകുകയുണ്ടായി. എന്നാൽ 2010 മുതൽ 2015 വരെയുള്ള ഘട്ടത്തിൽ 6371.50 കോടി രൂപ നല്കാൻ ശുപാർശ നൽകിയിരുന്നപ്പോൾ യഥാർത്ഥത്തിൽ നൽകിയത് 5235.04 കോടി രൂപ മാത്രമാണ് (85 ശതമാനം).

ഇതിന് പുറമെ, സംസ്ഥാനത്തിന് 241.26 കോടി രൂപ കൂടി ലഭിക്കുകയുണ്ടായി. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 167.07 കോടി, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള അടിസ്ഥാന വിഹിതമായ 23.31 കോടി, പുനരുപയോഗ ഊർജ സ്രോതസുകളുടെ ശേഷി ഉയർത്തുന്നതിനായുള്ള 12.50 കോടി രൂപ, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പ്രോത്സാഹനമായി നൽകിയ 38.38 കോടി രൂപയും ഉൾപ്പെടെയാണ് ഇത്.

ഇതിനു പുറമെ തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 9 നിബന്ധനകൾ പാലിച്ചതിനുള്ള പ്രോത്സാഹനം എന്ന നിലയിൽ കേരളത്തിന് 729.06 കോടി രൂപയും ലഭിക്കുകയുണ്ടായി.

### 5.2 പതിന്നാലാം ധനകാര്യ കമ്മീഷൻ

2015–16 മുതൽ 2019–20 വരെയുള്ള ഘട്ടത്തിൽ 17,966.71 കോടി രൂപയാണ് പതിന്നാലാം ധനകാര്യ കമ്മീഷൻ ശുപാർശ നൽകിയത് (പട്ടിക–8). ഇതിൽ സംസ്ഥാനത്തിന് ലഭ്യമായത് 17,297.52 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പെർഫോമൻസ് ഗ്രാന്റ് 2018–19ൽ 285.94 കോടി രൂപയും 2019–20ൽ 374.42 കോടി രൂപയും അനുവദിക്കാതിരുന്നതാണ് ഈ കുറവിന് കാരണം. പഞ്ചായത്തീരാജ് മന്ത്രാലയവും ദേശീയ നഗരകാര്യ ഇൻസ്റ്റിട്യൂട്ട് വഴിയും ഇത് വിതരണം ചെയ്യണമെന്ന് കേന്ദ്ര ധനമന്ത്രാലയത്തോട് പല തവണ ആവശ്യപ്പെട്ടുവെങ്കിലും നാളിതു വരെ ഈ തുക നൽകിയിട്ടില്ല. ഇതിനുള്ള കാരണവും വ്യക്തമാക്കിയിട്ടില്ല (ആഡിറ്റ് റിപ്പോർട്ട്, കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, 2022) (പട്ടിക–8).

**5.3 പതിനഞ്ചാം ധനകാര്യ കമ്മീഷൻ**

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ടിലെ ശുപാർശ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക 18,049 കോടി രൂപയാണ്. 2020-21ൽ ഈ തുക പൂർണ്ണമായുംയും കേരളത്തിന് നൽകിയിട്ടുണ്ട് (പട്ടിക 9).

**6. സംസ്ഥാന ഏജൻസികൾ വഴി നൽകിയ തുക**

പല തരത്തിലുള്ള പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്ന ഏജൻസികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് പണം നൽകുന്നുണ്ട്. സംസ്ഥാന സർക്കാരുകളെ മറി കടന്നു കൊണ്ടാണ് ഇത്തരത്തിൽ പണം നൽകുന്നത്. അതുകൊണ്ട് ഇത് സംസ്ഥാനത്തിന്റെ കണക്കിൽ വരുന്നില്ലെന്ന് കാണാം. എന്നാൽ 2014ൽ എഫിഷ്യന്റ് മാനേജ്മെന്റ് ഓഫ് പബ്ലിക് എക്സ്പെൻഡിച്ചർ വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരം ഇത്തരത്തിലുള്ള എല്ലാ ഗ്രാന്റുകളും സംസ്ഥാന സർക്കാർ വഴി ലഭ്യമാക്കണമെന്ന് തീരുമാനിക്കുകയുണ്ടായി. ഇതിനു പുറമെ, 2015 ഫെബ്രുവരിയിലെ കേന്ദ്ര സർക്കാർ തീരുമാന പ്രകാരം എല്ലാ വിധത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ഫണ്ടുകൾ സംസ്ഥാന സർക്കാരുകൾ വഴി നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. 2015-16 മുതൽ ഈ തീരുമാന പ്രകാരമാണ് പണം നൽകുന്നത്. എന്നാൽ ഈ തീരുമാനങ്ങളിൽ പലതും ഭാഗികമായേ നടപ്പാക്കിയിട്ടുള്ളൂഎന്നതാണ് വസ്തുത. ഉദാഹരണത്തിന്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കേന്ദ്ര വിഹിതം നടപ്പാക്കുന്ന ഏജൻസികൾ മുഖേനയാണ് ഇപ്പോഴും നൽകി വരുന്നത്.

അതുപോലെ, എൻ എഫ് എസ് എയുടെ കീഴിൽ വരുന്ന ഭക്ഷ്യ സബ്സിഡി തുകയായ 1214.98 കോടി രൂപയും അനുവദിച്ചിരിക്കുന്നത് ഇപ്രകാരമാണ്. 2019-20ലെ കണക്കെടുത്താൽ ഇങ്ങനെ 7507.33 കോടി രൂപ കേന്ദ്ര സർക്കാർ നേരിട്ട് സംസ്ഥാന ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടെന്ന് കാണാം. തൊട്ടു തലേവർഷത്തെ 2547.22 കോടി രൂപയെക്കാൾ 51.35 ശതമാനം അധികമാണ് ഇത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിലെ ഏറ്റവും ഉയർന്ന തുകയാണ് ഇത്. 2020-21 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം കൈമാറിയിരുന്നത് 7000.76 കോടി രൂപയാണെന്നാണ് കൺട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത് (പട്ടിക-10).

**Table 8:** Grants recommended by XIV FC and actually received by State Government (in crore)

| Sl no | Particulars | Award amount for 2015-20 | Actual release for 2015-20 | Shortfall/excess |
|---|---|---|---|---|
| 1 | Revenue deficit grant | 7681.96 | 7012.02 | (-)669.94 |
| 2 | Grants to Local Bodies | 765.75 | 766.5 | (+)0.75 |
| 3 | Disaster Management Grants | 9519 | 9519 | - |
| | Total | 17966.71 | 17297.52 | -669.19 |

*First report ofXV-FC for the year 2020-21*

**ഉപസംഹാരം**

ഇന്ത്യയിൽ സർക്കാരുകൾ തമ്മിലുള്ള പണം കൈമാറലിന് മികച്ച ഒരു സംവിധാനമുണ്ടെന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ പ്രായോഗിക തലത്തിൽ ഇതിന് പല ന്യൂനതകളുമുള്ളതായി കാണാം. കേന്ദ്രം കേരളത്തിന് നൽകുന്ന തുക സംസ്ഥാന ജി ഡി പിയുടെ 3 ശതമാനത്തിനും 3.5 ശതമാനത്തിനും ഇടയിൽ വരുമെന്നാണ് കണക്ക്. മൊത്തത്തിൽ കൈമാറുന്ന ഫണ്ടിന്റെ കാര്യത്തിൽ നികുതിയുടെ വിഹിതം കുറഞ്ഞു വരുന്നതായി പതിന്നാലാം ധനകാര്യ കമ്മീഷൻ ചൂണ്ടി കാട്ടിയിട്ടുണ്ട്. പക്ഷെ, ഈ ദശകത്തിന്റെ ആദ്യപാദത്തിലെ ശരാശരിയിൽ നിന്നും ഇത് ഒട്ടും മുന്നോട്ട് പോയിട്ടില്ല എന്നതാണ് വസ്തുത. ഇവിടെ ഒരു പ്രധാന കാര്യം ഉയർന്നു വരുന്നത് ഡിവിസിബിൾ പൂളിന്റെ വ്യാപ്തം കുറയുന്ന വിധത്തിൽ കേന്ദ്ര സർക്കാർ സെസ്സ്, സർചാർജ് തുടങ്ങിയ കാര്യങ്ങൾ ഉയർത്തുന്നുവെന്നതാണ്. കേരളത്തിന്റെ കാര്യത്തിൽ പൂളിൽ നിന്നുള്ള വിഹിതം പടി പടിയായി കുറയുന്നു എന്ന വസ്തുത ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളെ പോലും സംശയത്തിന്റെ നിഴലിൽ നിർത്തുന്നതാണ്.

മികച്ച വികസന നേട്ടങ്ങൾ കൈവരിക്കുന്ന സംസ്ഥാനങ്ങൾ അതിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്നു എന്ന പ്രതീതിയാണ് ഇതുളവാക്കുന്നത്. അതുപോലെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളെ മറി കടന്ന് പണം നേരിട്ട് നടപ്പാക്കുന്ന ഏജൻസികൾക്ക് കൈമാറുന്ന പ്രവണത ഭരണഘടനയുടെ ഏഴാം പട്ടികയുടെ ലംഘനമായി മാറുന്നുണ്ട്. ഇത്തരം

**Table 9:** Grants recommended by XV FC for 2020-21 (' in crore)

| Sly no | Particulars | Award amount for 2020-21 |
|---|---|---|
| 1 | Revenue deficit grant | 15323 |
| 2 | Grants to Local Bodies | 2412 |
| 3 | Disaster Management Grants | 314 |
| | Total | 18049 |

*First report ofXV-FC for the year 2020-21*

**Table 10:** Funds transferred directly to State Implementing Agencies during 2015-16 to 2019-20

| | | | | | | (? in crore) |
|---|---|---|---|---|---|---|
| Years | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| Funds transferred by GOI to agencies | 2511.70 | 3722.96 | 5242.39 | 4960.11 | 7507.33 | 7000.76 |
| Growth | 43.65 | 48.22 | 40.81 | -5.38 | 51.35 | -6.7 |

*Source: Finance Accounts of respective years*

നീക്കങ്ങൾ പലപ്പോഴും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയംഭരണത്തെ മാത്രമല്ല, രാഷ്ട്രീയ സ്വയംഭരണത്തെ കൂടി അപകടത്തിലാക്കുകയാണ്. ഒരു സമ്പദ്‌വ്യവസ്ഥയുടെ ആവശ്യങ്ങൾ ഏറ്റവും താഴെ തട്ടിലാണ് കൃത്യമായി മനസിലാക്കപ്പെടുക. അതുകൊണ്ട് അധികാരം താഴെ തട്ടിലേക്ക് വികേന്ദ്രീകരിക്കപ്പെടേണ്ടത് ധനപരമായ അടിത്തറക്ക് ഏറ്റവും അവശ്യം വേണ്ടുന്ന കാര്യമാണ്. ഇത്തരത്തിലുള്ള വികേന്ദ്രീകൃത ചട്ടക്കൂട് വികസന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സഹായകമാണ്. അതുകൊണ്ട് കൂടുതൽ ഫണ്ടുകൾ സംസ്ഥാനങ്ങൾ വഴി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ ക്രിയാത്മകമായി ഇടപെടേണ്ടതുണ്ട്.

■

(ശ്രീ. അദിത്ത് എസ് കാർത്തിക് കേരള സർവകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയാണ്. കേരള സർവകലാശാലയുടെ സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ അസോസിയേറ്റ് പ്രഫസറാണ് ഡോ. ക്രിസ്റ്റബെൽ പി ജെ)

## References

1 Federalism In India An Appraisal An Appraisal. https://www.nipfp.org.in/media/medialibrary/2013/12/wp03_nipfp_002.pdf

2 Chakraborty, Pinaki (2019). *Fiscal federalism in India*, The India Forum, April 2019. https://www.theindiaforum.in/article/fiscal-federalism-india

3 Chakraborty, Lekha and Pinaki Chakraborty, 2018. *"Federalism, fiscal asymmetries and economic convergence: evidence from Indian States,"* Asia-Pacific Journal of Regional Science (2018-04- 01) 2: 83-113, Springer. https://link.springer.com/article/ 10.1007%2Fs41685-018-0087-z

4 Chakraborty, Lekha S (2019). *Indian Fiscal Federalism at the Crossroads:* Some reflections.

5 Darshini,J.S (2020).*"Fiscal responsiveness of states to federal transfers in India"*

6 Joseph K J & Kumary A L (2023) . *India's GST Paradigm and the Trajectory of Fiscal Federalism: An analysis with Reference to Kerala,* The Indian Economic Journal, 71(1) 187-203, 2023 ,SAGE

7 Rao, Govinda. (2018). *Central transfers to states in India rewarding performance while ensuring equity* (Final Report of a Study Submitted to NITI Aayog) Central Transfers to States in India: Rewarding Performance While Ensuring Equity. 10.13140/ RG.2.2.26441.80489

8 Comptroller and Auditor General of India, *State Finances Audit Report*, various issues

9 Finance Commission India, *The Finance Commission reports,* various years

10 Reserve Bank of India, *State Finances: A study of Budgets*, various years

11 Government of India, *Budget documents,* various years

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ - സെപ്റ്റംബർ 2023*

# ഡിജിറ്റൽ നികുതിയും ഒ ഇ സി ഡി – ജി 20 ഫ്രെയിംവർക്കും : ഇന്ത്യയിലെ തുല്യത ലെവിയെ കുറിച്ച് ഒരു പഠനം

അരുൺ പോൾ, എൻ. രാമലിംഗം

**ആമുഖം, പശ്ചാത്തലം**

ലോകത്തെ അതിവേഗം വളരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യ. ഉയർന്ന തോതിലുള്ള മൊബൈൽ ഇന്റർനെറ്റ് ഉപയോഗത്തിന് പുറമെ ലോകത്തെ രണ്ടാമത്തെ ഏറ്റവും ഉയർന്ന ഇ–കൊമേഴ്സ് ഇടപാടുകൾ നടക്കുന്ന രാജ്യവും ഇന്ത്യയാണ്. 2021ലെ കണക്കുകൾ പ്രകാരം 644 ദശലക്ഷം ഉപയോക്താക്കളാണ് ഇന്ത്യയിലുള്ളത് (സ്റ്റേറ്റ് ഓഫ് ഇന്ത്യ ഡിജിറ്റൽ ഇക്കോണമി റിപ്പോർട്ട്–2023). ഇ–കൊമേഴ്സ് ഇടപാടുകൾ, ഡിജിറ്റൽ പേയ്മെന്റ്, ഓൺലൈൻ വിദ്യാഭ്യാസം തുടങ്ങി പല മേഖലകളിലും ഇന്ത്യയിൽ തുടർച്ചയായ വളർച്ച പ്രകടമാണ്. യു പി ഐ ഡിജിറ്റൽ ഇടപാടുകളുടെ കാര്യത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ന് ഇന്ത്യ (എസ് ഐ ഡി ഇ റിപ്പോർട്ട്–2023). 2025 ആകുമ്പോൾ ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ ഒരു ട്രില്യൺ യു എസ് ഡോളറായി ഉയരുമെന്നാണ് 2022ലെ അൺക്ടാഡ് (UNCTAD)റിപ്പോർട്ട്. നികുതി വിധേയമാകുന്ന വ്യക്തിയും അഥവാ സ്ഥാപനവും രാജ്യവും തമ്മിലുള്ള ബന്ധം എന്നത് നികുതി സംബന്ധമായ സിദ്ധാന്തങ്ങളുടെ ഒരു അടിസ്ഥാന ഘടകമാണ് (കുമാർ, അഗർവാൾ–2020) (രേഖാചിത്രം–1).

ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയുടെ അഭൂതപൂർവമായ ഈ വളർച്ച ഇന്ത്യയുടെ റവന്യു വരുമാനത്തിൽ ഡിജിറ്റൽ നികുതികൾ വലിയ പങ്ക് വഹിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുന്നു. എന്നാൽ ഡിജിറ്റൽ അധിഷ്ഠിതമായ സ്ഥാപനങ്ങൾ പലതും രാജ്യത്തിന്റെ നികുതി ഘടനക്ക് പുറത്താണ് എന്നതാണ് കൗതുകകരമായ കാര്യം. കാരണം, ഇവയിൽ പലതിനും രാജ്യത്തിന് അകത്ത് സ്ഥിരമായ പ്രവർത്തന സംവിധാനമില്ല. രാജ്യത്തിന് പുറത്ത് സ്ഥാപിതമായിട്ടുള്ള സെർവറുകൾ വഴിയാണ് ഇവയുടെ പ്രവർത്തനം (ഷോം–2021). സ്ഥാപനങ്ങളുടെ ഡിജിറ്റൽ പ്രവർത്തനത്തിന്റെ ഘടന അനുസരിച്ച് നികുതി ഈടാക്കുന്ന രീതിക്കും മാറ്റം വരുന്നു (ബ്രൂസ്–2022). ലോകത്തെ മിക്കവാറും രാജ്യങ്ങൾ, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾ ഇത്തരം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വികസിത രാജ്യങ്ങളിലെ മൾട്ടിനാഷണൽ സ്ഥാപനങ്ങളാണ് വികസ്വര

---

***ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയായ ഇന്ത്യ വമ്പൻ ബഹുരാഷ്ട്ര കമ്പനികളുടെ ഒരു പ്രധാന വിപണന കേന്ദ്രമാണ്. ഇന്ത്യയെ പോലുള്ള വികസ്വര രാജ്യങ്ങളിൽ ഡിജിറ്റൽ ഇടപാടുകളിൽ നിന്നുമുള്ള നികുതി വരുമാനത്തിന് സാധ്യത ഏറെയാണ്.***

---

**Figure 1:** E-commerce revenue of India




*Source: Indian Brand Equity Foundation Estimates, 2019*

രാജ്യങ്ങളിലെ ഡിജിറ്റൽ ബിസിനസ് നിയന്ത്രിക്കുന്നത് എന്നതാണ് ഇതിന് കാരണം. ഇത്തരം കമ്പനികളെ പലപ്പോഴും നികുതിക്ക് വിധേയരാക്കാൻ കഴിയാതെ പോകുന്നു. അല്ലെങ്കിൽ അവർ കുറഞ്ഞ നികുതി ഈടാക്കുന്ന രാജ്യങ്ങളിലേക്ക് തങ്ങളുടെ വരുമാനം മാറ്റുന്നു (ഹാർപസ്–2021). ഇതുമൂലം വിപണി അധിഷ്ഠിത സമ്പദ്‌വ്യവസ്ഥ സജീവമായ വികസ്വര രാജ്യങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ചെറുതല്ല. ഡിജിറ്റൽ രംഗത്തെ ബഹുരാഷ്ട്ര കമ്പനികൾ (എം എൻ സി) നികുതി ഒഴിവാക്കുകയോ തങ്ങളുടെ വരുമാനം മറ്റിടങ്ങളിലേക്ക് മാറ്റുകയോ ചെയ്യുന്നതാണ് ഇതിന് കാരണം (ഒ ഇ സി ഡി–2015).

ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇന്ത്യ, യു കെ, ആസ്ട്രേലിയ, ഹംഗറി, ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഡിജിറ്റൽ നികുതിക്ക് തത്തുല്യമായ ലെവി സമ്പ്രദായമാണ് ഇന്ത്യ അവലംബിച്ചിരിക്കുന്നത്. പരമ്പരാഗത നികുതി രീതികൾ ഡിജിറ്റൽ നികുതി സമാഹരണത്തിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിലാണ് ഇത് (മെഹ്റ, റോയ്–2020). എന്നാൽ തുല്യത ലെവി ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവന നികുതികൾ (ഡി എസ് ടി) അന്താരാഷ്ട്ര വീക്ഷണകോണിലൂടെ പരിഗണിക്കുമ്പോൾ ഇരുതല മൂർച്ചയുള്ള ഒരു വാൾ പോലെയാണെന്ന് കാണാം. ഇത്തരം നികുതികൾ അന്താരാഷ്ട്ര നികുതി കരാറുകൾ, ചട്ടങ്ങൾ, ജി എ ടി എസ് തുടങ്ങിയവയുടെ കാര്യത്തിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണെന്ന് കാണാം (നൂനൻ, പ്ളെഖാനോവ–2020).

ഇരട്ട നികുതി ഒഴിവാക്കുന്നതിനും, നികുതി ഈടാക്കാനാകാത്ത സാഹചര്യം ഒഴിവാക്കുന്നതിനും രാജ്യാന്തര തലത്തിൽ ഒരു സമവായം ഉണ്ടാകേണ്ടത് ആവശ്യമാണ് (ഒ ഇ സി ഡി–ജി–20 റിപ്പോർട്ട് – 2020). ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് (ഒ ഇ സി ഡി), ഗ്രൂപ്പ് ഓഫ് 20 (ജി–20) എന്നീ അന്താരാഷ്ട്ര സംഘടനകൾ (2021) ഡിജിറ്റൽ നികുതി മേഖലയിലെ പ്രശ്ന പരിഹാരത്തിന് വലിയ സംഭാവന നൽകുന്നവയാണ്. ഇത്തരം കാര്യങ്ങളെ കുറിച്ചുള്ള കൂടിയാലോചനകൾ പുരോഗമിക്കുകയാണ്. 2023 അവസാനത്തോടെ ഇക്കാര്യത്തിൽ ഒരു

***ഡിജിറ്റൽ മേഖലയിലെ വൻകിട കമ്പനികൾ പലപ്പോഴും നികുതി വലയ്ക്ക് പുറത്താവുക പതിവുണ്ട്. ഇടപാടുകൾ നടത്തുന്ന രാജ്യങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾക്ക് സ്ഥിരമായ ഓഫിസ് സംവിധാനം ഇല്ലെന്നതാണ് ഇതിന് കാരണം. അതുകൊണ്ട് നികുതി വ്യവസ്ഥയിലെ പഴുതുകൾ പ്രയോജനപ്പെടുത്തി കമ്പനികൾ ലാഭം തങ്ങളുടെ രാജ്യങ്ങളിലേക്ക് കടത്തുന്നത് പതിവാണ്.***

സമവായമുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്.

1. ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലെ നികുതി രീതികൾ, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയുടെ വിശകലനം.
2. ആദായ നികുതി നിയമത്തിന്റെ അടിസ്ഥാനത്തിൽ തുല്യത ലെവിയെ കുറിച്ചുള്ള അവലോകനം.
3. ഒ ഇ സി ഡി, ജി–20 എന്നീ സംവിധാനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു പുതിയ ഡിജിറ്റൽ നികുതി സമ്പ്രദായത്തെ കുറിച്ചുള്ള വിശകലം.

ഇന്റർനെറ്റ് പ്ലാറ്റ്ഫോം, ഡിജിറ്റൽ സൊല്യൂഷൻ, ഇ – കൊമേഴ്സ്, ഡിജിറ്റൽ ഉള്ളടക്കം തുടങ്ങി പല ഘടകങ്ങളെ ആധാരമാക്കി ഡിജിറ്റൽ ബിസിനസ് മോഡലുകൾ പല വിധത്തിലുണ്ട്. ഇ–കൊമേഴ്സ്, സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവ ഉപഭോക്താക്കളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളെ കാര്യമായി ആശ്രയിക്കുന്നുണ്ട്. പ്രത്യക്ഷ സാന്നിധ്യമില്ലാതെ തന്നെ രാജ്യത്തിന് പുറത്തുള്ള സെർവറുകൾ കേന്ദ്രീകരിച്ചാകാം ഇത്തരം കമ്പനികളുടെ പ്രവർത്തനം (അൺക്ടാട്–2022). എന്നാൽ ഡിജിറ്റൽ എം എൻ സികളാകട്ടെ രാജ്യത്തിന് പുറത്തുള്ള സെർവറുകൾ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. വിപണനം ചെയ്യുന്ന രാജ്യത്ത് അവയുടെ സാന്നിധ്യം ഉണ്ടാകണമെന്നില്ല (നദീം, സക്സേന–2018).

1998ൽ ഒട്ടാവയിൽ നടന്ന ഒ ഇ സി ഡിയുടെ മന്ത്രിതല സമ്മേളനം ഇ–കോമേഴ്സിന് ആവശ്യമായ നികുതി ഘടന ആവിഷ്കരിക്കുകയുണ്ടായി. ധനപരമായ കാര്യങ്ങൾക്കായുള്ള പ്രത്യേക സമിതി സർക്കാരുകൾക്ക് ഇതിനാവശ്യമായ തത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയുണ്ടായി. ന്യൂട്രാലിറ്റി, കാര്യക്ഷമത, കൃത്യത, ലാളിത്യം, ഫലപ്രാപ്തി, നീതിപൂർവം തുടങ്ങിയ വിശാലമായ തത്വങ്ങൾക്ക് അനുസൃതമായി ഇ–കോമേഴ്സ് ഇടപാടുകളിൽ നിന്ന് നികുതി പിരിക്കുന്നതിന് രാജ്യങ്ങൾ വഴികൾ തേടണമെന്നാണ് അതിന്റെ നിർദേശം. ഇതിനു പുറമെ, നികുതിദായകർക്കുള്ള സേവനങ്ങൾ, ഭരണ സംവിധാനം, വരുമാനം, നിയന്ത്രണം, ഉപഭോഗ നികുതി, അന്താരാഷ്ട്ര നികുതി കരാറുകൾ, സഹകരണം തുടങ്ങിയ അടിസ്ഥാന കാര്യങ്ങളെ കൂടി ഇതിനായി കണക്കിലെടുക്കണം (ഒ ഇ സി ഡി–1998).

ബേസ് ഇറോഷൻ ആൻഡ് പ്രോഫിറ്റ് ഷിഫ്റ്റിംഗ് (ബി ഇ പി എസ്) എന്ന സങ്കേതം പ്രയോജനപ്പെടുത്തി വിദേശ ഡിജിറ്റൽ കമ്പനികൾ വിപണനം ചെയ്യുന്ന രാജ്യങ്ങളിൽ നിന്ന് നികുതി ബാധ്യത ഷിഫ്റ്റ് ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതായി കാണാം. ഇതിനായി അവർ പ്രയോജനപ്പെടുത്തുന്നത് നികുതി പ്രമാണങ്ങളിലെ പെർമനെന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്ന ആശയവും ദേശീയ തലത്തിലുള്ള നികുതി നിയമങ്ങളുമാണ്. പലിശ, സഹോദര സ്ഥാപനങ്ങൾക്കുള്ള റോയൽറ്റി തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അവർ ലാഭം, കുറഞ്ഞ നികുതി നിരക്കുള്ള രാജ്യങ്ങളിലേക്ക് കൈമാറ്റം ചെയ്യുന്നു (ഷോം–2021). വിദേശ എം എൻ സികളുടെ പ്രധാന വിപണന കേന്ദ്രങ്ങളായ

***ആദായ നികുതി നിയമത്തിലെ വരുമാനം സംബന്ധിച്ച തരംതിരിവ്, സ്ഥിരമായ ഓഫീസ് സംവിധാനം തുടങ്ങിയ പരിമിതികൾ കാരണം കേന്ദ്ര സർക്കാരിന് തുല്യത ലെവി അഥവാ ഡിജിറ്റൽ നികുതി 2016ലെ ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തേണ്ടതായി വന്നു. അതുവഴി ഓൺ ലൈൻ പരസ്യങ്ങൾ, ഇ – കൊമേഴ്സ് ഇടപാടുകൾ എന്നിവയ്ക്ക് നികുതി ചുമത്താൻ കഴിഞ്ഞു.***

വികസ്വര രാജ്യങ്ങൾക്ക് ഇതുവഴി വലിയ തോതിലുള്ള നികുതി നഷ്ടമാണ് സംഭവിക്കുന്നത്. ഡിജിറ്റൽ സമ്പദ്ഘടനയു മായി ബന്ധപ്പെട്ട് ഉയർന്ന് വരുന്ന ഇത്തരം പ്രശ്നങ്ങൾ മറികടക്കുന്നതിനുള്ള ശ്രമങ്ങൾ ഒ ഇ സി ഡി, ജി–20 രാജ്യങ്ങൾ സംയുക്തമായി ആരംഭിച്ചിട്ടുണ്ട്.

ഇത്തരത്തിലുള്ള ഒരു പദ്ധതിയുടെ ഭാഗമായി 2013ൽ ഒ ഇ സി ഡി ഒരു രേഖ പ്രസിദ്ധീ കരിക്കുകയുണ്ടായി. 'ടാക്സ് ചലഞ്ചസ് അറൈസിങ് ഫ്രം ഡിജിറ്റലൈസേഷൻ' എന്ന ഈ രേഖ ടാസ്ക് ഫോഴ്സ് ഓൺ ഡിജിറ്റൽ ഇക്കോണമി എന്ന ഒരു സംവിധാനത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. ഒരു ഡിജിറ്റൽ സമ്പദ്ഘട നയിൽ നികുതി പിരിക്കുന്നതിന് സഹായകമാകുന്ന കാര്യങ്ങൾ നിർദേശിക്കുന്നതിനുള്ള വിദഗ്ദർ അടങ്ങുന്ന ഒരു സംവിധാനം എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 2015ൽ 'അഡ്രസിങ് ദി ടാക്സ് ചലഞ്ചസ് ഓഫ് ഡിജിറ്റൽ ഇക്കോണമി' എന്ന ഒരു റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തു കയുണ്ടായി. മൂന്ന് പ്രധാന നിർദേശങ്ങളാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്.

എ) സിഗ്നിഫിക്കന്റ് ഇക്കണോമിക് പ്രെസൻസ് (എസ് ഇ പി) എന്ന ആശയത്തെ ആധാരമാക്കി ഒരു പുതിയ ഘടന രൂപപ്പെടുത്തുക,

ബി) ഡിജിറ്റൽ എം എൻ സികളുടെ നികുതി പിടിച്ചു വയ്ക്കുക,

സി) തുല്യത ലെവി ഏർപ്പെടുത്തുക (ഒ ഇ സി ഡി, ജി–20–2015).

അന്താരാഷ്ട്ര തലത്തിൽ ഒരു സമവായം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ നികുതി മേഖലയിൽ ഒരു സുപ്രധാന രേഖ ഒ ഇ സി ഡി പ്രസിദ്ധീകരിക്കുകയുണ്ടായി. നികുതി പിരിക്കുന്നതിനുള്ള അവകാശം ഉത്പന്നങ്ങളും സേവനങ്ങളും വിപണനം ചെയ്യപ്പെടുന്ന രാജ്യങ്ങൾക്ക് നൽകുക എന്നതാണ് ഇതിൽ ഒന്നാമത്തേത്. ആഗോള തലത്തിൽ എം എൻ സികളുടെ ലാഭത്തിന്മേൽ മിനിമം നികുതി ഏർപ്പെടുത്തുക എന്നതാണ് രണ്ടാമത്തെ കാര്യം (ഒ ഇ സി ഡി, ജി–20–2021).

കരാറിൽ ഏർപ്പെടുന്ന രാജ്യങ്ങളിൽ ഉൾപ്പെടുന്ന വിദേശ സ്ഥാപനങ്ങൾക്കോ, താമസക്കാർക്കോ ഇരട്ട നികുതി ഒഴിവാക്കുക എന്നതാണ് നികുതി സംബന്ധമായ അന്താരാഷ്ട്ര കരാറുകളുടെ പ്രധാന ലക്ഷ്യം. ആദായം, മൂലധന നിക്ഷേപം എന്നിവയെ എപ്രകാരം നികുതി വിധേയമാക്കണമെന്ന കാര്യത്തിൽ ഒ ഇ സി ഡി മോഡൽ നികുതി കൺവെൻഷൻ മാർഗനിർദേശം നൽകുന്നു. ഇതിലെ 4,5 ആർട്ടിക്കിളുകൾ താമസിക്കുന്ന വരുടെയും സ്ഥിരമായുള്ള എസ്ടാബ്ലിഷ്മെന്റു കളുടെയും കാര്യത്തിൽ നികുതി എപ്രകാര മായിരിക്കണമെന്ന് നിർവചിക്കുന്നു. സ്രോതസ്, താമസം തുടങ്ങിയ കാര്യങ്ങൾ നടക്കുന്ന രാജ്യങ്ങളിൽ വരുമാനം, മൂലധനം എന്നിവയെ എപ്രകാരമാണ് നികുതി വിധേയമാകേണ്ടത് എന്നതിന് വിശദമായ മാർഗനിർദേശം ഇത് നൽകുന്നുണ്ട്. ഇരട്ട നികുതി ഒഴിവാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽ നികുതി ക്രെഡിറ്റ്, നികുതി ഒഴിവ് ഒഴിവ് തുടങ്ങിയ കാര്യങ്ങൾ നൽകണമോ എന്ന് തുടങ്ങിയ കാര്യങ്ങളും ഈ

***തുല്യത ലെവി രാജ്യാന്തര നികുതി ഉടമ്പടികൾക്കും ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ഇൻ സർവീസസിനും എതിരായ ഒന്നാണ്. ഇത് ഇരട്ട നികുതിക്ക് വഴി വയ്ക്കുന്നു. ഇതിന്റെ സാമ്പത്തികമായ പ്രത്യാഘാതം ഉപഭോക്താക്കൾക്ക് മേൽ ഉയർന്ന വിലയുടെ രൂപത്തിലാണ് പതിക്കുന്നത്. ഡിജിറ്റൽ വ്യാപാര മേഖലയിൽ നികുതിയുമായി ബന്ധപ്പെട്ട് മോശം സാഹചര്യങ്ങൾ ഉളവാകുന്നതിനും ഇത് വഴി വയ്ക്കുന്നു.***

മോഡൽ കൺവെൻഷൻ മുന്നോട്ട് വയ്ക്കുന്നുണ്ട് (ഒ ഇ സി ഡി – 2017).

മൊബൈൽ, ഇന്റർനെറ്റ് എന്നിവയുടെ വൻ തോതിലുള്ള മുന്നേറ്റം കാരണം ഇന്ത്യ അതിവേഗം വളരുന്ന ഒരു ഡിജിറ്റൽ സമ്പദ്ഘടനയായി മാറുകയാണ്. വിപണനം, പരസ്യങ്ങൾ, സെയിൽസ്, ബില്ലിംഗ്, ഉത്പന്നങ്ങളുടെ ഡെലിവറി തുടങ്ങിയ രംഗങ്ങളിലാണ് ഇ – കൊമേഴ്സ് രംഗത്തെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. വിദേശ ഡിജിറ്റൽ കമ്പനികൾ ഇന്ത്യയിൽ അവരുടെ പ്രവർത്തനം അതിവേഗം വ്യാപിപ്പിക്കുകയാണ് (അനുജ്-2018).

ഡിജിറ്റൽ സമ്പദ്ഘടനയിൽ നികുതി പിരിക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ ആദായ നികുതി നിയമത്തിന് പല രീതിയിലുള്ള പരിമിതികളുണ്ട്. തുല്യത ലെവി തുടങ്ങിയ ധനകാര്യ നിയമത്തിലെ ചില വകുപ്പുകൾ ഉപയോഗിച്ചാണ് ഈ പരിമിതികൾ മറി കടക്കുന്നത്. ഇതിൽ തുല്യത ലെവിക്ക് ചില ഗുണങ്ങളും ദോഷങ്ങളുമുണ്ട്. നികുതി ന്യൂട്രാലിറ്റി പ്രാവർത്തികമാക്കാൻ കഴിയുന്ന ബി ഇ പി എസ് പദ്ധതികളുടെ കാര്യത്തിൽ ഇത് ധീരമായ ഒരു ചുവടുവയ്പാണ്. നല്ല തോതിലുള്ള നികുതി വരുമാനം നേടുന്നതിന് ഇത് സഹായകമാണ് (അഗർവാൾ-2016). എന്നാൽ തുല്യത ലെവിയുടെ പരിധി വളരെ കുറവാണ് എന്നതാണ് ഇതിന്റെ പ്രധാന ന്യൂനത. ചെറുകിട, ഇടത്തരം സംരംഭങ്ങളെയാണ് ഇത് ഏറെ ദോഷകരമായി ബാധിക്കുക. തുല്യത ലെവിയുടെ കാര്യത്തിൽ നികുതി ക്രെഡിറ്റിനെ കുറിച്ച് മൗനം പാലിക്കുന്നു എന്നതും പ്രശ്നമാണ് (ഒബറോയ്-2021).

സ്വദേശത്തെയും വിദേശത്തെയും കമ്പനികൾ തമ്മിൽ നികുതിയുടെ രംഗത്ത് തുല്യ അവസരം പ്രദാനം ചെയ്യുക എന്നതാണ് തുല്യത ലെവിയുടെ പ്രധാന ലക്ഷ്യം. എന്നാൽ ഇതിന്റെ ആഘാതം പലപ്പോഴും പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരുന്നു. സ്വന്തം രാജ്യത്തും വിപണനം ചെയ്യുന്ന രാജ്യത്തും നികുതി നൽകേണ്ട സാഹചര്യം കമ്പനികൾക്ക് പലപ്പോഴുമുണ്ടായി. നികുതി ഭാരം ദുർവ്വഹകമാകുന്നതിന് ഇത് കാരണമായി. എം എൻ സികളെ സംബന്ധിച്ചിടത്തോളം ഇരട്ട നികുതി ഏർപ്പെടുത്തുന്നത് പോലെയായി ഇത്. ഉയർന്ന വില വഴിയായി ഈ ബാധ്യത ഉപഭോക്താക്കൾക്ക് കൈമാറുന്ന നിലയുണ്ടായി (കോഫ്ളർ, സിന്നിങ്-2019). വിദേശ രാജ്യങ്ങൾ വ്യാപാര മേഖലയിൽ അനാരോഗ്യകരമായ നടപടികളിലേക്ക് നീങ്ങുന്നതിനും ഡിജിറ്റൽ സർവീസ് നികുതി (ഡി എസ് ടി) വഴി വച്ചു. മൂലധനം, സേവനങ്ങൾ തുടങ്ങിയവയുടെ സ്വതന്ത്രമായ നീക്കങ്ങൾക്ക് ഇത് തടസമായി (കാർനോഷ്–2020). തുല്യത ലെവി, വിവിധ തരത്തിലുള്ള ഡി എസ് ടി തുടങ്ങിയ രീതികൾ നികുതി കരാറുകൾ, നിയമങ്ങൾ, ജി എ ടി എസ് തുടങ്ങിയ മേഖലകളിൽ ചെലുത്തിയ ആഘാതം ചെറുതല്ല. ഇരട്ട നികുതിയുടെ കാര്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ഇത് ഉളവാക്കിയത് (നൂനൻ, പ്ലേഖാനോവ –2020).

**ഡിജിറ്റൽ നികുതി രംഗത്ത് ഒ ഇ സി ഡി, ജി –20 ഇടപെടൽ**

38 രാജ്യങ്ങൾ അംഗങ്ങളായി സാമ്പത്തിക വളർച്ചയും വാണിജ്യവും പ്രോത്സാഹിപ്പിക്കുന്നതിനായി രൂപം കൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് ഒ ഇ സി ഡി. യൂറോപ്യൻ യൂണിയനും ഇന്ത്യയും അടക്കം 20 രാഷ്ട്രങ്ങൾ അംഗങ്ങളായുള്ള രാജ്യാന്തര കൂട്ടായ്മയാണ് ജി–20. 1999 ൽ ഒട്ടാവയിൽ ചേർന്ന ഒ ഇ സി ഡി

***ഒ ഇ സി ഡി–ജി 20 രാജ്യങ്ങളുടെ അടിസ്ഥാന നികുതി ഫ്രെയിം വർക്ക് സ്രോതസ്സ് ചെയുന്ന രാജ്യങ്ങൾക്ക് നികുതി ഏർപെടുത്തുന്നതിനുള്ള അവകാശം നൽകുന്നു. മാത്രവുമല്ല, ആഗോള കമ്പനികൾക്ക് മിനിമം നികുതി ഏർപ്പെടുത്തുകയും ചെയ്യുന്നു. ഇത് ഇരട്ട നികുതി ഒഴിവാക്കുന്നതിനൊപ്പം മികച്ച ഡിജിറ്റൽ നികുതി അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.***

രാജ്യങ്ങളുടെ യോഗമാണ് ഡിജിറ്റൽ നികുതി രംഗത്തെ പ്രശ്നങ്ങൾ ആദ്യമായി ചർച്ച ചെയ്തത്. ഇ–കൊമേഴ്സ് മേഖലക്ക് വേണ്ടി 2001ൽ ഇവർ ഒരു നികുതി അടിത്തറക്കും രൂപം നൽകുകയുണ്ടായി. ഗൂഗിൾ, ആമസോൺ, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ മേഖലയിലെ അന്താരാഷ്ട്ര ഭീമൻ കമ്പനികൾ വികസ്വര രാജ്യങ്ങളിലെ മാർക്കറ്റുകളിൽ നിന്നും വലിയ തോതിലുള്ള വരുമാനം നേടുന്നുണ്ട്. ഓൺ ലൈൻ വഴിയുള്ള പരസ്യങ്ങൾ, ക്ലൗഡ് കമ്പ്യൂട്ടിങ് തുടങ്ങിയ ഇനങ്ങളിലായാണ് ഇവർ വരുമാനം നേടുന്നത് (അൺക്ടാഡ്–2022). 2016 വരെ ഡിജിറ്റൽ രംഗത്തെ മൾട്ടിനാഷണൽ കമ്പനികൾ നികുതി വലയ്ക്ക് പുറത്തായിരുന്നു വെന്നതാണ് വസ്തുത.

അന്താരാഷ്ട്ര, ആഭ്യന്തര നികുതി വ്യവസ്ഥകളില് പഴുതുകൾ ചൂഷണം ചെയ്ത ഈ കമ്പനികൾ തങ്ങളുടെ ലാഭം, കുറഞ്ഞ നികുതി നിരക്കുള്ള രാജ്യങ്ങളിലേക്ക് മാറ്റുകയാണ് ചെയ്തു വന്നിരുന്നത്. അതുകൊണ്ട് തങ്ങളുടെ ഉത്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്ന രാജ്യങ്ങളിൽ ഇത്തരം കമ്പനികൾക്ക് മേൽ നികുതി ചുമത്തുവാൻ കഴിയാതെയായി (നൈഫെറേറ്റ്–2021). ഒ ഇ സി ഡി രാജ്യങ്ങളിലെ ടാസ്ക് ഫോഴ്സ് ഓൺ ഡിജിറ്റൽ ഇക്കോണമി 2013ൽ 'ബേസ് ഇറോഷൻ പ്രോഫിറ്റ് ഷിഫ്റ്റിംഗ്' അഥവാ ബി ഇ പി എസ് എന്ന ആശയത്തിന് രൂപം നൽകുകയുണ്ടായി. ഇത് നികുതി ആസൂത്രണത്തിനായുള്ള ഒരു രീതിയാണ്. ഇതിൽ റോയൽറ്റികൾ, പലിശ വരുമാനം തുടങ്ങിയ ഇനങ്ങൾ നികുതിക്ക് വിധേയമാക്കിയിരുന്നില്ല. അന്താരാഷ്ട്ര കമ്പനികൾക്ക് അവരുടെ നികുതി ഭാരം കുറയ്ക്കുന്നതിന് ഇത് സഹായകമായി. അതായത് വൻതോതിലുള്ള നികുതികൾ ബാധകമാകുന്ന പേറ്റന്റ്, സെർവർ, ബൗദ്ധിക സ്വത്തുക്കൾ തുടങ്ങിയ ഘടകങ്ങൾ കുറഞ്ഞ നികുതിയുള്ള രാജ്യങ്ങളിലേക്ക് മാറ്റുക എന്നതാണ് ഇതിന്റെ കാതലായ വശം. മൊത്തത്തിൽ വരുന്ന നികുതി ബാധ്യത പരിമിതമാക്കു ന്നതിനോ, ഒട്ടുമില്ലാതാക്കുന്നതിനോ ഇത് സഹായകമാകുന്നു (ഒ ഇ സി ഡി ബി ഇ പി എസ് ആക്ഷൻ പദ്ധതി 1). ഓരോ രാജ്യത്തെയും നിലനിൽക്കുന്ന നികുതി നിയമങ്ങളുടെ പരിമിതിയാണ് അടുത്ത പ്രധാന വശം. അന്താരാഷ്ട്ര നികുതി നിയമങ്ങൾ പറയുന്നത് ഒരു രാജ്യത്ത് സ്ഥിരമായ പ്രവർത്തനം സംവിധാനമുണ്ടെങ്കിൽ മാത്രമേ കമ്പനികളിൽ നിന്ന് നികുതി ഈടാക്കാവൂ എന്നാണ്. സ്ഥിരമായ ഓഫീസോ മറ്റ് സംവിധാനമോ ഇല്ലെങ്കിൽ നികുതി ചുമത്താൻ കഴിയില്ല എന്നർത്ഥം. ഇത്തരം കമ്പനികൾ പൊതുവെ കുറഞ്ഞ നികുതിയുള്ള രാജ്യങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സെർവറുകൾ വഴിയാണ് ഓപ്പറേറ്റ് ചെയ്യുന്നത്. മാത്രവുമല്ല, ഉപഭോക്താക്കളുടെ വിവരങ്ങൾ ഇവർ പ്രവർത്തനത്തിനായി ഉപയോഗിക്കുന്നു (ഷോം–2021). ഇത്തരത്തിൽ കമ്പനികൾ ബി ഇ പി എസ് തന്ത്രം പ്രയോജനപ്പെടുത്തിയത് വഴി വിവിധ രാജ്യങ്ങൾക്കുണ്ടായ നികുതി നഷ്ടം 100 ബില്യൺ ഡോളറിനും 240 ബില്യൺ ഡോളറിനുമിടയിലാണെന്നാണ് കണക്ക്.

സങ്കീർണ്ണമായ ഈ സാഹചര്യം വിലയിരുത്തി ജി–20 രാജ്യങ്ങളും ഒ ഇ സി ഡി രാജ്യങ്ങളും ബി ഇ പി എസ് പ്രശ്നം പരിഹരിക്കുന്നതിന് രംഗത്തിറങ്ങി. ബി ഇ പി എസിന് വേണ്ടി ഒരു

അടിസ്ഥാന ഘടനക്ക് ഈ രാജ്യങ്ങൾ രൂപം നൽകി. 135 രാജ്യങ്ങൾ ഇതിൽ അംഗങ്ങളായി. 15 ഇന കർമ്മപദ്ധതിക്കാണ് ഈ രാജ്യങ്ങൾ രൂപം നൽകിയത്. 3 സമാന്തര വഴികൾക്ക് ഇങ്ങനെ രൂപം നൽകുകയുണ്ടായി (ഒ ഇ സി ഡി–2015). സ്ഥിരമായ ഓഫീസുള്ളവ എന്നതിന് പകരം ഉപയോക്താക്കളുടെ എണ്ണം, വരുമാനം, വിവിധ കരാറുകൾ തുടങ്ങിയവ നികുതിക്ക് ആധാരമാക്കുക എന്നതായിരുന്നു ഇതിന് ഒന്നാമത്തേത്.

കമ്പനികളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുക എന്നതായിരുന്നു രണ്ടാമത്തെ മാർഗ്ഗം. ബഹുരാഷ്ട്ര കമ്പനികൾക്ക് തുല്യത ലെവി ചുമത്തുക എന്നതാണ് അടുത്ത വഴി. വെബ് 2.0 സാങ്കേതിക വിദ്യ വഴിയായി ഉണ്ടായ റവന്യൂ, നികുതി പ്രശ്നങ്ങൾ 2018ലെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള ഇടക്കാല ഒ ഇ സി ഡി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫേസ്ബുക്ക്, ഗൂഗിൾ, ആമസോൺ തുടങ്ങിയ ഇന്റർനെറ്റ് അധിഷ്ഠിത സേവനദാതാക്കളുടെ പ്രതിവർഷ ബിസിനസ് ഏതാണ്ട് 4.3 ട്രില്യൺ ഡോളറാണ് (സി ജി ഇ സർവെ–2016). അഗ്രഗേഷൻ, മോണിറ്റൈസേഷൻ വാല്യുവേഷൻ തുടങ്ങിയ മേഖലകളിലാണ് ഇവയുടെ പ്രധാന പ്രവർത്തനം (മെഹ്റ, റോയ്–2020).

ഇത്തരമൊരു സാഹചര്യത്തിൽ ഇ –കൊമേഴ്സ് പ്രവർത്തനങ്ങൾ നടത്തുന്ന കമ്പനികൾ വിപണനം ചെയ്യുന്ന രാജ്യങ്ങളിൽ ഉപഭോക്താക്കൾക്കോ, നിർമ്മാതാക്കൾക്കോ കാര്യമായ മൂല്യവർധന ഉണ്ടാക്കുന്നില്ലെന്ന് കാണാം. മാത്രവുമല്ല, ഏറ്റവും കുറഞ്ഞ നികുതി പോലും അവർ അടയ്ക്കുന്നുമില്ല (ഒ ഇ സി ഡി–2018). പല രാജ്യങ്ങളും ഏകപക്ഷീയമായി ഡിജിറ്റൽ നികുതികൾ ഏർപ്പെടുത്തുകയുണ്ടായി. ഇത് ഇരട്ട നികുതിയും രാജ്യങ്ങൾ തമ്മിലുള്ള 'നികുതി യുദ്ധ' മടക്കമുള്ള കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയുണ്ടായി (ലോ –2020). ഇതിന് പരിഹാരം കാണുന്നതിനായി ഒ ഇ സി ഡി, ജി–20 രാജ്യങ്ങൾ 135 രാജ്യങ്ങളുമായി ചേർന്ന് ഇക്കാര്യത്തിൽ ഒരു സമവായ ത്തിലെത്തുന്നതിനുള്ള യത്നത്തിലാണ് (ഒ ഇ സി ഡി–2021).

**ഇന്ത്യയിലെ ആദായ നികുതി നിയമവും ഡിജിറ്റൽ നികുതി മേഖലയിലെ പ്രതിസന്ധിയും**

ഇന്ത്യയിൽ ഡിജിറ്റൽ മേഖലയിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികളെ നികുതി വിധേയമാക്കാൻ കഴിയാതെ പോവുകയാണ്. കാരണം, അവർക്ക് ഇന്ത്യയിൽ സ്ഥിരമായ ഓഫീസോ മറ്റു സംവിധാനങ്ങളോ ഇല്ല എന്നതാണ്. ഇന്ത്യൻ നികുതി സമ്പ്രദായം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ഇത്. വിദേശത്ത് സ്ഥാപിച്ചിരിക്കുന്ന സെർവറുകൾ വഴിയായി ഡേറ്റ പോയിന്റുകൾ ഉപയോഗിച്ചാണ് ഇവയുടെ പ്രവർത്തനം (കുമാർ, അഗർവാൾ–2020). ഇ–കൊമേഴ്സ്, പരസ്യം, സബ്ക്രിപ്ഷൻ, സേവനത്തിനുള്ള പ്ലാറ്റ്ഫോമുകൾ, ഡേറ്റ തുടങ്ങിയ വിവിധ മോഡലുകൾ വഴിയാണ് ഇവയുടെ പ്രവർത്തനം. 1961 ലെ ആദായ നികുതി നിയമത്തിന്റെ 92 എഫ് (111 എ) വകുപ്പ് പ്രകാരം ബിസിനസ് നടത്തുന്ന സ്ഥിരമായ സംവിധാനത്തെയാണ് ഒരു ബിസിനസ് സ്ഥാപനം എന്നത് കൊണ്ട് വിവക്ഷിച്ചിരിക്കുന്നത്. ഇതൊന്നുമില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ ഇടപാടുകളെ നികുതി വിധേയമാക്കുന്നതിന് കഴിയാതെ പോയി (സൂദ് –2023).

അതുകൊണ്ട് 1961ലെ ആദായ നികുതി നിയമത്തിന്റെ ഘടനാപരമായ പോരായ്മകൾ തുടരുന്നത് മൂലം ഡിജിറ്റൽ ബിസിനസ് രംഗത്ത് നികുതി ചുമത്താൻ കഴിയാതെ പോവുകയാണ് (സൂദ്–2023). നികുതി ചുമത്തുന്നതിന് ഒരാൾ ഇന്ത്യയിൽ താമസിക്കുന്നവനായിരിക്കണമെന്നതാണ് നിയമം. പൗരത്വവും താമസവുമെന്നത് രണ്ടു വശങ്ങളാണ്. ഒരാൾ ഇന്ത്യൻ പൗരനാണ് എന്നതുകൊണ്ട് മാത്രം ഒരു സാമ്പത്തിക വർഷക്കാലത്ത് അയാൾ ഇന്ത്യയിൽ താമസിക്കണമെന്ന് നിർബന്ധിക്കാൻ കഴിയില്ല. അതേസമയം ഒരു വിദേശ പൗരൻ ഇന്ത്യയിൽ താമസക്കാരനാണ് എന്ന് വന്നേക്കാം. ആദായ നികുതി നിയമത്തിലെ ആറാം വകുപ്പാണ് ഇത്തരത്തിൽ ഒരാളുടെ താമസ സ്ഥിതി

നിർവചിക്കുന്നത്. ഡിജിറ്റൽ നികുതി എന്നത് കൂടുതലും കമ്പനികൾക്ക് ബാധകമാകുന്ന കാര്യമാണ്. അതിനാൽ പെർമനന്റ് എസ്റ്റാബ്ലിഷ്മെന്റ് (പി ഇ), താമസ സ്ഥിതി എന്നിവ നികുതിയുടെ കാര്യത്തിലെ പ്രധാന പരിഗണന വിഷയങ്ങളാണ്. കോർപറേറ്റ് നികുതി നിരക്കിന്റെ അടിസ്ഥാനത്തിലാണ് ആഭ്യന്തര കമ്പനികൾക്ക് നികുതി ചുമത്തുന്നത്. അതുകൊണ്ട് ഇന്ത്യയിൽ സ്ഥിരമായി കേന്ദ്രമില്ലാത്ത വിദേശ ഡിജിറ്റൽ കമ്പനികൾക്ക് നികുതി ചുമത്തുക എന്നത് ഒരു വെല്ലുവിളിയാണ്. ഇവിടെ മൂന്ന് പ്രധാന പ്രശ്നങ്ങളാണ് ഉയർന്നു വരുന്നത്.

എ) വരുമാനത്തിന്റെ തരം തിരിക്കൽ : വ്യാപാരത്തിൽ നിന്നുള്ള വരുമാനത്തെ കമ്പനി, നികുതി നിയമങ്ങൾ പല കള്ളികളിലായാണ് തരം തിരിക്കുന്നത്. ലാഭം, റോയൽറ്റി, സാങ്കേതിക സേവനങ്ങൾ നൽകുന്നതിൽ നിന്നുള്ള വരുമാനം തുടങ്ങിയവയാണ് അവ. നികുതി കണക്കാക്കുന്നതിന് റോയൽറ്റി ഒഴികെയുള്ള വരുമാനം (പി ഇ) കണക്കാക്കേണ്ടത് ആവശ്യമാണ്. ഇതിൽ വിവിധ വരുമാനത്തെ വിവിധ രീതികളിലാണ് നികുതി നിയമങ്ങൾ കാണുന്നത്. ബിസിനസിൽ നിന്നുള്ള ലാഭത്തെ വരുമാനമായാണോ അതോ റോയൽറ്റിയായാണോ കാണേണ്ടത് എന്നത് ഇന്നും ഒരു നിയമ പ്രശ്നമായി അവശേഷിക്കുകയാണ്.

ബി) സ്ഥിരമായ സംവിധാനം സംബന്ധിച്ച വീക്ഷണം : വിദേശത്തെ ഒരു ഡിജിറ്റൽ കമ്പനിയെ ഇവിടത്തെ ബിസിനസായി കണക്കാക്കുക എന്നത്ഒട്ടും തന്നെ പ്രായോഗികമായ കാര്യമല്ല. അവർക്ക് ഇവിടെ ഭൗതികമായ ഒരു സംവിധാനവും ഉണ്ടാകണമെന്നില്ല. വിദേശത്ത് സ്ഥാപിച്ചിരിക്കുന്ന ഡിജിറ്റൽ സെർവറുകൾ വഴിയാണ്ഇത്തരം കമ്പനികളുടെ പ്രവർത്തനം.

സി) സ്ഥിരമായ സംവിധാനം വഴിയായുള്ള ലാഭം : സ്ഥിരമായ ഒരു സംവിധാനം (പി ഇ) സ്ഥാപിതമായിട്ടുണ്ടെങ്കിൽ അതിന്റെ ലാഭത്തെ നികുതി കണക്കാക്കുന്നതിനായി എടുക്കാം. ഇത്തരം ഒരു സംവിധാനം വില്പനക്കാരും വാങ്ങുന്നവരും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ വില നിർണ്ണയിക്കുന്നു. എന്നാൽ വിദേശത്തു നിന്നുള്ള ഡിജിറ്റൽ കമ്പനികളുടെ കാര്യത്തിൽ ഈ വിലനിർണ്ണയം അത്ര എളുപ്പമല്ല. കാരണം ദൈനംദിനം എന്ന നിലയിൽ പ്രവർത്തിക്കുന്ന തരത്തിൽ അവയ്ക്ക് നിയതമായ ഒരു സംവിധാനമോ ജീവനക്കാരോ ഇവിടെ ഉണ്ടാകണമെന്നില്ല.

**തുല്യത ലെവി നടപ്പാക്കൽ**

2016 ലെ ധനകാര്യ ബിൽ മുഖേനയാണ് കേന്ദ്ര സർക്കാർ തുല്യത ലെവി നടപ്പിലാക്കിയത്. ഇന്ത്യൻ കമ്പനികൾക്ക് വിദേശ കമ്പനികളുമായി തുല്യ നിലയിൽ പ്രവർത്തിക്കുന്നതിന് കളമൊരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. തുല്യത നികുതി അഥവാ ഡിജിറ്റൽ നികുതി ഏർപ്പെടുത്തുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രത്യേകമായ ഭൗതിക സംവിധാനങ്ങൾ കൂടാതെ പ്രവർത്തിക്കുന്ന ഡിജിറ്റൽ സ്ഥാപനങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഇത്തരം ഒരു പ്രശ്നം നേരിടുന്നതിനാണ് തുല്യത ലെവി എന്ന രീതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. ഇന്ത്യയിൽ പ്രത്യേക ഓഫിസ് സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്ന കമ്പനികൾക്ക് അവയുടെ വരുമാനത്തിന്റെ 6 ശതമാനം എന്ന കണക്കിലാണ് ലെവി ഏർപ്പെടുത്തിയത്. ഇന്ത്യയിലെ ആ കമ്പനിയുടെ ഭാഗമായി വരുന്ന സംവിധാനമാണ് ഇത് നൽകേണ്ടത്. ഇതിനുള്ള പരിധി ഒരു ലക്ഷം രൂപയാണ്. തുല്യത ലെവിയുമായി ബന്ധപ്പെട്ട ലെവി അടയ്ക്കൽ, പെനാൽറ്റി, ആദായ നികുതി കിഴിവുകൾ, പരാതി പരിഹാര സംവിധാനം തുടങ്ങിയ കാര്യങ്ങളും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. പാർലമെന്റിന്റെ ഇരു സഭകളും ഇത് പാസാക്കുകയുണ്ടായി. 'ബിസിനസ് ടു ബിസിനസ്' ഇടപാടുകൾക്കാണ് ഇത് ബാധകമാവുക.

ഇതിന്റെ ഒരു അനുബന്ധം എന്ന നിലയിൽ ബിസിനസ് കണക്ഷൻ, സിഗ്നിഫിക്കന്റ്

ഇക്കണോമിക് പ്രെസൻസ് (എസ് ഇ പി) എന്നീ ആശയങ്ങൾ 2018ൽ കേന്ദ്ര സർക്കാർ മുന്നോട്ട് വച്ചു. 2018ലെ ധനകാര്യ ബില്ലിന്റെ ഒരു വിശദീകരണം എന്ന നിലയിലാണ് ഇത് കൊണ്ടുവന്നത്. ഡിജിറ്റൽ നികുതി അടിത്തറ വിപുലമാക്കുക എന്ന തായിരുന്നു ഇതിന്റെ ലക്ഷ്യം. ഒ ഇ സി ഡി – ജി 20 ബി ഇ പി എസ് ആക്ഷൻ പദ്ധതിയുടെ ഭാഗമായാണ് ഇത് ആവിഷ്കരിച്ചത്. ഇന്ത്യയിൽ ഡിജിറ്റൽ ബിസിനസ് മേഖലയിൽ കാര്യമായ പങ്കാളിത്തമുള്ള കമ്പനികളെ അവയ്ക്ക് ഇന്ത്യയിൽ സ്ഥിരമായ സംവിധാനമുണ്ടോ എന്ന് കണക്കാക്കാതെ നികുതിക്ക് വിധേയമാക്കു കയായിരുന്നു. വിദേശ കമ്പനികളുമായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏജന്റുമാർക്കും ഇതേ നിലയിൽ നികുതി ബാധകമാക്കി. ഈ മാറ്റങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള വിവിധ നികുതി ഉടമ്പടികളുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. 2018ലെ ഫിനാൻസ് ബില്ലിനൊപ്പം കൊണ്ട് വന്ന ഈ നിയമങ്ങളും പാർലമെന്റ് പാസാക്കു കയുണ്ടായി. 2019 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്ന ഇതിന്റെ അടിസ്ഥാനത്തിൽ 2019–20 സാമ്പത്തിക വർഷം മുതൽക്ക് നികുതി ഈടാക്കാൻ തുടങ്ങി.

2020 വരെ ഓൺ ലൈൻ പരസ്യങ്ങൾ മാത്രമാണ് തുല്യത ലെവിയുടെ പരിധിയിൽ ഉണ്ടായിരുന്നത്. എന്നാൽ 2020ൽ ധനകാര്യ നിയമത്തിന്റെ ഭേദഗതി വഴി ഇത് ഇ – കൊമേഴ്സ് ഇടപാടുകൾക്കും ബാധകമാക്കി. ഇന്ത്യയിൽ സ്ഥിരമായ സംവിധാനങ്ങൾ ഇല്ലാത്ത വിദേശ ഇ– കൊമേഴ്സ് സ്ഥാപനങ്ങളുടെ മൊത്തം ബിസിനസ് അടിസ്ഥാനമാക്കി നികുതി ഈടാക്കുന്ന രീതി നടപ്പാക്കി. 2016ലെ ധനകാര്യ നിയമത്തിന്റെ നാലാം ഭാഗത്ത് 165 എ വകുപ്പ് ഇതിനായി കൂട്ടിചേർത്തു . 2 ശതമാനമാണ് നികുതി നിരക്ക്. 2 കോടി രൂപ ബിസിനസ് ഉള്ള സ്ഥാപനങ്ങൾക്കാണ് ഇത് ബാധകമാക്കിയത്. ഇ – കോമേഴ്സ് രംഗത്തെ ഭീമന്മാർ ഇന്ത്യൻ മാർക്കറ്റിൽ ശതകോടികളുടെ ബിസിനസ് നടത്തുന്നതിനാൽ വലിയ തോതിൽ നികുതി വരുമാനം ഉയരുന്നതിന് ഇത് കാരണമായി. ആമസോൺ, ആപ്പിൾ, ഫ്ലിപ്കാർട്ട് തുടങ്ങിയ കമ്പനികൾ നികുതി പരിധിയിലേക്ക് വന്നു. ഇന്ത്യയിലെയും വിദേശത്തെയും എല്ലാ ഇ – കൊമേഴ്സ് ഇടപാടുകളും നികുതി പരിധിയിൽ കൊണ്ടു വന്നു.

ഓൺ ലൈൻ പരസ്യങ്ങൾക്ക് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് 2016–17 മുതൽ നികുതി ഈടാക്കാൻ തുടങ്ങി. 2020 മുതൽ ഇത് ഇ– കൊമേഴ്സ് ഇടപാടുകൾക്കും ബാധകമാക്കു കയുണ്ടായി. (രേഖാചിത്രം –2)

ഇത്തരത്തിൽ നികുതിയിൽ തുല്യത കൊണ്ട് വന്നപ്പോൾ 338 കോടി രൂപയുടെ അധിക വരുമാനമുണ്ടായി. 2017–18 സാമ്പത്തിക വർഷത്തിൽ ഇത് 74 ശതമാനം ഉയർന്ന് 589 കോടി രൂപയായി. 2018–19 ൽ ഇത് 59 ശതമാനം വർധിച്ച് 938 കോടിയിലെത്തി. കോവിഡിന് മുൻപ് 2019–20 സാമ്പത്തിക വർഷത്തിൽ വരുമാനം 1136 കോടിയിലെത്തി. 21 ശതമാനം വളർച്ച കോവിഡ് തരംഗം ആഞ്ഞടിച്ച 2020–21ലും 31 ശതമാനം വളർച്ച രേഖപ്പെടുത്തി. വരുമാനം 1492 കോടിയായി.

**പഠനത്തിന്റെ കണ്ടെത്തലുകൾ**

**അന്താരാഷ്ട്ര നികുതി കരാറുകളും തുല്യത നികുതിയും – ഒരവലോകനം**

രണ്ടോ അതിലധികമോ രാജ്യങ്ങൾ തമ്മിൽ നികുതിയുടെ കാര്യത്തിൽ ഏർപ്പെടുന്ന കരാറുകളെ അന്താരാഷ്ട്ര നികുതി കരാറുകൾ എന്ന് അറിയപ്പെടുന്നു. കരാറിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ആദായം, മൂലധനം തുടങ്ങിയ കാര്യങ്ങളിൽ എങ്ങനെയാണ് നികുതി ഈടാക്കേണ്ടത് എന്ന് ഇത്തരം കരാറുകൾ വ്യക്തമാക്കുന്നു. ഇത്തരം കരാറുകൾ പലപ്പോഴും ഇരട്ട നികുതി ഒഴിവാക്കൽ കരാറുകൾ അഥവാ ഡബിൾ ടാക്സ് അവോയിഡൻസ് എഗ്രിമെന്റ് – ഡി ടി എ എസ് എസ് എന്നാണ് അറിയപ്പെടുന്നത്. ഒരു രാജ്യത്ത് മാത്രമാണ് നികുതി ഈടാക്കുന്നത് എന്നത് ഉറപ്പ് വരുത്തി ഇത് ഇരട്ട നികുതി, നികുതി ഒഴിവാക്കൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം

**Figure-2 :** Equalization Revenue collection




*Source: Rajya Sabha OLTAS*

കണ്ടെത്തുന്നു. ഇത് നിയമപ്രകാരമുള്ള കരാറുകളാണെന്ന് മാത്രമല്ല നികുതി സംബന്ധമായ അവകാശങ്ങളിൽ ഒരു അടിസ്ഥാന ഘടകമായി വർത്തിക്കുകയും ചെയ്യുന്നു. വരുമാനം, നികുതി നിരക്കുകൾ, ലാഭവിഹിതം, പലിശ, റോയൽറ്റി, തർക്കപരിഹാരം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഇത്തരം കരാറുകൾ പരിഗണിക്കുന്നുണ്ട്. ഓരോ രാജ്യത്തെയും നികുതി നിയമങ്ങളെ പോലും മറികടക്കുന്നതിനുള്ള അധികാരം ഇത്തരത്തിലുള്ള കരാറുകൾക്ക് ഉണ്ട്

ഇന്ത്യ, ഇറ്റലി, യു. കെ, ഫ്രാൻസ്, ആസ്ട്രേലിയ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ നടപ്പാക്കിയിരിക്കുന്ന ഏകപക്ഷീയമായ നികുതി വ്യവസ്ഥകൾ അന്താരാഷ്ട്ര നികുതി നിയമങ്ങളിൽ പ്രതികൂലമായ സാഹചര്യം സൃഷ്ടിക്കുന്നതായി കാണാം. രാജ്യങ്ങൾ തമ്മിലുള്ള വ്യാപാര ബന്ധങ്ങളെയും ഇത് ബാധിക്കാറുണ്ട്. വ്യാപാരത്തിന് നിയന്ത്രണം ഏർപ്പെടുത്തുക, ഉയർന്ന ചുങ്കങ്ങൾ ഈടാക്കുക തുടങ്ങിയ നീക്കങ്ങൾ വഴിയാണ് ഇത് ഉണ്ടാകുന്നത്. അന്താരാഷ്ട്ര നികുതി കരാറുകളുടെ അടിസ്ഥാനമായി പ്രവർത്തിക്കുന്നത് രാജ്യാന്തര നികുതി നിയമങ്ങളും ഒ ഇ സി ഡി മാതൃക നിയമ കൺവെൻഷനുമാണ് (ലോ–2020). രാജ്യാന്തര നികുതി നിയമങ്ങളെ ഡിജിറ്റൽ നികുതികൾ രണ്ടു രീതിയിൽ സ്വാധീനിക്കുന്നതായി കാണാം. ഇരട്ട നികുതി ഉണ്ടാകുന്നതാണ് ഇതിൽ ആദ്യത്തേത്. മൂലധനത്തിന്റെ സ്വാഭാവികമായ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ഒരു രാജ്യം ഏകപക്ഷീയമായി ഡിജിറ്റൽ നികുതി നടപ്പാക്കുമ്പോൾ സംഭവിക്കുന്നത് മൾട്ടി നാഷണൽ കമ്പനികൾക്ക് ആ രാജ്യങ്ങളിൽ നിയമപ്രകാരമുള്ള നികുതികൾ നൽകേണ്ടി വരുന്നു എന്നതാണ്. ഇതിനു പുറമെ അവ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രാജ്യങ്ങളിലും നികുതി നൽകേണ്ടതായി വരുന്നു. ഫലത്തിൽ ഇത് ഇരട്ട നികുതിക്ക് കാരണമാകുന്നു. നികുതി കരാറുകളുടെ അടിസ്ഥാന തത്വങ്ങളെ തന്നെ നിരാകരിക്കുന്ന ഒന്നാണ് ഇത്. ഇത്തരം നികുതികൾ അന്തരാഷ്ട്ര കമ്പനികളുടെ ചെലവുകൾ ഗണ്യമായി ഉയർത്തുന്നതാണ്. അന്തിമമായി ഇതിന്റെ ഭാരം വരുന്നതാകട്ടെ ഉപഭോക്താക്കളുടെ മേലും (സബോ –2020) (രേഖാചിത്രം – 3).

ഈ രേഖാചിത്രം പരിശോധിക്കുമ്പോൾ ബോധ്യമാകുന്ന ഒരു കാര്യം, ഇന്ത്യയിലെ ഡിജിറ്റൽ സേവന നികുതികൾ അമേരിക്കൻ കമ്പനികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നാണ്. ഇന്ത്യയെ പോലുള്ള വികസ്വര രാജ്യങ്ങളിൽ

**Figure 3:** US Trade Representative Report on India




*Source: USTR Report 2021*

പ്രവർത്തിക്കുന്ന പ്രധാന ഡിജിറ്റൽ കമ്പനികൾ അമേരിക്കയിൽ നിന്നുള്ളവയാണ്, ഏതാണ്ട് 72 ശതമാനം. ഇവയുടെ മേൽ തുല്യത ലെവി ഏർപ്പെടുത്തുമ്പോൾ നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്നതായി ചൂണ്ടികാണിക്കപ്പെടുന്നുണ്ട്. ഇരട്ട നികുതി നൽകേണ്ടി വരുന്നു എന്നതാണ് അതിൽ ഏറ്റവും പ്രധാനം. സേവനങ്ങളുടെ വില ഉയരുന്നതിന് ഇത് കാരണമാകുന്നു. ഫലമോ ഉപഭോക്താക്കൾ കൂടുതൽ പണം നൽകേണ്ടതായി വരുന്നു. ഇതിന്റെ വിശദാംശങ്ങൾ അടുത്ത ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഡിജിറ്റൽ നികുതിയുടെ നിയമപരമായ പ്രശ്നങ്ങൾ രണ്ടു വീക്ഷണ കോണിലൂടെ പരിശോധിക്കപ്പെടേണ്ടതുണ്ട്.

1. രണ്ടു രാജ്യങ്ങൾ തമ്മിലുള്ള നികുതി കരാറുകളുടെ അടിസ്ഥാനത്തിൽ

2. ഡബ്ള്യു ടി ഒ, ജി എ ടി എസ് (ജനറൽ എഗ്രിമെന്റ് ഓൺ ട്രേഡ് ഇൻ സർവീസസ്) കരാറുകളുടെ അടിസ്ഥാനത്തിൽ

**രണ്ടു രാജ്യങ്ങൾ തമ്മിലുള്ള നികുതി കരാറുകൾ**

ഒരു വിദേശ കമ്പനിക്ക് മേൽ ഒരു രാജ്യം ഡിജിറ്റൽ നികുതി ഏർപ്പെടുത്തുന്നത് പലപ്പോഴും അന്താരാഷ്ട്ര നികുതി നിയമങ്ങൾക്ക് വിരുദ്ധമാണ്. ഇത് ആർട്ടിക്കിൾ 5–പെർമനെന്റ് എസ്റ്റാബ്ലിഷ്മെന്റ്, ആർട്ടിക്കിൾ 7–ബിസിനസ് പ്രോഫിറ്റ്, ആർട്ടിക്കിൾ 25–ഇരട്ട നികുതിയിൽ നിന്നുള്ള ആശ്വാസം, ആർട്ടിക്കിൾ 26–വേർതിരിവ് ഇല്ലാതിരിക്കുക തുടങ്ങിയ വ്യവസ്ഥകൾക്ക് എതിരായി വരുന്നു.

ഒരു കമ്പനിക്ക് ഏതെങ്കിലും രാജ്യത്ത് രാജ്യത്ത് ഭൗതികമായ സാന്നിധ്യമോ നിയന്ത്രണ സംവിധാനമോ ഉണ്ടെങ്കിൽ അത്തരം കമ്പനികൾക്ക് നികുതി ചുമത്തമെന്ന് ആർട്ടിക്കിൾ 5 വ്യക്തമാക്കുന്നു. എന്നാൽ സ്ഥിരമായ സംവിധാനം (പി ഇ) എന്ന ചട്ടക്കൂട് ഡിജിറ്റൽ വമ്പന്മാരുടെ കാര്യത്തിൽ പ്രായോഗികമല്ല. കാരണം, വിദേശ രാജ്യങ്ങളിൽ സ്ഥാപിതമായിട്ടുള്ള സെർവറുകൾ വഴിയാണ് പലപ്പോഴും അവയുടെ പ്രവർത്തനം (യോനാ–2022). അതുകൊണ്ട് അത്തരം നടപടികൾ പി ഇ നിബന്ധനകളുടെ ലംഘനമായി മാറിയേക്കാം. യു എസ് കമ്പനികൾക്ക് ഇന്ത്യയിൽ ഓഫീസില്ലെങ്കിലും അവയുടെ ബിസിനസിൽ നിന്നുള്ള ലാഭം കണക്കാക്കി നികുതി ചുമത്തുവാൻ കഴിയും. എന്നാൽ കമ്പനികളുടെ മൊത്തം വരുമാനം കണക്കാക്കി ചുമത്തുന്ന തുല്യത ലെവി, ജി എ ടി എസ് ഏഴാം ആർട്ടിക്കിളിന്റെ ലംഘനമായി കാണാം. ഇരട്ട നികുതി തടയലും അതിൽ നിന്നും ആശ്വാസം നൽകലുമാണ് നികുതി കരാറുകളുടെ

പ്രധാന ഉദ്ദേശം. ഇത് ആർട്ടിക്കിൾ 25ൽ വ്യക്തമാക്കുന്നു. എന്നാൽ 2020ലെ തുല്യത നികുതി വ്യവസ്ഥകളിൽ നികുതി ക്രെഡിറ്റ്, ഒഴിവ് നൽകൽ എന്നിവയെ കുറിച്ച് പരാമർശമില്ല. ഇത്തരമൊരു സാഹചര്യത്തിൽ അമേരിക്കൻ കമ്പനികൾക്ക് ഇന്ത്യയിൽ അവയുടെ അന്താരാഷ്ട്ര ബിസിനസു കളിൽ നിന്നുള്ള വരുമാനത്തിന് ഇരട്ട നികുതി നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അമേരിക്കൻ ഡിജിറ്റൽ കമ്പനികൾ ഇന്ത്യയിൽ ഡിജിറ്റൽ നികുതിക്ക് വിധേയമാകുന്നു. എന്നാൽ ഇന്ത്യൻ കമ്പനികളാകട്ടെ നികുതി വലയ്ക്ക് പുറത്താകുന്നു (സാബോ–2020). ഇത് ഇൻഡോ–അമേരിക്കൻ കരാറിലെ വിവേചന തത്വങ്ങൾക്ക് (ആർട്ടിക്കിൾ 26) എതിരാകുന്നു. അതായത് യു എസ് കമ്പനികൾ ഇന്ത്യൻ കമ്പനികളെക്കാൾ കൂടുതൽ നികുതി നൽകേണ്ടി വരുന്ന സാഹചര്യമുണ്ട് എന്നർത്ഥം.

**ഡബ്ല്യൂ ടി ഒ – ജി എ ടി എസ്**

ജി എ ടി എസിലെ രണ്ടാം ആർട്ടിക്കിൾ വ്യക്തമാക്കുന്നത് മോസ്റ്റ് ഫെവേർഡ് നേഷൻ (എം എഫ് എൻ) സ്റ്റാറ്റസിനെ കുറിച്ചാണ്. പതിനേഴാം ആർട്ടിക്കിൾ വ്യാപാരം നടത്തുന്ന രാജ്യങ്ങളെ ദേശീയതലത്തിൽ എങ്ങനെ കാണുന്നു വെന്നതിനെ കുറിച്ചാണ്. മറ്റു രാജ്യങ്ങളുടെ കാര്യത്തിൽ ഉണ്ടാകാവുന്ന ഒരു നിലപാട് എം എഫ് എൻ സ്റ്റാറ്റസ് വരുന്ന രാജ്യങ്ങൾ തമ്മിൽ ഉണ്ടാകുന്നില്ല. എന്നാൽ അമേരിക്കൻ ഡിജിറ്റൽ കമ്പനികളുടെ കാര്യത്തിൽ അവ ഇരട്ട നികുതിനൽകേണ്ടി വരുന്നതും ആഭ്യന്തര കമ്പനികളോട് കൂടുതൽ അനുകൂല മനോഭാവം പ്രകടമാക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് (യു എസ് ടി ആർ റിപ്പോർട്ട് – 2021).

ഇത് എം എഫ് എൻ ആർട്ടിക്കിളിന്റെ ലംഘനമായി മാറുകയാണ് (നൂനൻ, പ്ളേഖാനോവ–2020). ദേശീയ തലത്തിലുള്ള പരിഗണനയെ കുറിച്ച് പരാമർശിക്കുന്ന ആർട്ടിക്കിൾ വ്യക്തമാക്കുന്നത് രാജ്യങ്ങൾ വിദേശ കമ്പനികളെ വിപണികളിലെ അവരുടെ സ്വാധീനം, ഓഫീസ്, സേവനം നൽകുന്ന രീതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിച്ച് കാണാൻ പാടില്ല എന്നാണ്. എന്നാൽ അമേരിക്കൻ ഡിജിറ്റൽ കമ്പനികൾ ഇന്ത്യയിൽ നികുതി വിധേയമാകുമ്പോൾ തദ്ദേശീയ കമ്പനികൾ നികുതി വിധേയമാകുന്നില്ല എന്നതാണ് വിചിത്രമായ കാര്യം (യു എസ് ടി ആർ റിപ്പോർട്ട്–2021). ഇത് വിവേചനം പാടില്ല എന്ന വകുപ്പിന്റെ ലംഘനമായി മാറുന്നുണ്ട്.

**ഡിജിറ്റൽ നികുതി സാമ്പത്തിക മേഖലയിൽ ഉണ്ടാക്കുന്ന ആഘാതം**

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അതിവേഗ ത്തിലുള്ള വികസനം ലോക സാമ്പത്തിക മേഖലയിൽ ഉണ്ടാക്കിയ വളർച്ച വിവരണാതീത മാണ് (ഡബ്ല്യൂ ടി ഒ–2019). സാധനങ്ങളുടെയും സേവനങ്ങളുടെയും നീക്കം കൂടുതൽ സുകര മാക്കിയെന്നതിന് പുറമെ രാജ്യങ്ങളെ തമ്മിൽ കൂടുതൽ അടുപ്പിക്കുന്നതിനും ഇത് സഹായകമായി. എന്നാൽ പല രാജ്യങ്ങളും ഏകപക്ഷീയമായ രീതിയിൽ ഡിജിറ്റൽ നികുതി നടപ്പാക്കിയത് ലോകവ്യാപാര രംഗത്ത് വിഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് (ലോ –2020).

ഡിജിറ്റൽ ട്രേഡ് റിസ്ട്രിക്ടിവെനെസ്സ് ഇൻഡക്സ് (ഡി ടി ആർ ഐ) ഡിജിറ്റൽ വ്യാപാര മേഖലയിലെ നിയന്ത്രണം സംബന്ധിച്ച പരിധികൾ രേഖപ്പെടു ത്തുന്നതിനു 64 രാജ്യങ്ങളുടെ സ്ഥിതി അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന ഒരു സൂചികയാണ് ഇത്. ഇക്കണോമിക് സെന്റർ ഫോർ ഇന്റർനാഷണൽ പൊളിറ്റിക്കൽ ഇക്കോണമി (ഇ സി ഐ പി ഇ) 2018ൽ രൂപം നൽകിയ ഡിജിറ്റൽ വ്യാപാര രംഗത്തെ വിപുലമായ നയങ്ങൾ, നടപടികൾ തുടങ്ങിയ കാര്യങ്ങൾ ഇത് ഉൾക്കൊള്ളുന്നു. നാലു വിഭാഗങ്ങളിലായുള്ള നിയന്ത്രണങ്ങളാണ് സൂചിക പ്രധാനമായും പരിഗണിക്കുന്നത്. ധനപരമായ നിയന്ത്രണങ്ങളും വിപണി പങ്കാളിത്തവും, നിയന്ത്രണങ്ങൾ നടപ്പാക്കൽ, ഡേറ്റയുടെ മേലുള്ള നിയന്ത്രണം, വ്യാപാരത്തിനുള്ള നിയന്ത്രണങ്ങൾ എന്നിവയാണ് അവ. ഇക്കാര്യത്തിൽ ഇന്ത്യയുടെ റാങ്കിങ് 3 ആണ്. നമ്മുടെ ഡിജിറ്റൽ വ്യാപാര സ്ഥിതിയെ

**Table - 1** Digital trade restrictiveness index

| A. Fiscal Restrictions & Market Access | | | Tariffs and Trade Defense | Taxation & Subsidies | Public Procurement |
|---|---|---|---|---|---|
| Rank | Country | Index | Country | Country | Country |
| 1 | INDIA | 0.63 | ARG | BRA | CHN |
| 2 | BRA | 0.62 | BRA | TUR | IND |
| 3 | CHN | 0.6 | PAK | ARG | ZAF |
| 4 | ARG | 0.49 | IND | CHN | IDN |
| 5 | PAK | 0.49 | NGA | PAK | USA |
| 6 | IDN | 0.43 | RUS | FRA | ECU |
| 7 | ZAF | 0.43 | BRN | IND | - |
| 8 | NGA | 0.41 | CHL | JPN | BRA |
| 9 | RUS | 0.4 | PRY | MEX | AUS |
| 10 | USA | 0.37 | CHN | NGA | GRC |

*Value 0- Optimal (More open to digital services trade)*
*Value 1- Negative (More restrictive to digital services trade)*
*Source: ECIPE, DTRI Estimates, 2018*

കുറിച്ച് ഇത് നിരവധി സംശയങ്ങൾ ഉയർത്തുന്നുണ്ട് (പട്ടിക – 1).

ഒന്നാമത്തെ ക്ലസ്റ്റർ താരിഫ്, നികുതികൾ, പൊതുവായ നികുതി സമാഹരണം എന്നിവ ഉൾപ്പെടുന്നതാണ്. ഇതിൽ ഇന്ത്യയുടെ റാങ്ക് ഒന്ന് ആണ്. ഇന്ത്യയുടെ ഡിജിറ്റൽ ഇക്കോണമിയിൽ കാര്യമായ ചില പ്രശ്നങ്ങൾ ഉണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ ഡിജിറ്റൽ ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും 6 ശതമാനമെന്ന ഉയർന്ന നികുതി നിരക്കാണുള്ളത്. അതുകൊണ്ട് ഡിജിറ്റൽ സേവനങ്ങൾക്ക് ഇവിടെ ചെലവേറുന്നു. ആഭ്യന്തര മാർക്കറ്റിൽ ഐ ജി എസ് ടി 18 ശതമാനം നിരക്കിലാണ്. ഇത് ഇരട്ട നികുതിക്ക് സമാനമായ സ്ഥിതി സൃഷ്ടിക്കുന്നു. വിദേശ കമ്പനികൾ അവരുടെ രാജ്യത്തും നികുതി നല്കാൻ ബാധ്യസ്ഥമായതിനാൽ പുറമെ അന്താരാഷ്ട്ര തലത്തിലുള്ള ഇരട്ട നികുതിക്കും ഇത് ഇടയാക്കുന്നു. 2016 ൽ റിസർവ് ബാങ്ക് നടപ്പാക്കിയ ഡേറ്റ ലോക്കലൈസേഷൻ നിബന്ധനകൾ പോലുള്ള വ്യാപാര നിയന്ത്രണങ്ങൾ, വിദേശ കമ്പനികൾ അവരുടെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ സ്ഥാപിച്ചിട്ടുള്ള സെർവർ വഴിയായി വേണമെന്ന് നിഷ്കർഷിക്കുന്നു. ഫലമോ, അവരുടെ സേവനങ്ങളുടെ വില ഉയർത്തേണ്ട സാഹചര്യം വരുന്നു. ഇത് അന്തിമമായി ഉപഭോകതാവിന്റെ തലയിൽ വരുന്നു.

സൂചികയിൽ ഇന്ത്യയുടെ റാങ്കിങ് ഉയരുന്ന സ്ഥിതിവിശേഷമുണ്ട്. എന്നിരുന്നാലും ഡിജിറ്റൽ വ്യാപാര മേഖലയിലെ തടസങ്ങൾ നിരവധിയാണ്. ഡിജിറ്റൽ നികുതി ഡിജിറ്റൽ വ്യാപാര മേഖലയിൽ ഉണ്ടാക്കുന്ന ആഘാതം പല തലങ്ങളിലുള്ളതാണ്. ഇത് മൂലം ദോഷഫലം അനുഭവിക്കുന്ന രാജ്യങ്ങൾ ഉയർന്ന ഇറക്കുമതി ചുങ്കം ചുമത്തുന്നു. അതുകൊണ്ട് ഈ രംഗത്തെ വ്യാപാരം നികുതി

കുറഞ്ഞ രാജ്യങ്ങളിലേക്ക് വഴി മാറുന്നു. അതായത് അന്താരാഷ്ട്ര വമ്പന്മാർ നികുതി ഘടന താരതമ്യേന ലളിതമായതും അടിസ്ഥാന സൗകര്യങ്ങൾ ഉയർന്നതുമായ വികസ്വര രാജ്യങ്ങളെ കൂടുതൽ ആശ്രയിക്കുന്നു.

ചുരുക്കത്തിൽ ഏകപക്ഷീയമായ ഡിജിറ്റൽ നികുതി നടപടികൾ ഇന്ത്യയുടെ ഡിജിറ്റൽ വ്യാപാര മേഖലയിൽ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉളവാക്കിയതായി കാണാം. നികുതി കരാറുകളും ചട്ടങ്ങളും ലംഘിക്കുന്നത് വ്യാപാര യുദ്ധത്തിലേക്കും അന്തമില്ലാത്ത തർക്കങ്ങളിലേക്കും നീങ്ങുന്നു. ഉയർന്ന നികുതികൾ ഡിജിറ്റൽ വ്യാപാരത്തെ വഴിതിരിച്ചു വിടുന്നു. അനന്തരഫലമോ, ഇതിന്റെ ഭാരം ഉപഭോക്താവിന് മേൽ വരുന്നു (നിത്യമോവ്, അസ്സാരെ–2020). ഒരു രാജ്യവും മറ്റൊരു രാജ്യവും തമ്മിൽ ഡി എസ് ടിയുടെ കാര്യത്തിൽ വിവേചനം വരുന്നതാണ് ഇതിൽ ഏറ്റവും പ്രധാനം (സാബോ –2020). ഉയർന്ന പരിധി വരുന്നത് കൂടുതൽ പ്രതികൂലമാകുന്നു. ഇന്ത്യ ഏർപ്പെടുത്തിയ ഡി എസ് ടീയും മറ്റു പല രാജ്യങ്ങളും ഏകപക്ഷീയമായി എടുത്തിട്ടുള്ള ഡിജിറ്റൽ നികുതികളും വിവേചനം സൃഷ്ടിക്കുന്നതാണ്. അതാകട്ടെ, അന്താരാഷ്ട്ര നികുതി തത്വങ്ങൾ, കരാറുകൾ തുടങ്ങിയവയെ ലംഘിക്കുന്നതുമാണ്. അതുകൊണ്ട് ഡിജിറ്റൽ നികുതിയുടെ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം രാജ്യങ്ങൾ തമ്മിൽ ഒരു സമവായം ഉണ്ടാക്കുക എന്നതാണ്. മൂലധനത്തിന്റെ സുഗമമായ ഒഴുക്കിനും രാജ്യങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിനും ഇത് ഏറ്റവും അനിവാര്യവുമാണ്.

**ഇന്ത്യയിൽ ഡിജിറ്റൽ നികുതി രംഗത്തിന്റെ ഭാവി**

2015ലെ ഒ ഇ സി ഡി ഡിജിറ്റൽ ഇക്കോണമി റിപ്പോർട്ടിന്റെ ചുവട് പിടിച്ച് ഇന്ത്യ ഉൾപ്പടെയുള്ള നിരവധി രാജ്യങ്ങൾ അവരുടേതായ നികുതി വ്യവസ്ഥകൾ നടപ്പാക്കി. തുല്യത ലെവി ഇതിലുൾപ്പെടുന്നു. അന്താരാഷ്ട്ര വ്യാപാര, നികുതി രംഗങ്ങളിൽ വല്ലാത്ത സങ്കീർണത സൃഷ്ടിച്ചുകൊണ്ടാണ് ഇത്തരത്തിൽ വ്യത്യസ്തമായ നികുതി വ്യവസ്ഥകൾ നടപ്പാക്കിയത് (ഫാൾ അബർ–2019). അതുകൊണ്ട് ഈ പഠനത്തിൽ നിർദേശിക്കാനുള്ളത് ഒ ഇ സി ഡി, ജി–20 രാജ്യങ്ങൾ രണ്ടു തലങ്ങൾ അടിസ്ഥാനമാക്കിയുള്ള നികുതി ഘടനക്ക് രൂപം നൽകണമെന്നാണ്. ഡിജിറ്റൽവത്കരണത്തിന്റെ വെല്ലുവിളികൾ നേരിടുന്ന രീതിയിൽ ബി ഇ പി എസ് പദ്ധതിയുടെ ഭാഗമായി ഇത് നടപ്പാക്കണം.

തലം 1 : നികുതി സംബന്ധമായ അവകാശങ്ങൾ മാർക്കറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾക്ക് നൽകുക എന്നതാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. പ്രമുഖ അന്താരാഷ്ട്ര കമ്പനികൾ തങ്ങളുടെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത് ഇത്തരം രാജ്യങ്ങളിലാണ്. പ്രതിവർഷം 20 ബില്യൺ യൂറോയിലധികം ആഗോള വരുമാനവും നികുതിക്ക് മുൻപുള്ള നേട്ടം 10 ശതമാനത്തിന് മുകളിലായിരിക്കുകയും ചെയ്യുന്ന രാജ്യങ്ങൾക്കാണ് ഇത് ബാധകമാവുക. ഇത്തരത്തിൽ ഒരു രാജ്യത്തെ ബിസിനസിൽ നിന്നും ഒരു ദശലക്ഷം യൂറോയോ അതിലധികമോ (2.5 ലക്ഷം ഡോളർ) നേടുന്ന കമ്പനികളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ ഒന്നാം തല ത്തിന് രൂപം നൽകിയിരിക്കുന്നത്. ലാഭം വരുമാനത്തിന്റെ 10 ശതമാനത്തിന് മുകളിലാണെങ്കിൽ നികുതി 20 ശതമാനത്തിനും 30 ശതമാനത്തിനും ഇടയിലാകാം. ഡി എസ് ടി പൂർണ്ണമായും ഒഴിവാക്കണമെന്ന് ഇത് നിഷ്കർഷിക്കുന്നു. 'ആം ലെങ്ത്ത്' തത്വത്തെ ആധാരമാക്കിയുള്ളതാണ് ഒന്നാം തലം.

തലം –2 : ഗ്ലോബൽ ആന്റി ബേസ് ഇറോഷൻ റൂൾസ് (ജി എൽ ഒ ബി) ചൂണ്ടിക്കാണിക്കുന്നത് 750 ദശലക്ഷം യൂറോയിൽ കൂടുതൽ വരുമാനമുള്ള കമ്പനികളിൽ നിന്നും കുറഞ്ഞത് 15 ശതമാനം നിരക്കിൽ നികുതി ഈടാക്കണമെന്നാണ്. അതായത് യഥാർത്ഥത്തിൽ വരുന്ന നികുതി 15 ശതമാനത്തിനും താഴെയാണെങ്കിലും മിനിമം നികുതി നൽകാൻ കമ്പനി നിർബന്ധിതമാകുന്നു. ഒരു ഗ്രൂപ്പിന്റെ കീഴിൽ വരുന്ന ഉപസ്ഥാപനങ്ങൾക്ക് വരുമാനം കുറവാണെങ്കിൽ പേരന്റ് കമ്പനിക്ക് നികുതി ഏർപ്പെടുത്തുന്ന വിധത്തിലുള്ള ഇൻകം ഇൻക്ലൂഷൻ ചട്ടം പാലിക്കണം. പലിശ, റോയൽറ്റി, എസ് ടി ടി ആർ തുടങ്ങിയ വരുമാനങ്ങൾക്ക് 9

ശതമാനത്തിൽ താഴെ കോർപറേറ്റ് നികുതി ചുമത്തണം. പുതിയതായി വരുന്ന സംരംഭങ്ങൾക്ക് നികുതി പ്രോത്സാഹനം നൽകുന്നതിനും വ്യവസ്ഥയുണ്ടാകണം. ബഹുരാഷ്ട്ര കമ്പനികൾക്ക് 15 ശതമാനം നികുതി ഏർപ്പെടുത്തുക എന്നതാണ് രണ്ടാം തലത്തിന്റെ പ്രധാന ഫോക്കസ്.

ഈ രണ്ടു തലങ്ങളും പരിഗണിച്ച് അംഗ രാജ്യങ്ങൾ ഒരു സമവായത്തിൽ എത്തിച്ചേർന്നാൽ ഡിജിറ്റൽ നികുതി മേഖലയിൽ അത് മെച്ചപ്പെട്ട ഒരു സാഹചര്യം സംജാതമാക്കും. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതിനും ഇത് സഹായകമാകും. കൂടുതൽ നികുതി അവകാശങ്ങൾ തങ്ങൾക്ക് ലഭിക്കും എന്നതിനാൽ ഒന്നാമത്തെ തലം വികസ്വര രാജ്യങ്ങൾക്ക് പ്രയോജനകരമാണ്. പ്രതിവർഷം 125 ബില്യൺ ഡോളർ വരുമാനം നേടുന്നതിന് ഇത് സഹായകമാണ് (ഒ ഇ സി ഡി രണ്ടു തല ഫ്രെയിംവർക്ക് റിപ്പോർട്ട് –2021). വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്നും രണ്ടാമത്തെ തലം വികസ്വര രാജ്യങ്ങളെ സംരക്ഷിച്ച് നിർത്തുന്നു. പലിശയിളവ്, റോയൽറ്റി തുടങ്ങിയവയിൽ നിന്നുള്ള വരുമാനത്തിന്റെ പഴുതുകൾ പ്രയോജനപ്പെടുത്തി നികുതി ഒഴിവാക്കുന്നതിന് ബഹുരാഷ്ട്ര കമ്പനികൾ നടത്തുന്ന ശ്രമങ്ങൾ ഒഴിവാക്കുന്നതിന് എസ് ടി ടി ആർ സഹായകമാകുന്നു. വിപണനം ചെയ്യപ്പെടുന്ന രാജ്യങ്ങൾക്ക് കൂടുതൽ മികച്ച നികുതി ഭരണത്തിന് ഇത് സഹായകമാണ് (ഒ ഇ സി ഡി രണ്ടു തല ഫ്രെയിംവർക്ക് റിപ്പോർട്ട്–2021). ഇതിൽ രണ്ടാമത്തെ തലം ഇന്ത്യയെ പോലുള്ള രാജ്യങ്ങൾക്ക് 150 ബില്യൺ ഡോളറിന്റെ അധിക വരുമാനം നേടുന്നതിന് സഹായകമാണ്.

ചുരുക്കത്തിൽ, വരുമാനത്തെ ആധാരമാക്കിയുള്ള നികുതി അടിത്തറ രൂപപ്പെടുത്തുക വഴിയായി ബഹുരാഷ്ട്ര കമ്പനികളുടെ ചെലവുകൾ ചുരുക്കുന്നതിന് സഹായകമാകുന്നു. രണ്ടാമത്തെ തലത്തിന് രാജ്യങ്ങൾക്കിടയിൽ വലിയ അംഗീകാരം നേടാൻ സഹായകമായിട്ടുണ്ട്. കാരണം, 100 മുതൽ 240 ബില്യൺ ഡോളർ വരെയുള്ള കോർപറേറ്റ് നികുതി നഷ്ടം ഒഴിവാക്കുന്നതിന് ഇത് സഹായകമായിട്ടുണ്ട് എന്നതാണ്. ആഗോള ജി ഡി പിയുടെ 4 മുതൽ 10 ശതമാനം വരെ വരുമിത് (ഒ ഇ സി ഡി–2021). ആഗോള നികുതികൾ അധിക വരുമാനം പ്രദാനം ചെയ്യുന്നതിന് പുറമെ, നികുതി ഈടാക്കുന്നതിനുള്ള തീവ്ര മത്സരത്തിന് വിരാമമിടുകയും ചെയ്യുന്നു.

**ഉപസംഹാരം**

ധാരാളം മൊബൈൽ ഇന്റർനെറ്റ് ഉപഭോക്താക്കളും ഇ–കൊമേഴ്സ് ഉപയോക്താക്കളുമുള്ള അതിവേഗം വളരുന്ന ഒരു ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ. 2021ലെ കണക്കുകൾ പ്രകാരം, 644 ദശലക്ഷം പേരുമായി ലോകത്ത് ഏറ്റവും കൂടുതൽ ഇ–കൊമേഴ്സ് ഉപയോക്താക്കളുള്ള രാജ്യമായി ഇന്ത്യ മാറി. ഡിജിറ്റൽ ബിസിനസ് മേഖലയിലെ വളരെ പ്രധാനപ്പെട്ട ഒരു വിപണിയാണ് ഇന്ന് ഇന്ത്യ. ഇന്ത്യ ഉൾപ്പടെയുള്ള വികസ്വര രാജ്യങ്ങളിൽ ഇ–കൊമേഴ്സ് രംഗത്ത് വിദേശത്തെ വമ്പൻ കമ്പനികൾക്ക് നിർണ്ണായകമായ പ്രാതിനിധ്യം ഉണ്ട്. അതുകൊണ്ട് ബി ഇ പി എസ്, സ്ഥിരമായ ഓഫിസ് സംവിധാനം തുടങ്ങിയ സങ്കേതങ്ങൾ വഴിയായുള്ള നികുതി ഒഴിവാക്കൽ, മാറ്റിവയ്ക്കൽ എന്നിവയ്ക്ക് സാധ്യതയേറെയാണ്. രാജ്യങ്ങൾക്ക് വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നതിന് ഇത് കാരണമാകുന്നു (ഒ ഇ സി ഡി–2015). വികസിത രാജ്യങ്ങളെ അപേക്ഷിച്ച് വികസ്വര രാജ്യങ്ങൾ നികുതി വരുമാനത്തെ കൂടുതലായി ആശ്രയിക്കു ന്നതായി കാണാം. 2015 ലെ ഡിജിറ്റൽ നികുതി റിപ്പോർട്ടിന്റെ ചുവട് പിടിച്ച് ഇന്ത്യ 2016ൽ ഓൺ ലൈൻ പരസ്യങ്ങൾക്കും ഇ–കൊമേഴ്സ് ഇടപാടുകൾക്കും തുല്യത ലെവി ഏർപ്പെടുത്തുകയുണ്ടായി.

ഏകപക്ഷീയമായി ഏർപ്പെടുത്തിയ തുല്യത ലെവി വരുമാനം ഉയർത്തുന്നതിന് സഹായകമായി. എന്നാൽ അന്താരാഷ്ട്ര നികുതി കരാറുകൾ, ചട്ടങ്ങൾ, ജി എ ടി എസ് തുടങ്ങിയവയുടെ ലംഘനമാണ് ഇതെന്ന വിമർശനം വ്യാപകമായി ഉയർന്നു. ഇത് ഇരട്ട നികുതി സാധ്യതക്കും ഒപ്പം

ജി എ ടി എസിൽ വരുന്ന മോസ്റ്റ് ഫെവേർഡ് നേഷൻ സ്റ്റാറ്റസ് തത്വങ്ങൾക്കും എതിരാണെന്ന നില വന്നു. ഇതിന്റെ സാമ്പത്തിക പ്രത്യാഘാതം എന്താണെന്ന് രണ്ടു വസ്തുതകൾ പരിശോധിച്ചാൽ മനസിലാകും. ഒന്ന്, തുല്യത ലെവി സംബന്ധിച്ച യു എസ് ടി ആർ റിപ്പോർട്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ 2021ൽ കുറച്ചു കാലത്തേക്ക് ഇന്ത്യയിൽ നിന്നുള്ള സാധനങ്ങളുടെ ഇറക്കുമതി തീരുവ അമേരിക്ക ഉയർത്തുകയുണ്ടായി. പിന്നീട് ഇത് പിൻവലിച്ചു. ഡിജിറ്റൽ ട്രേഡ് റെസ്ട്രിക്ടിവെനെസ്സ് സൂചികയിലെ ഇന്ത്യയുടെ മോശം പ്രകടനമാണ് രണ്ടാമത്തെ കാര്യം. ഉയർന്ന തോതിലുള്ള ഡിജിറ്റൽ നികുതിയാണ് ഇതിന് പ്രധാന കാരണം. ഇത്തരമൊരു സാഹചര്യത്തിൽ ഡിജിറ്റൽ മേഖലയിലെ എണ്ണം പറഞ്ഞ കമ്പനികൾ തങ്ങളുടെ നിക്ഷേപം കൂടുതൽ സൗഹാർദ്ദ സമീപനം സ്വീകരിക്കുന്ന ഡെന്മാർക്ക്, സ്വീഡൻ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിലേക്ക് മാറ്റുന്നു. തുല്യത ലെവിക്ക് ദൂരവ്യാപക ഫലങ്ങളുണ്ട്. അത് വില വർദ്ധിക്കുന്നതിനും അന്തിമ ഭാരം ഉപഭോക്താക്കളുടെ ചുമലിൽ വരുന്നതിനും ഇടയാക്കുന്നു എന്ന ന്യൂനത കൂടി കാണേണ്ടതുണ്ട്.

ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം എന്ന നിലയിൽ രാജ്യാന്തര തലത്തിൽ ഒരു സമവായം ഉരുത്തിരിയേണ്ടത് ആവശ്യമാണ്. ഇന്ത്യ ഉൾപ്പടെയുള്ള രാജ്യങ്ങൾ ഡിജിറ്റൽ നികുതി മേഖലയിൽ ഏകപക്ഷീയമായ തീരുമാനങ്ങളുമായി മുന്നോട്ട് പോകുന്നതിന് അറുതി വരുത്തേണ്ടതുണ്ട് (ഒ ഇ സി ഡി–2019). അന്താരാഷ്ട്ര നികുതി നയങ്ങളുടെ കാര്യത്തിൽ ഒരു ഏകീകൃത പ്രവർത്തനം ഇല്ലാതെ വരുന്നത് ഇരട്ട നികുതി, നികുതി തീരെ ഇല്ലാതാകൽ തുടങ്ങിയ പ്രശ്നങ്ങൾക്ക് വഴി തുറക്കുന്നു. ഈ സാഹചര്യത്തിൽ രണ്ടു തലങ്ങളിലുള്ള ഒരു നികുതി ഘടനയാണ് ഈ പഠനത്തിന് മുന്നോട്ട് വയ്ക്കാനുള്ളത്. ഇതിൽ ഒന്നാമത്തെ തലം നികുതി പിരിക്കുന്നതിനുള്ള അവകാശം സ്രോതസാകുന്ന രാജ്യങ്ങളിലേക്ക് കൈമാറുന്നു. റവന്യൂ വരുമാനമാണ് ഇവിടെ പ്രധാനമായും പരിഗണിക്കുന്നത്. എന്നാൽ രണ്ടാം തലത്തിൽ ബഹുരാഷ്ട്ര കമ്പനികൾക്ക് ഏറ്റവും കുറഞ്ഞ തോതിലുള്ള നികുതി എന്ന ആശയവുമാണ് മുന്നോട്ട് വയ്ക്കുന്നത്. ഇത് ഡിജിറ്റൽ നികുതിയുടെ രംഗത്ത് സൗഹാർദ്ദപരമായ ഒരു അന്തരീക്ഷത്തിന് വഴിയൊരുക്കുന്നു (ഒ ഇ സി ഡി, ജി–20–2021).

ഇത്തരത്തിൽ ഇരുതലങ്ങളുമുൾക്കൊള്ളുന്ന അടിസ്ഥാന ഘടന റിപ്പോർട്ട് ഇന്ത്യ ഉടനെ നടപ്പാക്കേണ്ടതുണ്ട്. അത് ശക്തമായ ഒരു ഡിജിറ്റൽ നികുതി സാഹചര്യം സൃഷ്ടിക്കുന്നതിന് പുറമെ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളും മികച്ചതാക്കുന്നു. വിദേശ കമ്പനികൾക്ക് മേൽ വൻതോതിൽ ഡിജിറ്റൽ നികുതി അടിച്ചേല്പിക്കുന്നതിന് ഇട വരുത്തരുത്. ഇക്കാര്യത്തിൽ ആഭ്യന്തര നികുതി നിയമങ്ങളും രാജ്യാന്തര കരാറുകളും തമ്മിൽ ശരിയായ ഒരു ബാലൻസിംഗ് ആവശ്യമാണ്. ഇത് വിദേശ നിക്ഷേപത്തിന്റെ വേഗം കൂട്ടുകയും ഒപ്പം സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യും. ഇന്ത്യയുടെ തുല്യത ലെവി അഥവാ ഡിജിറ്റൽ നികുതി ഒ ഇ സി ഡി–ജി–20 രാജ്യങ്ങളുടെ അടിസ്ഥാന ഘടനയെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ഈ പഠനത്തിന്റെ നിഗമനങ്ങൾ വിദേശ വ്യാപാര മേഖലയിലെ നയരൂപീകരണത്തിന് മാർഗ്ഗനിർദേശ തത്വങ്ങൾ രൂപപ്പെടുത്തുന്ന നിലയിൽ ചർച്ച ചെയ്യാവുന്നതാണ്. രാജ്യങ്ങൾ തമ്മിലുള്ള നികുതി കരാറുകൾ അടിസ്ഥാനമാക്കി, പ്രത്യേകിച്ച് ഡിജിറ്റൽ നികുതിയുടെ കാര്യത്തിൽ മെച്ചപ്പെട്ട സാമ്പത്തിക ബന്ധങ്ങൾ സൃഷ്ടിക്കുക എന്നത് ഇതിന്റെ മർമ്മപ്രധാനമായ ലക്ഷ്യമാണ്.

■

(ശ്രീ അരുൺ പോൾ ഗിഫ്റ്റിലെ ഗവേഷണ വിദ്യാർത്ഥിയാണ്, ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസറാണ് ഡോ എൻ രാമലിംഗം)

## References


1 Agrawal, M. (2016). India at the Forefront in implementing BEPS-Related Measures: Equalization Levy in line with Action 1. *International transfer pricing journal.*

2 Anuj, K., Fayaz, F., & Kapoor, N. (2018). Impact of e-commerce in the Indian economy. *Journal of Business and Management,* 20(5), 59-71.

3 Bruce, M. R., Adebayo, F. A., Boateng, S., & Appiahene, P. (2022). Comparative Analysis of Taxation Techniques and Models Used in Digital Economy. *International Journal of Economics and Financial Issues,* 2(6), 22.

4 European Centre for International Political Economy (ECIPE)- *The Digital Trade Restrictiveness Index (DTRI)* Report. (2018).

5 Faulhaber, L. V. (2019). Taxing Tech: The Future of Digital Taxation. *Va. Tax Rev.,* 39, 145.

6 GENERAL AGREEMENT ON TRADE IN SERVICES 1995 - ARTICLE II, ARTICLE XVII.

7 Government of India, Ministry of Commerce & Industry. (2021). Rajya Sabha Unstarred Question No.1332, Equalization Revenue collection- Online Tax Accounting System.

8 Harpaz, A. (2021). Taxation of the Digital Economy: Adapting a Twentieth-Century Tax System to a Twenty-First-Century Economy. *Yale J. Int'l L., 46, 57.*

9 INDIA - USA Double Taxation Avoidance Agreement- TAX CONVENTION WITH THE REPUBLIC OF INDIA GENERAL EFFECTIVE DATE UNDER ARTICLE 30: 1 JANUARY 1991 - ARTICLE 5, ARTICLE 7, ARTICLE 26.

10 Indian Brand Equity Foundation E-commerce Estimates. (2019, 2022).

11 Internet Advertising Revenue Reports

12 JP Morgan E-commerce Report India. (2020).

13 Karnosh, K. E. (2020). The Application of International Tax Treaties to Digital Services Taxes. *Chi. J. Int'l L., 21,* 513.

14 Kofler, G., & Sinnig, J. (2019). Equalization taxes and the EU's 'digital services tax'. *Intertax,* 47(2).

15 Kumar & Aggarwal. (2020). International Taxation in the Digital Era. Oak Bridge., (Chapter 3).

16 Low, P. (2020). *Digital services taxes, trade, and development (No. 2020-07).* Working paper.

17 Agrawal, M. (2016). India at the Forefront in Implementing BEPS-Related Measures: Equalization Levy in Line with Action 1. International transfer pricing journal.

18 Mehra & Roy. (2020). International Taxation in the Digital Era. Oak Bridge., (Chapter 2)

19 Nadeem, S., & Saxena, A. (2018). The challenges of Taxing E-Commerce. *International Journal of Management Studies, 4(4),* 56.

20 Nafarrate, B. (2021). Combatting Base Erosion and Profit Shifting: Is A Digital Service Tax on Revenue the Right Path toward Equitable International Taxation? *Sw. J. Int'l L.,27,* 368.

21 Noonan, C., & Plekhanova, V. (2020). Taxation of digital services under trade agreements. *Journal of International Economic Law,* 23(4), 1015-1039.

22 Ntiamoah, J. A., & Asare, J. (2020). Original paper taxation of digital business transactions: Challenges and prospects for developing economies.

23 Oberoi, M., & De, D. (2021). Equalisation Levy in India: An Exploratory Study.

24 Organization for Economic Cooperation and Development Model Tax Convention on Income and Capital. (1977)

25 Organization for Economic Cooperation and Development Ottawa ministerial report., (1998).

26 Organization for Economic Cooperation and Development Digital Economy Report., (2015).

27 Organization for Economic Cooperation and Development. (2018). Tax Challenges Arising from Digitalisation -?Interim Report.

28 Organization for Economic Cooperation and Development Model Tax Convention on Income and Capital. (2019).

29 Organization for Economic Cooperation and Development Two-pillar framework report. (2021)

30 Organization for Economic Cooperation and Development DIGITAL TRADE RESTRICTEVENESS INDEX, 2022.

31 Sábo, J. (2020). Taxation of digital services from an international tax law perspective. *Financial Law Review,* (20 (4), 64-81.

32 Shome, P., & Shome, P. (2021). Taxation of Digital Economy. *Taxation History, Theory, Law and Administration,* 387-404.

33 Singh & Aggarwal. TAXATION OF DIGITAL ECONOMY IN INDIA THE WAY FORWARD Report., (2019) V I D H I Centre for Legal Policy.

34 Statement of India's Digital Economy Report. (2023).

35 Stephanie, S., & Patricia, C. (2019). Profitable giants like Amazon pay $0 in corporate taxes. Some voters are sick of it. *The New York Times. April 30,* 1.

36 Sood, R. (2023). TAXING THE DIGITAL ECONOMY: A WAY FORWARD. Bennett Journal of Legal Studies Vol.04(01), Feb 2023, pp. 120 - 130.

37 Telecom Regulatory Authority Annual Reports

38 The Center for Global Enterprise. (2016). The Rise of the Platform Enterprise: A Global Survey.

39 Union Government of India Memorandum to Finance Bill 2016, Finance Bill 2016, Finance Act 2016 Section 165.

40 Union Government of India Memorandum to Finance Bill 2018, Finance Bill 2018, Finance Act 2018.

41 Union Government of India, Finance Act 2020 Section 165A.

42 Union Finance Bill 2021.

43 United Nations Conference for Trade and Development Report. (2022).

**Acknowledgement**

Jerome Joseph, Research Scholar, Gulati Institute of Finance and Taxation.

കേരള ഇക്കോണമി
പുസ്തകം 4 ലക്കം 3
ജൂലൈ – സെപ്റ്റംബർ 2023



# ഇന്ധന പണപ്പെരുപ്പത്തിലെ ദേശീയ പ്രവണതയും കേരളവും

കിരൺകുമാർ കക്കർലാപുടി, ജോയൽ പി ജോസഫ്

പതിറ്റാണ്ടുകളായി ക്രൂഡ് ഓയിൽ വളരെ പ്രധാനപ്പെട്ട ഒരു ഊർജസ്രോതസും ആഗോള സാമ്പത്തിക വികസന രംഗത്ത് നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഒന്നുമാണ്. അതുകൊണ്ട് ക്രൂഡ് ഓയിലിന്റെ വിലയിൽ വരുന്ന മാറ്റം വിനിമയ നിരക്കുകൾ, മൂലധന വിപണി, വിദേശ വ്യാപാര രംഗത്തെ ബാലൻസ്, മൂലധന നിക്ഷേപം, ധനകാര്യ രംഗത്തെ സംതുലിതാവസ്ഥ, പലിശ നിരക്ക് എന്ന് തുടങ്ങി നിരവധി ഘടകങ്ങളുമായി ബന്ധപ്പെട്ട് സാമ്പത്തിക മേഖലയിൽ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് വഴി മരുന്നാകാറുണ്ട്. പണപ്പെരുപ്പ നിരക്കാണ് എണ്ണ വില കാര്യമായി സ്വാധീനം ചെലുത്തുന്ന ഒരു സാമ്പത്തിക സൂചകം. ക്രൂഡ് വിലയിലെ മാറ്റം കൊണ്ട് സംഭവിക്കുന്ന ആഘാതം നേരിട്ടും അല്ലാതെയും പ്രകടമാകാറുണ്ട്. ക്രൂഡ് ഓയിലുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾ കാര്യമായി ഉപയോഗിക്കുന്ന സമ്പദ്‌വ്യവസ്ഥകളിൽ പണപ്പെരുപ്പത്തെ അത് വല്ലാതെ സ്വാധീനിക്കുന്നതായി കാണാം. ഡിമാൻഡിന്റെ കാര്യത്തിലാണ് ഇത് കാര്യമായ സ്വാധീനം ചെലുത്തുന്നത്. ഇതിന്റെ പരോക്ഷമായ സ്വാധീനം കാണുന്നത് സപ്ലൈ സൈഡിലാണ്. ഉല്പാദനചക്രത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാകയാൽ എണ്ണ വിലയിലുണ്ടാകുന്ന വർധന ഉത്പാദനച്ചെലവ് ഉയർത്തുകയും അത് പണപ്പെരുപ്പം കൂട്ടുകയും ചെയ്യുന്നു. ഇതുകൂടാതെ എണ്ണ വിലവർധന ജനങ്ങളുടെ ക്രയശേഷിയിൽ കുറവുണ്ടാക്കുകയും കൂലി വർധനക്ക് വേണ്ടിയുള്ള മുറവിളി ഉയരുന്നതിനും ഇടയാക്കുന്നു. ഇത് കൂലി, വില വർധനയെന്ന വലയത്തിന് വഴി തുറക്കുകയും ഉല്പാദന ചെലവ് ഉയരുന്നത് മൂലമുള്ള പണപ്പെരുപ്പത്തിന് കാരണമാവുകയും ചെയ്യുന്നു.

ക്രൂഡ് ഓയിലിന്റെ ഇറക്കുമതിയെ കാര്യമായി ആശ്രയിക്കുന്ന രാജ്യങ്ങൾ അന്താരാഷ്ട്ര തലത്തിലുള്ള എണ്ണ വിലക്കയറ്റത്തിന്റെ ആഘാതത്തിന് വശംവദരാവുകയും അത് ആ രാജ്യങ്ങളുടെ ആഭ്യന്തര സാമ്പത്തിക മേഖലയിൽ ദോഷകരമായി പരിണമിക്കുകയും ചെയ്യുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. 209 ബില്യൺ യു. എസ് ഡോളറാണ് ഇന്ത്യയുടെ എണ്ണ ഇറക്കുമതി ചെലവ് (രേഖാചിത്രം –1)

***ക്രൂഡ് ഓയിലിന്റെ ഇറക്കുമതിയെ കാര്യമായി ആശ്രയിക്കുന്ന രാജ്യങ്ങൾ അന്താരാഷ്ട്രതലത്തിലുള്ള എണ്ണ വിലക്കയറ്റത്തിന്റെ ആഘാതത്തിന് വശംവദരാകാറുണ്ട്. അത് ആ രാജ്യങ്ങളുടെ ആഭ്യന്തര സാമ്പത്തിക മേഖലയിലേക്ക് ദോഷകരമായി പരിണമിക്കുകയും ചെയ്യുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ.***

**Figure 1:** Share of oil imports as % of total imports in India




*Source: Author's calculation based on the RBI data*

രേഖാചിത്രം ഒന്നിൽ നിന്നും വ്യക്തമാകുന്ന കാര്യം, ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ മൂന്നിലൊന്ന് ക്രൂഡ് ഓയിലാണ് എന്നാണ്. 2012–13 സാമ്പത്തിക വർഷം വരെ മൊത്തം ഇറക്കുമതിയിൽ എണ്ണയുടെ പങ്ക് തുടർച്ചയായി ഉയർന്നു വന്നു. പിന്നീട് ഇത് കുറയുന്ന പ്രവണതയാണ് കണ്ടത്. മഹാമാരി പടർന്നു പിടിച്ച വർഷത്തിൽ (2020–21) മൊത്തം ഇറക്കുമതിയിൽ ഓയിലിന്റെ പങ്ക് 20 ശതമാനമായി താഴ്ന്നു. സാമ്പത്തിക രംഗം ഒരു തിരിച്ചുവരവിന്റെ പാതയിലായതോടെ, മഹാമാരിക്ക് ശേഷം ഇത് 30 ശതമാനത്തോളം ഉയർന്നു. കോവിഡ് മഹാമാരിക്ക് മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതലാണ് ഇത്.

കോവിഡ് ഘട്ടത്തിലും അതിന് ശേഷവുമുള്ള ആഗോള സാമ്പത്തിക സ്ഥിതി എണ്ണ വിപണിയിൽ കാര്യമായ ചാഞ്ചാട്ടത്തിന് ഇടയാക്കിയിട്ടുണ്ട്. ഇതിനു പുറമെ റഷ്യ – യുക്രെയിൻ യുദ്ധം ഉണ്ടാക്കിയ സങ്കീർണ്ണമായ സ്ഥിതി ക്രൂഡ് ഓയിലിന്റെ വിതരണ ശ്രിംഖലയിൽ തകരാറുകൾക്ക് വഴി വയ്ക്കുകയും അത് വിലയിലെ ചാഞ്ചാട്ടത്തെ ഉത്തുംഗാവസ്ഥയിലേക്ക് എത്തിക്കുകയും ചെയ്തു (ഐ എം എഫ്, 2022). 2022–23 സാമ്പത്തിക വർഷത്തിൽ ക്രൂഡ് ഓയിൽ വിലയിലെ മാറ്റം മൂലമുണ്ടായ പണപ്പെരുപ്പമാണ് രണ്ടാമത്തെ രേഖാചിത്രത്തിലുള്ളത്. യൂറോപ്യൻ യൂണിയൻ റഷ്യയിൽ നിന്നുള്ള എണ്ണയുടെ വിലയ്ക്ക് പരമാവധി പരിധി നിർണ്ണയിച്ചപ്പോൾ 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ വിലയിടിവ് പ്രകടമാവുകയുണ്ടായി. ഇതോടൊപ്പം എണ്ണ ഉല്പാദനത്തിൽ കുറവ് വരുത്തേണ്ട

***2022 ഏപ്രിൽ മാസത്തിലെ ഉയർന്ന ഇന്ധന വില 2022-23ലെ ബജറ്റിൽ പ്രതിഫലിക്കുകയുണ്ടായി. മണ്ണെണ്ണ, പാചക വാതകം എന്നിവയുടെ സബ്സിഡിയിൽ കുറവ് വരുത്തുന്നതിന് ബജറ്റിൽ നിർദ്ദേശമുണ്ടായി.***

***ഇന്ത്യയിൽ ഡീസൽ വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഏറ്റവും കുറഞ്ഞ തോതിലാണ്. അതായത് ആഗോള എണ്ണ വിലയ്ക്കൊപ്പം മിതമായ നിലയിലാണ് ഇന്ത്യയിലെ ഇന്ധന വില നീങ്ങുന്നത് എന്നർത്ഥം.***

തില്ലെന്ന ഒപെക് പ്ലസ് രാജ്യങ്ങളുടെ തീരുമാനവും ഇതിനെ സ്വാധീനിക്കുകയുണ്ടായി. അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിൽ നിന്നുള്ള വരവ് കൂടിയതും എണ്ണ വിപണിയിൽ വിലയിടിവിന് നിദാനമായി.

എന്നാൽ 2023 ഏപ്രിലിൽ വില വീണ്ടും കുതിച്ചുയരാൻ തുടങ്ങി. ഒപെക് പ്ലസ് രാജ്യങ്ങൾ എണ്ണയുടെ ഉത്പാദനം അപ്രതീക്ഷിതമായി കുറച്ചതാണ് ഇതിന് കാരണം. ഇതോടൊപ്പം വികസിത രാജ്യങ്ങളിൽ സാമ്പത്തിക മാന്ദ്യത്തിനുള്ള സാധ്യത ശക്തമായത് വിലയിൽ ഇടിവ് ഉണ്ടാകുന്നതിന് കാരണമായി. എന്നാൽ ഒപെക് പ്ലസ് രാജ്യങ്ങൾ ഉത്പാദനം വെട്ടിച്ചുരുക്കുക എന്ന മുൻതീരുമാനം തുടർന്നത് ക്രൂഡ് വിലയിൽ മുന്നേറ്റത്തിന് കാരണമായി (ആർ ബി ഐ ബുള്ളറ്റിൻ, സ്റ്റേറ്റ് ഓഫ് ദി ഇക്കണോമി) (രേഖാചിത്രം –2).

ഈ പശ്ചാത്തലത്തിൽ ഇന്ത്യൻ വിപണിയിലെ ഇന്ധന വില അവലോകനം ചെയ്യുകയാണ് ഈ ലേഖനം. സാമൂഹ്യ പെൻഷൻ നൽകുന്നതിനായി കേരളത്തിൽ പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തുകയുണ്ടായി. ഈ ലേഖനത്തിൽ കേരളത്തിലെ വിലയിലെ പ്രവണത മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യം ചെയ്യുന്നുമുണ്ട്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ (എം ഒ എസ് പി ഐ) ഉപഭോക്തൃ വില സൂചികയിലെ വിവരങ്ങളാണ് (2012 സീരീസ്) പഠനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. ഫ്രെഡ് ഡേറ്റ സ്രോതസിൽ നിന്നാണ് എണ്ണയുടെ ആഗോള

**Figure 2:** Brent crude inflation (2022-23)




*Source: FRED Database*

***2023 ഏപ്രിൽ മുതൽ ഇന്ത്യയിൽ പ്രതിമാസ പണപ്പെരുപ്പ നിരക്ക് കുറയുന്ന പ്രവണതയാണ് കാഴ്ച വച്ചത്. 2022 ഏപ്രിൽ മുതൽക്കുള്ള ബേസ് ഇഫക്ടിന്റെ പ്രതിഫലനമാണ് ഇതിന് പ്രധാന കാരണം.***

വില സംബന്ധിച്ച വിവരങ്ങൾ എടുത്തിരിക്കുന്നത് (ബാരൽ വില ഡോളർ നിരക്കിൽ ). ഇതിനു പുറമെ കേരളത്തിലെ വിലനിലവാരം പ്രത്യേകം എടുത്തിട്ടുണ്ട് . കാരണം, 2023–24 സാമ്പത്തിക വർഷം മുതൽ കേരളം ഡീസലിനും പെട്രോളിനും സാമൂഹ്യ സുരക്ഷാ സെസ്സ് പിരിക്കാൻ തുടങ്ങി.

**ഊർജ്ജ പണപ്പെരുപ്പം ഇന്ത്യയിൽ**

9 ഉത്പന്നങ്ങൾ ഉൾപ്പെടുന്നതാണ് ഊർജം, ലൈറ്റ് എന്ന ബാസ്കറ്റിലെ പണപ്പെരുപ്പം. വൈദ്യുതി, വിറക്, പാചക വാതകം തുടങ്ങിയ ഉത്പന്നങ്ങളാണ് ഈ വിഭാഗത്തിൽ നിന്ന് വിലയിൽ 82 ശതമാനം സ്വാധീനം ചെലുത്തുന്നത്. ഇതിലെ വിവിധ ഉത്പന്നങ്ങളുടെ സംഭാവനയെ കുറിച്ച് പട്ടിക ഒന്നിൽ കാണാം. 2023 ഏപ്രിൽ മാസം മുതൽ പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെയും പാചക വാതകത്തിന്റെയും വില തുടർച്ചയായി കുറയുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. ബേസ് ഇഫക്ടാണ് ഇതിന് പ്രധാന കാരണം. 2022 ഏപ്രിൽ മുതൽ വലിയ തോതിൽ വില ഉയർന്ന ഉല്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇത് പ്രകടമാകുന്നത്. 2022 ഏപ്രിൽ മാസത്തിലെ ഉയർന്ന മൂല്യം 2022–23ലെ ബജറ്റിൽ പ്രതിഫലിക്കുകയുണ്ടായി. മണ്ണെണ്ണ, പാചക വാതകം എന്നിവയുടെ സബ്സിഡിയിൽ കുറവ് വരുത്തുന്നതിന് ബജറ്റിൽ നിർദ്ദേശമുണ്ടായി. 2022–23ലെ ബജറ്റിൽ മണ്ണെണ്ണ സബ്സിഡി പൂർണ്ണമായും ഒഴിവാക്കിയപ്പോൾ പാചകവാതകത്തിന്റേത് 11 ശതമാനം കണ്ട് കുറയ്ക്കുകയും ചെയ്തു. ഇതിനു പുറമെ ഡീസൽ, കൽക്കരി, വിറക് തുടങ്ങിയവയുടെ വിലയിൽ ഉണ്ടായ ഇടിവും 2023 ഏപ്രിൽ മുതൽക്ക് ഇന്ധനം,

**Figure 3:** Fuel & Light inflation in India




*Source: MoSPI*

ലൈറ്റ് വിഭാഗത്തിലെ പണപ്പെരുപ്പം കുറയുന്നതിന് സഹായകമായി (രേഖാചിത്രം –3).

2022 ഒക്ടോബർ മാസം മുതൽ 2023 സെപ്റ്റംബർ വരെയുള്ള ഇന്ധനം, ലൈറ്റ് എന്നിവയുടെ പണപ്പെരുപ്പമാണ് രേഖാചിത്രം മൂന്നിൽ നൽകിയിരിക്കുന്നത്. ഗ്രാമീണ, നഗര മേഖലകളിലെ പണപ്പെരുപ്പം പ്രത്യേകമായും രണ്ടു മേഖലകളിലെയും ഒരുമിച്ചുള്ളതും ഇതിൽ കാണാം. ഇതിൽ നിന്നും വ്യക്തമാകുന്നത് 2023 ഏപ്രിൽ മാസം വരെ സമ്മിശ്രമായ ഒരു പ്രതികരണമാണ് കാണുന്നത് എന്നാണ്. എന്നാൽ പിന്നീട് ഇത് തുടർച്ചയായി ഇടിയുകയും ചെയ്യുന്നു. ഇന്ത്യയിലെ ഈ ബാസ്കറ്റിലെ പണപ്പെരുപ്പവും ആഗോള ക്രൂഡ് ഓയിൽ വിലയും തമ്മിൽ എങ്ങനെ പൊരുത്തപ്പെടുന്നു എന്ന് മനസിലാക്കുന്നത് ഉചിതമാണ്. എന്നാൽ നേരിട്ടുള്ള ഒരു താരതമ്യം അത്ര സത്യസന്ധമാകണമെന്നില്ല. ഉപഭോക്തൃ വില സൂചികയെ സ്വാധീനിക്കുന്ന പല ഉത്പന്ന ശ്രേണികളുമുണ്ട്. അവയ്ക്ക് പലതിനും ബ്രെന്റ് ക്രൂഡ് വിലയുമായി നേരിട്ടുള്ള ബന്ധമില്ല. ഡീസൽ വിലയിലെ പണപ്പെരുപ്പം ആഗോള എണ്ണ വിലയുമായി താരതമ്യം ചെയ്ത് പരിശോധിക്കുമ്പോൾ ഇന്ധന, ലൈറ്റ് ബാസ്കറ്റിലെ വിവിധ സബ് ഗ്രൂപ്പുകളുടെ സ്വാധീനം കാണാവുന്നതാണ്. പട്ടിക ഒന്നിൽ കാണുന്നത് പോലെ ഇന്ത്യയിൽ ഡീസൽ വിലയിലെ പണപ്പെരുപ്പം ഏറ്റവും കുറഞ്ഞ തോതിലാണ്. അതായത് ആഗോള എണ്ണ വിലയ്ക്കൊപ്പം മിതമായ നിലയിലാണ് ഇന്ത്യയിലെ ഇന്ധന വില നീങ്ങുന്നത് എന്നർത്ഥം (പട്ടിക –1).

ഇന്ധനം, ലൈറ്റ് പണപ്പെരുപ്പവും സബ്സിഡിയിൽ കുറവ് വരുത്തിയതും തമ്മിൽ നേരിട്ട്

**Table 1:** Fuel and light inflation (component wise) October 2022 - September 2023

| *Fuel and Light -Combined* | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ***States*** | ***Month*** | | | | | | | | | | | |
| | ***Oct*** | ***Nov*** | ***Dec*** | ***Jan*** | ***Feb*** | ***Mar*** | ***Apr*** | ***May*** | ***Jun*** | ***Jul*** | ***Aug*** | ***Sep*** |
| ***Andhra Pradesh*** | 17.38 | 17.39 | 17.56 | 18.36 | 17.91 | 19.00 | 8.09 | 6.47 | 5.82 | 4.02 | 2.53 | -4.03 |
| ***Karnataka*** | 5.83 | 5.59 | 5.88 | 5.74 | 9.09 | 10.62 | 9.79 | 8.65 | 7.83 | 12.09 | 11.46 | 5.41 |
| ***Kerala*** | 13.29 | 12.01 | 12.53 | 12.29 | 11.94 | 13.34 | 12.74 | 10.11 | 9.08 | 7.22 | 7.11 | 0.52 |
| ***Tamil Nadu*** | 20.51 | 20.63 | 20.63 | 20.49 | 20.13 | 22.00 | 20.39 | 17.97 | 17.01 | 15.24 | 14.56 | -1.76 |
| ***Telangana*** | 16.96 | 17.11 | 17.31 | 17.86 | 17.69 | 18.96 | 6.89 | 4.29 | 4.59 | 2.51 | 2.46 | -4.39 |
| ***Maharashtra*** | 15.14 | 12.35 | 12.06 | 11.12 | 8.92 | 6.84 | 0.26 | 4.10 | 3.57 | -1.03 | 2.63 | 0.66 |
| ***Gujarat*** | 4.20 | 4.94 | 5.47 | 4.77 | 5.22 | 5.53 | 7.34 | 6.63 | 6.13 | 5.55 | 5.48 | 2.60 |
| ***Rajasthan*** | -14.97 | -14.55 | -14.67 | -14.33 | -14.39 | -14.18 | 1.16 | -2.25 | 4.34 | 29.32 | 29.50 | 24.59 |
| ***Madhya Pradesh*** | 15.28 | 13.15 | 13.57 | 14.86 | 11.80 | -6.31 | -11.72 | -12.80 | -14.32 | -15.20 | -15.82 | -18.68 |
| ***Uttar Pradesh*** | 6.25 | 6.65 | 6.54 | 7.21 | 6.99 | 7.58 | 6.00 | 5.51 | 5.31 | 4.68 | 4.71 | 1.03 |
| ***All India*** | 9.93 | 10.62 | 10.91 | 10.84 | 9.90 | 8.79 | 5.52 | 4.70 | 3.92 | 3.67 | 4.31 | -0.11 |

*Source: Authors Calculations using MoSPI data*

***ഇന്ധന, ലൈറ്റ് വിഭാഗത്തിലെ ദേശീയതലത്തിലെ പണപ്പെരുപ്പം പരിശോധിക്കുമ്പോൾ കേരളം ശ്രദ്ധാകേന്ദ്രമാവുകയാണ്. 2023 ഏപ്രിൽ 1 മുതൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടു രൂപ സെസ്സ് ചുമത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനമാണ് ഇതിന് പിന്നിൽ.***

ബന്ധമുണ്ടെന്ന് രേഖാചിത്രം നാലിൽ നിന്നും വ്യക്തമാണ്. ഈ ഉത്പന്ന വിഭാഗം മൂലമുള്ള പണപ്പെരുപ്പത്തിന്റെ തോത് 2022 മാർച്ച് മാസത്തിൽ 7.52 ശതമാനമെന്നത് ഏപ്രിലിൽ 10.67 ശതമാനമായി ഉയർന്നു. എൽ പി ജി, മണ്ണെണ്ണ എന്നിവയുടെ സബ്സിഡി കുറച്ചതാണ് ഇതിന് പ്രധാന കാരണം. ഈ പണപ്പെരുപ്പ നിരക്ക് പിന്നീട് പഴയ തോതിലേക്ക് തിരിച്ചെത്തുകയുണ്ടായില്ല. 2023 ഏപ്രിൽ മുതൽ പ്രതിമാസ പണപ്പെരുപ്പ നിരക്ക് കുറയുന്ന പ്രവണതയാണ് കാഴ്ച വച്ചത്. 2022 ഏപ്രിൽ മുതൽക്കുള്ള ബേസ് എഫക്ടിന്റെ പ്രതിഫലനമാണ് ഇതിന് പ്രധാന കാരണം (രേഖാചിത്രം – 4).

**സംസ്ഥാനതല വിശകലനം**

ഈ ഉത്പന്ന വിഭാഗത്തിലെ വിവിധ സാധനങ്ങളെ കുറച്ചു കൂടി ആഴത്തിൽ പരിശോധിച്ചാൽ മാത്രമേ സംസ്ഥാനതലത്തിലുള്ള പണപ്പെരുപ്പത്തിന്റെ ട്രെൻഡ് വിലയിരുത്താൻ കഴിയൂ. ഇത് സംബന്ധിച്ച ഒരു ചിത്രം പട്ടിക രണ്ടിൽ നിന്നും ലഭ്യമാണ്. ഇത് കാണിക്കുന്നത് 2023 മാർച്ച് മാസം വരെ പ്രധാന സംസ്ഥാനങ്ങളെല്ലാം ചാഞ്ചാട്ടം പ്രകടമാക്കുന്നു എന്നാണ്. എന്നാൽ അതിനു ശേഷം കർണ്ണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാന

**Figure 4:** All India fuel & light inflation (January - October 2022)




*Source: MoSPI*

ങ്ങളിൽ ദേശീയതലത്തിന് സമാനമായി കുറയുന്ന പ്രവണതയാണ് പ്രകടമാക്കിയത്. ബേസ് ഇഫക്ടിന്റെ പ്രതിഫലനമാണ് ഇത് കാണിക്കുന്നത് (പട്ടിക 2)

**കേരളത്തിന്റെ സ്ഥിതി**

ഇന്ധന, ലൈറ്റ് വിഭാഗത്തിലെ ദേശീയതലത്തിലെ പണപ്പെരുപ്പം പരിശോധിക്കുമ്പോൾ കേരളം ശ്രദ്ധാ കേന്ദ്രമാവുകയാണ്. 2023 ഏപ്രിൽ 1 മുതൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ടു രൂപ സെസ്സ് ചുമത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനമാണ് ഇതിന് പിന്നിൽ. ഇന്ധന, വൈദ്യുതി നിരക്കുകളുടെ കാര്യത്തിൽ കേരളത്തിലെ പണപ്പെരുപ്പ നിരക്ക് പരിശോധിക്കുന്നത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്. പ്രത്യേകിച്ച്, ദേശീയ തലത്തിൽ ഇന്ധന ചെലവുകൾ കുറയുമ്പോൾ.

2022 ഒക്ടോബർ മുതൽ 2023 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഇന്ധന പണപ്പെരുപ്പത്തിന്റെ തോത് പട്ടിക മൂന്നിൽ കാണാം. ഗ്രാമീണ, നഗര മേഖലകളിലേത് ഇനം തിരിച്ചും മൊത്തത്തിലുള്ളതും ഇതിൽ കാണാം. 2023 ഏപ്രിൽ മുതൽ പണപ്പെരുപ്പ നിരക്കിൽ ഈ സംസ്ഥാനങ്ങളിൽ കുറവ് വരുന്നതായി ഇതിൽ നിന്നും വ്യക്തമാണ്. കർണ്ണാടകയിലെ ഗ്രാമീണ മേഖല മാത്രമാണ് വ്യത്യസ്തമായ ഒരു ചിത്രം കാഴ്ച വച്ചത്. 2022–23 സാമ്പത്തിക വർഷത്തെ ബജറ്റിൽ സബ്സിഡി കുറച്ചത് ഈ ഇടിവിനെ സ്വാധീനിച്ചതായി

**Table 2:** Subnational Fuel and light inflation rates (October 2022 - September 2023)

| *Fuel and Light -Combined* | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ***States*** | ***Month*** | | | | | | | | | | | |
| | ***Oct*** | ***Nov*** | ***Dec*** | ***Jan*** | ***Feb*** | ***Mar*** | ***Apr*** | ***May*** | ***Jun*** | ***Jul*** | ***Aug*** | ***Sep*** |
| ***Andhra Pradesh*** | 17.38 | 17.39 | 17.56 | 18.36 | 17.91 | 19.00 | 8.09 | 6.47 | 5.82 | 4.02 | 2.53 | -4.03 |
| ***Karnataka*** | 5.83 | 5.59 | 5.88 | 5.74 | 9.09 | 10.62 | 9.79 | 8.65 | 7.83 | 12.09 | 11.46 | 5.41 |
| ***Kerala*** | 13.29 | 12.01 | 12.53 | 12.29 | 11.94 | 13.34 | 12.74 | 10.11 | 9.08 | 7.22 | 7.11 | 0.52 |
| ***Tamil Nadu*** | 20.51 | 20.63 | 20.63 | 20.49 | 20.13 | 22.00 | 20.39 | 17.97 | 17.01 | 15.24 | 14.56 | -1.76 |
| ***Telangana*** | 16.96 | 17.11 | 17.31 | 17.86 | 17.69 | 18.96 | 6.89 | 4.29 | 4.59 | 2.51 | 2.46 | -4.39 |
| ***Maharashtra*** | 15.14 | 12.35 | 12.06 | 11.12 | 8.92 | 6.84 | 0.26 | 4.10 | 3.57 | -1.03 | 2.63 | 0.66 |
| ***Gujarat*** | 4.20 | 4.94 | 5.47 | 4.77 | 5.22 | 5.53 | 7.34 | 6.63 | 6.13 | 5.55 | 5.48 | 2.60 |
| ***Rajasthan*** | -14.97 | -14.55 | -14.67 | -14.33 | -14.39 | -14.18 | 1.16 | -2.25 | 4.34 | 29.32 | 29.50 | 24.59 |
| ***Madhya Pradesh*** | 15.28 | 13.15 | 13.57 | 14.86 | 11.80 | -6.31 | -11.72 | -12.80 | -14.32 | -15.20 | -15.82 | -18.68 |
| ***Uttar Pradesh*** | 6.25 | 6.65 | 6.54 | 7.21 | 6.99 | 7.58 | 6.00 | 5.51 | 5.31 | 4.68 | 4.71 | 1.03 |
| ***All India*** | 9.93 | 10.62 | 10.91 | 10.84 | 9.90 | 8.79 | 5.52 | 4.70 | 3.92 | 3.67 | 4.31 | -0.11 |

*Source: MoSPI*

അനുമാനിക്കാൻ കഴിയും. ബേസ് ഇഫക്ടിന്റെ സ്വാധീനമാണ് ഇത് പ്രകടമാക്കുന്നത്. അഞ്ചാം രേഖാചിത്രം പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാകുന്നതാണ് (പട്ടിക 3).

ഇന്ധന വില ഉയർന്നിട്ടും 2023 ഏപ്രിൽ മാസത്തിൽ കേരളത്തിൽ ഇന്ധന പണപ്പെരുപ്പം കുറയാൻ കാരണം പ്രതിമാസ നിരക്ക് തയാറാക്കുന്ന നിലവിലെ രീതിയാണ്. 2022 ഏപ്രിൽ മാസമാണ് ഇതിനായി സൂചകമായി എടുക്കുന്നത്. അതാകുമ്പോൾ 2022 ഏപ്രിൽ മാസത്തിലെ ഉയർന്ന പണപ്പെരുപ്പ നിരക്ക് ബേസ് ഇഫക്ടിന്റെ പ്രതിഫലനത്തിന് കാരണമാകുന്നു.

ഇന്ധന വിലക്കയറ്റത്തിന്റെ ആഘാതവും ബേസ് ഇഫക്ടിന്റെ പ്രതിഫലനവും പട്ടിക മൂന്നിൽ നിന്നും വ്യക്തമാകും. ബേസ് ഇഫക്ട് നിർണ്ണായകമായിട്ടും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കുറവ് വിലയിടിവ് രേഖപ്പെടുത്തിയിരിക്കുന്നത് കേരളത്തിലാണ്. ഏപ്രിൽ മാസത്തിൽ മാർച്ച് മാസത്തെ അപേക്ഷിച്ച് 0.6 ശതമാനം മാത്രമാണ് ഇടിവ്. എന്നാൽ

**Table 3:** Fuel & light inflation rates October 2022 to September 2023

| States | Oct | Nov | Dec | Jan | Feb | Mar | Apr | May | Jun | Jul | Aug | Sep |
|---|---|---|---|---|---|---|---|---|---|---|---|---|
| *Fuel and Light -Rural* | | | | | | | | | | | | |
| Andhra Pradesh | 18.08 | 18.22 | 18.78 | 19.85 | 19.15 | 19.70 | 7.55 | 6.32 | 5.85 | 4.39 | 2.36 | -2.14 |
| Karnataka | 4.45 | 4.26 | 4.89 | 4.17 | 8.54 | 9.56 | 10.29 | 9.84 | 5.59 | 13.46 | 12.59 | 9.27 |
| Kerala | 14.06 | 12.98 | 12.43 | 12.87 | 12.98 | 14.29 | 13.95 | 10.99 | 9.79 | 8.07 | 7.99 | 1.72 |
| Tamil Nadu | 17.67 | 18.16 | 17.26 | 17.04 | 16.68 | 18.26 | 17.52 | 15.56 | 15.03 | 13.42 | 12.36 | 0.16 |
| Telangana | 14.70 | 15.19 | 15.52 | 16.52 | 16.12 | 16.97 | 5.87 | 3.13 | 4.05 | 2.11 | 3.01 | -1.53 |
| All India | 9.24 | 10.04 | 10.39 | 10.49 | 9.32 | 7.40 | 4.73 | 4.11 | 2.89 | 3.29 | 3.80 | 1.06 |
| *Fuel and Light – Urban* | | | | | | | | | | | | |
| Andhra Pradesh | 15.94 | 15.70 | 15.36 | 15.40 | 15.49 | 17.77 | 9.11 | 6.65 | 5.72 | 3.33 | 2.81 | -7.79 |
| Karnataka | 7.37 | 6.97 | 6.96 | 7.41 | 9.71 | 11.71 | 9.27 | 7.41 | 10.15 | 10.70 | 10.27 | 1.54 |
| Kerala | 11.62 | 9.98 | 12.84 | 11.01 | 9.83 | 11.30 | 10.18 | 8.26 | 7.68 | 5.30 | 5.16 | -1.88 |
| Tamil Nadu | 23.01 | 22.85 | 23.55 | 23.55 | 23.19 | 25.17 | 22.86 | 20.16 | 18.67 | 16.76 | 16.44 | -3.39 |
| Telangana | 19.59 | 19.35 | 19.43 | 19.34 | 19.49 | 21.33 | 8.08 | 5.56 | 5.15 | 2.88 | 1.93 | -7.67 |
| All India | 10.97 | 11.57 | 11.69 | 11.45 | 10.86 | 11 | 6.80 | 5.71 | 5.60 | 4.40 | 5.04 | -2.06 |
| *Fuel and Light – Combined* | | | | | | | | | | | | |
| Andhra Pradesh | 17.38 | 17.39 | 17.56 | 18.36 | 17.91 | 19.00 | 8.09 | 6.47 | 5.82 | 4.02 | 2.53 | -4.03 |
| Karnataka | 5.83 | 5.59 | 5.88 | 5.74 | 9.09 | 10.62 | 9.79 | 8.65 | 7.83 | 12.09 | 11.46 | 5.41 |
| Kerala | 13.29 | 12.01 | 12.53 | 12.29 | 11.94 | 13.34 | 12.74 | 10.11 | 9.08 | 7.22 | 7.11 | 0.52 |
| Tamil Nadu | 20.51 | 20.63 | 20.63 | 20.49 | 20.13 | 22.00 | 20.39 | 17.97 | 17.01 | 15.24 | 14.56 | -1.76 |
| Telangana | 16.96 | 17.11 | 17.31 | 17.86 | 17.69 | 18.96 | 6.89 | 4.29 | 4.59 | 2.51 | 2.46 | -4.39 |
| All India | 9.93 | 10.62 | 10.91 | 10.84 | 9.90 | 8.79 | 5.52 | 4.70 | 3.92 | 3.67 | 4.31 | -0.11 |

*Source: MoSPI*

**ഇന്ധന വിലയിൽ ദേശീയതലത്തിൽ പ്രകടമായ ഇടിവ് ഏറ്റവും കുറഞ്ഞ തോതിൽ കേരളത്തിൽ അനുഭവവേദ്യമാകാൻ കാരണം സെസ്സ് മൂലമുണ്ടായ വില വർധനയാണെന്ന് വിലയിരുത്തേണ്ടി വരും.**

ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ യഥാക്രമം 10.9 ശതമാനം, 0.83 ശതമാനം, 1.61 ശതമാനം, 12.07 ശതമാനം വീതം ഇടിവ് രേഖപ്പെടുത്തുകയുണ്ടായി. ഏറ്റവും കുറവ് വിലയിടിവ് രേഖപ്പെടുത്തിയത് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാണ്. 2022 ഏപ്രിൽ മാസത്തിൽ സബ്സിഡിയിൽ കുറവുണ്ടായിട്ടും കാര്യമായ വിലക്കയറ്റം ഇന്ധന വിലയുടെ കാര്യത്തിൽ ഈ സംസ്ഥാനങ്ങളിൽ പ്രകടമായില്ല. കർണാടകത്തിലും തമിഴ്നാട്ടിലും യഥാക്രമം 1.53 ശതമാനവും 1.86 ശതമാനവും വീതമാണ് വിലയിൽ മാറ്റമുണ്ടായത്. ആന്ധ്രപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ ഉണ്ടായ വർധന യഥാക്രമം 10.28 ശതമാനവും 12.09 ശതമാനവും വീതമായിരുന്നു. ഇത് 2023 മാർച്ചിനെ അപേക്ഷിച്ച് ഏപ്രിലിൽ ഈ സംസ്ഥാനങ്ങളിൽ ഉയർന്ന തോതിലുള്ള വിലയിടിവിനും കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കുറഞ്ഞ തോതിലുള്ള വിലയിടിവിനും കാരണമായി (രേഖാചിത്രം 5).

തുടർന്നുള്ള മാസങ്ങളിൽ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ഇന്ധന പണപ്പെരുപ്പത്തിന്റെ കരുത്ത് കൂടുതൽ പ്രകടമാണ്. കർണാടകത്തിന് ഏറെക്കുറെ സമാനമായ രീതിയിൽ 2023 ആഗസ്റ്റ് മാസം വരെ വിലയിൽ ഏറ്റവും കുറവ് പ്രകടമാക്കിയത് കേരളത്തിലാണെന്ന് കാണാം. ഇന്ധന വില ഉയർന്നതാണ് ഇതിന് കാരണം. 2023 മാർച്ചിനെ അപേക്ഷിച്ച് മെയ് മാസത്തിൽ കേരളം

**Figure 5:** Fuel and light inflation rate in Kerala, January to October 2022 in %




*Source: MoSPI*

3.32 ശതമാനം ഇടിവ് പ്രകടമാക്കി. ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ യഥാക്രമം 12.3 ശതമാനം, 1.65 ശതമാനം, 4.03 ശതമാനം, 14.67 ശതമാനം വീതവും ഇടിവ് രേഖപ്പെടുത്തി. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും സമാനമായ ചിത്രമാണ് കണ്ടത്.

2023 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ കേരളത്തിലെ പണപ്പെരുപ്പത്തിന്റെ ശരാശരി ഇടിവ് 4 ശതമാനമാണ്. ആന്ധ്ര, തമിഴ് നാട്, തെലങ്കാന, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് യഥാക്രമം 13.6, 4.9, 14.8, 0.65 ശതമാനം വീതമാണ്. അഖിലേന്ത്യാതലത്തിലെ ശരാശരി ഇടിവ് 4.36 ശതമാനവുമാണ്. കേരളത്തിൽ ഇന്ധന വിലയിൽ വരുത്തിയ വർധനയുടെ നിർണ്ണായകമായ ആഘാതമാണ് ഈ കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ ഈ സാഹ ചര്യത്തിലും കേരളത്തിൽ പണപ്പെരുപ്പം കുറയുന്നതിനുണ്ടായ പ്രധാന കാരണം ബേസ് ഇഫക്ടാണ്. എന്നിരുന്നാലും കേരളത്തിലെ ഇന്ധന വിലയെ ആധാരമാക്കിയുള്ള പണപ്പെരുപ്പത്തിന്റെ തോത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാകാൻ കാരണം ഇന്ധന വിലയിൽ ഏർപ്പെടുത്തിയ സെസ്സ് മൂലമുള്ള വിലക്കയറ്റമാണെന്ന് വിലയിരുത്തേണ്ടി വരും.

**ഉപസംഹാരം**

ആഗോള എണ്ണവിലക്കയറ്റം ഇന്ത്യയിലെ ഇന്ധന വിലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോ എന്നതിന്റെ ഒരു അന്വേഷണമാണ് ഈ പഠനം. ഇത് കേരളമടക്കമുള്ള സംസ്ഥാനങ്ങളെ എങ്ങനെ സ്വാധീനിച്ചു എന്നതും പഠനത്തിന്റെ ലക്ഷ്യമാണ്. ഇന്ത്യയിലെ ഇന്ധന വില ആഗോള ക്രൂഡ് വിലയെ പിന്തുടരുന്നു എന്നാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്. 2023 ഏപ്രിൽ മുതൽ കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ഇന്ധന വിലയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം കുറയുന്നതായി കണ്ടെത്താൻ കഴിഞ്ഞു. ബേസ് ഇഫക്ടാണ് ഇതിന് ഒരു പ്രധാന കാരണമെന്നും കണ്ടെത്തുകയുണ്ടായി. 2022 ഏപ്രിൽ മാസം മുതൽ ഇത് ശ്രദ്ധേയമാണ്. 2022 ഏപ്രിൽ മാസത്തിൽ തുടക്കം കുറിച്ച എൽ പി ജി, മണ്ണെണ്ണ എന്നിവയുടെ സബ്സിഡി കുറയ്ക്കലാണ് ഇതിന് പ്രധാനമായ കാരണം. സമാനമായ ഒരു ചിത്രമാണ് കേരളത്തിലും കാണാൻ കഴിഞ്ഞത്. 2023 ഏപ്രിൽ മുതൽ ഇത് കുറയുന്ന പ്രവണതയാണ് കാണിച്ചത്. ഉയരുന്ന ഇന്ധന വിലയുടെ സമ്മർദത്തെ മറി കടക്കാൻ ബേസ് ഇഫക്ടിന് കഴിഞ്ഞതാണ് ഇതിന് നിദാനം. കേരളത്തിലെ ഇന്ധന വിലയുമായി ബന്ധപ്പെട്ട പണപ്പെരുപ്പത്തെ ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളേക്കാൾ സ്വാധീന ത്തിലാണ് കുറയുന്നത് എന്ന് വ്യക്തമാകുന്നുണ്ട് . സെസ്സ് ഏർപ്പെടുത്തുക വഴി ഇന്ധന വിലയിൽ ഉണ്ടായ വർധനയാണ് ഇതിന് കാരണം.

പഠനത്തിൽ നിന്നും വ്യക്തമാകുന്ന ഒരു പ്രധാന കാര്യം കേരളം ഇന്ധന വിലയിൽ വരുത്തിയ വർധന പണപ്പെരുപ്പത്തെ പ്രകടമായി സ്വാധീനി ച്ചിട്ടില്ല എന്നാണ്. 2023 ഏപ്രിൽ മുതൽ കേരളത്തിലും മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളിലും കാണുന്ന പണപ്പെരുപ്പം കുറയുന്ന പ്രവണതക്ക് പിന്നിലെ പ്രധാന കാരണം ബേസ് ഇഫക്ടാണ്. എന്നാൽ കേരളത്തിൽ ഇന്ധന വിലയെ ആസ്പദമാക്കിയുള്ള പണപ്പെരുപ്പത്തിൽ താരതമ്യേന നേരിയ തോതിലുള്ള കുറവാണ് പ്രകടമായത്. ഇന്ധന വിലയിൽ വരുത്തിയ വർധനവാണ് ഇതിന് കാരണം. ഇത് ഇക്കാര്യത്തിൽ ഏറെ നിർണ്ണായക ഘടകമായി മാറിയ ബേസ് ഇഫക്ടിനെ ഒരു പരിധി വരെ നിരാകരിക്കുന്നു എന്നതാണ് അടിസ്ഥാന പ്രശ്നം.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രഫസറാണ് കിരൺകുമാർ കക്കർലാപുടി. ഗവേഷക വിദ്യാർത്ഥിയാണ് ജോയൽ പി. ജോസഫ്)

## References

1 https://www.reuters.com/world/india/russia-makes-up-40-indian-oil-imports-dents-opecs-share-2023-10-20/

2 https://www.rbi.org.in/Scripts/Publications.aspx?publication=Monthly

3 https://prsindia.org/budgets/parliament/demand-for-grants-2022-23-analysis-petroleum-and-natural-gas

4 https://cpi.mospi.gov.in/Inflation_CurrentSeries_2012.aspx

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയും സർക്കാരിന്റെ ചെലവഴിക്കലും : സംസ്ഥാന ബജറ്റുകളുടെ അവലോകനം

ഷിംനമോൾ എം, ക്രിസ്റ്റബെൽ പി. ജെ

വൈജ്ഞാനിക സമ്പത്ത്‌വ്യസ്ഥ എന്നത് സാങ്കേതിക വിദ്യയും മനുഷ്യന്റെ ക്രിയാത്മകതയും സമരസപ്പെട്ട് സാമ്പത്തിക പ്രവർത്തനത്തെ എങ്ങനെ പരിവർത്തനപ്പെടുത്തുന്നു എന്നതിന്റെ ഒരു പാഠമാണ് (ബ്രിങ്ക്‌ലി–2006). മൊത്തം ജി ഡി പിയുടെ പകുതിയിലേറെ വിജ്ഞാനത്തിൽ അധിഷ്ഠിതമായ മേഖലകളിൽ നിന്നും വരുന്ന രാജ്യങ്ങളുടെ കൂട്ടായ്മയായ 'ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ–ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്' (ഒ ഇ സി ഡി) ഇക്കാര്യത്തിൽ ചില ചിന്തകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. വൈജ്ഞാനിക സമ്പദ്ഘടനയുടെ വളർച്ച പ്രധാനമായും രണ്ടു കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്, നൂതന ആശയ രൂപീകരണത്തിനായുള്ള ത്വര, സാങ്കേതിക മേഖലയിലെ പരിവർത്തനം എന്നിവയാണ് അവ (ഒ ഇ സി ഡി–2001). ഉല്പാദന കേന്ദ്രീകൃതമായ സാമ്പത്തിക വളർച്ചയും അതിനെ സഹായിക്കുന്ന ഘടകങ്ങളുടെ കാര്യത്തിലുണ്ടായ മുന്നേറ്റവും കഴിഞ്ഞ ദശകങ്ങളിൽ ലോകത്ത് പ്രകടമായി കാണാൻ കഴിയുന്ന കാര്യങ്ങളാണ്. എന്നാൽ മാർജിനൽ റിട്ടേൺ കുറഞ്ഞു വരുന്നതും ഉല്പാദന ഘടകങ്ങളുടെ കേന്ദ്രീകരണവും ആഗോളാടിസ്ഥാനത്തിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്ന കാര്യത്തിൽ പരാജയമായി മാറി എന്ന് വിലയിരുത്താം. ബദൽ തന്ത്രങ്ങളുടെ അന്വേഷണത്തിലേക്ക് ഇത് നമ്മെ സ്വാഭാവികമായും നയിക്കുന്നു (ചെൻ, ഡാൽമൻ–2004).

വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നയപരവും നിയന്ത്രണപരവുമായ അടിസ്ഥാനം ഒരുക്കുന്നതിന് സർക്കാരുകൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. വിവരങ്ങളുടെ സംരക്ഷണം, വിപണിയിലെ മത്സരത്തിന്റെ നിയന്ത്രണം, ബൗദ്ധിക സ്വത്തുക്കൾ സംബന്ധിച്ച അവകാശങ്ങൾ മുതലായ കാര്യങ്ങളിൽ നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുക എന്നത് ഇതിൽ നിർണ്ണായകമാണ്. ഇത്തരത്തിൽ നിയമപരമായ ഒരു അസ്ഥിവാരം ഉറപ്പാക്കുക വഴി സർക്കാരിന് വൈജ്ഞാനിക രംഗത്തെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കാൻ കഴിയും. ഗ്രാന്റുകൾ, നികുതി ഇളവുകൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഗവേഷണ, വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണലഭ്യത ഉറപ്പാക്കാനും സർക്കാരുകൾക്ക് കഴിയുന്നു. ഇത് ഗവേഷണ പ്രവർത്തനങ്ങളിൽ വ്യാപൃതരായ സർവ്വകലാശാലകൾ, ബിസിനസ് സ്ഥാപനങ്ങൾ തുടങ്ങിയവക്ക് വലിയ സഹായമാണ്. അറിവും നൈപുണ്യവുമുള്ള ജോലിക്കാർ വൈജ്ഞാനിക

> ***വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെ രൂപപ്പെടുത്തുന്ന കാര്യത്തിൽ നയപരവും നിയന്ത്രണപരവുമായ അടിസ്ഥാനം ഒരുക്കുന്നതിന് സർക്കാരുകൾ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു.***

***വൈജ്ഞാനിക മേഖലയിലെ നിക്ഷേപം കൊണ്ടുണ്ടായ മാറ്റങ്ങളെ കുറിച്ച് പഠനം നടത്തിയ ഹങ്, ജെറമി എന്നിവർ സാമ്പത്തിക വികസനത്തിന്റെ മൂലക്കല്ല് വിജ്ഞാനമാണെന്ന് വിലയിരുത്തുകയുണ്ടായി. ആഗോളവൽക്കരണവും വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റവുമാണ് സാമ്പത്തിക വികസനത്തിന്റെ നിയാമക ശക്തികൾ എന്നതായിരുന്നു അവരുടെ നിഗമനം.***

സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാന ഘടകമാണ്. സർവ്വകലാശാലകൾ, വൊക്കേഷണൽ പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾക്ക് ആവശ്യമായ പണം ലഭ്യമാക്കുക വഴി സർക്കാരുകൾക്ക് ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു. അതുപോലെ നൈപുണ്യമായുള്ള ജോലിക്കാരുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സയൻസ്, ടെക്നോളജി, എൻജീയറിംഗ്, മാത്തമാറ്റിക്സ് തുടങ്ങിയ വിഷയങ്ങളിലെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിലൂടെ കഴിയുന്നു (ഏറ്റസ്കോവിറ്റ്സ്, ഐഡാസ്ഡോർഫ്–1995).

ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സർക്കാർ വൈജ്ഞാനിക സമ്പദ്ഘടനക്ക് നൽകുന്ന സംഭാവനകളെ കുറിച്ച് വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ. അഞ്ചു ഭാഗങ്ങളായാണ് ഇതിനെ തിരിച്ചിരിക്കുന്നത്. ആമുഖത്തിന് പുറമെ ഈ രംഗത്തെ പ്രവർത്തനങ്ങളെ കുറിച്ച് ലഭ്യമായ ലേഖനങ്ങളെ കുറിച്ചുള്ള ഒരു ധാരണ നൽകുകയാണ് രണ്ടാം ഭാഗത്ത്. ഇതിനാവശ്യമായ വിവരശേഖരണം നടത്തിയ രീതികളെ കുറിച്ചാണ് മൂന്നാം ഭാഗത്ത്. നാലാം ഭാഗത്ത് ഇതിന്റെ കണ്ടെത്തലും അതിനെ കുറിച്ചുള്ള ചർച്ചയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഉപസംഹാരമാണ് അവസാന ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1. ലേഖനങ്ങളുടെ നിരൂപണം

വിപണത്തിലെ പോരായ്മകൾ, നേട്ടങ്ങളുടെ സംതുലിത വിതരണം, സുസ്ഥിര വികസനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ ഇടപെടൽ ആവശ്യമാണ്. ഓരോ രാജ്യത്തെയും സവിശേഷ സാഹചര്യങ്ങളും സാമ്പത്തികമായ രീതികളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ റോളിൽ ചില മാറ്റങ്ങൾ വരുന്നു (സ്റ്റിഗ്ലിസ്–1997).

മൂല്യങ്ങളെ കുറിച്ചുള്ള ജനങ്ങളുടെ ചിന്താധാരയെ ആധാരമാക്കിയാണ് വ്യാവസായിക സമ്പദ്ഘടനയിൽ നിന്നും വൈജ്ഞാനിക സമ്പദ്ഘടനയിലേക്കുള്ള മാറ്റത്തിന്റെ അടിസ്ഥാനം. വൈജ്ഞാനിക സമ്പദ്ഘടനയിൽ സർക്കാരിന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. കാരണം, പരമ്പരാഗതമായ വ്യവസായങ്ങളിൽ നിന്നും ലഭ്യമായ വിജ്ഞാനം, അറിവ്, നൂതന ആശയങ്ങൾ എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് പുതിയ ഒരു സംവിധാനത്തിലേക്കുള്ള മാറ്റം അത് ആവശ്യപ്പെടുന്നു (റോബിസൺ–2006).

ഒ ഇ സി ഡി രാജ്യങ്ങളിൽ വൈജ്ഞാനിക മേഖലയിലെ നിക്ഷേപം കൊണ്ടുണ്ടായ മാറ്റങ്ങളെ കുറിച്ച് 2007ൽ പഠനം നടത്തിയ ഹങ്, ജെറമി എന്നിവർ സാമ്പത്തിക വികസനത്തിന്റെ മൂലക്കല്ല് വിജ്ഞാനമാണെന്ന് വിലയിരുത്തുകയുണ്ടാ. ആഗോളവൽക്കരണവും വൈജ്ഞാനിക സമ്പത്തവ്യസ്ഥയുടെ ഉയർച്ചയാണ് സാമ്പത്തിക വികസനത്തിന്റെ നിയാമക ശക്തികൾ എന്നതായിരുന്നു അവരുടെ നിഗമനം. വൈജ്ഞാനിക സമ്പദ്ഘടനയുടെ കാര്യത്തിൽ ഒ ഇ സി ഡി നടത്തിയ ശ്രമങ്ങൾ അതിലെ അംഗരാജ്യങ്ങളുടെ സാങ്കേതികമായ മുന്നേറ്റത്തിനും ആഗോളവത്കരണത്തെ ഉൾക്കൊള്ളുന്നതിനും അറിവിനെ ആധാരമാക്കിയുള്ള സമ്പദ്ഘടനയായി മാറുന്ന

***2022–23ലെ ബജറ്റിലൂടെ കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്യവസ്ഥയായി മാറ്റുക എന്ന ലക്ഷ്യം സംസ്ഥാന സർക്കാർ വ്യക്തമായി മുന്നോട്ട് വയ്ക്കുകയാണ്. 'നോളജ് ഇക്കോണമി മിഷൻ' എന്ന സംവിധാനത്തിന് കീഴിലായി ഇതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.***

തിനും സഹായകമായി. സാമ്പത്തിക വളർച്ച, മത്സരക്ഷമത, തുടങ്ങിയ കാര്യങ്ങളിൽ നയ പരമായ തീരുമാനങ്ങളും നടപടികളും അത് പ്രോത്സാഹിപ്പിക്കുകയുണ്ടായി.

ആധുനിക ലോക സാമ്പത്തിക വ്യവസ്ഥ അറിവിനെ അടിസ്ഥാനപ്പെടുത്തിയാണ് മുന്നോട്ട് നീങ്ങുന്നത്. സാമ്പത്തിക പുരോഗതിയുടെ ഒരു സുപ്രധാന അടിസ്ഥാന ശിലയായി വിജ്ഞാനത്തെ അത് കാണുകയും ചെയ്യുന്നു. ആഗോള വല്കരണത്തെ തുടർന്ന് എല്ലാ ഭൂഖണ്ഡങ്ങളും പ്രദേശങ്ങളും രാജ്യങ്ങളും ശക്തമായ സാമ്പത്തിക പ്രവർത്തനങ്ങളിൽ വ്യാപൃതമാണെന്ന് കാണാം. പുരോഗതിയുടെ മുഖ്യനിയന്താവായി മത്സരം മാറുകയും ചെയ്തിരിക്കുന്നു. വൈജ്ഞാനിക സമ്പദ്ഘടനകളെ സംബന്ധിച്ചിടത്തോളം മത്സരക്ഷമമായ ഒരു അന്തരീക്ഷം ഏറെ അനിവാര്യമാണ് (ബർഖർദാരി–2019).

2022ൽ ഗ്ലോബൽ ഇന്നവേഷൻ സൂചികയിൽ ലോകത്ത് ഒന്നാം സ്ഥാനത്തുള്ളത് സ്വിറ്റ്സർലാൻഡാണ്. നൂറിൽ 64.6 എന്ന സ്കോറാണ് ആ രാജ്യത്തിനുള്ളത്. ലോകത്തെ ഏറ്റവും നൂതനമായ ആശയങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന രാജ്യമാണ് അത്. 61.8 സ്കോറുമായി അമേരിക്ക രണ്ടാമതും തൊട്ടു പിന്നാലെ സ്വീഡനുമാണ്. ഗവേഷണം , വികസനം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകുകയും ശക്തമായ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്ത രാജ്യങ്ങൾ സൂചികയിൽ മുന്നിലാണെന്ന് കാണാം (ഡബ്ല്യു ഐ പി ഒ–2023).

**2. വൈജ്ഞാനിക സമ്പദ്ഘടനയും കേരളവും**

2022–23ലെ ബജറ്റിലൂടെ കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്യവസ്ഥയായി മാറ്റുക എന്ന ലക്ഷ്യം സംസ്ഥാന സർക്കാർ വ്യക്തമായി മുന്നോട്ട് വയ്ക്കുകയാണ്. നോളജ് ഇക്കോണമി മിഷൻ എന്ന സംവിധാനത്തിന് കീഴിലായി ഇതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു. ഒരു വൈജ്ഞാനിക സമ്പദ്ഘടന അറിവിനെ വളർച്ചക്കും വികസനത്തിനും സഹായകമായ വിധത്തിൽ വികസിപ്പിക്കുന്നു, ഉപയോഗിക്കുന്നു, പ്രചരിപ്പിക്കുന്നു. താത്വികമായി പറഞ്ഞാൽ ഒരു ഭരണകൂടം അതിനാവശ്യമായ ഘടനാപരമായ ചട്ടക്കൂട്, നിലവാരമുള്ള വിദ്യാഭ്യാസം, മികച്ച സംവേദന അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് പുറമെ, അനുകൂലമായ ഒരു സാമ്പത്തിക സാഹചര്യം നൽകുന്നതിൽ മുഖ്യപങ്ക് വഹിക്കുകയും ചെയ്യുന്നു.

2022–23ലെ ബജറ്റിൽ ഇതിനായി പണം വകയിരുത്തിയത് മൂലം ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് ഗതിവേഗം കൈവന്നു. ഉന്നത വിദ്യാഭ്യാസ മേഖലക്കും നൈപുണ്യ വികസനം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്കുമാണ് മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞത്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് വരുന്ന മാറ്റം പ്രശ്നത്തിന്റെ ഒരുവശം മാത്രം അഭിമുഖീകരിക്കുന്ന ഒന്നാണ്. കേരളത്തിലെ ശരാശരി കുടുംബങ്ങൾ പോലും ഉന്നത വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ ഉത്സുകരാണെന്ന് കാണാം. എന്നാൽ, ഇവർക്ക് ജോലി സാധ്യത നൽകുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനക്ക് വേണ്ട വിധത്തിൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തൊഴിലാളികൾ അധികമായി വരുന്നത് കാരണം അധ്വാന ശക്തിയുടെ അണ്ടർ യൂട്ടിലൈസേഷന് പലപ്പോഴും കാരണമാകുന്നുണ്ട് (ഐശ്വര്യ –2022).

***ശക്തമായ ഒരു വൈജ്ഞാനിക സമ്പദ്ഘടന ആഗോളതലത്തിലുള്ള മത്സരക്ഷമത ഉയർത്തുന്നു . കേരളത്തെ സംബന്ധിച്ചിത്തോളം വിജ്ഞാനം, പരിചയസമ്പത്ത് തുടങ്ങിയ കാര്യങ്ങൾ നിർണ്ണായകമാകുന്ന രംഗങ്ങളിൽ കാര്യമായ സാദ്ധ്യതകൾ ഉണ്ടെന്ന് കാണാം. വിദ്യാഭ്യാസം, ഗവേഷണം, സാങ്കേതിക വിദ്യ, ഇന്നവേഷൻ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ഉയർത്തുന്നതിലൂടെയാണ് ഇത് സാധ്യമാവുക. വൈജ്ഞാനിക മേഖലയുടെ ഹബ്ബ് എന്ന നിലയിൽ ഉയർത്തുന്നതിലൂടെ കേരളത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.***

## 3. പഠനത്തിന്റെ രീതിശാസ്ത്രം

നീതി ആയോഗിന്റെ 2021ലെ ഇന്ത്യ ഇന്നവേഷൻ സൂചികയിൽ 13.67 സ്കോറുമായി എട്ടാമതാണ് കേരളത്തിന്റെ സ്ഥാനം (ഇന്ത്യ സർക്കാർ–2022). ഗവേഷണത്തിനും വികസനത്തിനുമായി ചെലവഴിക്കുന്ന തുകയുടെ വലുപ്പം ഇന്നവേഷൻ രംഗത്തെ സാധ്യതയുടെ കാര്യത്തിൽ ഏറെ നിർണ്ണായകമാണ് (കേരള സർക്കാർ–2022).

ഈ സാഹചര്യത്തിൽ വൈജ്ഞാനിക സമ്പദ്ഘടനയ്ക്ക് വേണ്ടി 2018 മുതൽ 2023 വരെ കേരളം ബജറ്റ് വിഹിതം, സംസ്ഥാന പദ്ധതി വിഹിതം, പുറമെ നിന്നുള്ള വായ്പയെടുക്കൽ എന്നിവ വഴി ലഭ്യമാക്കിയ ഫണ്ടിന്റെ സ്ഥിതിയെ കുറിച്ചാണ് ഈ പഠനം വിലയിരുത്തുന്നത്. ഇതിനായി ഇക്കാലയളവിലെ ബജറ്റ് പ്രസംഗങ്ങൾ, ബജറ്റുകളിൽ പ്രധാന നിർദേശങ്ങൾ, ബജറ്റ് എസ്റ്റിമേറ്റ്, ചെലവഴിക്കൽ റിപ്പോർട്ട്, ആസൂത്രണ ബോർഡ് റിപ്പോർട്ട് എന്നിവ അടക്കമുള്ള വിവിധ രേഖകളാണ് പ്രധാനമായും പരിഗണിച്ചിട്ടുള്ളത്. വിവിധ മേഖലകൾക്കും പദ്ധതികൾക്കുമായി നൽകിയിട്ടുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ ഈ രേഖകളിൽ നിന്നും ലഭ്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖല, ഗവേഷണ വികസന പ്രവർത്തനങ്ങൾ, ഇൻഫർമേഷൻ, കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളുടെ കാര്യത്തിലാണ് ഈ പഠനം പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നത്.

### 3.1. നിഗമനങ്ങളും ചർച്ചയും

കേരളത്തിന്റെ സമ്പദ്ഘടനയും അതിന്റെ വികസന ചരിത്രവും ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള ഒന്നാണ്. കാരണം, പരിമിതമായ മൂലധന നിക്ഷേപം വഴിയായി കേരളം വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന നേട്ടങ്ങൾ കൈവരിച്ചതാണ്. വ്യാവസായിക രംഗത്ത് കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതെ പോയ സാഹചര്യത്തിലും കേരളത്തിന്റെ സമ്പദ്ഘടന അതിവേഗ വളർച്ച കൈവരിച്ചുവെന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. അതുപോലെ തൊഴിൽ രംഗത്തും വരുമാനത്തിന്റെ കാര്യത്തിലും അത്ര മെച്ചമല്ലാത്ത പ്രകടനം കാഴ്ച വയ്ക്കുമ്പോഴും മാനവ വികസന സൂചികകളിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മെച്ചമാണ് കേരളത്തിന്റെ സ്ഥിതിയെന്ന് കാണാം (വെറോൺ–2001). കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും മന്ദഗതിയിലായിരുന്നു വളർച്ചയെങ്കിൽ സേവന മേഖലയിൽ അതിവേഗം വളരാൻ കേരളത്തിന് കഴിഞ്ഞു.

വിവിധ രീതിയിലുള്ള നിയന്ത്രണങ്ങൾ സംസ്ഥാനത്ത് വ്യവസായങ്ങൾ പലതും അടച്ചു പൂട്ടുന്നതിന് കാരണമായി മാറി. ഇത് സംരംഭകത്വ വികസനത്തിനും ഇന്നവേഷനും പ്രതികൂലമായി ഭവിച്ചു. വ്യവസായ സമൂഹത്തെ പൊതുവിൽ വില കുറച്ചു കാണിക്കുകയും സാമ്പത്തികമായ പരാജയങ്ങൾ നീണ്ടു നിൽക്കുന്ന നിയമ പോരാട്ടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നത് സംരംഭകരെ നിരുത്സാഹപ്പെടുത്തുന്ന കാര്യമാണ് (ഷാ –2019).

ഒരു സർക്കാരിന്റെ നയങ്ങളും മുൻഗണകളും നടപ്പാക്കുന്നതിനുള്ള ഒരു സുപ്രധാന ആയുധമാണ് ബജറ്റ്. ഒരു രാജ്യം അഥവാ

സംസ്ഥാനം അല്ലെങ്കിൽ ഒരു പ്രാദേശിക സമൂഹം എന്നിവയുടെ ബജറ്റ് അതിലെ സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ തീരുമാനങ്ങളുടെ ഒരു പ്രതിഫലനമാണ് (ഷാർപ്പ് ദേവ് –2004).

ശക്തമായ ഒരു വൈജ്ഞാനിക സമ്പദ്ഘടന ആഗോളതലത്തിലുള്ള മത്സരക്ഷമത ശതഗുണീഭവിപ്പിക്കുന്നു. കേരളത്തെ സംബന്ധിച്ചിത്തോളം വിജ്ഞാനം, പരിചയസമ്പത്ത് തുടങ്ങിയ കാര്യങ്ങൾ നിർണ്ണായകമാകുന്ന രംഗങ്ങളിൽ കാര്യമായ സാദ്ധ്യതകൾ ഉണ്ടെന്ന് കാണാം. വിദ്യാഭ്യാസം, ഗവേഷണം, സാങ്കേതിക വിദ്യ, ഇന്നവേഷൻ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ഉയർത്തുന്നതിലൂടെയാണ് ഇത് സാധ്യമാവുക. അന്താരാഷ്ട്രതലത്തിലുള്ള സഹകരണത്തിനും നിക്ഷേപങ്ങൾക്കും പങ്കാളിത്ത ബിസിനസിനും ഇത് വഴി തുറക്കുന്നു. കേരളത്തെ വൈജ്ഞാനിക മേഖലയുടെ ഹബ്ബ് എന്ന നിലയിൽ ഉയർത്തുന്നതിലൂടെ ആഗോള തലത്തിൽ ആർജിക്കാൻ കഴിയുന്ന സ്വാധീനത്തിലൂടെയാണ് ഇത് കരഗതമാവുക. സംസ്ഥാനത്തിന്റെ മാനവശേഷി മൂലധനം, സാമ്പത്തികമായ വൈവിധ്യവത്കരണം, തൊഴിൽ സൃഷ്ടിക്കൽ, നൂതന ആശയങ്ങളുടെ സാക്ഷാത്കാരം, സുസ്ഥിര വികസനം, അന്താരാഷ്ട്ര മേഖലയിലെ മത്സരക്ഷമത തുടങ്ങിയ കാര്യങ്ങളിൽ ബജറ്റ് പിന്തുണ അനിവാര്യമാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വിപുലമായ മാറ്റങ്ങൾക്ക് കാരണമാകുന്നതിന് പുറമെ ഇത് വളർച്ചയെ ഉത്തേജിപ്പിക്കുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുന്നു.

**4. വൈജ്ഞാനിക സമ്പദ്ഘടനക്കായുള്ള ബജറ്റ് വിഹിതം**

സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2023ലെ ബജറ്റ് വൈജ്ഞാനിക സമ്പദ്ഘടന, നൈപുണ്യ വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നിവക്ക് കാര്യമായ ഊന്നൽ നല്കിയിരിക്കുന്നതായി കാണാം. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തിന്റെ തനതായ ആവശ്യങ്ങൾക്ക് കാര്യമായ പ്രാധാന്യം കല്പിച്ചിരിക്കുന്നു. വളർച്ച ശക്തമാക്കുന്നതിനൊപ്പം പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, സാമൂഹ്യ നീതി ഉറപ്പ് വരുത്തുക തുടങ്ങിയ ഘടകങ്ങൾ ശക്തമാക്കുക എന്നതാണ് കേരള മോഡൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. (പട്ടിക –1).

ഉന്നത വിദ്യാഭ്യാസം, ഗവേഷണവും വികസനവും (ആർ ആൻഡ് ഡി), ഇൻഫർമേഷൻ, കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ സി ടി) എന്നീ മൂന്ന് മേഖലകളിൽ ബജറ്റ് വിഹിതം ഉയർന്നതായി പട്ടികയിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണത്തിന് 2018–19 സാമ്പത്തിക വർഷത്തിൽ സർവകലാശാല തലത്തിലുള്ള ഉന്നത വിദ്യാഭ്യാസത്തിന് നീക്കി വച്ചത് 2915 കോടി രൂപയാണ്. 2023ൽ ഇത് 3228 കോടി രൂപയായി വർധിച്ചു. 2018–19 ൽ ഗവേഷണ വികസന മേഖലക്ക് ലഭിച്ചത് 2581 കോടി രൂപയായിരുന്നെങ്കിൽ 2020–21ൽ 2954 കോടിയായി ഉയർന്നു. അതുപോലെ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയുടെ വിഹിതം 2018–19ൽ 269

***സമീപ വർഷങ്ങളിൽ ഐ സി ടീയുടെ കാര്യത്തിൽ കേരളം കൈവരിച്ച പുരോഗതി ശ്രദ്ധേയമാണ്. സംസ്ഥാനത്തെ 32 ദശലക്ഷം കുടുംബങ്ങളിൽ ടെലഫോൺ അല്ലെങ്കിൽ മൊബൈൽ കണക്ഷൻ സാധ്യമായി. ബ്രോഡ് ബാൻഡ്, ഇന്റർനെറ്റ് മൊബൈൽ സാന്ദ്രതയുടെ കാര്യത്തിൽ കേരളം രാജ്യത്ത് തന്നെ മുൻനിരയിലാണ്.***

**Table 1** Kerala Budget Allocation toward Knowledge Economy from 2018 to 2023

(Figures in Crores, Current Prices)

| Major Heads | Year | | | | |
|---|---|---|---|---|---|
| | 2018-2019 Accounts | 2019-202 Accounts | 2020-2021 Accounts | 2021-2022 Accounts | 2022-2023 RE |
| Higher Education at the University Level | 2915 | 3216 | 2501 | 3209 | 3228 |
| Research and Development (R&D) | 2581 | 2527 | 2954 | NA | NA |
| Information and Communication Technology (ICT) | 269 | 146 | 385 | 286 | 350 |

*Source: Kerala budget documents (2018-2023) Kerala development report (2023) etc.*

കോടി രൂപയായിരുന്നെങ്കിൽ 2022–23ൽ 350 കോടിയായി.

**4.1 ഉന്നത വിദ്യാഭ്യാസം**

ഒരു വൈജ്ഞാനിക സമ്പദ്ഘടനയിൽ പ്രവർത്തിക്കുന്നതിന് ആവശ്യമായ സവിശേഷമായ അറിവും വൈദഗ്ധ്യവും ഉന്നത വിദ്യാഭ്യാസം വഴിയായി ജനങ്ങൾക്ക് ലഭിക്കുന്നു. അണ്ടർ ഗ്രാഡുവേറ്റ് ലെവൽ, പോസ്റ്റ് ഗ്രാഡുവേഷൻ, പലതരം പ്രഫഷണൽ കോഴ്സുകൾ എന്ന് തുടങ്ങി നിരവധി തലങ്ങൾ അതിനുണ്ട്. വിജ്ഞാനത്തെ ഉല്പാദിപ്പിക്കുന്ന സർവ്വകലാശാലകൾ ജനങ്ങളിലേക്ക് അത് സന്നിവേശിപ്പിക്കുന്നു. പ്രസിദ്ധീകരണങ്ങൾ, ശില്പശാലകൾ, സാമൂഹ്യമായ കൂട്ടായ്മകൾ, വ്യാസായ സംരംഭങ്ങളുമായുള്ള പങ്കാളിത്തം തുടങ്ങിയ കാര്യങ്ങൾ ഇതിന് സഹായകമായി വർത്തിക്കുന്നു. വിജ്ഞാനത്തിന്റെ പങ്കുവയ്ക്കലിലൂടെ ഇത്തരം സ്ഥാപനങ്ങൾ പൊതുവായ വികസനത്തെയും സമൂഹത്തിന്റെ ഉന്നമനത്തെയും സഹായിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കേരളത്തിന്റെ ചെലവഴിക്കലിന് പോസിറ്റീവായ നിരവധി വശങ്ങൾ കാണാം. സർവകലാശാല തലത്തിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തുമുള്ള പ്രവർത്തനങ്ങൾക്കാണ് ഇവിടെ കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്. (പട്ടിക –2).

പട്ടിക രണ്ടിൽ നിന്നും വ്യക്തമാകുന്ന കാര്യം വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു വെന്നാണ്. സർവകലാശാല വിദ്യാഭ്യാസത്തിന് 2018–19ൽ നീക്കിവച്ചിരിക്കുന്നത് 2696.75 കോടി രൂപയാണ്. എന്നാൽ 2022–23ലേക്ക് എത്തുമ്പോൾ അത് 3228.45 കോടി രൂപയായി ഉയർന്നു. സാങ്കേതിക വിദ്യാഭ്യാസ മേഖലക്ക് 2018–19 വർഷത്തിൽ വകയിരുത്തിയിരുന്നത് 964.09 കോടി രൂപ യായിരുന്നെങ്കിൽ 2022–23ൽ 1189.82 കോടിയായി ഉയർന്നതായി കാണാം. അതായത് വൈജ്ഞാനിക സമ്പദ്ഘടന സൃഷ്ടിക്കുന്നതിനായുള്ള ചെല വുകളുടെ കാര്യത്തിൽ തികച്ചും പ്രോത്സാഹന

**Table 2:** Government education and technical education
(Figures in Crores, Current Price)

| Expenditure Rs.in crores | 2018-2019 | 2019-2020 | 2020-2021 | 2021-2022 | 2022-2023 |
|---|---|---|---|---|---|
| University Education | 2696.75 | 2676.29 | 2502.12 | 3209.29 | 3228.45 |
| Technical Education | 964.09 | 1050.1 | 913.99 | 1150.31 | 1189.82 |

*Source: Different Budget Document of Kerala*

ജനകമായ ഒരു സമീപനമാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിരിക്കുന്നത് എന്ന് സാരം.

### 4.1.2 ഗവേഷണവും വികസനവും (ആർ ആൻഡ് ഡി)

ഒരു വൈജ്ഞാനിക സമ്പത്ത്വ്യസ്ഥ സ്ഥാപിക്കുന്നതിനും അത് തുടർന്നു കൊണ്ട് പോകുന്നതിലും ഗവേഷണത്തിനും വികസനത്തിനും ഏറെ പ്രാധാന്യമാണുള്ളത്. കൃത്യമായ പ്രവർത്തന രീതികളിലൂടെയുള്ള പര്യവേക്ഷണം, പരീക്ഷണം, നൂതനാശയങ്ങളുടെ വികസനം, രീതിശാസ്ത്രങ്ങൾ, ആശയങ്ങൾ, ഉത്പന്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ആർ ആൻഡ് ഡി. നൂതന ആശയങ്ങളുടെ ആവിഷ്കാരം, സാമ്പത്തിക വികസനം, രാജ്യത്തിൻറെ മൊത്തത്തിലുള്ള മത്സരക്ഷമത ഉയർത്തൽ മുതലായ കാര്യങ്ങളുടെ പ്രോത്സാഹനവും ഏറെ പ്രാധാന്യമുള്ള കാര്യങ്ങളാണ്. സമീപകാലത്തായി കേരള സർക്കാർ ആർ ആൻഡ് ഡി പ്രവർത്തനങ്ങൾക്ക് വലിയ പ്രധാന്യമാണ് നൽകി വരുന്നത്. 2018–19ൽ ഇതിനായി 2581 കോടി രൂപ നീക്കിവച്ചപ്പോൾ 2021–22ൽ അത് 2954 കോടിയായി ഉയർത്തി (കേരള സർക്കാർ–2022).

### 4.1.3 ഇൻഫർമേഷനും വിവര സാങ്കേതിക വിദ്യയും ( ഐ സി ടി )

ഇൻഫർമേഷനും വിവര സാങ്കേതിക വിദ്യയുമാണ് വൈജ്ഞാനിക സമ്പദ്യവസ്ഥയുടെ വികസനത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത്. വിവരങ്ങളുടെ ശേഖരണം, സൂക്ഷിക്കൽ, സംസ്കരണം, പങ്ക് വയ്ക്കൽ തുടങ്ങിയ കാര്യങ്ങൾക്കായി ഉപയോഗിക്കുന്ന വിവിധ സാങ്കേതിക വിദ്യകളെയാണ് പൊതുവിൽ ഐ സി ടി എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. വിജ്ഞാനത്തിന്റെ ആവിർഭാവം, പങ്ക് വയ്ക്കൽ, ഉപയോഗം തുടങ്ങിയ മേഖലകളെ അത് ത്വരിതപ്പെടുത്തുന്നു. ഇത്തരത്തിലുള്ള ചില ഇടപെടലുകൾ നമുക്ക് പരിശോധിക്കാം. 2018–19 ൽ സംസ്ഥാന ബജറ്റിൽ 269 കോടി രൂപ വകയിരുത്തി. എന്നാൽ 2019–20ൽ ഇത് 146 കോടിയായി കുറഞ്ഞു. തുടർന്നുള്ള വർഷങ്ങളിൽ ഇത് യഥാക്രമം 385 കോടിയായും 286 കോടിയായും ഉയർന്നു. 2022–23ലെ ബജറ്റിൽ ഇത് 350 കോടി രൂപയാണ്.

സമീപ വർഷങ്ങളിൽ ഐ സി ടീയുടെ കാര്യത്തിൽ കേരളം കൈവരിച്ച പുരോഗതി ശ്രദ്ധേയമാണ്. സംസ്ഥാനത്തെ 32 ദശലക്ഷം കുടുംബങ്ങളിൽ ടെലഫോൺ അല്ലെങ്കിൽ മൊബൈൽ കണക്ഷൻ സാധ്യമായി. ബ്രോഡ് ബാൻഡ്, ഇന്റർനെറ്റ് മൊബൈൽ സാന്ദ്രതയുടെ കാര്യത്തിൽ കേരളം രാജ്യത്ത് തന്നെ മുൻനിരയിലാണ്. ഇത് യഥാക്രമം 20 ശതമാനവും 15 ശതമാനവുമാണ്. 14 മുതൽ 49 വയസ് വരെ പ്രായമുള്ളവർക്കിടയിൽ ഏറ്റവും കൂടുതൽ ഡിജിറ്റൽ സാക്ഷരതയുള്ളത് കേരളത്തിലാണ്. ഡിജിറ്റൽ ലിറ്ററസി മിഷന്റെ റിപ്പോർട്ട് അനുസരിച്ച് മറ്റു പ്രായക്കാർക്കിടയിലും ഇത് ഉയർന്ന തോതിലാണ്. വിദ്യാഭ്യാസം, സാക്ഷരത എന്നിവയുടെ കാര്യത്തിൽ

മുൻനിരയിലെത്താൻ കഴിഞ്ഞത് ഇക്കാര്യത്തിലും കേരളത്തിന് വലിയ പിന്തുണയായി. സ്കൂൾ പാഠ്യപദ്ധതിയിൽ കംപ്യൂട്ടർ പഠനം ഉൾപ്പെടുത്തിയതിന്റെ പ്രാധാന്യം ഇവിടെയാണ് (കേരള സർക്കാർ –2021).

### 4. 2 സംസ്ഥാന പദ്ധതി വിഹിതം

കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ആശയം തന്നെ വൈജ്ഞാനിക സമ്പദ്വ്യവസ്ഥയാണ്. സർവ്വ കലാശാലകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെ ശക്തിപ്പെടുത്തുന്ന തിനായി 2023–24ൽ ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്കായി 816. 79 കോടി രൂപ ലഭ്യമാക്കും. വിദ്യാഭ്യാസ രംഗത്തിന് പ്രത്യേകമായി 2546. 07 കോടിയും അനുവദിക്കും. 1000 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് 4 സയൻസ് പാർക്കുകൾ ആരംഭിക്കും (കേരള സർക്കാർ –2023) (പട്ടിക –3)

ഐ സി ടി മേഖലയുടെ വികസനത്തിനായി ബജറ്റ് വിഹിതത്തിന്റെ നല്ലൊരു ഭാഗം നീക്കിവച്ചിരിക്കുന്ന തായി പട്ടിക 3 വ്യക്തമാക്കുന്നു. ഇത് ഭാവിയിലേക്കുള്ള ഒരു മികച്ച വഴികാട്ടിയാണ്. 2018–19 സാമ്പത്തിക വർഷത്തിൽ ഇതിനായി നല്ലൊരു തുക വകയിരുത്തിയിരുന്നു. ബജറ്റ് വിഹിതത്തിന് പുറമെ വിവിധ പദ്ധതികൾ വഴിയായും മറ്റു രീതിയിലും ഇതിനു വേണ്ടി പണം കണ്ടെത്തുന്ന കാര്യത്തിൽ സർക്കാർ ബദ്ധശ്രദ്ധരാണ്.

### 4.3 ബജറ്റിന് പുറത്തു നിന്നുള്ള വിഭവ സമാഹരണം

ഔദ്യോഗികമായ ബജറ്റ് കണക്കുകളിൽ ഉൾപ്പെടാതെ ഒരു സർക്കാർ സ്ഥാപനമോ, സർക്കാർ ഏജൻസിയോ വായ്പ വഴിയായി ഫണ്ടുകൾ സമാഹരിക്കുന്ന രീതിയെയാണ് 'ഓഫ് ബജറ്റ് ബോറോവിങ്' എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ബജറ്റ് കമ്മി പ്രകടമാവുമ്പോൾ അതിനെ തരണം ചെയ്യുന്നതിനുള്ള ഒരു മാർഗമായി ഇതിനെ കാണാവുന്നതാണ്. സംസ്ഥാന ഭരണകൂടത്തിന് നേരിട്ട് നിയന്ത്രണമില്ലാത്ത സംവിധാനങ്ങളിലൂടെയാണ് ഇതിന് കളമൊരു ക്കുന്നത് എന്നിരുന്നാലും സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുമായി ഇവയ്ക്ക് ബന്ധ മുണ്ടായിരിക്കും (ഗുപ്ത, ജെയിംസ്–2023). കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് വികസനം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ വളരെ നിയതമായ ലക്ഷ്യങ്ങളുള്ളതായി കാണാം. ഇത്തരം പദ്ധതികൾക്ക് അധികമായി പണം കണ്ടെത്തുന്നതിനാണ് ഓഫ് ബജറ്റ് വായ്പയെടു ക്കലിലെ ആശ്രയിക്കുന്നത് അത് നേരിട്ട് സംസ്ഥാന ബജറ്റിനെ ബാധിക്കുന്നുമില്ല. വികസന പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുവാൻ ഇത് സഹായകമാണ്.

### 4.3.1–കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)

1999ലെ കെ ഐ ഐ എഫ് നിയമത്തിന്റെ (2000ലെ നാലാം നിയമം) അടിസ്ഥാനത്തിൽ 1999 നവംബർ 11നാണ് കിഫ്ബി രൂപീകൃതമായത്. കേരളത്തിന്റെ വികസന പദ്ധതികൾക്ക് ആവശ്യമായ പണം കണ്ടെത്തുകയായിരുന്നു ഇതിന്റെ ലക്ഷ്യം. 2016 ആഗസ്റ്റ് മാസത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പണം കണ്ടെത്തുന്നതിനായി ഇതിന്റെ നിയമത്തിലും നടത്തിപ്പിലും ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി.

5681 കോടി രൂപ മതിപ്പ് ചെലവ് വരുന്ന 64 പുതിയ പദ്ധതികൾ കിഫ്ബി വഴിയുള്ള ധനസഹായം ലഭ്യമാക്കി. ഇതിനായി 9000 കോടി രൂപയാണ് വായ്പ വഴി സമാഹരിച്ചത്. ഇതുവഴി 80, 352 കോടി രൂപ ചെലവ് വരുന്ന 1057 പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നത്. ഇതിനകം ഇതിൽ 23, 095 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട് (കേരള സർക്കാർ–2023).

### 4.3.2 കിഫ്ബി വഴി നടപ്പാക്കിയ ഏതാനും ചില പദ്ധതികളുടെ വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനം : അടിസ്ഥാന സൗകര്യ വികസന രംഗത്ത് നിരവധി പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കിഫ്ബി

നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. റോഡുകൾ, പാലങ്ങൾ, ഫ്ളൈഓവറുകൾ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

**വിദ്യാഭ്യാസവും ആരോഗ്യസംരക്ഷണവും :** സ്കൂളുകൾ, കോളേജുകൾ എന്നിവ അടക്കം നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി വഴി പണം ലഭ്യമാക്കുകയുണ്ടായി. അതുപോലെ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

**നഗര വികസനം :** നഗര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നിരവധി പദ്ധതികൾക്ക് കിഫ്ബി വഴി പണം ലഭ്യമാക്കിയിട്ടുണ്ട്. പൊതുഗതാഗത വികസനം, സ്മാർട്ട് സിറ്റിയുടെ നിർമാണം, ഭവന സമുച്ചയങ്ങളും നിർമ്മാണം തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

**ജലസ്രോതസ്സുകളും പരിസ്ഥിതിയും :** ജലസ്രോതസുകളുടെ പരിപാലനം, വെള്ളപ്പൊക്ക നിയന്ത്രണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പല പദ്ധതികൾക്കും കിഫ്ബി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

**ഊർജ പുനരുപയോഗം :** ഈ രംഗത്ത് പല പദ്ധതികൾക്കും കിഫ്ബി താങ്ങായി മാറിയിട്ടുണ്ട്. സൗരോർജ പദ്ധതികൾ, ക്ളീൻ എനർജി തുടങ്ങിയ കാര്യങ്ങൾ ഇതിൽ എടുത്തു പറയത്തക്കതാണ്.

**സാങ്കേതിക വിദ്യയും ഇന്നവേഷനും :** സാങ്കേതിക വിദ്യ, ഇന്നവേഷൻ തുടങ്ങിയ മേഖലകളിൽ മുൻകൈയെടുക്കുന്ന നിരവധി പദ്ധതികൾ കിഫ്ബി വഴിയായി നടപ്പാക്കിയിട്ടുണ്ട്. സ്റ്റാർട്ട് അപ്പ് ഇങ്കുബേറ്ററുകൾ, ടെക്നോളജി പാർക്കുകൾ മുതലായ കാര്യങ്ങളാണ് ഇതിൽ പ്രധാനം.

**വിനോദസഞ്ചാര അടിസ്ഥാന സൗകര്യം :** ടൂറിസം മേഖലയിലെ പല പദ്ധതികൾക്കും കിഫ്ബി വഴി പണം ലഭ്യമാക്കിയിട്ടുണ്ട്.

**ഭവന പദ്ധതികൾ :** സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പല പദ്ധതികളിലും കിഫ്ബി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

**4.4 – വൈജ്ഞാനിക സമ്പദ്വ്യവസ്ഥക്കായുള്ള മറ്റു നടപടികൾ**

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ –ഡിസ്ക്) മുൻകയ്യെടുത്ത് പ്രവർത്തിപഥത്തിൽ കൊണ്ട് വന്ന 'കേരള നോളജ് ഇക്കോണമി മിഷൻ' (കെ കെ ഇ എം) സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. അഞ്ചു വർഷം കൊണ്ട് 20 ലക്ഷം പേർക്ക് ജോലി ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഒരു പ്രധാന ലക്ഷ്യം. അതുപോലെ സാമൂഹികമായ പ്രശ്നങ്ങൾ നേരിടുന്നതിന് പര്യാപ്തമായ പുതിയ അറിവുകളുടെ വികാസവും മിഷന്റെ മറ്റൊരു ലക്ഷ്യമാണ്. സുസ്ഥിര വികസനം, ബൗദ്ധിക മേഖലയുടെ വികാസം തുടങ്ങിയ കാര്യങ്ങളും കെ കെ ഇ എം അതീവ പ്രാധാന്യത്തോടെ കാണുന്നു (2023).

**Table 3** - Total Plan outlay and Expenditure for the ICT Sector (in Crores)

| Annual Plan | Outlay | Expenditure | Percentage |
|---|---|---|---|
| 2018-2019 | 587 | 269 | 45.8 |
| 2019-2020 | 574 | 188 | 32.7 |
| 2020-2021 | 500 | 196 | 39.3 |

*Source: Kerala Budget Document, Various Years.*

**ഉപസംഹാരം**

ഒരു വൈജ്ഞാനിക സമ്പദ്ഘടന പടുത്തുയർത്തുന്നതിനായി കേരളത്തിലെ ഭരണകൂടം മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസം, മാനവ വികസനം തുടങ്ങിയ രംഗങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ഇക്കാര്യത്തിൽ ഏറെ ശ്രദ്ധേയമാണ്. എന്നാൽ ദീർഘ കാലാടിസ്ഥാനത്തിൽ വികസനവും പുരോഗതിയും ഉറപ്പാക്കുന്നതിന് കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്ഘടനയായി പരിവർത്തന പ്പെടുത്തേണ്ടതിന്റെ ആവശ്യ കത സർക്കാരിന് ബോധ്യപ്പെടുന്നുണ്ട്. അതുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുക, നൈപുണ്യ വികസനം ഉറപ്പാക്കുക തുടങ്ങിയവ അടക്കമുള്ള വിദ്യാഭ്യാസ രംഗത്ത് കാര്യമായ നിക്ഷേപം സർക്കാർ നടത്തുന്നു. കേരള സ്റ്റേറ്റ് എഡ്യൂക്കേഷൻ പ്രോഗ്രാം പോലുള്ള പദ്ധതികൾ വഴിയായി വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും അവരെ വൈജ്ഞാനിക സമ്പദ്വ്യവസ്ഥയുടെ നിർണ്ണായക കണ്ണികളാക്കു ന്നതിനും പര്യാപ്ത മാകുന്ന വിധത്തിൽ രൂപകൽപന ചെയ്യപ്പെട്ടിരിക്കുന്നു.

■

(കേരള സർവകലാശാലയിലെ ഗവേഷക വിദ്യാർത്ഥിയാണ് ഷിംനമോൾ. കേരള സർവ കലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറാണ് ഡോ. പി.ജെ ക്രിസ്റ്റബെൽ)

## References

1 Aiswarya, S., Awasthi, P., & Banerjee, S. S. (2022). Self-healing thermoplastic elastomeric materials: Challenges, opportunities, and new approaches. European Polymer Journal, 181,111658.

2 Barkhordari, S., Fattahi, M., & Azimi, N. A. (2019). The impact of knowledge-based economy on growth performance: Evidence from MENA countries. Journal of the Knowledge Economy, 10, 1168-1182.

3 Brinkley, I. (2006). Defining the knowledge economy (Vol. 19). London: The work foundation.

4 Chen, D. H. C., & Dahlman, C. J. (2004). Knowledge and development: a cross-section approach (Vol. 3366). World Bank Publications.

5 Etzkowitz, H., & Leydesdorff, L. (1995). The Triple Helix--University-industry-government relations: A laboratory for knowledge-based economic development. EASST review, 14(1), 14-19.

6 Global Innovation Index, 2022 https://www.wipo.int/edocs/pubdocs/en/wipo_pub_gii_2021.pdf

7 Gupta, S., & James, K. (2023). An Analysis of Off-Budget Borrowings by Indian Governments and their Legal Context.

8 Hwang, J., & Gerami, M. (2007). Analysis of investment in knowledge inside OECD countries. World Academy of Science, Engineering and Technology, 25, 7-12.

9 India. Planning Commission. (2008). Kerala Development Report. Academic Foundation.

10 Kelkar, V., & Shah, A. (2019). In service of the republic: The art and science of economic policy. Penguin Random House India Private Limited.

11 Kerala Budget Documents in various years. https://finance.kerala.gov.in/bdgtDcs.jsp

12 NITI Aayog Reports - https://www.niti.gov.in/

13 Rollyson, C. S. (2006). How the knowledge economy will transform markets and the producer/consumer relationship.

15 Stiglitz, J. E. (1997, April). The role of Government in economic development. *In Annual World Bank Conference on Development Economics* (Vol. 1996, pp. 11-23). Washington DC: World Bank.

15 Stiglitz, J. E. (1997, April). The role of Government in economic development. *In Annual World Bank Conference on Development Economics* (Vol. 1996, pp. 11-23). Washington DC: World Bank.

16 Véron, R. (2001). The "new" Kerala model: Lessons for sustainable development. World development, 29(4), 601-617.

17 Tilak, J. B. (2001). Higher education and development in Kerala. Centre for Socio-Economic & Environmental Studies.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*



# പ്രാദേശിക ഭരണകൂടവും ഗ്രാമവികസനവും : കേരളത്തിലെ എം ജി എൻ ആർ ഇ ജി എസ് പദ്ധതി നടത്തിപ്പിനെ കുറിച്ച് ഒരു പഠനം

ടീസൺ സി. ജെ, രേവതി കെ. ശിവദാസ്

**1.1 ആമുഖം**

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലും പ്രാദേശിക സ്വയംഭരണ സംവിധാനങ്ങളിലും വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ഗ്രാമീണ വികസനം. ജനങ്ങളുടെ കഴിവുകളുടെ വികാസവും ഒപ്പം അവരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്നതാണ് ഈ പ്രക്രിയയുടെ അടിസ്ഥാനം (മോദി – റോൾ ഓഫ് പഞ്ചായത്തിരാജ് ഇൻസ്റ്റിട്യൂഷൻസ് ഇൻ റൂറൽ ഡെവലപ്മെന്റ്–2019). ഉമ ലെലെ അഭിപ്രായപ്പെടുന്നത് ഗ്രാമീണ മേഖലയിലെ കുറഞ്ഞ വരുമാനക്കാരായ വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയും അത് സുസ്ഥിരമാക്കി നിലനിർത്തുകയും ചെയ്യുക എന്നതാണ് ഗ്രാമീണ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ് (മിബാങ്–2019). അടിസ്ഥാനതലത്തിൽ വികസനം സാധ്യ മാക്കുന്നതിനുള്ള ഒരു പ്രക്രിയയാണ് ഇത് (മിബാങ്–2019). കാർഷിക വികസനം, വ്യാവസായിക വികസനം, അടിസ്ഥാനസൗകര്യ വികസനം, മാനവശേഷി വികസനം തുടങ്ങിയ നാനാവിധമായ വശങ്ങൾ അത് ഉൾക്കൊള്ളുന്നു (വിനയ് ബനാക്കാർ–2018). അധികാര വികേന്ദ്രീ കരണത്തിന്റെ കാതലായ ലക്ഷ്യം ഗ്രാമീണ വികസനമാണ്. വികസന പ്രക്രിയയിൽ ജനങ്ങൾ പങ്കാളികളാ വുന്നതിലൂടെയാണ് ഇത് സാധിതപ്രായമാവുക. സാധാരണ ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ എന്താണെന്ന് ഗ്രാമസഭകളിൽ നിന്നും നമുക്ക് മനസിലാക്കാം. തുടർന്ന് ക്ഷേമപദ്ധതികൾ വഴി ഈ ആവശ്യങ്ങൾ നടപ്പാക്കാൻ കഴിയും. ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിലൂടെയാണ് പ്രാദേശിക വികസനം സാധ്യമാവുക. സാമൂഹ്യവും സാമ്പത്തികവുമായ അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന തന്ത്രത്തിനാണ് ഇവിടെ പ്രാധാന്യം. ദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ് അതിന്റെ പരമ പ്രധാനമായ ലക്ഷ്യം (വിനായക് ബനാക്കാർ–2018). സംസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനുള്ള ഒരു പ്രധാന ഉപാധിയായി പ്രാദേശിക ഭരണകൂടങ്ങൾ പ്രവർത്തിക്കുന്നു (മോദി–റോൾ ഓഫ് പഞ്ചായത്തി രാജ് ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ റൂറൽ ഡെവലപ്മെന്റ്–2019).

ഉയർന്ന തട്ടിലുള്ള സർക്കാരിൽ നിന്ന് താഴെ തട്ടിലുള്ള സർക്കാരുകളിലേക്ക് അധികാരങ്ങൾ കൈമാറുന്ന ഒരു പ്രക്രിയയായാണ് അധികാര വികേന്ദ്രീകരണം. ഭരണഘടനയുടെ 73,74

***ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ഗ്രാമീണ വികസനം സാധ്യമാവുകയുള്ളൂ.***

***വികേന്ദ്രീരിത പ്രാദേശിക ഭരണസംവിധാനത്തിന്റെ ഏറ്റവും അടിസ്ഥാന തലത്തിലുള്ള യൂണിറ്റാണ് ഗ്രാമപഞ്ചായത്തുകൾ. ഓരോ പ്രദേശത്തെയും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഗ്രാമപഞ്ചായത്തുകളുടെ വികസന പദ്ധതിക്ക് രൂപം നൽകുന്നത്.***

ഭേദഗതികൾ വഴിയാണ് ഇതിന് തുടക്കം കുറിച്ചത്. ഇത് നമ്മുടെ രാഷ്ട്രീയ മണ്ഡലത്തിൽ കാതലായ മാറ്റത്തിന് വഴി മരുന്നിട്ടു. പ്രാദേശിക ഭരണത്തിനായുള്ള ശക്തമായ ഒരു സംവിധാനമാണ് പഞ്ചായത്തിരാജ് ഒരുക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ പ്രാദേശിക ഭരണ സംവിധാനത്തിന്റെ അടിത്തറയായിവർത്തിക്കുന്നു. ഇതു വഴിയായി ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുകയും അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനക്രമത്തിൽ നയ രൂപീകരണം നടത്താൻ കഴിയുകയും ചെയ്യുന്നു.

ഭരണഘടനയുടെ 243 ജി അനുച്ഛേദം പഞ്ചായത്തുകൾക്ക് പ്രാദേശിക ഭരണ നിർവഹണത്തിനായുള്ള ഏജൻസികളായി പ്രവർത്തിക്കുന്നതിനുള്ള അധികാരം നൽകുന്നു. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും ആവശ്യമായ പദ്ധതികൾ തയാറാക്കുക എന്നതാണ് ഇതിന്റെ പ്രധാന രൂപീകരണോദ്ദേശ്യം. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ ആധാരമാക്കിയാണ് ഇത് (അലോക് വി എൻ–2011). 'സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്' എന്നതിലൂടെ മാത്രമാണ് ഗ്രാമീണ ഇന്ത്യയുടെ മാറ്റം സാധ്യമാവുകയുള്ളൂ. ഇതിനായി പ്രാദേശിക ജനവിഭാഗങ്ങളുടെ സഹകരണത്തോടെ പ്രാദേശികമായ വിഭവസ്രോതസുകൾ പ്രയോജനപ്പെടുത്തി ഗ്രാമ പഞ്ചായത്തുകൾ പദ്ധതികൾ തയാറാക്കുന്നു. പഞ്ചായത്തിന്റെ വികസനത്തിനായുള്ള അംഗീകൃത സ്ഥാപനങ്ങളാണ് പഞ്ചായത്തുകൾ. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ചുവട് പിടിച്ചുകൊണ്ടുള്ള ഒരു വികസന പാതയ്ക്കാണ് ഇവിടെ രൂപം നൽകുന്നത്. എന്നാൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളെയും വീടില്ലാത്തവരെയും കണ്ടെത്തുക എന്നതും അതിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പാക്കുക എന്നതും ശ്രമകരമായ ഒരു കാര്യമാണ്. വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ ആധാരശിലയായി വർത്തിക്കുന്നത് ഗ്രാമസഭയാണ്. പ്രാദേശിക ഭരണകൂടത്തിന്റെ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ സാധാരണനക്കാരായ ജനങ്ങൾ ഗ്രാമസഭകൾ വഴി പങ്കാളികളാകുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. സാധാരണക്കാരന്റെ പ്രത്യേകിച്ച് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നതാണ് ഗ്രാമീണ വികസനം. ഇത്തരത്തിലുള്ള ജനവിഭാഗങ്ങളുടെ ജീവിത നിലവാരവും സാമ്പത്തികമായ നിലയും സംരക്ഷിക്കുന്നതിന് വികസന പ്രവർത്തനങ്ങൾ അനിവാര്യമായ ഒന്നാണ്. പ്രാദേശികതലത്തിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും ഗ്രാമീണ മേഖലകൾക്കും അവിടത്തെ ജനങ്ങൾക്കും നേട്ടമാകുന്നു. ഇതിനായി ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് ഗ്രാമീണ വികസന വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനവും ഒപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കലുമാണ് ഇത്തരം പദ്ധതികളുടെ പ്രധാന ലക്ഷ്യം.

ജീവസന്ധാരണത്തിനായുള്ള വിവിധ പദ്ധതികൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, സൻസദ് ആദർശ് ഗ്രാമ യോജന, ജില്ല

***സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് ഇന്ന് കൂടുതൽ പ്രാദേശിക ഭാവം കൈവന്നിട്ടുണ്ട്. ഗ്രാമീണ രംഗത്ത് ഈ ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ട്.***

ഗ്രാമീണ വികസന ഏജൻസി (ഡി ആർ ഡി എ) തുടങ്ങിയവയാണ് ഇത്തരത്തിലുള്ള പ്രധാന പദ്ധതികൾ. ഗ്രാമീണ വികസന മന്ത്രാലയമാണ് ഇവയുടെ പ്രായോജകർ. ഗ്രാമീണ വികസനവും പ്രാദേശിക ഭരണ നിർവഹണവും പരസ്പര പൂരകമാണ്. പ്രാദേശിക ഭരണകേന്ദ്രത്തിന്റെ ഏറ്റവും അടിസ്ഥാന ഘടകമെന്നത് പഞ്ചായത്താണ്. ഗ്രാമീണ വികസനത്തിന്റെ മുഖ്യ ഉത്തരവാദിത്വവും അവർക്കാണ് (കുമാർ ധനഞ്ജയ്–2017).

വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള ഘടകമാണ് ഗ്രാമപഞ്ചായത്തുകൾ. ഓരോ പ്രദേശത്തെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിച്ചാണ് ഓരോ ഗ്രാമപഞ്ചായത്തിന്റെയും വികസന പദ്ധതി തയാറാക്കുന്നത്. കാർഷിക മേഖല, വ്യവസായം, ജലസേചനം, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, കുടിവെള്ള വിതരണം, ശുചീകരണം തുടങ്ങിയ വിവിധ മേഖലകൾ ഉൾപ്പെട്ടതാണ് ഇത്തരം വികസന പദ്ധതികൾ. കേരളം പോലുള്ള വികേന്ദ്രീകൃത ജനാധിപത്യ സമൂഹങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങൾ ഗ്രാമീണ വികസന പ്രക്രിയയിലും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നു.

ഗ്രാമീണ വികസന വകുപ്പും പഞ്ചായത്തീരാജ് വകുപ്പും തമ്മിലുള്ള സഹകരണം കൂടുതൽ ഊട്ടിയുറപ്പിക്കേണ്ടത് ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമാണ്. ഗ്രാമീണ വികസനം എന്ന അടിത്തറയിൽ നിന്ന് വേണം ഇവ നടപ്പാക്കാൻ. ഇക്കാര്യത്തിൽ ഓരോ പഞ്ചായത്തിന്റെയും തന്ത്രങ്ങളും ഇടപെടലും വ്യത്യസ്തമായിരിക്കും. ഗ്രാമീണ വികസനം യാഥാർഥ്യമാക്കുന്നതിനുള്ള പ്രാദേശിക ഭരണ സംവിധാനമാണ് ഗ്രാമപഞ്ചായത്തുകൾ (ധനഞ്ജയ്–2017). ഈ പശ്ചാത്തലത്തിൽ ഗ്രാമീണ വികസനം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിലെ പ്രാദേശിക ഭരണസംവിധാനങ്ങൾ എത്രമാത്രം ഫലപ്രദമാണ് എന്നതിനെ കുറിച്ചുള്ള ഒരു അന്വേഷണമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

**1.2 – പഠനത്തിന്റെ പ്രാധാന്യം**

സമഗ്രമായ ഗ്രാമീണ വികസനം വഴിയായി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് വഴിയൊരുക്കാൻ കഴിയും. പ്രാദേശിക സ്വയംഭരണ ഗവണ്മെന്റുകളാണ് ഇതിനുള്ള പ്രധാന ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് (സർക്കാർ –2021, രമ്യ– 2014). ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ ജീവിത സാഹചര്യവും ഗുണനിലവാരവും ഉയർത്തുന്നത് വഴി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് കഴിയുന്നതാണ് (ആഡ്മോവിക്സ് –2020, സിംഗാൾ–2016). എന്നാൽ ഗ്രാമീണ മേഖലയിലെ പാവപെട്ടവരിൽ ഭൂരിഭാഗം പേർക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല, പലർക്കും ആരോഗ്യ സുരക്ഷ നല്കാൻ കഴിയു ന്നില്ല, ഗ്രാമീണരിൽ നല്ലൊരു പങ്ക് ജീവിത നിലവാരം നിക്ഷേധിക്കപെടുന്നവരുണ്ട് (ചാത്തുക്കുളം –2021, ചന്ദ്രൻ –2020, അൽഖൈർ –2018). ഗ്രാമീണ വികസനം ഉറപ്പാക്കുക വഴി സാധാരണ ജനങ്ങൾക്ക് അടിസ്ഥാന ജീവിത സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ പ്രധാന ദൗത്യം. സാധാരണ ജനങ്ങളുടെ വികസനവുമായി ബന്ധപെട്ടു കിടക്കുന്ന ഒന്നാണ്

***ഗ്രാമീണ വികസനം സാധ്യമാക്കുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾ പ്രവർത്തിക്കേണ്ടതുണ്ട്. എം ജി എൻ ആർ ഇ ജി എസ് പോലുള്ള പ്രധാന പദ്ധതികൾ വഴി, പ്രാദേശികമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തി സമഗ്രമായ വികസന തന്ത്രത്തിന് രൂപം നൽകുന്നതിന് ഇത് ആവശ്യമാണ്.***

ഗ്രാമീണ വികസനം. ജീവിത നിലവാരം, ഗുണമേന്മ എന്നിവ ഉയർത്തുന്നതിന് ഇത് അനിവാര്യവുമാണ് (സാമ്പത്തിക സർവെ –2021–22). ദാരിദ്ര്യമില്ലായ്മ എന്നത് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ (എസ് ഡി ജി) പ്രധാനപ്പെട്ട ഒന്നാണ്. ഇതാകട്ടെ അടിസ്ഥാന മേഖലയിലാണ് നടപ്പാക്കേണ്ടത് (പഞ്ചായത്തീരാജ് മന്ത്രാലയം–2021). എസ് ഡി ജി ഇന്ന് കൂടുതൽ പ്രാദേശികവത്കരിക്കപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, ഈ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തുകൾക്കാണ് കൂടുതൽ ഉത്തര വാദിത്വങ്ങൾ നൽകിയിരിക്കുന്നത്. എസ് ഡി ജിയുടെ കാര്യത്തിൽ പല ആശയങ്ങൾ നമുക്ക് കാണാൻ കഴിയും. പ്രാദേശിക ഭരണകൂടങ്ങൾ വഴിയാണ് ഇവ സാക്ഷാത്കരിക്കുക. ദാരിദ്ര്യ രഹിതമായ, ജീവിത മാർഗ്ഗങ്ങൾ ധാരാളമായുള്ള ഗ്രാമങ്ങൾ ഇതിൽ സുപ്രധാനമായ ഒരു ആശയമാണ്. ജനങ്ങളുമായി കൂടുതൽ അടുത്ത് ഇടപഴകുന്നത് പഞ്ചായത്തുകളായതിനാൽ അവയ്ക്ക് ജനങ്ങളുടെ വികസനം സംബന്ധിച്ച ആവശ്യങ്ങൾ വേഗത്തിൽ അറിയാൻ കഴിയുന്നു. അതിനാൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക, ഗ്രാമങ്ങളിലെ ജീവിത നിലവാരം ഉയർത്തുക തുടങ്ങിയ കാര്യങ്ങൾ പ്രാദേശിക ഭരണ സംവിധാനങ്ങളുടെ പൂർണ്ണ ചുമതലയിലാണ് വരുന്നത്. പഞ്ചായത്തിരാജ് മന്ത്രാലയം 2021 മുതൽ 2022 വരെ 'സബ്കി യോജന, സബ്കാ വികാസ് 'എന്ന ഒരു പ്രചാരണ പരിപാടിക്ക് രൂപം നൽകിയിരുന്നു. ഗ്രാമ പഞ്ചായത്തുകളുടെ വികസന പദ്ധതി രൂപപ്പെടുത്തുന്നതിൽ ജനങ്ങളുടെപങ്കാളിത്തം ഉറപ്പു വരുത്തുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം (സാമ്പത്തിക റിവ്യൂ – 2021–22). ഗ്രാമീണ മേഖലയുടെ വികസന പദ്ധതി രൂപപ്പെടുത്തുന്നതിനായുള്ള ഭരണഘടനാപരമായ ഒരു സ്ഥാപനമാണ് ഗ്രാമപഞ്ചായത്തുകൾ. പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ഫ്ളാഗ്ഷിപ്പ് പദ്ധതികളായ എം ജി എൻ ആർ ഇ ജി എസ് തുടങ്ങിയവയുടെ സഹായത്തോടെയുമാണ് ഗ്രാമീണ വികസനം സാധിതപ്രായമാക്കുക (പഞ്ചായത്തിരാജ്, ഗ്രാമവികസന മന്ത്രാലയം–2019).

വരുമാനം, വാങ്ങൽശേഷി തുടങ്ങിയവ ഉയർത്തുന്നതിനൊപ്പം ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ ഉറപ്പ് വരുത്തുകയും ചെയ്യുക എന്നത് ഗ്രാമീണ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. ഇതിനായി നിരവധി പദ്ധതികളാണ് ഗ്രാമീണ വികസന മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ഗ്രാമപഞ്ചായത്തുകൾ വഴി ഇത്തരം പദ്ധതികൾ നടപ്പാക്കുന്നു (പഞ്ചായത്തിരാജ്, ഗ്രാമവികസന മന്ത്രാലയങ്ങൾ–2019). ഗ്രാമീണ വികസന ലക്ഷ്യങ്ങൾ സാധിതമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പല വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. 2006 മുതൽ 2021 വരെയുള്ള ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ വിവരങ്ങൾ പരിശോധിക്കുമ്പോൾ എം ജി എൻ ആർ ഇ ജി എസിന്റെ കീഴിൽ വരുന്ന കേരളത്തിലെ ഗ്രാമീണ ജനവിഭാഗങ്ങൾ 27.2 ശതമാനമാണെന്ന് കാണാം (ട്യൂറങ്കി –2022).

**1.3 പഠനത്തിന്റെ ലക്ഷ്യം**

കേരളത്തിലെ ഗ്രാമീണ മേഖലയിൽ പദ്ധതി വിഹിതത്തിന്റെ ഉപയോഗം സംബന്ധിച്ച് മനസിലാക്കുക.

ഗ്രാമീണ വികസനത്തിന് സംസ്ഥാന പദ്ധതി വഴി

***2019-20 സാമ്പത്തിക വർഷത്തിൽ ഏറ്റവും കുറവ് ഫണ്ട് വിനിയോഗം നടന്നിരിക്കുന്നത് മൂന്ന് പഞ്ചായത്തുകളിലാണ്.***

നൽകുന്ന വിഹിതത്തെ കുറിച്ച് പരിശോധിക്കുക.

ഗ്രാമീണ വികസനത്തിന്റെ ഒരു പ്രധാന ഘടകമെന്ന നിലയിൽ എം ജി എൻ ആർ ഇ ജി എസ് പദ്ധതിയെ കുറിച്ചുള്ള വിലയിരുത്തൽ.

**1.4 വിവരങ്ങളും പഠനത്തിന്റെ രീതിശാസ്ത്രവും**

പഞ്ചായത്തീരാജ്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി, ഗ്രാമ വികസന മന്ത്രാലയം എന്നിവയിൽ നിന്നും ലഭ്യമായ ദ്വിതീയ വിവരങ്ങളും ഏറ്റവും പുതിയ സാമ്പത്തിക റിവ്യൂവിൽ നിന്നുമുള്ള വിവരങ്ങളുമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്.

**1.5 കേരളത്തിലെ പ്രാദേശിക ഭരണകൂടങ്ങളുടെ വാർഷിക പദ്ധതി ചെലവഴിക്കൽ**

ഗ്രാമീണ വികസനത്തെ അളക്കുന്നതിനുള്ള ഒരു പ്രധാന സൂചകമാണ് പദ്ധതി വിഹിതത്തിന്റെ ഫലപ്രദമായ വിനിയോഗം. ഭരണഘടനയുടെ 243 ജി അനുച്ഛേദം സാമ്പത്തിക വികസനത്തിനായുള്ള ഒരു ഉത്തേജകം എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നു (അലോക് -2014). ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ 2017-18 മുതൽ അഞ്ചു വർഷത്തേക്കുള്ള പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ പട്ടിക ഒന്നിൽ നൽകിയിരിക്കുന്നു (പട്ടിക -1).

2022-23 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിച്ചത് ഗ്രാമപഞ്ചായത്തുകളാണെന്ന് പട്ടിക ഒന്നിൽ നിന്നും വ്യക്തമാകുന്നു. 2019-20ൽ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഏറ്റവും കുറവ് ഫണ്ട് വിനിയോഗം നടന്നതെന്നും ഇതിൽ നിന്നും മനസിലാക്കാൻ കഴിയുന്നുണ്ട്.

**1.6 - കേരളത്തിലെ ഗ്രാമീണ വികസനത്തിന് നൽകുന്ന പദ്ധതി വിഹിതം**

2002-03 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിന്റെ മൊത്തം പദ്ധതി അടങ്കലിൽ ഗ്രാമീണ വികസന രംഗത്തിന്റെ വാർഷിക ഫണ്ട് എത്രയാണെന്ന് പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു (പട്ടിക -2).

കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നേരിയ മുന്നേറ്റം കാണാമെങ്കിലും പട്ടിക ഒരുകാര്യം വ്യക്തമാക്കുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ഗ്രാമീണ വികസനത്തിനായുള്ള ഫണ്ട് കുറഞ്ഞു വരുന്നു എന്നതാണ് അത്.

**1.7 - പ്രാദേശിക ഭരണ സംവിധാനം വഴിയുള്ള ഗ്രാമവികസനം - എം ജി എൻ ആർ ഇ ജി എസിൽ നിന്നുള്ള അനുഭവപാഠം**

ഗ്രാമീണ മേഖലയുടെ വികസനത്തിനായി, പ്രാദേശികമായ വിഭവങ്ങളും എം ജി എൻ ആർ ഇ ജി എസ് പോലുള്ള പാതകവാഹിനി പദ്ധതികളും പ്രയോജനപ്പെടുത്തി സമഗ്രമായ വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഭരണഘടനാപരമായ ഒരു സ്ഥാപനമാണ് ഗ്രാമ പഞ്ചായത്തുകൾ (പഞ്ചായത്തിരാജ്, ഗ്രാമ വികസന മന്ത്രാലയങ്ങൾ-2021-22). ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്തുകൊണ്ട് അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്ന ഒരു പ്രധാന പദ്ധതിയാണ് എം ജി എൻ ആർ ഇ ജി എസ് (സാമ്പത്തിക സർവെ -2022-23). സാമ്പത്തിക വളർച്ചയും ഗ്രാമീണ മേഖലയിലെ തൊഴിൽ ലഭ്യതയും തമ്മിൽ പൊരുത്തപ്പെടാത്ത സാഹചര്യത്തിൽ 2005ലാണ് എം ജി എൻ ആർ ഇ ജി എ നിയമം അവതരിപ്പിക്കപ്പെട്ടത് (ദേശായ്-2015). ഈ പദ്ധതി

**Table 1.** Plan Fund utilisation of rural local bodies in Kerala (%)

| Year | Grama panchayat | Block Panchayats | District Panchayats |
|---|---|---|---|
| 2017-18 | 90.65 | 80.4 | 71.06 |
| 2018-19 | 88.56 | 89.35 | 80.64 |
| 2019-20 | 63.24 | 60.39 | 45.94 |
| 2020-21 | 99.9 | 101.11 | 98.52 |
| 2021-22 | 92.9 | 92.97 | 82.77 |
| 2022-23 | 90.42 | 86.73 | 76.77 |

*Source: Author's compilation*

**Table 2.** Plan Fund towards the rural development in Kerala

| Year | Annual plan fund (State) | Rural Development | state plan as % of state's total plan |
|---|---|---|---|
| 2002-03 | 3953.36 | 168.08 | 4.251573 |
| 2003-04 | 3712.24 | 229.89 | 6.192757 |
| 2004-05 | 3907.18 | 312.1 | 7.987858 |
| 2005-06 | 4230.93 | 287.12 | 6.786215 |
| 2006-07 | 4785.31 | 314.19 | 6.565719 |
| 2007-08 | 5690.4 | 292.43 | 5.139006 |
| 2008-09 | 7142.54 | 296.34 | 4.148944 |
| 2009-10 | 8780.47 | 425.87 | 4.850196 |
| 2010-11 | 10024.57 | 342.62 | 3.417802 |
| 2011-12 | 11758.89 | 422.31 | 3.59141 |
| 2012-13 | 14736.92 | 622.59 | 4.224696 |
| 2013-14 | 14901.29 | 656.56 | 4.406061 |
| 2014-15 | 15567.26 | 570.05 | 3.661852 |
| 2015-16 | 21310.69 | 1247.4 | 5.8534 |
| 2016-17 | 24470.72 | 1225.1 | 5.006391 |
| 2017-18 | 29896.79 | 3424.27 | 11.45364 |
| 2018-19 | 26047.32 | 1591.44 | 6.109803 |
| 2019-20 | 24445.2 | 1204.74 | 4.928329 |
| 2020-21 | 36214.23 | 1902.16 | 5.252521 |
| 2021-22 | 39281.84 | 1382.68 | 3.519896 |
| 2022-23 | 37699.53 | 1789.87 | 4.747725 |

*Source: Kerala Budget, 2023-24*

***രണ്ടു സാമ്പത്തിക വർഷങ്ങളിൽ നേരിയ തോതിലുള്ള വർധന രേഖപ്പെടുത്തിയതൊഴിച്ചാൽ, 2017–18 മുതൽ ഗ്രാമീണ വികസനത്തിനായുള്ള സംസ്ഥാന പ്ലാൻ ഫണ്ട് വിഹിതം കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.***

നടപ്പാക്കുന്ന കാര്യത്തിൽ ഗ്രാമീണ മേഖലയിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്.

രാജ്യത്തെ പഞ്ചായത്തിരാജ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നത് കാരണം ഈ പദ്ധതിയെ പ്രാദേശിക വികസന പദ്ധതികളുടെ മാതാവ് എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത് (വിജയാനന്ദ് –2021). കേരളത്തിൽ പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ 2006ലാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. പിന്നീട് ഇത് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചു (നായർ –2009). കേരളത്തിൽ 27 ലക്ഷം പേർ ഇതിന്റെ ഗുണഭോക്താക്കളാണ്. സംസ്ഥാന സർക്കാർ ഇവർക്കായി ഒരു ക്ഷേമപദ്ധതിക്കും രൂപം നൽകിയിട്ടിട്ടുണ്ട്. ഗ്രാമസഭകളിൽ കൂടുതലായും പങ്കെടുക്കുന്നത് ഇവരാണ് (സംസ്ഥാന ധനകാര്യ കമ്മീഷൻ –2016). വികേന്ദ്രീകരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഈ പദ്ധതി സഹായകമായി (വിജയാനന്ദ്–2021).

### 17.1 എം ജി എൻ ആർ ഇ ജി എസ് പദ്ധതിയുടെ 2021–22ലെ സ്ഥിതി

2021–22ലെ കേരളത്തിന്റെ മൊത്തം പദ്ധതി അടങ്കൽ 4057 കോടി രൂപയാണ്. ഇതിൽ 2944 കോടി രൂപ എം ജി എൻ ആർ ഇ ജി എസ് പദ്ധതിക്കായി നീക്കിവച്ചപ്പോൾ അത് മൊത്തം പദ്ധതി അടങ്കലിന്റെ 73 ശതമാനമാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളാണ് മൂന്നാം പട്ടികയിൽ കൊടുത്തിരിക്കുന്നത് (പട്ടിക –3).

ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു വസ്തുത ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗം ഉണ്ടായിരിക്കുന്നത് കണ്ണൂർ ജില്ലയിലാണ് എന്നതാണ്. 89 ശതമാനമാണ് ഇവിടെ വിനിയോഗം. ഏറ്റവും കുറവായ 56 ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്. ഈ സാഹചര്യത്തിൽ എം ജി എൻ ആർ ഇ ജി എസ് വഴിയായുള്ള തൊഴിലിന്റെ നില കൂടി ഈ പഠനം പരിശോധിക്കുകയാണ് . അതായത് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പേർക്ക് തൊഴിൽ കാർഡുകൾ ലഭ്യമായി എന്നത് ഇത് വ്യക്തമാക്കുന്നു. തൊഴിൽ സംബന്ധമായ വിശദാംശങ്ങൾ പട്ടിക നാലിൽ ചേർത്തിരിക്കുന്നു (പട്ടിക –4).

കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ തൊഴിലിന്റെ കാര്യത്തിൽ ഇടിവ് പ്രകടമായതായി പട്ടിക നാലിൽ നിന്നും വ്യക്തമാകുന്നു. 2022ൽ 75 ശതമാനമായിരുന്ന തൊഴിൽ 2023ൽ 69 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ മൂന്ന് വർഷകാലത്തിനിടയിൽ ഇക്കാര്യത്തിൽ ജില്ലകളുടെ കാര്യത്തിലും വ്യത്യാസമുണ്ടെന്ന് വ്യക്തമാകുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പട്ടിക അഞ്ചിൽ നിന്നുംലഭിക്കുന്നതാണ് (പട്ടിക –5).

രജിസ്ട്രേഷനും കാർഡ് വിതരണവും ഏറെ സജീവമായിരുന്നെങ്കിലും തൊഴിൽ നൽകുന്ന കാര്യത്തിൽ പഞ്ചായത്തുകളുടെ ഭാഗത്ത് നിന്നും വീഴ്ച്ച സംഭവിച്ചതായി പട്ടികയിൽ നിന്നും വ്യക്തമാകുന്നുണ്ട്. മലപ്പുറം ജില്ലയിലാണ് ഇത് ഏറ്റവും പ്രകടമായി കാണുന്നത്. 2022, 2023 എന്നീ

***ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുക വഴി അവരുടെ ജീവിതമാർഗം സുരക്ഷിതമാക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് എം ജി എൻ ആർ ഇ ജി എസ്.***

**Table 3.** Plan fund utilisation for MGNREGS in Kerala

| District | Plan Outlay (Cr) | Total expenditure FY 2021-22 (Cr) | % of expenditure against State plan |
|---|---|---|---|
| Kannur | 238.81 | 211.67 | 88.64 |
| Kozhikode | 456.96 | 364.75 | 79.82 |
| Wayanad | 177.66 | 141.60 | 79.70 |
| Kottayam | 192.76 | 152.68 | 79.21 |
| Ernakulam | 213.37 | 162.10 | 75.97 |
| Malappuram | 230.42 | 174.46 | 75.72 |
| Idukki | 260.98 | 193.16 | 74.01 |
| Thrissur | 251.14 | 183.73 | 73.16 |
| Alappuzha | 371.19 | 269.89 | 72.71 |
| Kasargod | 192.66 | 139.34 | 72.32 |
| Kollam | 364.99 | 254.41 | 69.70 |
| Palakkad | 385.45 | 266.65 | 69.18 |
| Thiruvananthapuram | 540.74 | 329.37 | 60.91 |
| Pathanamthitta | 179.90 | 101.10 | 56.20 |

*Source: https://nregs.kerala.gov.in/en/financial-progress/*

**Table 4.** Employment status of MGNREGS in Kerala

| Year | Number of active job cards | Number of households got job | % of households got job |
|---|---|---|---|
| 2021 | 2022610 | 1476515 | 73 |
| 2022 | 2194783 | 1643096 | 74.86 |
| 2023 | 2189182 | 1512037 | 69.07 |

**Table 5.** % of households got job through MGNREGS in Kerala

| District | 2021 | 2022 | 2023 |
|---|---|---|---|
| Alappuzha | 81.08 | 82.92 | 80.09 |
| Pathanamthitta | 77.55 | 77.13 | 72.31 |
| Thiruvananthapuram | 76.88 | 79.18 | 74.69 |
| Kottayam | 75.58 | 73.07 | 64.62 |
| Palakkad | 74.8 | 74.97 | 71.67 |
| Kozhikode | 74.43 | 77.89 | 69.43 |
| Kasargod | 74.16 | 77.82 | 70.07 |
| Idukki | 72.2 | 74.86 | 67.67 |
| Kannur | 71.79 | 75.02 | 66.89 |
| Wayanad | 70.94 | 74.44 | 69.9 |
| Thrissur | 69.9 | 70.59 | 64.12 |
| Kollam | 69.35 | 73.27 | 66.86 |
| Ernakulam | 68.71 | 68.56 | 62.95 |
| Malappuram | 61.75 | 63.38 | 58.87 |

*Source: Author's compilation*

വർഷങ്ങൾ താരതമ്യം ചെയുമ്പോൾ എല്ലാ ജില്ലകളിലും തൊഴിലിന്റെ കാര്യത്തിൽ ഇടിവ് സംഭവിച്ചിട്ടുള്ളതായി കാണാം. ജില്ലകൾ തമ്മിൽ ഇക്കാര്യത്തിൽ പ്രകടമായ അന്തരവും കാണാം.

**1.8 പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ**

ഗ്രാമീണ സമ്പദ്ഘടനയുടെ വികാസത്തിലും അവിടത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും ഗ്രാമപഞ്ചായത്തുകൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. എന്നാൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ, പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്ന സ്ഥിതി പരിശോധിച്ചാൽ 2019–20 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ തുകയും യഥാർത്ഥ ത്തിൽ വിനിയോഗിച്ച തുകയും തമ്മിൽ പ്രകടമായ അന്തരം കാണാൻ കഴിയുന്നുണ്ട്. ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. 2021–22 മുതൽ ഈ പ്രവണത തുടരുന്നത് കാണാം. 2022–23 ൽ ഗ്രാമീണ വികസനത്തിന് നീക്കിവച്ച പദ്ധതി വിഹിതമായ 4.7 ശതമാനത്തിൽ നിന്ന് 2023–24ൽ 7.07 ശതമാനമായി ഉയർന്നതായി കാണാം. എന്നിരുന്നാലും ഇത് 2017–18ൽ നൽകിയ 11.45 ശതമാനത്തേക്കാൾ ഏറെ താഴെയാണെന്ന് കാണാൻ കഴിയും. എം ജി എൻ ആർ ഇ ജി എസ് പദ്ധതിക്ക് വേണ്ടിയുള്ള വിഹിതം ഏറ്റവും കൂടുതൽ വിനിയോഗിച്ചിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ്, 88.64 ശതമാനം. ഏറ്റവും കുറവായ 56.20 ശതമാനം രേഖപ്പെടുത്തിയിട്ടുള്ളത് പത്തനംതിട്ട ജില്ലയിലുമാണ്.

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ തൊഴിൽ നൽകിയത് ആലപ്പുഴ ജില്ലയിലാണ്. 81.08 ശതമാനം. 2021ലെ സംസ്ഥാന ശരാശരിയായ 73 ശതമാനത്തേക്കാൾ ഏറെ മുകളിലാണ് ഇത്. എന്നാൽ 2023ൽ ആലപ്പുഴ ജില്ലയുടെ തോത് 80.09 ശതമാനമായി കുറഞ്ഞു. 2021ൽ ഏറ്റവും കുറവ് തൊഴിൽ നൽകപ്പെട്ടത് മലപ്പുറം ജില്ലയിലാണ്, 62 ശതമാനം. 2023ൽ ഇത് 59 ശതമാനമായി താഴ്ന്നു. രെജിസ്ട്രേഷൻ പ്രവർത്തനത്തിലും തൊഴിൽ കാർഡുകൾ നൽകുന്ന കാര്യത്തിലും ഏറെ മുന്നേറ്റ മുണ്ടായെങ്കിലും ഇക്കാര്യത്തിൽ പഞ്ചായത്തു കളുടെ ഭാഗത്ത് വീഴ്ച്ചയുണ്ടായതാണ് ഇതിന് കാരണമായത്. ഗ്രാമവാസികളും പഞ്ചായത്ത് അംഗങ്ങളും സർക്കാർ ജീവനക്കാരും തമ്മിൽ ഏകോപനം ഇല്ലാതെ പോകുന്നതും ഗ്രാമ വികസന പദ്ധതികൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ്.

**ഉപസംഹാരം**

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്ന സ്ഥിതി പരിശോധിച്ചാൽ 2019–20 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ തുകയും യഥാർ ത്ഥത്തിൽ വിനിയോഗിച്ച തുകയും തമ്മിൽ പ്രകടമായ അന്തരം കാണാൻ കഴിയുന്നുണ്ട്. ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. 2021–22 മുതൽ ഈ പ്രവണത തുടരുന്നത് കാണാം. എം ജി എൻ ആർ ഇ ജി എസ് പോലുള്ള ഗ്രാമീണ വികസന പദ്ധതികളിൽ ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കുന്ന കാര്യത്തിൽ വിവിധ ജില്ലകൾ തമ്മിൽ കാര്യമായ അന്തരം കാണാം. ഈ പദ്ധതി വഴിയുള്ള തൊഴിലവസരങ്ങളുടെ കാര്യത്തിലും ഈ അന്തരം കാണാം. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും

***എം ജി എൻ ആർ ഇ ജി എസ് പദ്ധതിക്കായുള്ള പ്ലാൻ ഫണ്ട് വിനിയോഗത്തിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ഏറ്റവും കൂടുതൽ വിനിയോഗം നടന്നിരിക്കുന്നത് കണ്ണൂർ ജില്ലയിലാണെന്ന് കാണാം. 89 ശതമാനം വിനിയോഗമാണ് അവിടെ നടന്നത്. 56 ശതമാനം വിനിയോഗവുമായി ഏറ്റവും കുറവ് രേഖപ്പെടുത്തിയിരിക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്.***

കേന്ദ്ര സഹായം ലഭ്യമാകുന്ന എം ജി എൻ ആർ ഇ ജി എസ് പോലുള്ള പദ്ധതികളെ നല്ല രീതിയിൽ നടപ്പാക്കിയും മികച്ച വികസന പദ്ധതികൾ തയാറാക്കുന്ന കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകളെ നന്നായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

■

(ജെയ്ൻ സർവകലാശാലയിലെ സാമ്പത്തികശാസ്ത്രവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ശ്രീ ടീസൺ സി.ജെ, ജെയ്ൻ സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ രേവതി കെ. ശിവദാസ്)

## References

1 Economic survey. (2022-23). *Economic survey 2022-23.* New Delhi: Department of Economic affairs.

2 Alok V.N. (2011). *Role of panchayat bodies in rural development since 1959.* Indian institute of public administration.

3 Alok, V. (2014). *Measuring Devolution to Panchayats in India: A comparison across States Empirical Assessment.*

4 Bhattacharya, SmritiRanjan, Anupam De. (2014). Financial planning through resource allocation in Urban Local Self Government. *International conference on Business and Information Management, (p. 6).*

5 Economic Review. (2021-2022). *Economic Review.* Planning Board, Kerala State.

6 Gaur, S. (2020). Poverty measurement in India:A Status update. *working paper.*

7 Kerala, G. o. (2020). *Economic Review.* Kerala: Planning Board.

8 Ministry of Panchayat raj, G. o. (2021). *Grama Panchayat Development Plan to localize SDGs.*

9 Ministry of panchayat raj, Ministry of Rural Development. (2019). *People's plan campaign for Grama Panchayat Development Plan.* Government of India.

10 Modi, T. M. (2019). Role of Panchayati Raj Institutions in Rural Development:. *Asian Review of Social Sciences.*

11 Modi, T. M. (2019). Role of Panchayati Raj Institutions in Rural Development: An Analytical Study of Arunachal Pradesh. *Asian Review of Social Sciences.*

12 Oomen, M. A. (2004). *Deepening decentralized governance in rural India: lessons from the people's plan initiative of Kerala.* Centre for Socio-economic and Environmental Studies, India.

13 Thapa, I. (2020). *Local government: concept, roles and importance for contemporary society.* Ministry of Energy, Water Resource and irrigation, Government of Nepal.

14 Turangi, S. (2022). MGNREGS performance (2006-21): an inter-state analysis. *South asia research.*

15 Venugopal, Varsha, Serder Yilmaz. (2009). Decentralization in Kerala: Panchayat government discretion and accountability. *Public Administration and Development: The International Journal of Management Research and Practice, 13.*

16 Vinayak Banakar, S. V. (2018). A Conceptual Model of Rural Development Index. *International journal of Rural Development, Environment and Health Research(IJREH).*

17 Wasnik, J. (2020). Local Governance Ethics in India: Issues and challenges. *Journal of Governance and Public Policy,* 2-13.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# തൊഴിലിടങ്ങളിലെ അന്തസ്സാർന്ന പ്രവർത്തനം സമുദ്ര മൽസ്യബന്ധന മേഖലയിൽ

ശാലിനി മാത്യൂസ്, അനിത വി

വാണിജ്യാടിസ്ഥാനത്തിൽ മൽസ്യബന്ധന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നവരാണ്. അനിശ്ചിതമായി നീളുന്ന ജോലി സമയമാണ് ഇതിൽ ഏറ്റവും പ്രധാന കാര്യം. കടലിന്റെ മാറുന്ന സ്വഭാവം, മത്സ്യത്തിന്റെ ലഭ്യത, അപകടകരമായ കാലാവസ്ഥാ സാഹചര്യങ്ങൾ, സമുദ്രത്തിലെ മറ്റു പ്രതിസന്ധികൾ, നിയമപരമായ പരിരക്ഷയുടെ അഭാവം തുടങ്ങിയ പല കാരണങ്ങളാലും ഇവരുടെ തൊഴിൽ സാഹചര്യങ്ങൾ പ്രതിസന്ധി നിറഞ്ഞതാണ് (വാഗ്നർ – 2011). ലോകവ്യാപകമായി തന്നെ നാലു അടിസ്ഥാന ഘടകങ്ങൾ ഇവരുടെ തൊഴിൽ സാഹചര്യങ്ങളിൽ വളരെ പ്രധാനമാണ്. തൊഴിൽ, സാമൂഹ്യ സുരക്ഷ, അടിസ്ഥാന അവകാശങ്ങൾ, സാമൂഹ്യമായ പരിഗണന തുടങ്ങിയ കാര്യങ്ങളാണ് ഇതിൽ പ്രധാനം (എഫ് എ ഒ–2016). ലഭിക്കുന്ന മത്സ്യത്തിന്റെ നിശ്ചിത ഭാഗം എന്നതാണ് മത്സ്യത്തൊഴിലാളികളുടെ മുഖ്യ വരുമാനം. അതുകൊണ്ട് മൽസ്യലഭ്യതയെ അടിസ്ഥാനമാക്കി വരുമാനം ചാഞ്ചാടുന്നു. അതിനാൽ കൂടുതൽ സമയം ജോലി ചെയ്യുന്നതിനും പ്രതികൂല സാഹചര്യങ്ങളിൽ ജോലി ചെയ്യുന്നതിനും ഇവർ പലപ്പോഴും നിർബന്ധിതരാകാറുണ്ട്. മുൻ നിശ്ചയപ്രകാരമുള്ള കരാറിന്റെ അടിസ്ഥാനത്തിൽ മൽസ്യബന്ധന യാനത്തിന്റെ ഉടമക്കും അതിലെ തൊഴിലാളികൾക്കുമായി വരുമാനം പങ്ക് വയ്ക്കുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്. ഫിഷിങ് വെസലിന്റെ പ്രവർത്തന ചെലവുകൾ കഴിച്ചുള്ള വരുമാനമാണ് ഇങ്ങനെ പങ്ക് വയ്ക്കുന്നത്. ഇത്തരമൊരു സംവിധാനമാകയാൽ പൊതുവെ മൽസ്യബന്ധന തൊഴിലാളികളെ സ്വയംതൊഴിൽ കണ്ടെത്തുന്നവർ എന്ന നിലയിലും പരിഗണിക്കപ്പെടുന്നുണ്ട് (എഫ് എ ഒ; ഹോവാർഡ്–2012).

സാമൂഹ്യ സുരക്ഷയുടെ കാര്യമെടുത്താൽ മിക്ക വികസ്വര രാജ്യങ്ങളിലും ഇതിനാവശ്യമായ പദ്ധതികളില്ലെന്ന് കാണാം. മൽസ്യബന്ധനവും അക്വാകൾച്ചറും വ്യവസായങ്ങളാണെന്ന പരിഗണന പോലും പല രാജ്യങ്ങളിലുമില്ല. ഇത്തരം കാര്യങ്ങൾ നടപ്പാക്കിയിരിക്കുന്ന രാജ്യങ്ങളിൽ പോലും നിയമപരമായ നിബന്ധനകൾ കാരണം

---

***ലോകത്തെ ഇതര രാജ്യങ്ങളിലെ മൽസ്യബന്ധന മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മൽസ്യബന്ധന രംഗം സാമൂഹ്യ സുരക്ഷ, പരിഗണന തുടങ്ങിയ കാര്യങ്ങളിൽ മുന്നിട്ട് നിൽക്കുന്നതായി കാണാം. ഈ സാഹചര്യത്തിൽ യന്ത്രവൽകൃത, മോട്ടോർ ഘടിപ്പിച്ച മൽസ്യബന്ധന ബോട്ടുകളിൽ ജോലി ചെയ്യുന്നവരുടെ തൊഴിലിടങ്ങളിലെ അന്തസ്സാർന്ന പ്രവർത്തനത്തെ കുറിച്ചാണ് ഈ പഠനം.***

---

***റാൻഡം സാംപ്ലിങ് രീതി വഴിയായി 306 സാമ്പിളുകളാണ് ഈ പഠനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. അന്തസ്സാർന്ന തൊഴിലിന്റെ ഭാഗമായി വരുന്ന ആറ് ഡൈമെൻഷൻ സൂചികകൾ ആധാരമാക്കിയാണ് ഡീസന്റ് വർക്ക് സൂചിക തയ്യാറാക്കിയിട്ടുള്ളത്.***

ഇതിന്റെ പ്രയോജനം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ തൊഴിലാളികൾക്ക് കഴിയാറില്ല (കോൺവെ, 1999; എഫ് എ ഒ, 2026; പോളനാക്–1998).

തൊഴിൽ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും മൽസ്യബന്ധന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനു പലപ്പോഴും കഴിയാറില്ല. ജോലിയുടെ സ്വഭാവവും ഇതിന് ഒരു കാരണമാണ് ( എഫ്എ ഒ–2016). പല രാജ്യങ്ങളിലും ഇതിനായി നിർമിച്ചിട്ടുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിമിതികൾ മൂലം മൽസ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് അവ പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു. ബോട്ടുകൾ കൂടുതൽ സമയവും കടലിലായതിനാൽ ഇത്തരം നിയമങ്ങൾ കൃത്യമായി നടപ്പാക്കുക എന്നത് പലപ്പോഴും വലിയ വെല്ലുവിളിയാണ് (ഐ എൽ ഒ –2016; ഐ എൽ ഒ–2017).

'വർക്ക് വൺ ഫ്രയിമിന്റെ' അടിസ്ഥാനത്തിൽ ലോകമെമ്പാടുമുള്ള ഈ രംഗത്തെ ചലനങ്ങൾ വിലയിരുത്തുമ്പോൾ, കേരളത്തിലെ മൽസ്യബന്ധന മേഖലയിലെ വിവരങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് (കേന്ദ്ര സർക്കാർ–1997; പാറപ്പുറത്ത്, രാമചന്ദ്രൻ–2017). കേരളത്തിൽ ഇവർക്ക് ആവശ്യമായ സാമൂഹ്യ സുരക്ഷ, പ്രോത്സാഹന നടപടികൾ തുടങ്ങിയവ സ്വീകരിക്കുന്നത് മൽസ്യബന്ധന വകുപ്പും അനുബന്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമാണ് (കുര്യൻ, പോൾ–2001). ഫിഷിങ് മേഖലയിലെ പ്രതികൂല സാഹചര്യങ്ങൾക്കിരയായി കേരളത്തിൽ നിരവധി മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ബോട്ടുകൾ മറിഞ്ഞോ, തിരയിൽ അകപ്പെട്ടോ ആരോഗ്യ പ്രശ്നങ്ങൾ മൂലമോ ആണ് ഇത്തരം അപകടങ്ങളിൽ അധികവും സംഭവിച്ചിട്ടുള്ളത് (എസ്ഐ എഫ്എസ്എസ്–2017). തിരകൾ മുറിച്ചു കടക്കുമ്പോഴോ, വലയിൽ കുടുങ്ങിയോ, ബോട്ടുകൾ മറിയുന്നത് അടക്കമുള്ള പ്രശ്നങ്ങളോ ആണ് ഇതിന് മുഖ്യ കാരണം (എസ് ഐ എഫ് എസ് എസ്–2017).

ഇന്ത്യയെമ്പാടും ബാധകമാകുന്ന സമഗ്രമായ ഒരു നിയമം മൽസ്യബന്ധന രംഗത്തില്ല. സംസ്ഥാന മറൈൻ ഫിഷറീസ് റെഗുലേഷൻ നിയമങ്ങൾ, 1948ലെ കുറഞ്ഞ വേതന നിയമം, 2008ലെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ നിയമം, 1986 ലെ കുട്ടികളെ കൊണ്ട് തൊഴിലെടുപ്പിക്കുന്ന നിയമം, 2015ലെ ജുവനൈൽ ജസ്റ്റിസ് നിയമം തുടങ്ങി നിരവധി നിയമങ്ങൾ ഈ മേഖലക്ക് ബാധകമാണ് (റോഷൻ–2016). കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ മൽസ്യബന്ധന രംഗത്തുള്ളവർക്ക് ലഭ്യമാകുന്നില്ല (എൻ സി ഇ യു എസ്–2009).

1980ൽ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ രൂപീകൃതമായതോടെ ജാതിക്കും മതത്തിനും, രാഷ്ട്രീയചായ്‌വിനും അതീതമായ മത്സ്യത്തൊഴിലാളികളുടെ ഒരു കൂട്ടായ്മ നിലവിൽ വന്നു. ഇത്തരത്തിലുള്ള വിവിധ ഗ്രൂപ്പുകൾ സാമൂഹ്യ സുരക്ഷ അവകാശങ്ങൾക്കായുള്ള നിരന്തരമായ പോരാട്ടത്തിലാണ്.

കേരളത്തിൽ ഈ മേഖല തൊഴിലിന്റെയും അവകാശങ്ങളുടെയും കാര്യത്തിൽ ലോകനിലവാരവുമായി ഏറെക്കുറെ അടുത്തു നിൽക്കു

***യന്ത്രവൽകൃതവും മോട്ടോർ ഘടിപ്പിച്ചതുമായ യാനങ്ങളിൽ ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ മീഡിയം ലെവലിലാണ് ഡീസന്റ് വർക്ക് ഉള്ളതായി കാണുന്നത്. മോട്ടോർ വള്ളങ്ങളുടെ കാര്യത്തിൽ 97. 3 ശതമാനം പേരും യന്ത്രവൽകൃത മേഖലയിൽ 99.5 ശതമാനം പേരും ഈ നില നേടിയതാണ് കാണാം.***

ന്നതായി കാണാം. അതുകൊണ്ട് മൽസ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് ഇവിടെ സാമൂഹ്യ സുരക്ഷ ലഭ്യമാകുന്നുണ്ട്. അന്തസ്സാർന്ന തൊഴിൽ സംവിധാനം സംസ്ഥാനത്തെ വാണിജ്യാടിസ്ഥാനത്തിലുള്ള മൽസ്യബന്ധന രംഗത്ത് നിലനിൽക്കുന്നതായി കരുതാൻ കഴിയും. ഈ സാഹചര്യത്തിൽ യന്ത്രവൽകൃത, മോട്ടോർ ഘടിപ്പിച്ച യാനങ്ങൾ പ്രവർത്തിക്കുന്ന മൽസ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സാഹചര്യത്തിന്റെ വിശകലനമാണ് ഈ ലേഖനം ലക്ഷ്യമാക്കുന്നത്.

**വിവര ശേഖരണവും വിശകലന രീതികളും**

ദക്ഷിണ കേരളത്തിലെ മൂന്ന് തീരദേശ ജില്ലകളെടുത്താൽ ഏറ്റവും കൂടുതൽ മോട്ടോർ ഘടിപ്പിച്ച യാനങ്ങളുള്ളത് തിരുവനന്തപുരത്താണ്. എന്നാൽ യന്ത്രവൽകൃത ബോട്ടുകളുടെ ഇവിടെ താരതമ്യേന കുറവാണ് (മറൈൻ ഫിഷറീസ് സെൻസസ്–2010). ആലപ്പുഴ ജില്ലയിലും സമാനമായ സ്ഥിതി കാണാവുന്നതാണ്. രണ്ടു മേഖലയിലും പ്രവർത്തിക്കുന്ന ബോട്ടുകളുടെ എണ്ണം കൂടുതലുള്ളത് കൊല്ലം ജില്ലയിലാണ് (മറൈൻ ഫിഷറീസ് സെൻസസ്–2010). അതുകൊണ്ട് കൊല്ലം ജില്ലയെയാണ് ഈ പഠനം ഫോക്കസ് ചെയ്തിരിക്കുന്നത്.

കൊല്ലം ജില്ലയിൽ മുഴുവൻ സമയവും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏക സ്രോതസ്സ് 2010ലെ കേരള മറൈൻ ഫിഷറീസ് സെൻസസ് ആണ്. ഇതനുസരിച്ച് 13,558 പേരാണ് ഇത്തരത്തിൽ ജില്ലയിൽ ജോലി ചെയ്യുന്നത്. ഇവരുടെ യാനങ്ങൾ തിരിച്ചുള്ള കണക്ക് ഈ പഠനത്തിന് ഏറെ അനിവാര്യമാണ്. എന്നാൽ അത്തരത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. അതുകൊണ്ട് താഴെ കാണുന്ന വിധത്തിലുള്ള ഒരു രീതിയിലൂടെയാണ് ഇത് കണക്കാക്കിയിരിക്കുന്നത്. 13,558 പേരാണ് വിവിധ രീതിയിലുള്ള മൽസ്യബന്ധന ബോട്ടുകളിൽ പണിയെടുക്കുന്നത് എന്ന് വ്യക്തമാക്കിയല്ലോ. പട്ടിക ഒന്നിൽ ഇവരുടെ യാനങ്ങൾ തിരിച്ചുള്ള കണക്കുകളാണ് കൊടുത്തിരിക്കുന്നത്. സി എം എഫ് ആർ ഐ നടത്തിയ വിവിധ പഠനങ്ങളിൽ നിന്നും ഓരോ യാനങ്ങളിലെയും തൊഴിലാളികളുടെ ശരാശരി എണ്ണം കണക്കാക്കിയിരുന്നു. ഇതിനെ ബോട്ടുകളുടെ എണ്ണം കൊണ്ട് ഗുണിച്ചാണ് കണക്കുകൾ ലഭ്യമാക്കിയിരിക്കുന്നത്.

പട്ടിക ഒന്ന് പ്രകാരം നോക്കുമ്പോൾ മുഴുവൻ സമയ മൽസ്യബന്ധന തൊഴിലാളികളുടെ എണ്ണവും (12,851) മൊത്തം മത്സ്യത്തൊഴിലാളികളുടെ എണ്ണവും (13,558) തമ്മിൽ ഒരു പൊരുത്തക്കേട് ദൃശ്യമാണ്. തീരത്തോട് ചേർന്ന് യന്ത്രവൽകൃതവും അല്ലാത്തതുമായ മൽസ്യബന്ധനയാനങ്ങൾ പ്രവർത്തിക്കുന്നതാകാം ഇതിന് ഒരു കാരണം. അതുപ്രകാരം ഈ രണ്ടു രീതികളിലുമായി ബോട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ശരാശരി എണ്ണം യഥാക്രമം 44,40 എന്നിങ്ങനെയാണ്. അതുകൊണ്ട് ഈ പഠനത്തിൽ മൊത്തം തൊഴിലാളികളുടെ എണ്ണത്തിന് പകരം യാനങ്ങളുടെ സംഖ്യയാണ് കണക്കിലെടുത്തിരിക്കുന്നത്. ഇതിനായി കൊല്ലം ജില്ലയിൽ പൈലറ്റ് ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ യന്ത്രവൽകൃത മേഖലയിൽ ട്രോളറുകൾ മാത്രമാണ് പ്രവർത്തക്ഷമമായിരുന്നത്. 2010ലെ കേരള മറൈൻ ഫിഷറീസ് സെൻസസ് (പാർട്ട്–2) പ്രകാരമുള്ള 950 യന്ത്രവൽകൃത ബോട്ടുകളും 546 മോട്ടോർ ഘടിപ്പിച്ച യാനങ്ങളു മാണ് പഠനത്തിനായി

***0.67 ആണ് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളുടെ മേഖലയിൽ ഡീസന്റ് വർക്ക് ഇൻഡക്സ്. യന്ത്രവൽകൃത രംഗത്ത് ഇത് 0.60 ആണ്. അതായത് മോട്ടോർ വള്ളങ്ങളിൽ ജോലി ചെയ്യുന്നവരുടെ നില യന്ത്രവൽകൃത മേഖലയെക്കാൾ അല്പം മെച്ചപ്പെട്ടതാണ് എന്നർത്ഥം.***

തിരഞ്ഞെടുത്തത്. ഇതിന്റെ 5 ശതമാനമായ 306 യാനങ്ങളാണ് (മോട്ടോർ ഘടിപ്പിച്ച 112 യാനങ്ങളും 194 യന്ത്രവൽകൃത ബോട്ടുകളും) സാമ്പിൾ എന്ന നിലയിൽ എടുത്തിരിക്കുന്നത്. ഇവയുടെ അന്തിമ വിവരങ്ങൾ ക്രമപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വഴികളാണ് സ്വീകരിച്ചിട്ടുള്ളത്.

യന്ത്രവൽകൃതവും മോട്ടോർ ഘടിപ്പിച്ചതുമായ യാനങ്ങളിലെ തൊഴിലാളികളെ കണ്ടെത്തുന്ന തിനായി 2015 ലെ കേരള മറൈൻ ഫിഷറീസ് സ്ഥിതിവിവര കണക്കുകൾ, 2010ലെ മറൈൻ ഫിഷറീസ് സെൻസസ് എന്നിവയിലെ ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്നുള്ള വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് പട്ടിക രണ്ടിൽ കാണാം. ഇതുകൂടാതെ ബോട്ടുകളുടെ ഉടമകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് കൊല്ലം ജില്ലയിലെ മൽസ്യഭവൻ, ഫിഷറീസ് സ്റ്റേഷനുകൾ എന്നിവ വഴിയാണ്. യാനങ്ങളുടെ എണ്ണവും ലാൻഡിങ് കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങളിൽ നിന്നാണ് ലഭ്യമാക്കിയിരിക്കുന്നത് (പട്ടിക–3).

ലോട്ടറി രീതി വഴിയായുള്ള സാംപ്ലിങ്ങ് മുഖേന വിവരങ്ങൾ ആരായുന്നതിനായി മുതിർന്ന തൊഴിലാളികളെയും കണ്ടെത്തി. ഇതിനായി ഓരോ യാനങ്ങളിൽ നിന്നും ഒരാൾ വീതമാണ് തിരഞ്ഞെടു ക്കപ്പെട്ടിരിക്കുന്നത്. തങ്കശ്ശേരി, വാടി, മൂത്തകര, ജോനാപുരം, കൊല്ലം തുറമുഖം, പള്ളിത്തോട്ടം, ശക്തികുളങ്ങര, നീണ്ടകര തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ള വിവരങ്ങൾ തേടുന്നതിന് സഹായകമായ അഭിമുഖ ഷെഡ്യൂളും തയ്യാറാക്കി.

എല്ലാ മേഖലകൾക്കും ആവശ്യമായ വെയ്റ്റേജ് നൽകിക്കൊണ്ടുള്ള സിദ്ധാന്തപരമായ വിവര ങ്ങളുടെ അടിസ്ഥാനത്തിലാണ് ജോലി സൂച കങ്ങൾ ഒരുക്കിയിരിക്കുന്നത് (ബോണറ്റ്–2003). 5 പോയിന്റ് ലികേർട്ട് സ്കെയിലിൽ ഓരോ മേഖലക്കുമായി ഓരോ സെറ്റ് സ്റ്റേറ്റ്മെന്റുകൾ തയാറാക്കി. യു എൻ ഡി പി മുന്നോട്ട് വച്ച പൊതുഫോർമുലയുടെ (ആക്ചൽ വാല്യൂ–മിനിമം വാല്യൂ)–(മാക്സിമം വാല്യൂ–മിനിമം വാല്യൂ) അടിസ്ഥാനത്തിൽ ഇത് സൂചകങ്ങളുമായി ലയിപ്പിക്കുകയും ചെയ്തു. ഓരോ സൂചക ത്തിന്റെയും മൂല്യം 0 ത്തിനും ഒന്നിനും ഇടയിലാണ്. 0 ഏറ്റവും കുറഞ്ഞ മൂല്യവും 1 ഏറ്റവും ഉയർന്ന മൂല്യവുമായി കണക്കാക്കിയിരിക്കുന്നു. ആറ് സൂചകങ്ങളുടെയും ശരാശരി മൂല്യം കണക്കാക്കു കയും കൂട്ടിച്ചേർക്കുകയും ചെയ്താണ് ഡീസന്റ് വർക്ക് ഡൈമെൻഷൻ സൂചിക തയാറാക്കി യിട്ടുള്ളത്. ഇതും ഡീസന്റ് വർക്ക് സൂചികയും മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. അതായത് കുറഞ്ഞത് (മീനിലും താഴെ – എസ് ഡി ), മീഡിയം (മീൻ – എസ് ഡി ടു മീൻ+എസ് ഡി), ഉയർന്നത് (മീനിന് മുകളിൽ+എസ് ഡി).

**വിശകലനവും കണ്ടെത്തലും**

സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിൽ ഡീസന്റ് വർക്ക് എന്നത് സൂക്ഷ്മ തലത്തിൽ പരിശോധി ക്കപ്പെട്ടിട്ടുണ്ട് (ആങ്കർ–2002, സ്റ്റാന്റിംഗ്–2002). സൂക്ഷ്മതലത്തിൽ ഡീസന്റ് വർക്ക് എന്നത് തൊഴിൽ വിപണിയിലുള്ള സുരക്ഷിതത്വം, തൊഴിലിടങ്ങളിലെ സുരക്ഷ, വരുമാന സുരക്ഷ, ജോലി സുരക്ഷ, നൈപുണ്യ സുരക്ഷ, പ്രാതിനിത്യ സുരക്ഷ എന്നിവ ഉൾക്കൊള്ളുന്നതാണ്.

**സംയോജിത ജോലി സൂചിക**

മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിലെ 306 തൊഴിലാളികളിൽ മുഴുവൻ പേരും ഒരു ദിവസം

**Table 1:** Procedure of sample collection step 1

| Type of craft | Total crafts | Average crew size | Approximate population |
|---|---|---|---|
| Non-motorized | 299 | 4 | 1,196 |
| Motorized | 546 | 5 | 2,730 |
| **Mechanized** | | | |
| (a) Trawlers | 950 | 7 | 6,650 |
| (b) Gill netters | 5 | 9 | 45 |
| (c) Ring seiners | 35 | 62 | 2,170 |
| (d) Liners | 3 | 20 | 60 |
| | **Total** | | **12,851** |

*Source: Marine fisheries census 2010, CMFRI publications 2009 & 2011*

**Table 2:** Procedure of sample collection step 2

| Name of landing centre | Mode of craft operated | Intensity of crafts (based on no. of crafts operated) |
|---|---|---|
| Thankassery | Motorized | High (120) |
| Wadi | Motorized | High (130) |
| Moothakara | Motorized | Low (23) |
| Jonapuram | Motorized | Medium (70) |
| Quilon port | Motorized | Medium (40) |
| Pallithottam | Motorized | Low (20) |
| Sakthikulangara | Mechanized | High (500) |
| Neendakara | Motorized, Mechanized | 123 (High), High (450) |

*Source: Secondary data (Marine census 2010, Kerala Marine Fisheries Statistics (2015)*

**Table 3:** Procedure of sample collection step 3

| Name of landing centre | Mode of craft operated | Sample craft size |
|---|---|---|
| Thankassery | Motorized | 26 |
| Wadi | Motorized | 28 |
| Moothakara | Motorized | 5 |
| Jonapuram | Motorized | 15 |
| Quilon Port | Motorized | 8 |
| Pallithottam | Motorized | 5 |
| Needakara | Motorized | 25 |
| Sakthikulangara | Mechanised | 102 |
| Needakara | Mechanised | 92 |

*Source: Marine census 2010, Kerala marine statistics (2015)*

***മോട്ടോർ വള്ളങ്ങളുടെ കാര്യത്തിൽ ഡീസന്റ് വർക്ക് സൂചിക യന്ത്രവൽകൃത മേഖലയിലേതിനേക്കാൾ ഉയരത്തിലാണ്. ഇസഡ് ടെസ്റ്റ് ചൂണ്ടിക്കാട്ടുന്നത് ഈ വ്യത്യാസം ഒരു ശതമാനമാണ് എന്നാണ്.***

പൂർണ്ണമായും കടലിൽ ജോലി ചയ്യുന്നവരാണ്. എന്നാൽ ഇപ്രകാരം ജോലി ചെയ്യുന്നതിന് യന്ത്രവൽകൃത ബോട്ടുകളിലെ 9.8 ശതമാനം പേർ മാത്രമാണ് തയാറായിട്ടുള്ളത്. 90 ശതമാനം പേരും തുടർച്ചയായി ദിവസങ്ങളോളം മത്സ്യബന്ധനത്തിന് പോകുന്നവരാണ്. മോട്ടോറുകൾ ഘടിപ്പിച്ച വള്ളങ്ങളിലെ തൊഴിലാളികളുടെ കാര്യത്തിൽ ഡീസന്റ് വർക്ക് സൂചിക 0.67 ആയിരിക്കെ യന്ത്രവൽകൃത യാനങ്ങളുടെ കാര്യത്തിൽ ഇത് 0.60 ആണ്. ഇക്കാര്യത്തിൽ മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിലെ തൊഴിലാളികൾക്ക് അല്പം മേൽക്കോയ്മ കാണാം. അവർക്കിടയിലെ തൊഴിൽ, നൈപുണ്യ പുനരുല്പാദനം, പ്രാധിനിത്യം തുടങ്ങിയ കാര്യങ്ങളിലെ സൂചികകളിലെ മികച്ച നിലയാണ് ഇതിന് കാരണം (പട്ടിക 4).

ടെസ്റ്റ് റിസൾട്ട് രണ്ടു മേഖലകളിലെയും ഇൻഡക്സ് സ്കോറുകളുടെ കാര്യത്തിലെ വ്യതിയാനം

**Table 4:** Estimation of dimension indices and decent work index based on the nature of fishing

| Indices | Motorized | | | | Mechanized | | | | Z-test |
|---|---|---|---|---|---|---|---|---|---|
| | Min. | Max. | Mean | SD | Min. | Max. | Mean | SD | (p-value) |
| Labour market security | 0.55 | 0.95 | 0.68 | 0.08 | 0.25 | 0.90 | 0.63 | 0.08 | -4.1 (<0.01) |
| Employment security | 0.42 | 0.88 | 0.63 | 0.10 | 0.25 | 0.92 | 0.53 | 0.11 | -7.5 (<0.01) |
| Income security | 0.40 | 0.75 | 0.57 | 0.07 | 0.40 | 0.80 | 0.55 | 0.07 | -3.3 (<0.01) |
| Work security | 0.42 | 0.96 | 0.76 | 0.08 | 0.46 | 1.00 | 0.73 | 0.08 | -3.0 (<0.01) |
| Skill reproduction security | 0.35 | 0.95 | 0.71 | 0.08 | 0.35 | 0.95 | 0.63 | 0.10 | -7.2 (<0.01) |
| Representation security | 0.50 | 1.00 | 0.70 | 0.08 | 0.17 | 0.75 | 0.51 | 0.11 | -12.6 (<0.01) |
| Decent work | 0.54 | 0.82 | 0.67 | 0.05 | 0.50 | 0.79 | 0.60 | 0.05 | -11.1 (<0.01) |

*Source: Estimated from primary data, 2018*

വിശകലനം ചെയ്യുന്നതിന് സ്വീകരിച്ച ഇസഡ് ടെസ്റ്റിന്റെ വിവരങ്ങൾ പട്ടിക ഒൻപതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ മോട്ടോർ ഘടിപ്പിച്ച യാനങ്ങളിലെ തൊഴിലാളികളുടെ ഡീസന്റ് വർക്ക് സൂചിക യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികളേക്കാൾ ഉയർന്ന താണ് എന്ന് കാണാം. ഇസഡ് ടെസ്റ്റിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഈ വ്യത്യാസം ഒരു ശതമാനത്തിൽ കൂടുതലാണ്. അതുകൊണ്ട് മൽസ്യബന്ധന മേഖലയിൽ പണിയെടുക്കുന്ന ജോലിക്കാരുടെ തൊഴിൽ മേഖലയിൽ ശ്രദ്ധേയമായ വ്യത്യാസമില്ല എന്ന നൾ സിദ്ധാന്തം ഇവിടെ പ്രാവർത്തികമല്ല എന്ന് വ്യക്തമാണ്.

## ഉപസംഹാര കുറിപ്പ്

ഇവിടെ കണ്ടെത്തിയ ഡീസന്റ് വർക്ക് സൂചിക മൽസ്യബന്ധന മേഖലയിലെ തൊഴിലാളികൾ ക്കിടയിലെ അന്തസ്സാർന്ന ജോലി നിലവാരത്തി ലേക്ക് വെളിച്ചം വീശുന്ന ഒന്നാണ്. ഇതിൽ നിന്നും വ്യക്തമാകുന്നത് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിലെ 97.3 ശതമാനം തൊഴിലാളികളും യന്ത്രവൽകൃത യാനങ്ങളിലെ 99.5 ശതമാനവും മീഡിയം ലെവെള്ളിലുള്ള ഡീസന്റ് വർക്ക് സാഹ ചര്യങ്ങളിൽ ജോലി ചെയ്യുന്നവരാണ് എന്നാണ് (പട്ടിക–5). സൂചിക വ്യക്തമാക്കുന്നത് രണ്ടു രംഗത്ത് പണിയെടുക്കുന്നവരും മീഡിയം ഡീസന്റ് വർക്ക് സ്ഥിതിയിൽ പ്രവർത്തിക്കുന്നവരാണ് എന്നാണ് (പട്ടിക–6).

## കുറിപ്പ്

1. അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐ എൽ ഒ) അന്തസ്സാർന്ന തൊഴിൽ എന്ന തിനെ അടിസ്ഥാനമാക്കി തൊഴിലിന്റെ ഗുണമേന്മയുടെ ഒരു വിശദീകരണം ക്രമപ്പെടുത്തുകയുണ്ടായി. 1999ലാണ് ഇത് ഔദ്യോഗികമായി പുറത്തു വിട്ടത് (ബർഷെൽ–2013).
2. യാനങ്ങളുടെ കുതിപ്പിനും മീൻ പിടിക്കുന്നതിനും ശക്തമായ എൻജിനുകൾ ട്രോളറുകളിൽ ഘടിപ്പിക്കുന്ന വിഭാഗമാണ് യന്ത്രവൽകൃത മൽസ്യബന്ധന മേഖല.
3. യാനങ്ങളുടെ കുതിപ്പിനായി ഔട്ട് ബോർഡ് മോട്ടോറുകൾ ഘടിപ്പിച്ച് പ്രവർത്തിക്കുന്നതാണ് ഔട്ട്ബോർഡ് എൻജിൻ വള്ളങ്ങൾ.
4. തൊഴിലവസരങ്ങളുടെ കുറവ്, തൊഴിലിട ങ്ങളിൽ അവകാശങ്ങളുടെ ലംഘനം, പരിമിതമായ സാമൂഹ്യ പരിരക്ഷ, സാമൂഹ്യമായ പരിഗണനയുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം എടുത്തു പറയത്തക്കതാണ്.

**Table 5:** Percentage distribution of respondents on the basis of decent work index

| Classification of decent work Index | Nature of fishing | |
|---|---|---|
| | Motorized | Mechanized |
| Low | --- | 0.5 |
| Medium | 97.3 | 99.5 |
| High | 2.7 | ---- |
| Total | 100.0 | 100.0 |

*Source: Estimated from Primary Data, 2018*

**Table 6:** Level of attainment of decent work dimension indices

| Indices | Nature of Fishing | Level of decent work dimensions (Per cent) | | |
|---|---|---|---|---|
| | | Low | Medium | High |
| Labour market security | Motorized | ------- | 97.3 | 2.7 |
| | Mechanized | 4.5 | 93.3 | 2.2 |
| Employment security | Motorized | 2.7 | 91.0 | 6.3 |
| | Mechanized | 54.1 | 45.9 | ------- |
| Income security | Motorized | 13.4 | 84.0 | 2.6 |
| | Mechanized | 76.3 | 23.2 | 0.5 |
| Work security | Motorized | 22.4 | 77.6 | ------- |
| | Mechanized | 31.9 | 68.1 | ------- |
| Skill Reproduction security | Motorized | 0.9 | 74.1 | 25.0 |
| | Mechanized | 0.5 | 88.5 | 11.0 |
| Representation security | Motorized | 2.7 | 93.7 | 3.6 |
| | Mechanized | 15.4 | 83.6 | 1.0 |

*Source: Estimated from primary data, 2018*

5. സ്രാങ്ക്, ഡ്രൈവർ, തൊഴിലെടുക്കുന്ന ഉടമകൾ എന്നിവർ ഒഴികെയുള്ള തൊഴിലാളികളെയാണ് മൽസ്യബന്ധന തൊഴിലാളികൾ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്.

■

(കൊല്ലം ഫാത്തിമമാതാ നാഷനൽ കോളേജിലെ സാമ്പത്തികശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ ശാലിനി മാത്യൂസ്, കേരള സർവകലാശാലയിലെ സാമ്പത്തികശാസ്ത്ര വിഭാഗം പ്രൊഫസറാണ് ഡോ അനിത വി)

## End Notes

1 The International Labour Organization (ILO) has besought a methodical explanation of the quality of work by means of its concept of decent work, which was officially floated in 1999 (Burchell et al., 2013).

2 Mechanized sector embraces trawlers that rely on powerful engines for propulsion and fishing.

3 Motorized sector incorporates crafts that makes use of out-board motors for propulsion of the fishing craft.

4 It specifies shortage of commensurable employment opportunities, denial of rights at work, scarce social protection and shortcomings in social dialogues (ILO, 2001).

5 Fisher denotes the crew member on-board the craft at sea, apart from Srang, driver and owner-worker.

## References

1 Allison, E.H., Ratner, B. D., Åsgård, B., Willmann, R., Pomeroy, R., & Kurien, J. (2011). Rights?based fisheries governance: From fishing rights to human rights. *Fish and fisheries,* 13(1), 14-29.

2 Anker, R. (2002). People's security surveys: An outline of methodology and concepts. *International Labour Review,* 141(4), 309-329.

3 Aswathy, N. A., Shanmugam, T. R., & Sathiadhas, R. (2011). Economic viability of mechanized fishing units and socio-economics of fishing ban in Kerala. *Indian J. Fish,* 58(2), 115-120.

4 Ben-Yami, M. (2000). *Risks and dangers in small-scale fisheries:* An overview. (SAP 3.6/ WP.147), Geneva: International Labour Office.

5 Bonnet, F., Figueiredo, J.B., & Standing, G. (2003). A family of decent work indexes. *International Labour Review,* 142(2), 213-238.

6 Bruchell, B., Sehnbruch, K., Piasna, A., & Agloni, N. (2013). The quality of employment and decent work: Definitions, methodologies, and ongoing debates. *Cambridge Journal of Economics,* 38, 459-477. doi:10.1093/cje/bet067

7 Chandra, N. (2009). Labour rights and the working poor. *The Indian Journal of Labour Economics,* 52 (3), 471-487.

8 Chandrasekhar, C. P. (2016). *Macroeconomic policy, employment and decent work in India.* (Employment working paper no. 205), Geneva: ILO.

9 CMFRI (2018). *Marine fish landings in India 2017.* Technical Report, Kochi: Central Marine Fisheries Research Institute.

10 Conway, G. A., Lincoln, J. M., Husberg, B. J., Manwaring, J. C., Klatt, M. L., & Thomas. T. K. (1999). Alaska's model program for surveillance and prevention of occupational injury deaths. *Public Health Reports,* 114(6), 550-558.

11 Desai, S. (2015). Economic in commercial fisheries. New Delhi: Random Publications

12 EC (2016). *Commission staff working document: impact assessment.* Brussels: European Commission.

13 FAO (2016). *Scoping study on decent work and employment in fisheries and aquaculture: Issues and actions for discussion and programming.* Rome: Food and Agriculture Organization.

14 Georgianna, D., & Shrader, D. (2005). *Employment, income and working conditions in New Bedford's offshore fisheries.* New Bedford: Saltonstall-Kennedy Program, National Marine Fisheries Service.

15 Ghai, D. (2006). Decent work: universality and diversity. In D. Ghai (Ed.), *Decent Work: Objectives and Strategies* (pp. 1-30). Geneva: International Institute for Labour Studies

16 GOI (2012). *Kerala marine fisheries census 2010,* Part - II (6). Ministry of Agriculture, New Delhi: Government of India.

17 GOI & ILO (2013). *India: decent work country programme,* (2013-2017). New Delhi: International Labour Organization.

18 GOI (1997). *Report on the working and living conditions of workers in marine fishing industry in India.* (Unorganized sector survey series no. 26), Ministry of Labour, New Delhi: Government of India.

19 GOK (2015). *Kerala marine fisheries statistics 2015.* Director of Fisheries, Thiruvananthapuram: Government of Kerala.

20 GOK (2013). *Socio economic survey of fisherfolk of Kerala 2013.* Director of Fisheries, Thiruvananthapuram: Government of Kerala.

21 GOK (2015). *Kerala marine fisheries statistics 2015.* Director of Fisheries, Thiruvananthapuram: Government of Kerala.

22 Hill, E. (2010). *Worker identity, agency and economic development: Women's empowerment in the Indian informal economy.* Oxon: Routledge.

23 Howard, P. M. (2012). Sharing or appropriation? Share systems, class and commodity relations in Scottish fisheries. *Journal of Agrarian Change,* 12 (2 &3), 316-343.

24 ILO (2013a). *Caught at sea: Forced labour and trafficking in fisheries.* Geneva: International Labour Organization.

25 ILO (2016). *Fishers first: Good practices to end labour exploitation at sea.* Geneva: International Labour Organization.

26 ILO (2017). *Decent work for migrant fishers: Report for discussion at the tripartite meeting on issues relating to migrant fishers.* Geneva: International Labour Organization.

27 ILO (2017). *Decent work for migrant fishers: Report for discussion at the tripartite meeting on issues relating to migrant fishers.* Geneva: International Labour Organization.

28 Kantor, p., Rani, U., & Unni, J. (2006) Decent work deficits in informal economy: Case of Surat. *Economic and Political Weekly,* 41(21), 2089-2097

29 Kurien, J., & Paul, A. (2001). *Social security nets for marine fisheries.* (Working paper no. 318), Thiruvananthapuram: Centre for Development Studies.

30 Larion, A. (2013). Major objective of decent work-ILO. *Ecoforum,* 2(1), 74-77.

31 Lekshmi, S. P. S., Vipinkumar, V. P., Mahadevaswamy H. S., & Lingappa. (2014). Primary, secondary and tertiary sectors in marine fisheries of Karnataka, India: A socio-economic profile. *Asian Academic Research Journal of Social Sciences & Humanities,* 1(21), 32-50.

32 Mehta, B. S. (2016). A decent work framework: Women in the ICT sector in India. *Information Development,* 32(5), 1718-1729.

33 Mumby-Croft, R. (1999). The living conditions onboard UK distant-water trawlers, 1945-1970. *The Northern Mariner,* IX(4), 25-33.

34 NCEUS (2009). *The challenge of employment in India: An informal economy perspective (Volume I - main report).* New Delhi: Government of India.

36 Nizami, N., & Prasad, N. (2017). *Decent work: Insights from India's IT industry.* New Delhi: Sage publications

37 OECD (2012). *Better skills, better jobs, better lives: A strategic approach to skills policies.* Paris: OECD Publishing. https://doi.org/10.1787/9789264177338-en.

38 Parappurthu, S., & Ramachandran, C. (2017). Taming the fishing blues: Reforming the marine fishery regulatory regime in India. *Economic & Political Weekly,* LII(45), 73-81.

39 Planning Commission (2012). *Report of the working group on development and management of fisheries and aquaculture for the XII five year plan: 2012-17.* New Delhi: Government of India.

40 Pollnac, R. B., Poggie, J. J., & Cabral, S. L. (1998). Thresholds of danger: Perceived risk in a New England fishery. *Human Organization,* 57(1), 53-59.

41 Rajeev, M., & Nagendran, P. (2018). *Decency of primary occupations in the Indian fishing industry.* (ICDD Working Paper No. 21), Germany: Kassel University Press.

42 Reddy, N. (2005). Challenges of decent work in the globalizing world. *The Indian Journal of Labour Economics,* 48(1), 3-18.

43 Roshan, M. (2016). *A study of migrant fishers from Andhra Pradesh in the Gujarat marine fishing industry.* (ICSF occasional paper), Chennai: International Collective in Support of Fishworkers

44 Saha, D. (2012). Street vendors in Mumbai: An exploration within the framework of decent work. Ph.D thesis submitted to Tata Institute of Social Sciences, Mumbai.

45 Salim, S. S., Sathiadas, R., Narayanakumar, R., Katiha, P. K., Krishnan, M., Biradar, R. S., ... & Kumar, B, G. (2013). Rural livelihood security: Assessment of fishers' social status in India. *Agricultural Economics Research Review,* 26, 21-30. Retrieved from http://eprints.cmfri.org.in/

46 Salim, S. S., Narayanakumar, R., Sathiadas, R., Manjusha, U., & Antony, B. (2017). Appraisal of the socio-economic status of fishers among the different sectors in Kerala, south-west coast of India. *Indian J. Fish,* 64(1), 66-71.

47 Sarkin, J., & Koenig, M. (2011). Developing the right to work: Intersecting and

dialoguing human rights and economic policy. *Human Rights Quarterly,* 33(1), 1-42.

48 Sathiadhas, R., & Prathap, S. (2009). *Employment scenario and labour migration in marine fisheries. Asian Fisheries Science,* 22, 713-727. Retrieved from http://eprints.cmfri.org.in/

49 Sen, A. (1976). Famines as failures of exchange entitlements. *Economic and Political Weekly, 11(31/33), 1273-1280.*

50 Shah, T.M. (2017). The skills milieu of India: Pathway to social inclusion and decent work. *International Journal of Research in Sociology and Anthropology,* 3(3), 16-31.

51 Sharma, A., & Sethulakshmi C. S. (2019). Assessment of occupational hazards and usage of sea safety devices by fishers of Kerala, India. *Journal of Agro Medicine,* 24(4), 374-380.

52 SIFFS (2017). *Study report: Sea safety incidents on the lower south west coast of India.* Thiruvananthapuram: South Indian Federation of Fishermen Societies.

53 Simonovaa, M. V., Sankovab, L. V., Mirzabalaevac, F. I., Shchipanovad, D., & Dorozhkind, V. E. (2016). Assessment problems and ensuring of decent work in the Russian Regions. *International journal of environmental & science education,* 11 (15), 7608-7626.

54 Srivastava, R. (2012). Changing employment conditions of the Indian workforce and implications for decent work. *Global Labour Journal,* 3(1), 64-91.

55 Standing, G. (2002). From people's security surveys to a decent work index. *International Labour Review,* 141(4), 441-454.

56 Vendramin, P. & Thirion, A. P. (2019). Redefining working conditions in Europe. In C. Gironde & G. Carbonnier (Eds.), ILO @100: *Addressing the Past and Future of Work and Social Protection* (pp.273-294). Leiden: Brill publishers

57 Wagner, B. (2011). *Rural development through decent work.* Geneva: International Labour Organization.

58 World Bank (2012a). *Hidden harvest: the global contribution of capture fisheries.* Washington DC: International Bank for Reconstruction and Development.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

# സ്പെഷ്യൽ കംപോണന്റ് പദ്ധതിയുടെ അടിസ്ഥാനത്തിൽ ആസൂത്രണ പ്രക്രിയയിലെ അഴിച്ചുപണി

യു പി അനിൽകുമാർ

ദേശീയതലത്തിലുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പാവപ്പെട്ടവരുടെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുന്ന തിനുമിടയിലെ ഒരു പാലമെന്നത് പോലെ നിർണ്ണായകമായ ഒന്നാണ്, ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആസൂത്രണ പ്രക്രിയ. ഇന്ത്യയിൽ പൊതുവെയും, കേരളത്തിൽ പ്രത്യേകിച്ചും ആസൂത്രണം സാമൂഹ്യ നീതി ഉയർത്തിപ്പിടിക്കുന്നതിന് വലിയ സംഭാവന നൽകുന്നതായി കാണാം. പാവപ്പെട്ടവരുടെ സാമ്പത്തിക വികസനം, രാജ്യത്തിന്റെ മാനവ വിഭവശേഷി കൂടുതൽ ഫലപ്രദമായി വിനിയോഗി ക്കുന്നതിനും അസമത്വം പരിഹരിക്കുന്നതിനും ഏറെ സഹായകമാണ്.

**ഇന്ത്യയിലെ ആസൂത്രണ പ്രക്രിയ : ഒരെത്തിനോട്ടം**

ഇന്ത്യയിൽ സാമ്പത്തിക ആസൂത്രണം അത് തുടങ്ങിയ കാലം മുതൽ തന്നെ പല വിധത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിൽ ആസൂത്രണം നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം ആരംഭിച്ച ആസൂത്രണ പ്രക്രിയ നിരവധി സവിശേഷ ഘട്ടങ്ങളിലൂടെ കടന്നു പോവുകയുണ്ടായി . സ്വാതന്ത്ര്യത്തിന് മുൻപും സ്വാതന്ത്ര്യലബ്ധിക്ക് ശേഷവുമുള്ള നാളുകളിലും (1947 1950കൾ വരെ) കേന്ദ്രീകൃതമായ ഒരു ആസൂത്രണ അടിത്തറയിൽ ഊന്നി നിന്നുകൊണ്ടാണ് സാമ്പത്തിക വികസനത്തിന്റെ പാതയിൽ രാജ്യം മുന്നോട്ട് ചരിച്ചത്. സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്നും സോവിയറ്റ് യൂണിയനിലെ പഞ്ചവത്സര പദ്ധതികളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് അന്നത്തെ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു 1951ൽ ആദ്യത്തെ പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ചു. കാർഷിക മേഖലയുടെ പരിഷ്കരണം, അടിസ്ഥാന സൗകര്യ വികസനം, നിർണ്ണായകമായ മേഖലകളിൽ പൊതുമേഖല സ്ഥാപനങ്ങൾ ആരംഭിക്കുക തുടങ്ങിയ കാര്യങ്ങൾക്കാണ് ആദ്യ പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത് (ദാസ്ഗുപ്ത–2002).

***ആസൂത്രണ പ്രക്രിയയിൽ, പ്രതീക്ഷിക്കുന്ന ഫലങ്ങൾ, ലക്ഷ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി നിർവചിക്കേണ്ടതുണ്ട്. ഇത് ആസൂത്രണ പ്രക്രിയക്ക് കൃത്യമായ ദിശാബോധം നൽകുന്നു. ഇത്തരത്തിൽ ലക്ഷ്യങ്ങളും ഫലങ്ങളും എന്തായിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടാൽ പിന്നീട് വരുന്നത് ഏത് സാഹചര്യത്തിലാണ് ആസൂത്രണം നടപ്പാക്കുന്നത് എന്ന ഘടകമാണ്.***

ആസൂത്രണത്തിന്റെ രണ്ടാം ഘട്ടമായപ്പോൾ ഇറക്കുമതിയിലുള്ള ആശ്രിതത്വം കുറയ്ക്കുന്ന തിനായി ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് പകരം സാധനങ്ങൾ ഉത്പാദിപ്പിക്കുക, വ്യവസായ വത്കരണം ത്വരിതപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിലേക്ക് മുൻഗണന മാറി. മൂന്ന്, നാല് പഞ്ചവത്സര പദ്ധതികൾ ഊന്നൽ നൽകിയത് ഘനവ്യവസായങ്ങൾക്കും ഇറക്കു മതിയിലുള്ള ആശ്രിതത്വം വീണ്ടും കുറയ്ക്കുന്നതിനുമായിരുന്നു. എന്നാൽ ആയിരത്തി ത്തൊള്ളായിരത്തി അറുപതുകളുടെ അവസാനമായതോടെ ഈ സമീപനത്തിന്റെ പരിമിതികൾ ബോധ്യമായി. ഇത് ബാലൻസ് ഓഫ് പേയ്മെന്റിന്റെ കാര്യത്തിൽ ഗുരുതരമായ സ്ഥിതിവിശേഷം ഉളവാക്കി (സിദ്ദിഖി–2014). ഈ പ്രതിസന്ധിയാണ് പിന്നീട് സാമ്പത്തിക പരിഷ്കരണ നടപടികളിലേക്കും തുടർന്ന് വിപണി കേന്ദ്രീകൃതമായ തന്ത്രത്തി ലേക്കുമുള്ള വഴി തുറന്നത്. തൊണ്ണൂറു കളായപ്പോൾ സാമ്പത്തിക ഉദാരവത്കരണവും ആഗോളവൽക്കരണവും അടക്കമുള്ള വിപുല മായ മാറ്റങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചു (1990–2000). 1991ൽ സമാരംഭിച്ച പുതിയ സാമ്പത്തിക നയം ആസൂത്രണത്തിൽ അധിഷ്ഠിതമായ പരമ്പരാഗത മോഡലിൽ നിന്നുള്ള വ്യക്തമായ പിന്മാറ്റ മായിരുന്നു.ബിസിനസ് രംഗത്തെ നിയന്ത്രണങ്ങൾ നീക്കൽ, കൂടുതൽ സ്വകാര്യവത്കരണം, സാമ്പത്തിക രംഗം തുറന്നു നൽകൽ തുടങ്ങിയ കാര്യങ്ങൾക്കായിരുന്നു ഈ ഘട്ടത്തിൽ ഊന്നൽ. വ്യാപാര മേഖലകളുടെ ഉദാരവൽക്കരണം, സ്വകാര്യ മേഖലയുടെ ഉയർന്ന പങ്കാളിത്തം, ആഗോള സമ്പദ്ഘടനയുമായുള്ള സമന്വയം തുടങ്ങിയ മാറ്റങ്ങൾക്ക് ഈ ഘട്ടം സാക്ഷ്യം വഹിക്കുകയുണ്ടായി (നാരായണ–2008).

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഇന്ത്യയുടെ ആസൂത്രണ പ്രക്രിയ എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച, സുസ്ഥിര വികസനം എന്നീ രണ്ടു കാര്യങ്ങളിൽ കേന്ദ്രീകരിച്ചു നിൽക്കുന്ന തരത്തിലേക്ക് പരിണമിച്ചു (2000 മുതൽ ഇന്ന് വരെ). 11,12 പഞ്ചവത്സര പദ്ധതികൾ വിദ്യാഭ്യാസം, ആരോഗ്യം, ദാരിദ്ര്യ നിർമ്മാർജനം തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രാമുഖ്യം നൽകിയത്. ഐക്യരാഷ്ട്ര സംഘടന (യു എൻ ഒ) മുന്നോട്ട് വച്ച ആഗോള തലത്തിലുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയുടെ വികസന മുൻഗണകൾക്ക് അടിസ്ഥാനം നൽകി.

## ആസൂത്രണ പ്രക്രിയയുടെവിവിധ ഘടകങ്ങൾ

തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെ സ്വാധീനി ക്കുകയും നയിക്കുകയും ചെയ്യുന്ന നിരവധി ഘടകങ്ങൾ ആസൂത്രണ പ്രക്രിയയിൽ ഉൾച്ചേർ ന്നിരിക്കുന്നു. സാഹചര്യങ്ങൾക്ക് അനുസൃതമായി ഈ ഘടകങ്ങളിൽ മാറ്റം വരാറുണ്ട്. എന്നാൽ ലക്ഷ്യങ്ങൾ, വിശകലനം, ഭാഗഭാക്കാകുന്നവരുടെ പങ്കാളിത്തം, തന്ത്രങ്ങളും പ്രവർത്തന പദ്ധതികളും, വിഭവങ്ങളുടെ പങ്ക് വയ്ക്കൽ, നാഴികക്കല്ലുകൾ, നിരീക്ഷണവും വിലയിരുത്തലും, സഹകരണവും സഹവർത്തിത്വവും, റിസ്ക് കണക്കാക്കൽ അടിയന്തിര പ്ലാനിങ്, സംവേദനം, നടപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ ഏതൊരു ആസൂത്രണ പ്രക്രിയയുടെയും പൊതുവായ ഘടകങ്ങളാണ്.

ആസൂത്രണ പ്രക്രിയയിൽ, പ്രതീക്ഷിക്കുന്ന ഫലങ്ങൾ, ലക്ഷ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി നിർവചിക്കേണ്ടതുണ്ട്. ഇത് ആസൂത്രണ പ്രക്രിയക്ക് കൃത്യമായ ദിശാബോധം നൽകുന്നു. ഇത്തരത്തിൽ ലക്ഷ്യങ്ങളും ഫലങ്ങളും എന്തായിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടാൽ പിന്നീട് വരുന്നത് ഏത് സാഹചര്യത്തിലാണ് ആസൂത്രണം നടപ്പാക്കുന്നത് എന്ന ഘടകമാണ്. ആവശ്യമായ വിവര ശേഖരണവും അതിന്റെ വിശകലനവും നടത്തിയ ശേഷം നിർവഹിക്കപ്പെടുന്ന നിലവിലെ സാഹചര്യങ്ങളുടെ വിലയിരുത്തൽ, വെല്ലുവിളികൾ, സാദ്ധ്യതകൾ തുടങ്ങിയ കാര്യങ്ങൾ ഇതിൽ മർമ്മപ്രധാനമാണ്. വികസന രംഗത്തെ ന്യൂനതകൾ നിർണ്ണയിക്കുന്നത് ആസൂത്രണ പ്രക്രിയയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ കാര്യമാണ്. ഗവേഷണം, നിലവിലെ പദ്ധതികളുടെയും നയങ്ങളുടെയും വിലയിരുത്തൽ, ഇതുമായി ബന്ധപ്പെട്ടവരുമായുള്ള ചർച്ചകൾ മുതലായ രീതികളിലൂടെ വേണം ഇത്

***സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ വികസനം ആസൂത്രണം ചെയ്യുമ്പോൾ അവരുടെ പ്രത്യേകമായ ആവശ്യങ്ങൾ, വെല്ലുവിളികൾ, തടസങ്ങൾ തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ട വിഷയങ്ങളാണ് . അതുപോലെ തന്നെ പ്രാധാന്യമേറിയ കാര്യമാണ് വികസന പ്രവർത്തനങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യത പുലർത്തുന്നതും ഫലപ്രദവുമായിരിക്കണം എന്നത്.***

കണ്ടെത്തുവാൻ. ഇത്തരത്തിൽ നടത്തുന്ന ചർച്ചകൾ വേറിട്ട വീക്ഷണങ്ങൾ ലഭിക്കുന്നതിനും അവരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭിക്കുന്നതിനും വിവിധ ജനവിഭാഗങ്ങളുടെ ആവശ്യങ്ങളും ആശങ്കകളും മനസിലാക്കുന്നതിനും അവ ആസൂത്രണ പ്രക്രിയയിൽ വേണ്ടുംവിധം പ്രയോജനപ്പെടുത്തുന്നതിനും സഹായകമാണ്. ആസൂത്രണത്തിന്റെ ഒരു അടിസ്ഥാന ഘടന അഥവാ റോഡ് മാപ്പ് രൂപപ്പെടുത്തുക എന്നത് ലക്ഷ്യങ്ങളുടെയും മുൻഗണനകളുടെയും വ്യക്തമായ നിർവചനം, കൃത്യമായ പ്രവർത്തന പദ്ധതി എന്നിവയെ ആധാരമാക്കിയാണ്.

ആസൂത്രണ പ്രക്രിയയുടെ മറ്റൊരു പ്രധാന ഘടകം വിഭവങ്ങളുടെ വിതരണമാണ്. വിഭവങ്ങളുടെ ഗണത്തിൽ സാമ്പത്തികമായവ, മാനവശേഷിയു മായി ബന്ധപ്പെട്ടവ, ഭൗതികമായ വിഭവങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇത്തരത്തിലുള്ള വിഭവങ്ങളുടെ ലഭ്യത പരിഗണിച്ച ശേഷം അവയുടെ പരമാവധി വിനിയോഗം സാധ്യമാകുന്ന വിധത്തിൽ ബജറ്റിംഗ് നിർവഹിക്കപ്പെടുന്നു. പ്രത്യേകം ചില നാഴികക്കല്ലുകളും സമയക്രമവും ക്രമീകരിച്ച് ആസൂത്രണ പ്രക്രിയയെ ശക്തമാക്കുക വഴി പദ്ധതികളുടെ നിർവഹണത്തെ നിരീക്ഷിക്കു ന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നു. ഇത്തരത്തിൽ പദ്ധതിയുടെ നിർവഹണത്തെ കൃത്യമായി നിരീക്ഷിക്കുക എന്നതും ആസൂത്രണ പ്രക്രിയയുടെ ഭാഗമാണ്. പുരോഗതിയുടെ നിർണ്ണയത്തിനായുള്ള സൂചകങ്ങൾ, അടിസ്ഥാ നങ്ങൾ എന്നിവയുടെ രൂപീകരണം, വിവര ശേഖരണം, നടത്തിപ്പിന്റെ ഫലങ്ങൾ, ആഘാതം തുടങ്ങിയ കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുക തുടങ്ങിയ കാര്യങ്ങളും ഇതിന്റെ ഭാഗമാണ്.

നിരീക്ഷണവും വിലയിരുത്തലും ആസൂത്രണ പ്രക്രിയയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമാണ്. ആസൂത്രണ പ്രക്രിയയുടെ മറ്റൊരു വശം ബന്ധപ്പെട്ട എല്ലാവരുടെയും സ്ഥാപന ങ്ങളുടെയും സഹകരണമാണ്. സർക്കാർ ഏജൻസികൾ, സാമൂഹ്യ സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവ ഇതിലുൾപ്പെടുന്നു. ഇവ തമ്മിലുള്ള ആശയ സംവേദനവും ഒപ്പം സഹവർത്തിത്വവും ആസൂത്രണ പ്രക്രിയയെ കൂടുതൽ സജീവമാക്കുന്നു. ഇത്തരം കാര്യങ്ങൾ, അപകട സാദ്ധ്യതകൾ, വെല്ലുവിളികൾ, അനിശ്ചിതത്വം ഉയർത്തുന്ന പ്രശ്നങ്ങൾ തുടങ്ങിയ പ്രതിസന്ധികൾ ലഘൂ കരിക്കുന്നതിൽ ഏറെ ഫലപ്രദമാണ്. ഇത്തരമൊരു അടിസ്ഥാനത്തിൽ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരുടെ വികസനത്തിൽ ആസൂത്രണം എത്രമാത്രം ഫലപ്രദമായിട്ടുണ്ട് എന്നതാണ് ഈ ലേഖനം പരിശോധിക്കുന്നത്.

### പിന്നോക്കം നിൽക്കുന്നവരെ ആസൂത്രണം പ്രത്യേക ശ്രദ്ധിക്കണം

സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ജന വിഭാഗങ്ങളുടെ വികസനം ആസൂത്രണം ചെയ്യുമ്പോൾ അവരുടെ പ്രത്യേകമായ ആവശ്യങ്ങൾ, വെല്ലുവിളികൾ, തടസങ്ങൾ തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ട വിഷയങ്ങളാണ്. അതു പോലെ തന്നെ പ്രാധാന്യമേറിയ കാര്യമാണ് വികസന പ്രവർത്തനങ്ങൾ എല്ലാവരെയും

ഉൾക്കൊള്ളു ന്നതും തുല്യത പുലർത്തു ന്നതും ഫലപ്രദവുമായിരിക്കണം എന്നത്. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുക, അവരുടെ വീക്ഷണങ്ങൾ പരിഗണിക്കുക, തീരുമാനമെടുക്കുന്നതിൽ പങ്കാളികളാക്കുക എന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിന്റെ അടിസ്ഥാനമാണ്. അവരുടെ ശബ്ദങ്ങൾ കേൾക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും, പ്രശ്ന പരിഹാരത്തിന് പര്യാപ്തമായ മാർഗ്ഗങ്ങൾ കൃത്യവും അവരുടെ ആവശ്യങ്ങൾക്ക് പര്യാപ്തമായതും ആണെന്ന് ഉറപ്പ് വരുത്തുന്നതിനും ഇത് സഹായകമാണ്.

പാവപ്പെട്ടവർക്ക് ഗുണകരമായി മാറുന്ന ആസൂത്രണത്തിന്റെ ആദ്യ പടി അവരുടെ ആവശ്യങ്ങളെ കുറിച്ചുള്ള കൃത്യമായ അവലോകനം നടത്തുക എന്നതാണ്. അവർ നേരിടുന്ന വെല്ലുവിളികൾ, തടസങ്ങൾ, പ്രതീക്ഷകൾ മുതലായ കാര്യങ്ങൾ മനസിലാക്കുന്നതിന് ഇത് ആവശ്യമാണ്. വിവര ശേഖരണം, സർവേകൾ സംഘടി പ്പിക്കൽ, അവരുടെ വിഭാഗത്തിൽ പെടുന്ന ജനങ്ങൾ, ബന്ധപ്പെട്ട മറ്റു വ്യക്തികൾ തുടങ്ങിയവരുമായുള്ള ചർച്ചകൾ എന്നിവ ഇതിലുൾപ്പെടുന്നു. പ്രത്യേകമായ ചില കാര്യങ്ങൾക്ക് വേണ്ടിയുള്ള ഇടപെട ലാണ് ഇതിൽ രണ്ടാമതായി വരുന്നത്. എല്ലാ ത്തിനും അനുയോജ്യമായ ഒരു രീതി എന്നത് ഫലപ്രദമാകില്ല. ഓരോന്നിനും പ്രത്യേ കമായുള്ള വികസന തന്ത്രങ്ങളാണ് ആവിഷ്കരിക്കേണ്ടത്. ലിംഗം, പ്രായം, അംഗവൈകല്യം, ജാതി, കുലം, സാമൂഹ്യവും സാമ്പത്തികവുമായ പശ്ചാത്തലം തുടങ്ങിയ കാര്യങ്ങൾ ഇത്തരം ഇടപെടലുകളിൽ പ്രത്യേകം പരിഗണിക്കേണ്ട കാര്യങ്ങളാണ്.

വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ശുദ്ധജലം, ശുചിത്വം, ഭവനങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിൽ തുല്യമായ അവസരം ലഭ്യമാക്കുക എന്നതും ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന വശമാണ്. ഇത്തരം അടിസ്ഥാന ആവശ്യങ്ങളുമായി അവർക്കുള്ള അകലം, സാംസ്കാരികമായ ഘടകങ്ങൾ, വിവേചനം തുടങ്ങിയ കാര്യങ്ങൾ ഒഴിവാക്കുക എന്നതും വളരെ പ്രധാനമാണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഒരു സംരക്ഷണ വലയമൊരു ക്കുന്നുണ്ട്. നേരിട്ടുള്ള പണം ലഭ്യമാക്കൽ, സാമൂഹ്യ ഇൻഷുറൻസ്, ആരോഗ്യ സംരക്ഷണ ത്തിനുള്ള സഹായങ്ങൾ, ഇതര സാമൂഹ്യ സഹായങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഇതിലുൾ പ്പെടുന്നു. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനും സാമൂഹ്യമായ ഉൾപ്പെടുത്തൽ ഉറപ്പ് വരുത്തു ന്നതിനും ഇത് സഹായകമാണ്.

നൈപുണ്യ വികസന പരിശീലനം, തൊഴില ധിഷ്ഠിതമായ വിദ്യാഭ്യാസം, സംരംഭകത്വ വികസനം, തുടങ്ങിയവ വഴി പിന്നോക്ക വിഭാഗങ്ങളുടെ ക്രിയാശേഷി ഉയർത്തുക എന്നത് പ്രത്യേക മുൻഗണന നൽകേണ്ട കാര്യമാണ്. വിപണത്തിനുള്ള അറിവും കഴിവും വികസിപ്പിക്കേണ്ടത് അവരുടെ തൊഴിൽ സാദ്ധ്യതകൾ ഉയർത്തുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യത്തിനും സഹായകമാണ്. ഇതിന് പുറമെ വിദ്യാഭ്യാസം, തൊഴിൽ, സ്ത്രീകൾ ക്കായുള്ള പ്രത്യേക പദ്ധതികൾ തുടങ്ങിയ മേഖലകളും ആസൂത്രണ പ്രക്രിയയിൽ പ്രത്യേകമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്.

**പിന്നോക്ക വിഭാഗങ്ങൾക്കായുള്ള ആസൂത്രണം**

പട്ടിക ജാതിക്കാർക്ക് വേണ്ടിയുള്ള സ്പെഷ്യൽ കംപോണന്റ് പ്ലാൻ (എസ് സി പി) എന്ന ആശയം ഇന്ത്യയിലാണ് ആദ്യമായി നടപ്പാക്കിയത്. അരികുവത്കരിക്കപ്പെടുന്ന സാമൂഹ്യ വിഭാഗങ്ങളുടെ ഉന്നമനവും അവരെ ശക്തിപ്പെടുത്തലുമാണ് അതിന്റെ ലക്ഷ്യം. ഇന്ത്യൻ ഭരണഘടനയിൽ നിന്നുമാണ് ഇതിന്റെ തുടക്കം. ഇന്ത്യൻ ഭരണഘടന പട്ടിക ജാതി വിഭാഗം, നേരിട്ട് വന്ന ചരിത്രപരമായ വിവേചനത്തെ സൂക്ഷ്മമായി വിലയിരുത്തിയിട്ടുണ്ട് അതുകൊണ്ട് അവരുടെ സാമൂഹ്യവും സാമ്പത്തി കവുമായ മുന്നേറ്റത്തിന് അത് ശക്തമായ

**പട്ടിക ജാതി വിഭാഗത്തിൽ പെടുന്നവരുടെ സാമൂഹ്യവും സാമ്പത്തികവുമായ അസന്തുലിതാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ അഞ്ചാം പഞ്ചവത്സര പദ്ധതിയിലാണ് (1974–79) എസ് സി പി എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്.**

വഴികാട്ടിയാകുന്നു. പട്ടിക ജാതി വിഭാഗത്തിൽ പെടുന്നവരുടെ സാമൂഹ്യവും സാമ്പത്തികവുമായ അസന്തുലിതാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ അഞ്ചാം പഞ്ചവത്സര പദ്ധതിയിലാണ് (1974–79) എസ് സി പി എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്.

ട്രൈബൽ സബ് പ്ലാൻ എന്ന ആശയത്തിൽ നിന്നാണ് എസ് സി പി എന്ന ആശയം പിറവിയെടുക്കുന്നത്. ടോക്കൺ എന്ന നിലയിൽ ഇതിനയായുള്ള ആദ്യ ശ്രമമുണ്ടായത് 1978–79 ലെ വാർഷിക പദ്ധതിയിലാണ്. ആറാം പഞ്ചവത്സര പദ്ധതിയിലാണ് (1980–85) ഇത് പൂർണ്ണ തോതിൽ അവതരിപ്പിക്കുന്നത്. അതിന് മുൻപുള്ള പദ്ധതികൾ പട്ടിക വിഭാഗക്കാരുടെ പ്രശ്നങ്ങൾക്ക് മതിയായ പ്രാധിനിത്യം നൽകിയതായി കാണുന്നില്ല. എസ് സി പിയുടെ പ്രധാന ഉദ്ദേശ്യം വിഭവങ്ങളും പദ്ധതികളും നേരിട്ട് പട്ടിക ജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി തിരിക്കുക എന്നതാണ് മറ്റു ജനവിഭാഗങ്ങളുമായുള്ള അവരുടെ അന്തരം കുറയ്ക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. എസ് സി പിയുടെ വിശാലാടിസ്ഥാനത്തിലുള്ള വീക്ഷണം ഇങ്ങനെയായിരുന്നു. നിലനിൽക്കുന്ന അസമത്വം, വിവേചനം, ഇതര പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിച്ച് സാമൂഹ്യമായി ശാക്തീകരിക്കുക. അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുക. തൊഴിൽ, വരുമാനം ഉണ്ടാക്കാൻ കഴിയുന്ന വിവിധ ഉപാധികൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുക. അതുവഴി പട്ടിക ജാതി വിഭാഗക്കാരെ സാമ്പത്തികമായി സ്വാശ്രയത്വം ഉള്ളവരാക്കി മാറ്റുക.

ഭരണഘടനാപരമായ നിർദേശങ്ങളുടെ അടിസ്ഥാനത്തിലും, നിയമപരമായ പിന്തുണയിലും, ശക്തമായ നടപടികളിലൂടെയും അവർക്കായുള്ള പദ്ധതികൾ നടപ്പാക്കുന്നത് വഴിയും എല്ലാരീതിയിലുമുള്ള വിവേചനങ്ങൾ അവസാനിപ്പിക്കുക. അങ്ങനെ ജനങ്ങളുടെ ചിന്താഗതിയിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കുക.

**എസ് സി പി നടപ്പാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്.**

1. സ്പെഷ്യൽ കംപോണന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പട്ടിക ജാതി ജനവിഭാഗത്തിന്റെ ജനസംഖ്യക്ക് ആനുപാതികമായ ഫണ്ട് മൊത്തം പദ്ധതി വിഹിതത്തിൽ ഉൾപെടുത്തുക.
2. ഇതിനായുള്ള വകുപ്പ് പ്രത്യേക എസ് സി പി പദ്ധതി രേഖ തയ്യാറാക്കുക. ഇതിൽ പദ്ധതികളെ കുറിച്ചുള്ള വിശദാംശങ്ങളും സാമ്പത്തികവും അല്ലാത്തതുമായ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക.
3. എസ് സി പി പദ്ധതികളുടെ കാര്യത്തിൽ പ്രത്യേക ബജറ്റ് ഹെഡ് തുറക്കുക. പദ്ധതികളുടെ കൃത്യമായ നിരീക്ഷണത്തിനും ഫണ്ട് ചെലവഴിക്കുന്നത് പരിശോധിക്കുന്നതിനും ഇത് ആവശ്യമാണ്.
4. എസ് സി പി പദ്ധതികൾക്കായുള്ള ഫണ്ടുകൾക്ക് ബജറ്റിൽ പൂർണ്ണമായും തുക വകയിരുത്തുക. അത് സമയബന്ധിതമായി അനുവദിക്കുന്നു വെന്ന് ഉറപ്പ് വരുത്തുക.
5. ഇത്തരം ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതും ഫണ്ടുകൾ ലാപ്സാകുന്നതും തടയുക.
6. എസ് സി പി പദ്ധതികളുടെ നിർവഹണം കൃത്യമാക്കുന്നതിന് മറ്റ് വകുപ്പുകളുടെ

സഹകരണം ഉറപ്പാക്കുക.

7. വരുമാനവും സമ്പത്തും ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക

8. പദ്ധതികളുടെ ഗുണഫലങ്ങൾ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേർിട്ടെത്തിക്കുക. സ്ത്രീകൾ ഗൃഹനാഥയായിട്ടുള്ള കുടുംബങ്ങൾ, സെറ്റിൽമെന്റുകൾ കോളനികൾ, പട്ടിക ജാതി വിഭാഗക്കാർക്കിടയിലെ അംഗീകൃത സംഘടനകൾ തുടങ്ങിയവ വഴിയായി നേട്ടങ്ങൾ കൈമാറുക .

9. ഇത്തരം നിബന്ധനകൾ പദ്ധതി നിർവഹണ കാര്യത്തിൽ എങ്ങനെ പുരോഗമിക്കുന്നു എന്നത് പ്രത്യേകം പരിശോധിക്കുക.

**എസ് സി പി വിഹിതം 12, 13 പദ്ധതികളുടെ കാലത്ത്**

12,13 പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടിക ജാതി വിഭാഗത്തിന്റെ വികസനത്തിനായി 23345 കോടി രൂപ നീക്കിവയ്ക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 9.81 ശതമാനം വരുമിത്. എസ് സി പിക്കായി വകയിരുത്തിയത് കേരളത്തിലെ പട്ടിക ജാതി വിഭാഗത്തിൽ പെട്ടവരുടെ ജനസംഖ്യക്ക് ആനുപാതികമാകയാൽ പദ്ധതി അടങ്കലിന്റെ വാർഷിക ശരാശരി വളർച്ചയും എസ് സി പിയുടെ വാർഷിക ശരാശരി വളർച്ചയും ഒരേ ക്രമത്തിലായിരുന്നുവെന്ന് കാണാം (രേഖാചിത്രം 1,2). പന്ത്രണ്ടാം പദ്ധതികാലത്ത് 2015–16 വർഷമൊഴിച്ചു നിർത്തിയാൽ പൊതുവിൽ വളർച്ചയുടെ സ്ഥിതിയാണ് പ്രകടമാക്കിയിട്ടുള്ളത്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് സംസ്ഥാന പദ്ധതി അടങ്കൽ കുറയുന്ന സ്ഥിതി സംജാതമായി. കോവിഡ് വർഷമായ 2020–21ൽ അത് –9. 8 ശതമാനമായി താഴ്ന്നു. എസ് സി പിക്ക് വേണ്ടി നീക്കിവച്ച തുകയും പട്ടിക ജാതി വികസന കോർപറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി അത് നടപ്പാക്കിയതിന്റെ വിവരങ്ങളും രേഖാചിത്രം മൂന്നിൽ കാണാം (രേഖാചിത്രം –1,2,3).

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എസ് സി പി വഴി ഓരോ മേഖലക്കും അനുവദിച്ച തുകയുടെ വിവരങ്ങൾ പട്ടിക രണ്ടിൽ നിന്ന് ലഭ്യമാണ്. ഇത്തരത്തിൽ ഓരോ മേഖലക്കും നീക്കിവച്ച വിഹിതം മേഖല തിരിച്ച് അവലോകനം ചെയ്യുമ്പോൾ നിലവിലെ ആസൂത്രണ പ്രക്രിയയുടെ ഒരു നേർചിത്രം ലഭിക്കുന്നു. പട്ടിക രണ്ടിൽ കാണിച്ചിരിക്കുന്നത് പോലെ 12 മേഖലകളിലായാണ് പട്ടിക ജാതി വികസനത്തിനുള്ള പദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്. പതിമൂന്നാം പദ്ധതിക്കാലത്തെ കണക്കുകളാണ് പട്ടികയിൽ നൽകിയിരിക്കുന്നതെങ്കിലും പന്ത്രണ്ടാം പദ്ധതിക്കാലത്തും ഇത് അങ്ങനെ തന്നെയായിരുന്നു. ഭവനനിർമ്മാണ മേഖലയുടെ കാര്യത്തിൽ മൂന്ന് പ്രത്യേക വിഭാഗങ്ങൾ കാണാം. മാതൃക റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം, പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കായുള്ള ധനസഹായം, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക സംസ്ഥാന സഹായം എന്നിവയാണ് അവ. സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ രണ്ടു ഭാഗങ്ങൾ ഉണ്ട് വിവാഹ ധനസഹായം, വാത്സല്യ നിധി എന്നിവയാണ് അവ. തൊഴിൽ, നൈപുണ്യം എന്നീ മേഖലകളിൽ കാണാൻ കഴിയുന്നത് പരിശീലനം, തൊഴിൽ, മാനവശേഷി വികസനം, ദീനദയാൽ അന്ത്യോദയ യോജന എന്നീ പദ്ധതികളാണ് (ഡി എ വൈ എൻ ആർ എൽ എം–40 ശതമാനം വിഹിതം സംസ്ഥാന സർക്കാർ). അടിസ്ഥാന സൗകര്യ വികസന രംഗത്ത് നാല് ഭാഗങ്ങളാണുള്ളത്. വർക്സ് ബിൽഡിങ് പട്ടിക ജാതി വികസന വകുപ്പുണ്ട് ആധുനിക വത്കരണവും ഇ–ഗവേണൻസും ആൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകളുടെ നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം), എല്ലാ ജില്ലകളിലും വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ. മറ്റു മേഖലകളിൽ പ്രത്യേക ഉപപദ്ധതികളില്ല (പട്ടിക–2).

നീക്കിവയ്ക്കുന്നതിന്റെ പൊതുസ്ഥിതി പരിശോധിച്ചാൽ ഉയർന്ന പങ്ക് ഭവനനിർമ്മാണ മേഖലക്കാണെന്ന് കാണാം (34 ശതമാനം). 24 ശതമാനവുമായി വിദ്യാഭ്യാസ മേഖലയാണ്

**Fig 1.** Annual average growth rate of state plan outlay (2012-22)




**Fig 2.** Annual average growth rate of SCP outlay to SCDD (2012-22)



**Fig 3. Annual average growth rate of SCP outlay to Local Bodies (2012-22)**




**Table 1.** Allocation of Scheduled Caste Sub-Plan funds to Scheduled Caste Development Department and local governments, Kerala, 2012-13 to 2021-22 (BE) in crore

| Year | State Plan outlay | Total SCP | Per cent to total State Plan outlay | Department Outlay SCDD | Per cent SCDD | Outlay to LBs | Per cent (LB) |
|---|---|---|---|---|---|---|---|
| 2012-13 | 14010 | 1374.38 | 9.81 | 549.75 | 40.00 | 824.63 | 60.00 |
| 2013-14 | 17000 | 1667.7 | 9.81 | 839.5 | 50.34 | 828.2 | 49.66 |
| 2014-15 | 20000 | 1962 | 9.81 | 1034.42 | 52.72 | 927.58 | 47.28 |
| 2015-16 | 20000 | 1968.5 | 9.84 | 1040.92 | 52.88 | 927.58 | 47.12 |
| 2016-17 | 24000 | 2354.4 | 9.81 | 1315.5 | 55.87 | 1038.9 | 44.13 |
| 2017-18 | 26500 | 2599.65 | 9.81 | 1427.6 | 54.92 | 1172.05 | 45.08 |
| 2018-19 | 29150 | 2859.62 | 9.81 | 1570.36 | 54.91 | 1289.26 | 45.09 |
| 2019-20 | 30610 | 3002.84 | 9.81 | 1649 | 54.91 | 1353.84 | 45.09 |
| 2020-21 | 27610 | 2708.54 | 9.81 | 1487.39 | 54.91 | 1221.15 | 45.09 |
| 2021-22 | 29027 | 2847.55 | 9.81 | 1626.4 | 57.12 | 1221.15 | 42.88 |
| Total | 237907 | 23345.18 | 9.81 | 12540.84 | 53.72 | 10804.34 | 46.28 |

*Source: Compiled from budget documents*

***എസ് സി പി ഫണ്ടുകളുടെ കാര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ മേഖല തിരിച്ചുള്ള വകയിരുത്തൽ പരിശോധിക്കുമ്പോൾ ആസൂത്രണ പ്രക്രിയയുടെ മരവിപ്പ് ദൃശ്യമാണ്. എസ് സി ഡി ഡി ക്കായുള്ള വിഹിതം, പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള വിഹിതം തുടങ്ങിയ കാര്യങ്ങളിലാണ് മരവിപ്പ് കൂടുതൽ പ്രകടമായി കാണുന്നത്.***

തൊട്ടടുത്ത്. ഭൂമിക്ക് 13 ശതമാനവുമാണ് വകയിരുത്തൽ. അതായത് മൊത്തം വിഹിതത്തിന്റെ 70 ശതമാനവും ഈ മൂന്ന് മേഖലകൾക്കുമാണ്. പൂൾഡ് ഫണ്ട് അഥവാ കോർപസ് ഫണ്ട് (5.3 ശതമാനം), സ്ത്രീകളും പെൺകുട്ടികളും (5.3 ശതമാനം), നൈപുണ്യവും തൊഴിലും (4.8 ശതമാനം), ഹാബിറ്റാറ്റ് വികസനം (4.6 ശതമാനം) എന്നീ നാല് മേഖലകൾക്ക് 5 ശതമാനവും അതിൽ താഴെയുമായി ലഭിക്കുന്നുണ്ട് വാൾനറബിൾ കമ്മ്യൂണിറ്റികൾ (2.9 ശതമാനം), ആരോഗ്യം (2.8 ശതമാനം) എന്നീ രണ്ടു മേഖലകൾക്ക് 3 ശതമാനത്തിൽ താഴെയും ഫെഡറേഷൻ, കോർപറേഷൻ എന്നിവയ്ക്ക് നൽകുന്ന സഹായം (1.8 ശതമാനം) അടിസ്ഥാന സൗകര്യ വികസനം (1.2 ശതമാനം) എന്നിവയ്ക്ക് രണ്ടു ശതമാനത്തിൽ താഴെയും സാമൂഹ്യ നീതി മേഖലയ്ക്ക് ഒരു ശതമാനത്തിൽ താഴെയും (0.7 ശതമാനം) ലഭിക്കുന്നു. വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭൂമി എന്നീ മൂന്ന് പ്രധാന മേഖലകളുടെ വിഹിതവും വളർച്ചയും രേഖാചിത്രം നാലിൽ ഉൾപ്പെടുത്തിയിരിക്കുന്നു (രേഖാചിത്രം -4).

### ആസൂത്രണ പ്രക്രിയയിലെ മരവിപ്പ്

എസ് സി പി ഫണ്ടുകളുടെ കാര്യത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ മേഖല തിരിച്ചുള്ള വകയിരുത്തൽ പരിശോധിക്കുമ്പോൾ ആസൂത്രണ പ്രക്രിയയുടെ മരവിപ്പ് ദൃശ്യമാണ്. എസ് സി ഡി ഡി ക്കായുള്ള വിഹിതം, പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള വിഹിതം തുടങ്ങിയ കാര്യങ്ങളിലാണ് മരവിപ്പ് കൂടുതൽ പ്രകടമായി കാണുന്നത്.

പ്രാദേശിക സ്വയംഭരണ സർക്കാരുകൾക്കുള്ള എസ് സി പി വകയിരുത്തലിലാണ് രണ്ടാമത്തെ മരവിപ്പിന്റെ അവസ്ഥ കാണുന്നത്. എസ് സി ഡി ഡി, പ്രാദേശിക ഭരണകൂടങ്ങൾ എന്നിവ തമ്മിലുള്ള എസ് സി പി വാർഷിക വകയിരുത്തൽ 55:45 എന്ന അനുപാത ത്തിലാണ്. 45 ശതമാനം തുക 1200 തദ്ദേശ സ്വായംഭരണ സ്ഥാപനങ്ങൾക്കായി (ഇടമലക്കുടി പഞ്ചായത്ത് ഒഴികെ) വിഭജിക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നൽകുന്ന തുക അനുബന്ധം നാലിലോ, സംസ്ഥാന ബജറ്റിന്റെ അനുബന്ധ മായുള്ള പ്രാദേശിക വികസന ബജറ്റിലൊ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിധത്തിൽ നടക്കുന്ന എസ് സി പി വിഹിതം പങ്ക് വയ്ക്കൽ ഒരു യാന്ത്രിക പ്രക്രിയയായി മാറുന്നു എന്നതാണ് വാസ്തവം. പ്രാദേശിക തലത്തിലുള്ള ആവശ്യങ്ങൾ ഇവിടെ പരി ഗണിക്കപ്പെടുന്നില്ല. ഇത്തരത്തിൽ അവഗണി ക്കപ്പെടുന്ന ജന വിഭാഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കാതെ നടക്കുന്ന ബജറ്റ് വകയിരുത്തൽ, അവരും വികസിത ജനവിഭാഗങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ശക്തമായ തിരിച്ചടിയായി മാറുന്നു.

മേഖല തിരിച്ച് ഫണ്ടുകൾ നൽകുന്ന കാര്യത്തിലാണ് വീണ്ടും ആസൂത്രണ പ്രക്രിയയിൽ ഉടലെടുത്തിട്ടുള്ള മരവിപ്പ് ദൃശ്യമാകുന്നത്. 12,13 പഞ്ചവത്സര പദ്ധതികളുടെ ഘട്ടത്തിൽ പട്ടികജാതി വികസനവകുപ്പ് ഫണ്ട് 12 മേഖലകൾക്കാണ് ലഭ്യമാക്കിയത്. ഇതിന്റെ

**Fig 4.** Allocation to Housing, Education and Land schemes during 13th FYP




വിവരങ്ങൾ രണ്ടാം പട്ടികയിൽ കാണാം. ഓരോ മേഖലക്കുമുള്ള വിഹിതം പ്രായേണ സ്ഥിരത പുലർത്തുന്നതായി കാണാം. ഓരോ മേഖലക്കുമായുള്ള പദ്ധതികളെ വിലയിരുത്തുമ്പോൾ കഴിഞ്ഞ ദശകം മുതൽ തന്നെ അത് ഏറെക്കുറെ മാറ്റമില്ലാതെ തുടരുന്നതായി കാണാം. അപ്രതീക്ഷിതമായി ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ പോലും ഇതിന് മാറ്റം വരുത്തിയിട്ടില്ല എന്നതാണ് അത്ഭുതകരമായ കാര്യം. ഉദാഹരണത്തിന്, കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ (2020-22) പോലും എസ് സി പി ഫണ്ട് വിനിയോഗിച്ച് പട്ടിക ജാതി വിഭാഗക്കാർക്കായി പ്രത്യേകം ആസൂത്രണം ഉണ്ടായിരുന്നില്ല. 2020–21, 2021–22 എന്നീ വർഷങ്ങളിൽ മൊത്തത്തിലുള്ള വകയിരുത്തലിലും മേഖല തിരിച്ചുള്ള ഫണ്ടിന്റെ കാര്യത്തിലും സ്ഥിതിക്ക് മാറ്റം സംഭവിക്കുകയുണ്ടായില്ല (പട്ടിക–2).

പിന്നോക്ക വിഭാഗങ്ങളുടെ കാര്യത്തിൽ ആസൂത്രണ രംഗത്തെ ഇത്തരം മരവിപ്പിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. കൃത്യമായതും നിർണ്ണയിക്കാൻ കഴിയുന്നതുമായ ലക്ഷ്യങ്ങളുടെ അഭാവം, വിവരങ്ങളുടെ പരിമിതി, ആസൂത്രണത്തിലെ കുറവുകൾ, പങ്കാളികളാകുന്നവരുടെ കുറവ് തുടങ്ങി നിരവധി കാരണങ്ങൾ ചൂണ്ടികാണിക്കാനുണ്ട്. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളും മുന്നോക്കം നിൽക്കുന്ന വിഭാഗങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് എസ് സി പിയുടെ ഉദ്ദേശമെങ്കിലും കൃത്യമായ ലക്ഷ്യങ്ങൾ ഇതിനായി ഇനിയും നിർവചിക്കപ്പെട്ടിട്ടില്ലെന്ന് കാണാം. ഇത് ആശയകുഴപ്പത്തിനും തീരുമാനമെടുക്കുന്നതിലെ കാലതാമസത്തിനും വഴി വയ്ക്കുന്നു. അതുപോലെ തന്നെ വിശ്വസനീയമല്ലാത്തതും പരിമിതവുമായ വിവരങ്ങൾ തീരുമാനമെടുക്കുന്നതിനെ പലപ്പോഴും സ്വാധീനിക്കുന്നുണ്ട്. ആസൂത്രണം എന്ന പ്രക്രിയ ഉദ്യോഗസ്ഥന്മാരുടെ പതിവ് റിപ്പോർട്ടിങ് രീതികളിലേക്കും ബജറ്റിന് മുന്നോടിയായുള്ള ചർച്ചകളിലേക്കും മാത്രമായി ഒതുങ്ങി പോകാറുണ്ട്. ആധുനികമായ സാങ്കേതിക വൈദഗ്ദ്ധ്യം ആസൂത്രണ പ്രക്രിയയിൽ വിന്യസിക്കപ്പെടുന്നില്ലെന്ന് കാണാം. അതിലുൾപ്പെടുന്നവരുമായുള്ള കൃത്യമായതും ആഴത്തിലുള്ളതുമായ ചർച്ചകൾ പ്രത്യേകിച്ച് ഗുണഭോക്താക്കളുമായുള്ള ചർച്ചകൾ ഇല്ലാതെ പോകുന്നതും ആസൂത്രണത്തെ മരവിപ്പിലേക്ക് നയിക്കുന്നുണ്ട്

***എസ് സി പി വിഹിതം പങ്ക് വയ്ക്കൽ ഒരു യാന്ത്രിക പ്രക്രിയയായി മാറുന്നു എന്നതാണ് വാസ്തവം. പ്രാദേശിക തലത്തിലുള്ള ആവശ്യങ്ങൾ ഇവിടെ പരിഗണിക്കപ്പെടുന്നില്ല. ഇത്തരത്തിൽ അവഗണിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കാതെ നടക്കുന്ന ബജറ്റ് വകയിരുത്തൽ, അവരും വികസിത ജനവിഭാഗങ്ങളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ശക്തമായ തിരിച്ചടിയായി മാറുന്നു.***

ഇതിനുപുറമെ, ഉയർന്നു വരുന്ന അവസരങ്ങളുടെ ഗുണഫലങ്ങൾ ഇത്തരം വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലും അമാന്തം പ്രകടമാകുന്നുണ്ട്. പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ആസൂത്രണത്തിൽ നവീനമായ ആശയങ്ങൾ ആസൂത്രണ മേഖലയുമായി ബന്ധപ്പെട്ടവർ വേണ്ടുംവിധം പരിഗണിക്കുന്നില്ല. വൈജ്ഞാനിക സമ്പദ്ഘടനയും നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട വിഷയങ്ങളും പരിഗണിക്കുമ്പോഴാണ് ഈ പരിമിതികൾ ഉയർന്നു വരുന്നത്.

**ആസൂത്രണം വൈജ്ഞാനിക സമ്പദ്ഘടനയിൽ**

മനുഷ്യ മസ്തിഷ്ക്കത്തിന് സമാനമായി പ്രവർത്തിക്കാൻ കഴിയുന്ന കമ്പ്യൂട്ടറുകൾ, മെഷിനുകൾ എന്നിവയുടെ ഒരു ശ്യംഖലയാണ് നിർമിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ ഐ). ഇന്ത്യയിൽ

**Table2 :** Sector wise allocation of SCP in the 13th plan period. BE (in crore)

| Sl. No | Sector | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | Total | % against total |
|---|---|---|---|---|---|---|---|---|
| 1 | Housing | 55951 | 38973 | 62379 | 50960 | 50500 | 258763 | 33.95 |
| 2 | Education | 41910 | 43549 | 31671 | 33500 | 33500 | 184130 | 24.16 |
| 3 | Land | 18000 | 22500 | 18500 | 18500 | 18500 | 96000 | 12.60 |
| 4 | Pooled Fund/ Corpus Fund | 7988 | 10100 | 10100 | 6100 | 6100 | 40388 | 5.30 |
| 5 | Women and Girl Child | 6500 | 7600 | 8100 | 8200 | 9539 | 39939 | 5.24 |
| 6 | Skill and Employment | 4700 | 7974 | 7550 | 8250 | 8250 | 36724 | 4.82 |
| 7 | Habitat Development | | 10000 | 10000 | 7879 | 7000 | 34879 | 4.58 |
| 8 | Vulnerable communities | 1700 | 5000 | 5000 | 5000 | 5000 | 21700 | 2.85 |
| 9 | Health | | 5000 | 6000 | 5000 | 5000 | 21000 | 2.76 |
| 10 | Support to Federation and Cooperation | 2650 | 3165 | 2700 | 2700 | 2700 | 13915 | 1.83 |
| 11 | Infrastructure | 2586 | 2175 | 1650 | 1400 | 1400 | 9211 | 1.21 |
| 12 | Social Justice | 775 | 1000 | 1250 | 1250 | 1250 | 5525 | 0.72 |
| | Total | 142760 | 157036 | 164900 | 148739 | 148739 | 762174 | 100.00 |

***ആസൂത്രണം എന്ന പ്രക്രിയ ഉദ്യോഗസ്ഥന്മാരുടെ പതിവ് റിപ്പോർട്ടിങ് രീതികളിലേക്കും ബജറ്റിന് മുന്നോടിയായുള്ള ചർച്ചകളിലേക്കും മാത്രമായി ഒതുങ്ങി പോകാറുണ്ട്. ആധുനികമായ സാങ്കേതിക വൈദഗ്ദ്യം ആസൂത്രണ പ്രക്രിയയിൽ വിന്യസിക്കപെടുന്നില്ലെന്ന് കാണാം. അതിലുൾപ്പെടുന്നവരുമായുള്ള കൃത്യമായതും ആഴത്തിലുള്ളതുമായ ചർച്ചകൾ പ്രത്യേകിച്ച് ഗുണഭോക്താക്കളുമായുള്ള ചർച്ചകൾ ഇല്ലാതെ പോകുന്നതും ആസൂത്രണത്തെ മരവിപ്പിലേക്ക് നയിക്കുന്നുണ്ട്.***

നിർണ്ണായകമായ പല മേഖലകളിലും നിർമിത ബുദ്ധി അതിവേഗത്തിൽ വ്യാപിക്കുകയാണ്. ഉയർന്നു വരുന്ന നിരവധി സ്റ്റാർട്ട് അപ്പ് കമ്പനികൾ, ഗവേഷണ സ്ഥാപനങ്ങൾ, കമ്പനികൾ തുടങ്ങിയവ നിർമ്മിത ബുദ്ധി കേന്ദ്രീകരിച്ചുള്ള സാങ്കേതിക വിദ്യകൾ വിവിധ വ്യവസായ മേഖലകളിൽ പ്രയോഗക്ഷമമാക്കുന്ന തിനായുള്ള യത്നത്തിലാണ്. അത്തരത്തിലുള്ള ഒരു എ ഐ ഇക്കോ സിസ്റ്റം ഇന്ത്യയിൽ രൂപപ്പെട്ടു വരികയാണ്. ദേശീയതലത്തിൽ ഈ രംഗത്തെ ഗവേഷണം, വികസനം തുടങ്ങിയ കാര്യങ്ങൾ ശക്തമാക്കുന്നതിനായി ദേശീയ എ ഐ തന്ത്രത്തിന് രൂപം നല്കിയിട്ടുണ്ട്. കൃഷി, വിദ്യാഭ്യാസം, വ്യവസായം, സാമ്പത്തിക വളർച്ച, ജോലി സാധ്യത ഉയർത്തൽ, നൈപുണ്യ വികസനം, ആസൂത്രണം തുടങ്ങി നിരവധി രംഗങ്ങളിൽ നിർമ്മിത ബുദ്ധി ഒഴിച്ച് കൂടാനാകാത്ത ഒന്നായി മാറി കഴിഞ്ഞു. ഇത്തരമൊരു സാഹചര്യത്തിൽ, എ ഐ അധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടിൽ പിന്നോക്ക വിഭാഗങ്ങളുടെ വികസനം എങ്ങനെ സാധ്യമാക്കുമെന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ഇക്കാര്യത്തിൽ ആസൂത്രണ രംഗത്തെ വിദഗ്ദർ എത്രമാത്രം ശ്രദ്ധ ചെലുത്തുന്നുണ്ട്, എ ഐ അധിഷ്ഠിത ആവാസ വ്യവസ്ഥയിൽ പാവപെട്ട ജനവിഭാഗങ്ങളെ ഇതിനായി എങ്ങനെ ഒരുക്കും എന്നതെല്ലാം വലിയ ചോദ്യങ്ങൾ തന്നെയാണ്. പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനായി എ ഐ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക എന്നത് ഏറെ ആലോചനാപൂർവം നടപ്പാക്കേണ്ടുന്ന ഒന്നാണ്. ഇക്കാര്യത്തിൽ അവരുടെ പ്രത്യേകമായ ആവശ്യങ്ങളെയും നേരിടുന്ന വെല്ലുവിളികളെയും പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. സാമ്പത്തി കമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ പുരോഗതിക്കായി നിർമ്മിത ബുദ്ധിയെ പല വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയു ന്നതാണ്. വിദ്യാർത്ഥികൾക്ക് പ്രത്യേകമായ നിർദേശങ്ങൾ നൽകുന്നതിലൂടെ വ്യക്തിഗതമായ അവരുടെ പഠനത്തെ സഹായിക്കാൻ കഴിയുന്നു. പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ഡിജിറ്റൽ സാക്ഷരതയുടെ തോതിനെ കുറിച്ച് ആസൂത്രണ രംഗത്തെ വിദഗ്ധർക്ക് പോലും അവബോധം കുറവാണ്. പാവപെട്ട ജന വിഭാഗങ്ങൾക്ക് അവരുടെ കഴിവിനുംമുൻ ഗണനക്കും അനുസൃതമായി തൊഴില വസരങ്ങൾ ഉയർത്തുന്നതിന് എ ഐ അധിഷ്ഠിത മേഖലകൾ വികസിപ്പിക്കാൻ കഴിയും. ബാങ്കിങ് സേവനങ്ങൾ ലഭ്യമല്ലാത്ത വർക്കിടയിൽ എ ഐ അധിഷ്ഠിതമായ പേയ്മെന്റ് സംവിധാനം നടപ്പാക്കാൻ കഴിയും. ആരോഗ്യ മേഖല, ദുരന്ത നിവാരണം, വിവരങ്ങളുടെ ലഭ്യത തുടങ്ങിയ രംഗങ്ങളിലും പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിൽ നിർമ്മിത ബുദ്ധിയെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയും. എന്നാൽ അത്തരം ചിന്തകൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കായുള്ള ആസൂത്രണ രംഗത്ത് ഗൗരവമാർന്ന പരിഗണന ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.

**ഉപസംഹാരം**

വികസന പ്രക്രിയയുടെ നട്ടെല്ല് എന്ന നിലയിൽ

**കൃഷി, വിദ്യാഭ്യാസം, വ്യവസായം, സാമ്പത്തിക വളർച്ച, ജോലി സാധ്യത ഉയർത്തൽ, നൈപുണ്യ വികസനം, ആസൂത്രണം തുടങ്ങി നിരവധി രംഗങ്ങളിൽ നിർമ്മിത ബുദ്ധി ഒഴിച്ച് കൂടാനാകാത്ത ഒന്നായി മാറി കഴിഞ്ഞു. ഇത്തരമൊരു സാഹചര്യത്തിൽ, എ ഐ അധിഷ്ഠിതമായ ഒരു വികസന കാഴ്ചപ്പാടിൽ പിന്നോക്ക വിഭാഗങ്ങളുടെ വികസനം എങ്ങനെ സാധ്യമാക്കുമെന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്.**

വളരെ ശ്രദ്ധാപൂർവമുള്ള ഒരു ഇടപെടൽ ഉണ്ടാകേണ്ടത് ആവശ്യമാണ്. പ്രത്യേകിച്ച് സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ വികസനം ആസൂത്രണം ചെയ്യുമ്പോൾ. ദൗർഭാഗ്യവശാൽ, നിലവിലുള്ള ആസൂത്രണ പ്രക്രിയയിൽ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കും വിഭവ സ്രോതസുകൾക്കും അനുസൃതമായ ആസൂത്രണം വളരെ പരിമിത മായാണ് കാണുന്നത്. വ്യക്തവും കൃത്യവുമായ ലക്ഷ്യങ്ങളുടെ അഭാവം, വിവരങ്ങളുടെ പരിമിതി, ആസൂത്രണ ഉപാധികളുടെ പോരായ്മ, ബന്ധപ്പെട്ടവരുടെ സജീവമായ ഇടപെടലിന്റെ അപര്യാപ്തത തുടങ്ങി നിരവധി കാരണങ്ങൾ ഇക്കാര്യത്തിൽ ചൂണ്ടികാണിക്കാനുണ്ട്. ഇത് പലപ്പോഴും ആസൂത്രണത്തെ മരവിപ്പിന്റെ ഘട്ടത്തിലേക്ക് നയിക്കുന്ന സ്ഥിതിയുണ്ട്. പട്ടിക ജാതി വിഭാഗങ്ങളുടെ വികസനത്തിന്റെ കാര്യത്തിൽ സ്ഥാപനങ്ങൾക്കും പദ്ധതി കൾക്കുമുള്ള ഫണ്ടുകളുടെ വിതരണ കാര്യത്തി ലാണ് ഇത്തരം മരവിപ്പ് പ്രധാനമായും നിഴലിക്കുന്നത്. മഹാമാരി പോലുള്ള അവിചാരിത ദുരന്തങ്ങൾ നേരിടുന്നതിലും വൈജ്ഞാനിക സമ്പദ്വ്യവസ്ഥ, നിർമ്മിത ബുദ്ധി എന്നിവ പോലുള്ള വികസന സാധ്യതകളെയും സാങ്കേതിക മാറ്റങ്ങളെയും ഉൾക്കൊള്ളുവാൻ ആസൂത്രണ പ്രക്രിയ പര്യാപ്തമല്ല എന്ന ന്യൂനതയും നമുക്ക് നിഷേധിക്കാൻ കഴിയുന്നതല്ല. ഈ പശ്ചാത്തലത്തിൽ, പിന്നോക്ക വിഭഗങ്ങളുടെ വികസന കാര്യത്തിൽ സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ക്രിയാത്മകമായ വില യിരുത്തലും അഴിച്ചുപണിയും അനിവാര്യമാണ്. ദേശീയ വികസന ലക്ഷ്യങ്ങൾ നേടുന്നതിനും പിന്നോക്കം നിൽക്കുന്ന ജനതക്ക് ഭരണഘടന ഉറപ്പ് നൽകുന്ന വാഗ്ദാനങ്ങൾ പാലിയ്ക്കു ന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ഇത് അനിവാര്യമായ ഒന്നാണ്.

■

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ യു പി അനിൽകുമാർ)

## References

1. Dasgupta, B. (2002). The evolution of economic planning in India. *Economic and Political Weekly,* 37(50), 5027-5037.
2. Government of India. (2008). *National Action Plan on Climate Change.* Retrieved from https://www.mnre.gov.in/sites/default/files/webform/notices/national-action-plan-on-climate-change-en.pdf
3. Narayana, D. (2008). Planning in India: Retrospect and prospect. *Economic and Political Weekly,* 43(49), 45-51.
4. Siddiqui, K. A. (2014). Economic development in India: *The process of development planning.* Springer.
5. Kerala State Budgets, various years.

*കേരള ഇക്കോണമി*
*പുസ്തകം 4 ലക്കം 3*
*ജൂലൈ – സെപ്റ്റംബർ 2023*

GIFT GULATI INSTITUTE OF FINANCE AND TAXATION

# അഗ്രിപ്രന്യൂറിയൽ നൈപുണ്യം കർഷകർക്കിടയിൽ – ഒരു വിശകലനം

സജീന്ദ്രൻ വി

കാർഷിക രംഗത്ത് നിന്നും അനുബന്ധ മേഖലകളിൽ നിന്നും ആവശ്യമായ വസ്തുക്കൾ സ്വീകരിച്ച് പ്രവർത്തിക്കുന്ന സംരംഭങ്ങൾ എന്നതാണ് 'അഗ്രിപ്രന്യുർഷിപ്പ്'കൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കാർഷിക, അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന ഒരു സംരംഭം എന്ന് ഇതിനെ വിശേഷിപ്പിക്കാം. കാർഷികവൃത്തിയുടെ അനുബന്ധം എന്ന നിലയിലോ, നവീനമായ ഒരു പ്രക്രിയ എന്ന നിലയ്ക്കോ ഇതിനെ കാണാവുന്നതാണ്. കാർഷിക രംഗത്തെ ഉത്പാദനക്ഷമത ഉയർത്തുക, വരുമാനവും സമ്പത്തും ആർജ്ജിക്കുക തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ലക്ഷ്യങ്ങൾ എന്ന നിലയിൽ പരിഗണിക്കാവുന്നതാണ്. കാർഷിക മേഖലയുമായി നേരിട്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയോ കാർഷിക അനുബന്ധ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നവരെയോ 'അഗ്രിപ്രന്യൂർ' എന്ന വാക്ക് കൊണ്ട് വിവക്ഷിക്കാവുന്നതാണ്.

സാമ്പത്തിക മേഖലയിൽ കാര്യമായ സംഭാവന നൽകുന്നതിനാൽ ഇതിന് ഒട്ടേറെ സാധ്യതകളുണ്ട്. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിന് പുറമെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, വിഭവങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പാക്കുക, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുക തുടങ്ങിയ നിരവധി അനുബന്ധ നേട്ടങ്ങൾ ഇത് നൽകുന്നു. ഇതിന് പുറമെ, കാർഷിക ഉത്പന്നങ്ങളുടെ വിപണനം, ഭക്ഷ്യ സംസ്കരണം, മൂല്യവർധിത സാധനങ്ങളുടെ ഉത്പാദനം, കാർഷിക ഉപകരണങ്ങളുടെ വിപണനം തുടങ്ങിയ വ്യത്യസ്തമായ മേഖലകളിൽ അവസരങ്ങൾ തുറന്നെടുക്കുന്നതിന് ഇത് സഹായകമാണ്.

ഒരു കർഷകൻ എന്ന നിലയിൽ മാത്രമായി ഒതുങ്ങി കൂടാതെ ഒരു അഗ്രിപ്രന്യുർ ആയി മാറുക എന്നത് കാർഷിക പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്ന കാര്യമാണ്. മാത്രവുമല്ല, ഇന്ന് കാർഷിക മേഖലയിലെ പ്രതിസന്ധിയുടെ കുരുക്കഴിക്കുന്നതിന് ഇത്തരം മാറ്റങ്ങൾ ആവശ്യമാണ്. ഇത്തരത്തിലുള്ള ഒരു മാറ്റത്തിന് കർഷകർ അവരുടെ ചിന്താഗതിയിൽ മാറ്റം വരുത്തുകയാണ്

***കൃഷി അധിഷ്ഠിതമായ വ്യവസായങ്ങൾ വികസിപ്പിക്കുന്നതിലും കർഷക സമൂഹത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിലും അഗ്രിപ്രന്യുർഷിപ്പ് നിർണ്ണായകമായ പ്രാധാന്യം നേടുകയാണ്. ലാഭകരമായ കാർഷിക വ്യവസായങ്ങൾ ആരംഭിച്ചു കൊണ്ടും കാർഷിക ഉത്പന്നങ്ങൾ ശരിയായ വിധത്തിൽ വിനിയോഗിച്ചുകൊണ്ടുമാണ് ഇത് നേടാൻ കഴിയുക.***

***അഗ്രിപ്രന്യൂറിയൽ നൈപുണ്യ രംഗത്ത് ഉണ്ടായിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾ, വിജ്ഞാനത്തിന്റെ ശേഖരം തുടങ്ങിയ കാര്യങ്ങൾ കണ്ടെത്തുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. വോസ്വ്യൂവർ എന്ന സോഫ്റ്റ്വയർ ഉപയോഗിച്ച് 'ഡൈമെൻഷൻസ് ഡാറ്റ ബേസിൽ' നിന്നാണ് ഇതിനാവശ്യമായ വിവരങ്ങൾ സമാഹരിച്ചിട്ടുള്ളത്. ബിബ്ലിയോമെട്രിക് വിശകലന ഉപാധികളായ സൈറ്റേഷൻ അനാലിസിസ്, കോ – സൈറ്റേഷൻ അനാലിസിസ്, ബിബ്ലിയോഗ്രാഫിക് കപ്ലിങ്ങ് നെറ്റ് വർക്ക് അനാലിസിസ്, ടെം കോ– ഒക്കരൻസ് അനാലിസിസ് എന്നീ സങ്കേതങ്ങൾ ഇതിൽ ഉപയോഗിച്ചിരിക്കുന്നു.***

ആദ്യം വേണ്ടത്. ഇത് കേവലം കാർഷിക ഉത്പാദനം ഉയർത്തുക എന്നത് മാത്രമല്ല. പ്രത്യുത തങ്ങൾക്ക് മുന്നിലുള്ള നൂതനമായ അവസരങ്ങളെ കുറിച്ചുള്ള അറിവുകൾ നേടുകയും അത് പ്രാവർത്തികമാക്കുകയും കൂടി വേണം. ഒപ്പം പുതിയ ഉപഭോക്താക്കളെ തേടി പിടിക്കുകയും അവർക്ക് ഉയർന്ന ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിൽ ശ്രദ്ധയൂന്നുകയും വേണം. അതുകൊണ്ട് കർഷകർ അഗ്രിപ്രന്യൂർ രംഗത്ത് നൈപുണ്യം നേടേണ്ടത് തികച്ചും ആവശ്യമായ ഒന്നാണ്.

ഈ മേഖലയെ കുറിച്ചുള്ള ഒരു വിശകലനമാണ് ഈ പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ മേഖലയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ ഫലങ്ങൾ വെളിവാക്കുകയും കർഷകർക്ക് അഗ്രിപ്രന്യൂർഷിപ്പിനെ കുറിച്ചുള്ള അറിവ് പകരുക എന്നതുമാണ് ഇതിന്റെ ലക്ഷ്യം.

**വിവരങ്ങളുടെ വിശകലനം**

അടുത്ത കാലത്തായി കാര്യമായ അന്വേഷണങ്ങൾക്ക് വിധേയമായിട്ടുള്ള ഒരു പഠന ശാഖയാണ് അഗ്രിപ്രന്യൂർഷിപ്പ്. നിരവധി ഗവേഷണ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നതായി കാണാം. സാമ്പത്തിക മേഖലയിൽ ഏറെ പ്രസക്തിയുള്ള പഠനങ്ങളാണ് അവ. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് രാജ്യത്തിൻറെ സാമ്പത്തിക വികസനത്തിന് വലിയ സംഭാവന ഈ മേഖല അർപ്പിക്കുന്നു. സ്വയംതൊഴിൽ കണ്ടെത്തുക, കൂട്ടായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. ഇതുവരെ കണ്ടെത്താൻ കഴിയാതെ പോയ നിരവധി സാധ്യതകളാണ് ഇത് തുറന്നിടുന്നത്. എന്നാൽ മതിയായ മുതൽമുടക്ക് ഉണ്ടാകാത്തത് ഈ രംഗത്തെ വളർച്ചയെ മുരടിപ്പിക്കുന്നതായി കാണാം (ജിമോ, ഓഗുൺസൺവോ–2018). വിപണനം, ബിസിനസ് മനഃശാസ്ത്രം, പെരുമാറ്റം, സംവേദനം തുടങ്ങിയ കാര്യങ്ങളിലെ നൈപുണ്യം ഇത്തരം സംരംഭങ്ങളുടെ വിജയത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് (എലാക്കിയ, അശോകൻ–2021).

കർഷകർ തുടക്കം കുറിക്കുന്ന കാർഷികവും അല്ലാത്തതുമായ പുതുസംരംഭങ്ങൾ ഇത്തരം കാര്യങ്ങളോട് പോസിറ്റീവായ ഒരു മനോഭാവം ജനിപ്പിക്കുന്നതായി കാണാം (വിക്ക്, മക്കൽവി–2011). കർഷകർ ആർജിച്ചിരിക്കുന്ന നൈപുണ്യം അവരുടെ പ്രകടനത്തെ നല്ല നിലയിൽ സ്വാധീനിക്കുന്നുണ്ട് (ലങ്ക, ലങ്ക–2014). സംരംഭകത്വത്തോടുള്ള കർഷകരുടെ മനോഭാവം അവരുടെ ഈ രംഗത്തുള്ള കഴിവുകൾ വികസിപ്പിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു (ഇബ്രാഹിം, ലക്കി–2014).

അവസരങ്ങൾ കണ്ടെത്തുക, ബിസിനസ്

***ബിബ്ലിയോഗ്രാഫിക് വിശകലന രീതി ഉപയോഗിച്ച് അഗ്രിപ്രന്യൂറിയൽ മേഖലയിലെ ഗവേഷണം, വൈജ്ഞാനിക അടിത്തറ തുടങ്ങിയവയുടെ വിശകലനമാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. 94 പ്രബന്ധങ്ങളിലെ ബിബ്ലിയോഗ്രാഫിക് വിവരങ്ങൾ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. സൈറ്റേഷൻ അനാലിസിസ്, കോ – സൈറ്റേഷൻ അനാലിസിസ്, ബിബ്ലിയോഗ്രാഫിക് കപ്ലിങ് നെറ്റ് വർക്ക് അനാലിസിസ് തുടങ്ങിയ സങ്കേതങ്ങൾ പഠനലക്ഷ്യം നേടുന്നതിനായി ഉപയോഗിച്ചിരിക്കുന്നു.***

തന്ത്രങ്ങൾ കരുപ്പിടിപ്പിക്കുക, പല തരത്തിലുള്ള വാണിജ്യ ശൃംഖലകൾ സൃഷ്ടിക്കുക തുടങ്ങിയ കഴിവുകൾ കർഷകർക്ക് ആർജിക്കുവാൻ കഴിഞ്ഞിട്ടുണ്ട് (മോർഗൻ–2010). രസായി, മുഹമ്മദ്, ഷംസുദീൻ എന്നിവർ അഭിപ്രായപ്പെടുന്നത് (2011) കൂടുതൽ റിസ്ക് എടുക്കുന്നതിനുള്ള മനോഭാവം, ലാഭാധിഷ്ഠിതമായ സമീപനം, മാനേജ്മെന്റ് നൈപുണ്യം, ക്രിയാത്മകമായ സമീപനം തുടങ്ങിയ കാര്യങ്ങളാണ് കർഷകർക്ക് വേണ്ടത് എന്നാണ്. ഇതാകട്ടെ കൃത്യമായ പരിശീലന പരിപാടികൾ വഴിയായി മെച്ചപ്പെടുത്താൻ കഴിയുന്നതുമാണ്. കാര്യങ്ങൾ മാനേജ് ചെയ്യുന്നതിനുള്ള മിടുക്കിനെക്കാൾ കർഷകർക്ക് വേണ്ടത് സംരംഭക പരിശീലനമാണെന്നാണ് ജോൺസ് 2015ൽ അഭിപ്രായപ്പെട്ടത്. ബോളറിൻവ, ഒകോലോച എന്നിവർ 2016ൽ പറഞ്ഞത് കൃത്യമായ നൈപുണ്യം ആർജ്ജിക്കുകയും അത് മികവുറ്റതാക്കുകയും ചെയ്യുക എന്നത് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ പരമപ്രധാനമാണ് എന്നാണ്. എന്നാൽ ഇക്കാര്യത്തിൽ കർഷകർ പലപ്പോഴും പിന്നോക്കം പോകുന്നതായി കാണാം (മക്കൽവി–2006). നേട്ടത്തിനായുള്ള ത്വര, നേതൃപാടവം, ആത്മവിശ്വാസം, റിസ്ക് ഏറ്റെടുക്കാനുള്ള സന്നദ്ധത, മാനേജ്മെന്റ് ഓറിയെന്റേഷ, വിവര ശേഖരണത്തിനായുള്ള ജിജ്ഞാസ തുടങ്ങിയ കാര്യങ്ങളിൽ അഗ്രിപ്രന്യൂർമാർക്ക് ആവശ്യമായ പരിശീലനം വേണമെന്നാണ് അഹമ്മദ് ഹാസനും ഹനീഫും അഭിപ്രായപ്പെട്ടിരിക്കുന്നത് (2011).

ബാലശരവണൻ, വിജയദുരൈ എന്നിവർ 2012ൽ തഞ്ചാവൂർ ജില്ലയിലെ വിപണികളിൽ ഒരു പഠനം നടത്തുകയുണ്ടായി. കർഷകരുടെ സംരംഭക സ്വഭാവത്തിലെ പ്രത്യേകതകളിലാണ് അവരുടെ പഠനം ശ്രദ്ധയൂന്നിയത്. ക്രിയാത്മകമായ മനോഭാവം ചെറുകിട, ഇടത്തരം കർഷകർക്കിടയിൽ കുറവാണ് എന്നാണ് പഠനത്തിൽ കണ്ടെത്തിയത്. ഒപ്പം നേതൃപാടവവും റിസ്ക് ഏറ്റെടുക്കുന്നതിനുള്ള കഴിവും കുറവാണെന്നും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് സംരംഭക മനോഭാവത്തിൽ മെച്ചപ്പെടൽ ആവശ്യമാണ്, പ്രത്യേകിച്ച് ചെറുകിട കർഷകരുടെ കാര്യത്തിൽ.

**രീതിശാസ്ത്രം**

ബിബ്ലിയോമെട്രിക് അവലോകന രീതിയാണ് ഈ പഠനത്തിനായി ഉപയോഗിച്ചിരിക്കുന്നത്. ഇതോടൊപ്പം സൈറ്റേഷൻ വിശകലനം, കോ–സൈറ്റേഷൻ വിശകലനം, ബിബ്ലിയോഗ്രാഫിക് കപ്ലിങ് നെറ്റ് വർക്ക് വിശകലനം, ടെം കോ–ഒക്കരൻസ് വിശകലനം തുടങ്ങിയ രീതികളും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**1. വിവര ശേഖരണം**

അഗ്രിപ്രന്യൂർഷിപ്പ് സ്കിൽ എന്ന കീ വേർഡ് ഉപയോഗിച്ച് സെർച്ച് ചെയ്യുമ്പോൾ ലഭ്യമാകുന്ന ഡൈമെൻഷൻ ഡേറ്റ ബേസിൽ നിന്നാണ് ബിബ്ലിയോഗ്രാഫിക് വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ പൊതുവെ പരിമിതമായതിനാൽ

***ഈ പഠനം അഗ്രിപ്രന്യൂറിയൽ രംഗത്ത് ഉണ്ടായിട്ടുള്ള വിവിധ പഠനങ്ങളിലേക്ക് വെളിച്ചം വീശുന്നതിനൊപ്പം ഈ മേഖലയിൽ ഗവേഷണം നടത്തുന്നവർക്ക് ഒരു അടിസ്ഥാനമായി വർത്തിക്കുകയും ചെയ്യുന്നു. പുതുതായി എത്തുന്ന ഗവേഷകർക്ക് പഠനത്തിലെ വിവരങ്ങൾ അവഗണിച്ച് പോകാൻ കഴിയുന്നതല്ല. കാരണം, നിരവധി ബിബ്ലിയോഗ്രാഫിക് വിശകലനങ്ങൾ ഇതിലുൾപ്പെട്ടിട്ടുണ്ട്. ഈ രംഗത്ത് സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ള ഗ്രന്ഥകർത്താക്കൾ, പഠന റിപ്പോർട്ടുകൾ, പ്രധാന വിവര സ്രോതസുകൾ തുടങ്ങിയവയെ കുറിച്ച് ഈ പഠനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.***

ഒരു വർഷത്തിൽ മാത്രം പ്രസിദ്ധീകരിച്ച വിവരങ്ങൾ മാത്രമല്ല ഇവിടെ ആധാര മാക്കിയിട്ടുള്ളത്. പ്രാഥമിക ഘട്ടത്തിലുള്ള അന്വേഷണം വഴിയായി 254 വിവര ശേഖരങ്ങൾ ലഭ്യമാവുകയുണ്ടായി. പ്രസിദ്ധീകൃതമായ ലേഖനങ്ങളെയാണ് ഇതിനായി പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. 94 ലേഖനങ്ങൾ ഇപ്രകാരം ലഭ്യമായിട്ടുണ്ട്. അവ സൈറ്റേഷൻ ആധാരമാക്കി തരം തിരിച്ചിരിക്കുന്നു. ഡൈമെൻഷൻസ് ഡേറ്റ ബേസിൽ നിന്നും ഈ 94 ലേഖനങ്ങളിൽ നിന്നുള്ള ബിബ്ലിയോ ഗ്രാഫിക് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. അഗ്രിപ്രന്യൂറിയൽ നൈപുണ്യത്തെ ആസ്പദ മാക്കിയുള്ള ഈ വിവരങ്ങളുടെ വിശദാംശങ്ങൾ ഒന്നാം രേഖാചിത്രത്തിൽ നൽകിയിരിക്കുന്നു (രേഖാചിത്രം –1).

## വിവര വിശകലനം

ഡൈമെൻഷൻ ഡേറ്റ സ്രോതസ്സിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ 'വോസ്വ്യൂവർ' എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് വിശകലനം ചെയ്തിരിക്കുന്നത്. ഗവേഷണ രംഗത്തെ ട്രെൻഡ്, അഗ്രിപ്രന്യൂറിയൽ നൈപുണ്യത്തിന്റെ വൈജ്ഞാനിക തലം തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുന്നതിന് വേണ്ടിയാണ് ഇത്. ഇതിനു പുറമെ 'സ്കോപ്പസ് പ്രിവ്യൂ' എന്ന സ്രോതസ്സിൽ നിന്നുള്ള വിവരങ്ങൾ ഈ രംഗത്തെ പഠനങ്ങൾ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ലഭിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു. സൈറ്റേഷൻ അനാലിസിസ്, കോ–സൈറ്റേഷൻ അനാലിസിസ്, ബിബ്ലിയോഗ്രാഫിക് കപ്ലിങ് നെറ്റ് വർക്ക് അനാലിസിസ്, ടീം കോ –ഒക്കരൻസ് അനാലിസിസ് തുടങ്ങിയ രീതികൾക്കായി വോസ്വ്യൂവർ സോഫ്ട്വെയറാണ് ഉപയോഗി ച്ചിരിക്കുന്നത്.

## വിശകലനവും ചർച്ചയും

### സൈറ്റേഷൻ അനാലിസിസ്

ഒരു ലേഖനം, ലേഖനകർത്താവ്, സ്ഥാപനം തുടങ്ങിയവയുടെ പ്രാധാന്യം അവലോകനം ചെയ്യുന്നതിന് വേണ്ടിയാണ് ഇത് ഉപയോഗി ച്ചിരിക്കുന്നത്. പഠനം, ലേഖനകർത്താവ്, സ്ഥാപനം തുടങ്ങിയ കാര്യങ്ങൾ മറ്റുള്ളവർ എത്ര തവണ ഉദ്ധരിച്ചിട്ടുണ്ട് എന്നതാണ് ഇതിനായി ആസ്പദമാക്കിയിരിക്കുന്നത്. ഈ ലേഖനത്തിൽ രണ്ടു രീതിയിലാണ് സൈറ്റേഷൻ വിശകലനം ഉപയോഗിച്ചിരിക്കുന്നത്. വിശ കലനത്തിന് അടിസ്ഥാനമാക്കിയുള്ള രേഖകൾ എന്ന നിലയിലും മറ്റൊന്ന് ലേഖകരെ ഒരു സ്രോതസ്സ് എന്ന നിലയിലുമാണ് ഉപയോഗപെടു ത്തിയിട്ടുള്ളത്.

### 1.ഡോക്യൂമെൻറ് സൈറ്റേഷൻ അനാലിസിസ്

കുറഞ്ഞത് രണ്ടു തവണയെങ്കിലും ഉദ്ധരിച്ചി ട്ടുള്ള രേഖകളെയാണ് ഡോക്യുമെന്റ് സൈറ്റേഷൻ അനാലിസിസിനായി പ്രയോജന പ്പെടുത്തിയിട്ടുള്ളത്. ഈ നിബന്ധന പൂർത്തീ കരിക്കാൻ കഴിഞ്ഞത് 32 രേഖകൾക്കാണ്. എന്നാൽ ഇതിൽ തന്നെ 13 എണ്ണം മാത്രമാണ്

**Figure 1**. Publication Matrix




*Source: Dimensions Database*

ഈ ശൃംഖലയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അന്തിമ വിശകലനത്തിനായി ഇവയാണ് തിരഞ്ഞെടുത്തിട്ടുള്ളത് (രേഖാചിത്രം –2).

ഈ 13 രേഖകൾ പരിശോധിച്ചപ്പോൾ വ്യക്തമാകുന്ന കാര്യം ഡയസ് (2019), അലേക (2011), ലോറൻസിയോ (2014) എന്നീ മൂന്ന് എണ്ണമാണ് ഏറ്റവും പ്രസക്തമായത് എന്നാണ്.

**2. ആതർ സൈറ്റേഷൻ വിശകലനം**

ഈ പഠന വിഷയത്തിൽ ഏറ്റവും പ്രഗത്ഭരായ ലേഖനകർത്താക്കളെ കണ്ടെത്തുക എന്നതാണ് ഈ രീതിയുടെ പ്രധാന ലക്ഷ്യം. ഒരു തവണയെങ്കിലും പരാമർശിക്ക പെടുന്നവരുടെ പേരുകളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. അപ്രകാരം 276 ലേഖകരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ തന്നെ 112 പേരാണ് ഏറ്റവും പ്രസക്തമെന്ന് കണ്ടെത്തിയത്. അന്തിമ വിശകലനത്തിനായി ഇവരെയാണ് തിരഞ്ഞെടുത്തത് (രേഖാചിത്രം –3), (പട്ടിക 1).

ഇതുവഴിയായി 112 ഇനങ്ങൾ പരാമർശിക്കുന്ന 11 ക്ലസ്റ്ററുകൾ കണ്ടെത്തുകയുണ്ടായി. 5 പ്രധാനപ്പെട്ട ഗ്രന്ഥകാരന്മാരുടെ വിവരങ്ങളാണ് പട്ടിക ഒന്നിൽ ചേർത്തിരിക്കുന്നത്. മന്യോങ്, വികൂർ എന്നിവർ 4 ഡോക്യൂമെന്റുകളുമായി കൂട്ടത്തിൽ മുന്നിട്ട് നിൽക്കുന്നതായി കാണാം.

**കോ–സൈറ്റേഷൻ അനാലിസിസ്**

ലേഖനങ്ങളും സ്രോതസ്സും തമ്മിലുള്ള ബന്ധം വിലയിരുത്തുന്നതിനായാണ് ഈ രീതി ഉപയോഗിച്ചിരിക്കുന്നത്.

**1. ഉദ്ധരിച്ച സ്രോതസുകളുടെ കോ–സൈറ്റേഷൻ അനാലിസിസ്**

ഇവിടെ ഉദ്ധരിക്കപ്പെട്ടിരിക്കുന്ന സ്രോതസുകൾ വിശകലനത്തിനായുള്ള ഒരു

**Figure 2.** Network Visualization of Document Citation Analysis




**Figure 3.** Network Visualization of Author Citation Analysis



**Table 1.** Author Citation Analysis

| Authors | Documents | Total Link Strength |
|---|---|---|
| 1. Manyong, Victor | 4 | 60 |
| 2. Ferreira, Joao | 2 | 27 |
| 3. Adeyanju, Dolapo | 2 | 22 |
| 4. Mburu, John | 2 | 22 |
| 5. Kontogeorgos, Achilleas | 2 | 7 |

*Source: Vos Viewer*

യൂണിറ്റായി പരിഗണിച്ചിരിക്കുന്നു. ഇതിനുള്ള കുറഞ്ഞ തവണയായി സ്വീകരിച്ചിട്ടുള്ളത് 5 ആണ്. മൊത്തമുള്ള 977 സ്രോതസ്സുകളിൽ 92 എണ്ണം ഈ നിബന്ധന പാലിച്ചിരിക്കുന്നതായി കാണാം. അതുകൊണ്ട് ഈ 92 എണ്ണമാണ് കോ –സൈറ്റേഷൻ അനാലിസിസിനായി ഉപയോഗിച്ചിട്ടുള്ളത് (രേഖാചിത്രം–4), (പട്ടിക –2).

ഉദ്ധരിച്ചിട്ടുള്ള സ്രോതസുകളുടെ കോ–സൈറ്റേഷൻ വിശകലനത്തിന്റെ ഫലമാണ് പട്ടിക രണ്ടിൽ രേഖപെടുത്തിയിരിക്കുന്നത്. ഇതിൽ 5 സ്രോതസുകൾ പ്രാമുഖ്യം നേടുന്നതായി കാണാം. ഈ സ്രോതസുകളുടെ വിശദമായ ജേണൽ മെട്രിക്സ് പട്ടിക മൂന്നിൽ കാണാം (പട്ടിക–3).

ബിബ്ലിയോമെട്രിക് കോ– സൈറ്റേഷൻ വിശകലന രീതി വഴി ലഭ്യമായ ഏറ്റവും പ്രമുഖമായ 5 സ്രോതസുകളുടെ ജേണൽ മെട്രിക്സിന്റെ വിശദാംശങ്ങൾ പട്ടിക മൂന്നിൽ നിന്നും ലഭ്യമാണ്.സ്കോപാസ് പ്രിവ്യുവിൽ നിന്നുമാണ് ഈ ജേണൽ മെട്രിക്സ് സ്വീകരിച്ചിരിക്കുന്നത്. 2018 –21 കാലയളവിൽ മൊത്തം പ്രസിദ്ധീകരിച്ചവ, മൊത്തം സൈറ്റേഷൻ എന്നിവ കണക്കാക്കിയാണ് സൈറ്റ് സ്കോർ നിർണ്ണയിച്ചിരിക്കുന്നത്. ഇക്കാലയളവിലെ എസ് സി ഐ മാഗോ ജേണൽ റാങ്ക് (എസ് ജെ ആർ), സോഴ്സ് നോർമലൈസ്ഡ് ഇമ്പാക്റ്റ് പെർ പേപ്പർ (എസ് എൻ ഐ പി) എന്നിവയും ഇവിടെ പരിഗണിക്കപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ 14. 6 എന്ന സ്കോറുമായി 'ജേണൽ ഓഫ് ബിസിനസ് വെഞ്ചറിങ്' ആണ് ഏറ്റവും മുന്നിൽ നിൽക്കുന്നത്. എന്നാൽ കോ –സൈറ്റേഷൻ അനാലിസിസിൽ ഇതിന് അഞ്ചാം സ്ഥാനമാണുള്ളത്.

**2. ഉദ്ധരിക്കപ്പെട്ട റഫറൻസുകളുടെ കോ– സൈറ്റേഷൻ വിശകലനം**

ഇതിനായുള്ള ഏറ്റവും കുറഞ്ഞ തവണ രണ്ട് എന്നാണ് ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. ആകെയുള്ള 2293 റഫറൻസുകളിൽ 203 എണ്ണം ഈ നിബന്ധന പാലിച്ചിട്ടുള്ളതായി കാണാം. അതുകൊണ്ട് വിശകലനത്തിനായി അവയെയാണ് ഉപയോഗിച്ചിരിക്കുന്നത് (രേഖാചിത്രം–5), (പട്ടിക–4).

207 ഇനങ്ങളെ പരാമർശിക്കുന്ന 6 ക്ലസ്റ്ററുകളാണ് ഈ വിശകലനം വഴിയായി സൃഷ്ടിച്ചത്. കോ–സൈറ്റേഷൻ അനാലിസിസ് വഴിയായി ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ട 5 റഫറൻസുകളാണ് പട്ടിക നാലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഏറ്റവും കൂടുതൽ പരാമർശിക്കപ്പെട്ട പഠനം പിൻദാദോയുടെതാണ് (2017).

**Figure 4.** Network Visualisation of Co-citation Analysis of Cited Sources




**Table 2.** Co-citation Analysis of Cited Sources

| Journal | Citation |
|---|---|
| 1. Journal of Rural Studies | 79 |
| 2. Entrepreneurship Theory and Practice | 58 |
| 3. Sustainability | 50 |
| 4. Journal of Entrepreneurship in Emerging Economies | 47 |
| 5. Journal of Business Venturing | 46 |

*Source: VosViewer*

**Table 3.** Journal Matrix

| Journal | Publisher | TP | TC | Cite Score | SNIP | SJR |
|---|---|---|---|---|---|---|
| 1. Journal of Business Venturing | Elsevier | 217 | 3167 | 14.6 | 4.534 | 5.829 |
| 2. Entrepreneurship Theory and Practice | Wiley-Blackwell | 163 | 2235 | 13.7 | 3.353 | 3.353 |
| 3. Journal of Rural Studies | Elsevier | 905 | 5946 | 6.6 | 2.075 | 1.292 |
| 4. Sustainability | Multidisciplinary Digital Publishing Institute (MDPI) | 36485 | 181699 | 5.0 | 1.31 | 0.664 |
| 5. Journal of Entrepreneurship in Emerging Economies | Emerald | 142 | 660 | 4.6 | 1.491 | 0.577 |

TP= Total Publications TC= Total Citations SNIP= Source Normalised Impact per Paper SJR= SCImago Journal Rank

*Source: Author's Construct from Scopus Data*

**Figure 5.** Network Visualisation of Co-citation Analysis of Cited References



**Table 4.** Co-citation Analysis of Cited References

| Authors | Source | Citations |
|---|---|---|
| 1. Pindado et.al., 2017 | Small Business Economics | 11 |
| 2. Magagula et.al., 2019 | Development in Practice | 11 |
| 3. Vik et.al., 2011 | Journal of Small Business Management | 10 |
| 4. Otache, 2017 | African Journal of Economic and Management Studies | 8 |
| 5. Mcelwee, 2006 | Journal of Developmental Entrepreneurship | 7 |

*Source: Vos Viewer*

**ബിബ്ലിയോഗ്രാഫിക് കപ്ലിങ്**

രേഖകളുടെ ഒരേ രീതിയിലുള്ള ബന്ധം കണ്ടെത്തുന്നതിനാണ് ഈ രീതി അവലംബിക്കുന്നത്. രണ്ട് പഠനങ്ങളോ, രേഖകളോ മൂന്നാമത് ഒരു പഠനത്തെ തങ്ങളുടെ ബിബ്ലിയോഗ്രഫിയിൽ രേഖപെടുത്തുന്ന തിനെയാണ് കപ്ലിങ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇത് ഏറ്റവും കൂടുതൽ കപ്ലിങ് ലഭ്യമായ പഠനത്തെ കണ്ടെത്തുന്നതിന് ഉപയോഗിക്കുന്നു. ഗ്രന്ഥകർത്താക്കളാണ് ഇവിടെ വിശകലനത്തിനുള്ള യൂണിറ്റായി കണക്കാക്കുന്നത്. ഇതിനുള്ള കുറഞ്ഞ തവണയായി കണക്കാക്കിയിട്ടുള്ളത് രണ്ടാണ്. 276 ഗ്രന്ഥകർത്താക്കളാണ് ആകെയുള്ളത്. ഇതിൽ 14 പേർ നിർദിഷ്ട യോഗ്യത നേടിയതായി കാണാം. ഏറ്റവും കൂടുതൽ 12 ആണ്. അതുകൊണ്ട് വിശകലനത്തിനായി അവയെ തിരഞ്ഞെടുത്തിരിക്കുന്നു (രേഖാചിത്രം–6),(പട്ടിക–5).

ഏറ്റവും കൂടുതൽ കപ്ലിങ് ഉള്ള ഗ്രന്ഥകർത്താക്കളുടെ വിവരങ്ങളാണ് പട്ടിക അഞ്ചിൽ കാണുന്നത്. മന്യോങ്, വികൂർ എന്നിവരാണ് ഏറ്റവും കൂടുതൽ കപ്ലിങ് ഉള്ള ലേഖകർ.

**ടെം കോ–ഒക്കരൻസ് അനാലിസിസ്**

അഗ്രിപ്രന്യൂറിയൽ നൈപുണ്യം എന്ന വിഷയത്തിൽ ഏറ്റവും കൂടുതൽ തവണ പ്രയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടെത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി ബിബ്ലിയോഗ്രാഫിക് വിവരങ്ങളുടെ തലക്കെട്ട്, ചുരുക്കം എന്നിവ കണക്കിലെടുത്തിരിക്കുന്നു. ഇതിനുള്ള ഏറ്റവും കുറഞ്ഞ സംഖ്യ 10 എന്നാണ് നിജപ്പെടുത്തിയിരുന്നത്. ഇത്തരം 2592 വാക്കുകളിൽ 39 എണ്ണം നിശ്ചിത സ്കോർ നേടിയിട്ടുണ്ട്. എന്നാൽ 23 എണ്ണം മാത്രമാണ് അന്തിമ വിശകലനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത് (രേഖാചിത്രം–7 ), (പട്ടിക – 6).

സംരംഭകത്വം, റോൾ, വെല്ലുവിളി, നൈജീരിയ, വിജ്ഞാനം എന്നീ 5 വാക്കുകളാണ് ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നതെന്ന് കാണാം.

**ഉപസംഹാരം**

ബിബ്ലിയോമെട്രിക് വിശകലന രീതി വഴിയായി അഗ്രിപ്രേന്യൂറിയൽ നൈപുണ്യ മേഖലയിൽ ഗവേഷണം, വൈജ്ഞാനിക അടിത്തറ എന്നീ കാര്യങ്ങളുടെ സ്ഥിതി മനസിലാക്കുക

**Figure 6.** Network Visualisation of Bibliographic Coupling Network Analysis




**Table 5.** Bibliographic Coupling Network Analysis

| Authors | Documents | Citations |
|---|---|---|
| 1. Manyong, Victor | 4 | 39 |
| 2. Bamba, Zoumana | 3 | 30 |
| 3. Abdoulaye, Tahirou | 2 | 28 |
| 4. Ferreira, Joao | 2 | 77 |
| 5. Rodrigues, Ricardo Gouveia | 2 | 77 |

*Source: VosViewer*

**Figure 7.** Network Visualisation of Term Co-occurrence Analysis




**Table 6.** Term Co-occurrence

| Terms | Occurrences |
|---|---|
| 1. Entrepreneurship | 28 |
| 2. Role | 23 |
| 3. Challenge | 19 |
| 4. Nigeria | 18 |
| 5. Knowledge | 17 |

*Source: Vos Viewer*

എന്നതാണ് ഈ പഠനത്തിന്റെ മൗലികമായ ലക്ഷ്യം. 94 പഠനങ്ങളിലെ ബിബ്ലിയോഗ്രാഫിക് വിവരങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്തിയത്. സൈറ്റേഷൻ അനാലിസിസ്, കോ–സൈറ്റേഷൻ അനാലിസിസ്, ബിബ്ലിയോഗ്രാഫിക് കപ്ലിങ് നെറ്റ് വർക്ക് അനാലിസിസ്, ടെം ഒക്കരൻസ് അനാലിസിസ് തുടങ്ങിയ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്.

അഗ്രിപ്രേന്യുറിയൽ പഠനങ്ങളിലേക്ക് വെളിച്ചം വീശുന്ന ഒന്നാണ് ഈ പഠനം. ഇക്കാര്യത്തിൽ കൂടുതൽ ഗവേഷണം നടത്താൻ ആഗ്രഹിക്കുന്നവർക്ക് ഇത് ഒരു അടിത്തറ എന്ന നിലയിൽ വർത്തിക്കും. ഈ രംഗത്ത് തുടക്കം കുറിക്കുന്ന ഒരു ഗവേഷകന് ഒഴിവാക്കാൻ കഴിയാത്ത വിവരങ്ങൾ ഇത് പ്രദാനം ചെയ്യുന്നു. ഈ രംഗത്ത് സംഭാവന അർപ്പിച്ചിട്ടുള്ള ഗ്രന്ഥകർത്താക്കൾ, പ്രധാന പ്രബന്ധങ്ങൾ, വിവര സ്രോതസുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഇത് നൽകുന്നു.

*(ഈ ലേഖനം ഇന്ത്യൻ കൌൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് (ICSSR) ധനസഹായത്തോടെ 'കേരളത്തിലെ കർഷകർക്കിടയിൽ അഗ്രിപ്രെന്യൂറിയൽ സ്കിൽസ്' എന്ന ഒരു പ്രധാന പദ്ധതിയുടെ ഭാഗമാണ് ന്യൂഡൽഹി, 02/14101/ഒബിസി/2021 22/ഐസിഎസ്എസ്ആർ/ആർപി/എഞ്ജെ തീയതി പ്രകാരം അനുവദിച്ചു: 12/മാർച്ച്/2022)*

■

(മഞ്ചേശ്വരം ജി പി എം ഗവണ്മെന്റ് കോളേജിലെ കൊമേഴ്സ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറാണ് ശ്രീ സജീന്ദ്രൻ വി )

## References

1 Ahmed, T., Hasan, S., & Haneef, R. (2011). Entrepreneurial characteristics of the agripreneurs under the Scheme of Agriclinics & Agri-business Centres. *Journal of Community Mobilization and Sustainable Development, 6(2),* 145-149.

2 Bolarinwa, Kayode Omotayo, and C. Chimezei Okolocha. 2016. "Entrepreneurial Skills Needed by Farm Youths for Enhanced Agricultural Productivity." *Journal of Economics and Sustainable Development 7 (16):* 65-71.

3 Elakkiya, S., & Asokhan, M. A Tool to Measure Entrepreneurial Skill among Agripreneurs.

4 Ibrahim, Najafi Auwalu, and Esuh Ossai-Igwe Lucky. 2014. "Relationship between Entrepreneurial Orientation, Entrepreneurial Skills, Environmental Factor and Entrepreneurial Intention among Nigerian Students in UUM." *Entrepreneurship and Innovation Management Journal 2 (4):* 11. http://www.absronline.org/journals/index.php/eimj/article/view/365.

5 Jimoh, I. B., & Ogunsanwo, A. (2018). Agripreneurship as a Prime Means for Reducing Unemployment among Nigerians Youth in Yewa South Local Government, Ogun State. *Journal of Business & Educational Policies: A bi-annual Journal of the National Association of Policy Educators, Federal College of Education (Tech.) Akoka-Lagos, 14(2),* 245-256.

6 Jones, Jeffrey. 2015. "Developing the entrepreneurial skills of farmers; somemyths explored Jarkko." *Gallup* 44 (0): 1-21.

7 K.Balasaravanan, and Dr.J.Vijayadurai. 2012. "Entrepreneurial Behavior among Farmers - An Empirical Study." *International Journal of Enginering and Management Research 2 (1).*

8 McElwee, Gerard 2006. "The Enterprising Farmer: A Review of Entrepreneurship in Agriculture." *Journal of the Royal Agricultural Society of England 167.*

9 Morgan, Selyf Lloyd, Terry Marsden, Mara Miele, and Adrian Morley. 2010. "Agricultural Multifunctionality and Farmers' Entrepreneurial Skills: A Study of Tuscan and Welsh Farmers." *Journal of Rural Studies 26 (2):* 116-29. https://doi.org/10.1016/j.jrurstud.2009.09.002.

10 Rezai, Golnaz, Zainalabidin Mohamed, and Mad Nasir Shamsudin. 2011. "Informal Education and Developing Entrepreneurial Skills among Farmers in Malaysia." *World Academy of Science, Engineering and Technology 79 (7):* 254-61. https://doi.org/10.5281/zenodo.1055709.

11 Vik, Jostein, and Gerard Mcelwee. 2011. "Diversification and the Entrepreneurial Motivations of Farmers in Norway." *Journal of Small Business Management 49 (3):* 390-410. https://doi.org/10.1111/j.1540-627X.2011.00327.x.

GIFT GULATI INSTITUTE OF FINANCE AND TAXATION

# അടിസ്ഥാന പലിശ നിരക്കിലെ മാറ്റവും നടപ്പാക്കുന്നതിലെ അമാന്തവും – ഒരു അവലോകനം

അശ്വതി റേച്ചൽ വർഗീസ്

ഒക്ടോബറിൽ ചേർന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പണനയ അവലോകന സമിതിയുടെ (മോണിറ്ററി പോളിസി കമ്മറ്റി – എം പി സി) യോഗം അടിസ്ഥാന പലിശ നിരക്കായ റിപ്പോ നിരക്ക് 6.5 ശതമാനം എന്ന തോതിൽ മാറ്റമില്ലാതെ തുടരാൻ തീരുമാനിച്ചു. 'അക്കോമഡേഷൻ സ്റ്റാൻസ്'എന്ന നില പിൻവലിക്കുന്നത് തുടരുന്നതിന് അനുകൂലമായിരുന്നു എം പി സിയുടെ തീരുമാനം. ആഗോളതലത്തിലെ വളർച്ചാ നിരക്കിലെ അനിശ്ചിതത്വം, പശ്ചിമേഷ്യയിലും മറ്റും ഉടലെടുത്തിട്ടുള്ള പ്രതിസന്ധികൾ, പണപ്പെരുപ്പ നിരക്ക് തുടർച്ചയായി ഉയരുന്ന സാഹചര്യം എന്നിവ കൂടാതെ മൺസൂൺ ലഭ്യതയെ കുറിച്ചുള്ള ആശങ്കയും റിസർവ് ബാങ്കിന്റെ തീരുമാനത്തെ സ്വാധീനിക്കുകയുണ്ടായി. രാജ്യത്തിൻറെ വളർച്ചാ നിരക്ക്, പണപ്പെരുപ്പം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് വ്യക്തമായ നിരീക്ഷണങ്ങൾ പങ്ക് വച്ച ആർ ബി ഐ കൃത്യമായ ഫലപ്രാപ്തി ലക്ഷ്യം വച്ച് കൊണ്ട് ബാങ്കുകൾ പണത്തിന്റെ ഒഴുക്ക് ത്വരിതമാക്കുന്നതിന്റെ ആവശ്യകതയെ കുറിച്ചും വ്യക്തമാക്കുകയുണ്ടായി. 2022 മെയ് മാസത്തിന് ശേഷം റിപ്പോ നിരക്കിൽ 250 ബേസിസ് പോയിന്റ് വർധന വരുത്തിയെങ്കിലും പണത്തിന്റെ ഒഴുക്കിന്റെ കാര്യത്തിലെ മാറ്റങ്ങൾ പ്രായേണ മന്ദഗതിയിലാണെന്നാണ് സൂചികകൾ വ്യക്തമാക്കുന്നത്. ഇത്, വില സ്ഥിരതക്ക് വേണ്ടി നടത്തുന്ന ശ്രമങ്ങൾക്ക് തിരിച്ചടിയാവുകയുണ്ടായി. റിപ്പോ നിരക്കിന് ആനുപാതികമായ മാറ്റം പണത്തിന്റെ ഒഴുക്കിന്റ കാര്യത്തിൽ ഉണ്ടായില്ല എന്ന വിലയിരുത്തലാണ് റിസർവ് ബാങ്ക് നടത്തുന്നത്. അതായത് റിപ്പോ നിരക്ക് ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നിക്ഷേപ, വായ്പ നിരക്കുകളിൽ കാര്യമായ മാറ്റം വരുത്തിയിട്ടില്ലെന്നാണ് ഇതിനർത്ഥം (ആർ ബി ഐ–2023). ചെറിയ ഒരിടവേളക്ക് ശേഷം പണപ്പെരുപ്പത്തിനെതിരായ പോരാട്ടം ശക്തമാക്കുന്നതിനും ഒപ്പം ലിക്വിഡിറ്റി നിയന്ത്രണ വിധേയമാക്കുന്നതിനുമാണ് റിസർവ് ബാങ്ക് ലക്ഷ്യം വയ്ക്കുന്നത്.

ഇത്തരത്തിലുള്ള മന്ദഗതിയിലുള്ള മാറ്റ ത്തിന്റെ സാഹചര്യത്തിൽ റിസർവ് ബാങ്ക് ഹ്യസ്വ കാലത്തേക്കുള്ള ലിക്വഡിറ്റി പ്രശ്നങ്ങൾ

***2022 മെയ് മാസത്തിന് ശേഷം പണനയ അവലോകന സമിതി (എം പി സി) റിപ്പോ നിരക്കിൽ 250 ബേസിസ് പോയിന്റിന്റെ വർധന വരുത്തിയെങ്കിലും, ബാങ്കിങ് മേഖലയിൽ നിന്നുള്ള സൂചനകൾ കാണിക്കുന്നത് മന്ദഗതിയിലാണ് ഇത് ബാങ്കിങ് രംഗത്ത് പ്രാവർത്തികമാകുന്നത് എന്നാണ്. ഇത് വില സ്ഥിരത സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്.***

***അടിസ്ഥാന നിരക്കുകളിൽ മാറ്റം വരുത്തുന്ന തവണകളും ഉയർത്തുന്നതിന്റെ തോതും മുൻകാലങ്ങളെ പോലെ അത്ര തീവ്രമല്ല എന്ന് കാണാം. എന്നാൽ ആഗോള രാഷ്ട്രീയ മേഖലയിൽ ഉയരുന്ന സമ്മർദ്ദവും ഉയരുന്ന എണ്ണ, ഉൽപ്പന്ന വിലകളും കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളും പണപ്പെരുപ്പത്തിന്റെ കാര്യത്തിൽ ഉയർത്തുന്ന ആശങ്കകൾ ശക്തമാണ് . ഇത് കർക്കശമായ പണനയം കുറച്ചുകാലം കൂടി തുടരുന്നതിന് കാരണമായേക്കാം.***

പരിഹാരിക്കുന്നതിനായി ഓപ്പൺ മാർക്കറ്റ് ഓപ്പറേഷന് (ഒ എം ഒ) തുനിയുകയുണ്ടായി. പത്തു വർഷകാലാവധിയിലുള്ള സർക്കർ ബോണ്ടുകളിൽ നിന്നുള്ള വരുമാനം 12 ബേസിസ് പോയിന്റ് അതായത് 7.34 ശതമാനത്തിലേക്ക് ഉയരുന്നതിന് ഇത് കാരണമായി. ഒക്ടോബർ ആറിന് എം പി സി യോഗം കഴിയുന്ന വേളയിൽ ഈ നിരക്ക് ഏഴു മാസത്തിനിടയിൽ ഏറ്റവും ഉയർന്ന തോതിലായിരുന്നു (ട്രേഡിങ് എക്കണോമിക്സ്-2023). ഈ സാഹചര്യത്തിൽ റിപ്പോ നിരക്ക് ഉയർന്ന തോതിൽ തുടരുന്ന ഈ ഘട്ടത്തിലെ പണത്തിന്റെ ഒഴുക്കിൽ സംഭവിക്കുന്ന മാറ്റങ്ങളെ കുറിച്ചാണ് ഈ ലേഖനം പരിശോധിക്കുന്നത്. ഇതിന് അടിസ്ഥാനമായ കാരണങ്ങളെ കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്.

സാമ്പത്തിക ലോകത്തെ പ്രത്യേകിച്ച്, ആഗോള തലത്തിലെ അനിശ്ചിതത്വവും ശക്തമായി ഉയരുന്ന വിലകയറ്റവും പണനയം കൂടുതൽ കാർക്കശ്യമുള്ള താക്കുന്നതിനെ പിന്തുണക്കുന്നതാണ്. പണപ്പെരുപ്പം പിടി വിട്ട് ഉയരുന്ന ഒരു സാഹചര്യത്തിൽ വില സ്ഥിരത കൈവരിക്കുക എന്ന ലക്ഷ്യത്തോ ടെയുള്ള താണ് ഈ നീക്കം. ഇത്തരത്തിൽ വിലസ്ഥിരത കൈവരുത്തുക എന്ന വലിയ ലക്ഷ്യത്തെ സ്വാധീനിക്കുന്ന പരമ പ്രധാന മായ കാര്യം പലിശ നിരക്കിൽ റിസർവ് ബാങ്ക് വരുത്തുന്ന മാറ്റങ്ങൾ എങ്ങനെ സാമ്പത്തിക ലോകത്തെ സ്വാധീനിക്കുന്നു എന്നതാണ്. ബാങ്കിങ് സമ്പ്രദായം ശക്തമായ ഒരു സമ്പദ്ഘടനയിൽ പണനയത്തിൽ വരുത്തുന്ന മാറ്റങ്ങൾ പ്രധാനമായും പ്രതിഫലിക്കുക ബാങ്കുകൾ വഴിയാണ്. അതായത് ഉയർന്ന അടിസ്ഥാന പലിശ നിരക്കുകൾ വായ്പ ചെലവുകൾ കുത്തനെ ഉയരുന്നതിന് കാരണമായി മാറുന്നു. എന്നാൽ, ഇപ്പോൾ കാണുന്ന 'പ്രതിഭാസം' അടിസ്ഥാന നിരക്കുകൾ ഉയർന്ന തോതിലാവുമ്പോഴും നിക്ഷേപ, വായ്പ നിരക്കുകൾ പ്രായേണ താഴ്ന്ന തോതിൽ തന്നെ തുടരുന്നു എന്നതാണ്.

### കർക്കശ ധനനയ ഘട്ടത്തിൽ പണത്തിന്റെ ഒഴുക്ക്

2022 മെയ് മാസം മുതൽക്കാണ് റിസർവ് ബാങ്ക് കർക്കശമായ പണനയത്തിന് തുടക്കം കുറിക്കുന്നത്. സപ്ലൈ ചെയിനിൽ ദീർഘ കാലമായി തുടർന്ന് വന്ന പ്രതിസന്ധികൾ അസംസ്കൃത സാധനങ്ങളുടെ വില ഉയർത്തി യതും, ക്രൂഡ് വിലയിലെ നിമ്നോന്നതവും, കാലാവസ്ഥാ വ്യതിയാനവുമാണ് ഇതിന് അടിസ്ഥാനമായതെന്ന് കാണാം. അതുകൊണ്ട് പണപ്പെരുപ്പം കുറയ്ക്കുന്നതിനുള്ള നീക്കങ്ങൾ ത്വരിതഗതിയിലാക്കുക, ഡിമാൻഡ് ഉയർത്തുക എന്നിവയും ഒപ്പം കോവിഡ് മഹാമാരിക്ക് ശേഷം ഉത്തേജക പാക്കേജുകൾ ഇല്ലാതായതും അടക്കമുള്ള കാരണങ്ങളാണ് ഈ മാറ്റത്തിന് തുടക്കം കുറിച്ചത്. ആഗോളതലത്തിൽ തന്നെ ഇത്തരത്തിലുള്ള ഒരു ചുവട് മാറ്റം നമുക്ക് കാണാം. പട്ടിക ഒന്ന് ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. നേരത്ത പ്രസ്താവിച്ച

***മാർജിനൽ കോസ്റ്റ് ലെൻഡിങ് റേറ്റ് (എം സി എൽ ആർ), വെയ്റ്റഡ് ആവറേജ് ഡൊമസ്റ്റിക് ടെം ഡെപ്പോസിറ്റ് റേറ്റ് (ഡബ്ള്യു എ ഡി ടി ഡി ആർ), വെയ്റ്റഡ് ആവറേജ് ലെൻഡിങ് റേറ്റ് (ഡബ്ള്യു എ എൽ ആർ) തുടങ്ങിയ സൂചികകൾ പണനയം പ്രവർത്തികമാക്കുന്നതിന്റെ കരുത്തിനെയാണ് സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംഭവിക്കുന്ന മന്ദഗതിയിലുള്ള മാറ്റത്തെയാണ് ഇപ്പോൾ ഈ സൂചികകൾ പ്രകടമാക്കുന്നത്***

ക്രൂഡ് വിലക്കയറ്റം അടക്കമുള്ള കാര്യങ്ങൾക്ക് പുറമെ ഉയരുന്ന പണപ്പെരുപ്പം ആഗോള തലത്തിൽ ഒരു വലിയ ഭീഷണിയായി തുടരുകയാണ്. കർക്കശമായ പണനയം കൂടുതൽ കാലത്തേക്ക് തുടരുന്നതിന് ഇത് വഴിയൊരുക്കിയേക്കാം (പട്ടിക –1).

മാർജിനൽ കോസ്റ്റ് ഓഫ് ലെൻഡിങ് റേറ്റ് (എം സി എൽ ആർ), വെയ്റ്റഡ് ആവറേജ് ഡൊമസ്റ്റിക് ടെം ഡെപ്പോസിറ്റ് റേറ്റ് (ഡബ്ള്യു എ ഡി ടി ഡി ആർ), വെയ്റ്റഡ് ആവറേജ് ലെൻഡിങ് റേറ്റ് (ഡബ്ള്യു എ എൽ ആർ) തുടങ്ങിയ സൂചികകൾ സമ്പദ്ഘടനയിലെ പണത്തിന്റെ ഒഴുക്കിന്റെ കരുത്തിനെയാണ് പ്രകടമാക്കുന്നത്. നിലവിലെ നിക്ഷേപ പലിശ നിരക്കുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന വായ്പ പലിശ നിരക്ക് എം സി എൽ ആർ കണക്കാക്കുന്നതിനെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒന്നാണ്. പലിശ നിരക്കുകളുടെ നിർണ്ണയത്തിൽ ഇത് നിർണ്ണായകവുമാണ്. റിപ്പൊ നിരക്ക് തുടർച്ചയായി 250 ബേസിസ് പോയിന്റ് ഉയർത്തിയപ്പോൾ പൊതുമേഖലാ ബാങ്കുകൾ എം സി എൽ ആറിൽ 145 ബി പി എസും സ്വകാര്യ മേഖല ബാങ്കുകൾ 132 ബി പി എസുമാണ് ഉയർത്തിയിട്ടുള്ളതെന്ന് കാണാം. എന്നാൽ സ്വകാര്യ ബാങ്കുകളുടെ എം സി എൽ ആർ പൊതുമേഖലാ ബാങ്കുകളുടേതിനേക്കാൾ കൂടുതലായി അടിസ്ഥാന നിരക്കുമായി ചേർന്ന് പോകുന്നതായി കാണാം (രേഖാചിത്രം–1 ).

റെപ്പോ റേറ്റിൽ 250 ബേസിസ് പോയിന്റ് ഉയർത്തിയപ്പോൾ പുതിയതും നിലവിലുള്ളതമായ വായ്പകളുടെ ഡബ്ള്യു എ എൽ ആർ വർധിച്ചത് യഥാക്രമം 196 ബേസിസ് പോയിന്റും 110 ബേസിസ് പോയിന്റും വീതമാണ്. ഇവിടെ സ്വകാര്യ മേഖലയിലെ ബാങ്കുകളുടെ ഡബ്ള്യു എ എൽ ആർ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളേക്കാൾ കൂടുതലാണ്. അതായത് പൊതുമേഖലാ ബാങ്കുകളെക്കാൾ മാറ്റം വേഗത്തിലാവുന്നത് സ്വകാര്യ ബാങ്കുകളുടെ കാര്യത്തിലാണ്

**Table 1:** Previous interest rate tightening cycles in India

| Date | Duration of hike (months) | Quantum of hike (bps) | Rate at the beginning of the cycle | Rate at the end of the cycle |
|---|---|---|---|---|
| October 2005-October 2008 | 36 | 300 | 6.00% | 9.00% |
| March 2010-March 2012 | 24 | 325 | 4.75% | 8.00% |
| September 2013-August 2014 | 11 | 75 | 7.25% | 8.00% |
| June 2018-January 2019 | 7 | 50 | 6.00% | 6.50% |
| May 2022- Current | 17 | 250 | 4.00% | 6.50% |

*Source: RBI*

എന്നർത്ഥം. പൊതുമേഖലാ ബാങ്കുകൾ പുതിയ വായ്പകളുടെ കാര്യത്തിൽ ഡബ്ല്യു എ എൽ ആർ 203 ബി പി എസ് ഉയർത്തിയെങ്കിലും സ്വകാര്യ സ്വകാര്യ ബാങ്കുകൾ 163 ബി പി എസ് മാത്രമാണ് വർധിപ്പിച്ചത് (രേഖാചിത്രം–2). അടിസ്ഥാന പലിശ നിരക്ക് കുറയ്ക്കുന്ന ഘട്ടത്തിൽ തദനുസൃതമായി നിരക്കുകൾ കുറയ്ക്കുന്ന കാര്യത്തിൽ സ്വകാര്യ ബാങ്കുകൾ അമാന്തം കാണിക്കുന്നുണ്ട്. നിലവിലുള്ള വായ്പകളുടെ കാര്യത്തിലും ഈ സ്ഥിതി പ്രകടമാണ്. പൊതുമേഖലാ ബാങ്കുകളുടെ കാര്യത്തിൽ ഇത് 104 ബി പി എസും സ്വകാര്യ ബാങ്കുകളുടെ കാര്യത്തിൽ 102 ബി പി എസുമാണ്.

ആസ്തിയും ബാധ്യതകളും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് നിക്ഷേപ നിരക്കുകളിൽ ബാങ്കുകൾക്ക് ചില നീക്കുപോക്കുകൾ അനിവാര്യമാണ്. ഇതിനായി പുതിയതും നിലവിലുള്ളതുമായ നിക്ഷേപങ്ങളുടെ വെയ്റ്റഡ് ആവറേജ് ഡൊമസ്റ്റിക് ടെം ഡിഓപ്പോസിറ്റ് റേറ്റ് (ഡബ്ല്യു എ ഡി ടി ഡി ആർ) ഉയർത്തി നിശ്ചയിക്കുന്നു. എന്നാൽ ഇത് വായ്പ നിരക്കിനോളം ഉയർത്തി നിശ്ചയിക്കാറില്ല, പ്രത്യേകിച്ച് സ്വകാര്യ ബാങ്കുകൾ. പൊതുമേഖലാ ബാങ്കുകൾ പുതിയ നിക്ഷേപങ്ങളുടെ കാര്യത്തിൽ അടിസ്ഥാന നിരക്കുകൾക്ക് ആനുപാതികമായി ഉയർത്താറുണ്ട്. എന്നാൽ നിലവിലെ നിക്ഷേപങ്ങളുടെ കാര്യത്തിൽ ഇത് എല്ലാ ബാങ്കുകളുടേതിനും ഒപ്പമാണെന്ന് കാണാം. പുതിയ നിക്ഷേപങ്ങളുടെ കാര്യത്തിൽ ഡബ്ല്യു എ ഡി ടി ഡി ആർ 233 ബി പി എസ് ഉയർത്തിയപ്പോൾ പൊതുമേഖലാ ബാങ്കുകൾ 242 ബി പി എസും സ്വകാര്യ ബാങ്കുകൾ 195 ബി പി എസുമാണ് ഉയർത്തിയത് (രേഖാചിത്രം –3)

ഇത്തരത്തിൽ പണനയത്തിന്റെ മന്ദഗതിയിലുള്ള നടപ്പാക്കൽ അല്ലെങ്കിൽ റീപോ നിരക്കിന്റെ കുറഞ്ഞ ഫലപ്രാപ്തി, കാലങ്ങളായി ഉയർന്നു കേൾക്കുന്ന ഒരു സുപ്രധാന ചോദ്യമാണ്. പണനയം കൂടുതൽ കർക്കശമാക്കുന്ന വേളകളിൽ പണത്തിന്റെ ഒഴുക്ക് വേഗത്തിലാകുന്നത് കാണാം. വായ്പകളുടെ പലിശ നിരക്കുകൾ അധികവും വിപണിയിലെ മാറ്റത്തിനനുസരിച്ച് മാറ്റം വരുത്താവുന്നതാണ് (വേരിയെബിൾ) എന്നതാണ് ഇതിന് കാരണം. എന്നാൽ ഇത്തരമൊരു സാഹചര്യത്തിലും കാര്യങ്ങൾ മന്ദഗതിയിലാകുന്നു എന്നത് ഒരു പ്രശ്നം തന്നെയാണ്.

## പണനയ മാറ്റത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ

നിരവധി ഘടകങ്ങൾ ഈ മാറ്റത്തെ സ്വാധീനിക്കുന്നതായി കാണാം. നിക്ഷേപ നിരക്കുകളും വായ്പയുടെ നിരക്കുകളും തമ്മിലുള്ള അന്തരം ഇതിൽ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പൊതുവിൽ നോക്കുമ്പോൾ, കർക്കശമായ ധനയത്തിന് അനുഗുണമല്ലാത്ത വിധത്തിൽ ബാങ്കിങ് സംവിധാനത്തിലെ കുറഞ്ഞ നിക്ഷേപ പലിശ നിരക്കുകൾ എം സി എൽ ആറിനെ ഉയർത്തുന്നത് നിയന്ത്രിക്കുന്നതായും അത് റിസർവ് ബാങ്ക് പ്രതീക്ഷിച്ചിരുന്നതിനേക്കാൾ കുറഞ്ഞ തോതിൽ വായ്പ നിരക്കുകൾ തുടരുന്നതിനു കാരണമായിട്ടുണ്ട് എന്ന് കാണാവുന്നതാണ്. ഇത് പൊതുമേഖലാ ബാങ്കുകൾക്കും സ്വകാര്യ മേഖല ബാങ്കുകൾക്കും ഒരു പോലെ ബാധകമായിട്ടുണ്ട്

ആസ്തികളും ബാധ്യതകളും തമ്മിൽ ഉള്ള പൊരുത്തക്കേട് ഇത്തരത്തിൽ നയപരമായ തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ ബാങ്കുകളെ സ്വാധീനിക്കുന്നുണ്ട്. ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ കാര്യമെടുത്താൽ വായ്പകളിലെ വർധന, നിക്ഷേപ വർദ്ധനയെക്കാൾ അധികമാണെന്ന് കാണാം. 2023–24 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ വായ്പകൾ 16 ശതമാനം ഉയർന്നപ്പോൾ നിക്ഷേപത്തിൽ ഉണ്ടായ വർധന 12.6 ശതമാനമാണ്. ബാങ്കുകളിലെ നിക്ഷേപത്തിന്റെ വളർച്ചയുടെ അധിക പങ്കും കാലാവധി നിക്ഷേപങ്ങളിലാണ്. കറന്റ്, സേവിങ്സ് അക്കൗണ്ടുകളിൽ (സി എ എസ് എ) അത്ര

**Figure 1:** Banking system's response to change in repo rate




*Source: RBI*

**Figure 2:** WALR on fresh (a) and outstanding loans (b) (In percentage)

(a)



(b)




*Source: RBI*

**Figure 3:** WADTDR on fresh (a) and outstanding deposits (b) (In percentage)

(a)



(b)




*Source: RBI*

കണ്ട് വർധന പ്രകടമായിട്ടില്ല. ഇത് ബാങ്കുകളുടെ ബാധ്യത കൂടുതൽ ഉയർത്തുന്നു. അടിസ്ഥാന പലിശ നിരക്കുകൾക്കൊപ്പം വായ്പാ നിരക്ക് ഉയർത്തുന്നത് വായ്പയുടെ തോതിനെ കാര്യമായി ബാധിക്കുകയും അത് ആസ്തികളും ബാധ്യതകളും തമ്മിലുള്ള പ്രകടമായ അന്തരത്തിന് വഴി തുറക്കുകയും ചെയ്യും.

റിസർവ് ബാങ്ക് തങ്ങളുടെ അധിക ഫണ്ട് സർക്കാരിന് കൈമാറിയത് വഴി സർക്കാർ ചെലവുകൾ ഉയർന്നത് മൂലം സെപ്റ്റംബർ പകുതി വരെ കണ്ട ബാങ്കിങ് മേഖലയിലെ അധികരിച്ച പണലഭ്യതയും മൂലധന വളർച്ചയും അടിസ്ഥാന പലിശ നിരക്കുകളുടെ പ്രതിഫലനം ബാങ്കിങ് രംഗത്ത് ഉണ്ടാകുന്നതിന് പ്രതികൂലമായി. എന്നാൽ ഈയിടെ ഇത്തരത്തിൽ ഉണ്ടായ ലിക്വിഡിറ്റി കുറയുകയും അത് കമ്മിയാകുന്ന സ്ഥിതിയിലേക്ക് നയിക്കുകയും ചെയ്തു. ജി എസ് ടി ഇനത്തിലെ മുൻകൂർ നികുതി അടക്കൽ കാരണം ഇത് 3.4 ലക്ഷം കോടിയായി വർധിക്കുകയുണ്ടായി. ലിക്വിഡിറ്റി കർക്കശമായി നിയന്ത്രണ വിധേയമാക്കുന്ന വിധത്തിൽ കാഷ് റിസർവ് അനുപാതം ഉയർത്തിയിട്ടും ഈ സ്ഥിതി സംജാതമായി (ആർ ബി ഐ –2023).

ഉത്സവ സീസൺ സമാഗതമാകുന്നതോടെ

***നിക്ഷേപങ്ങളുടെ പലിശ നിരക്കിനേക്കാൾ വേഗത്തിൽ വായ്പകളുടെ നിരക്കുകളിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ സ്വകാര്യ ബാങ്കുകളാണ് പൊതുമേഖലാ ബാങ്കുകളേക്കാൾ മുന്നിൽ.***

***നയപരമായ സ്ഥിരതയുടെ കാര്യത്തിലും അടിസ്ഥാന പലിശ നിരക്കുകളും കാര്യത്തിലും ഒക്ടോബറിലെ റിസർവ് ബാങ്കിന്റെ പ്രഖ്യാപനങ്ങൾ പ്രതീക്ഷിച്ച വിധത്തിലായിരുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ വളർച്ചാ നിരക്ക് 6.5 ശതമാനമായും പണപ്പെരുപ്പ നിരക്ക് 5.4 ശതമാനമായും നിലനിർത്തു കയാണുണ്ടായത്. പണപ്പെരുപ്പത്തിന്റെ അനുയോജ്യ നിരക്കായി 4 ശതമാനമാണ് റിസർവ് ബാങ്ക് കാണുന്നത്. ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നുണ്ട്. വിലക്കയറ്റം ഉയർത്തുന്ന ഭീഷണിയെ കുറിച്ചും അത് തുടർച്ചയായി സംഭവിക്കുന്ന സാഹചര്യത്തെയും കൃത്യമായി നിരീക്ഷിക്കേണ്ടതിനെ കുറിച്ചും എടുത്തു പറയുന്നു. വിലക്കയറ്റം സമീപ ഭാവിയിൽ പിടിച്ചുകെട്ടാനാകുമെന്ന ശുഭാപ്തി വിശ്വാസം പ്രകടിപ്പിക്കുണ്ടെങ്കിലും അടുത്തകാലത്തുണ്ടായ രാജ്യാന്തര പ്രശ്നങ്ങൾ അതിന്മങ്ങലേല്പിക്കുന്നതാണ്.***

ലിക്വഡിറ്റി നില തിരിച്ചാകാം. അതുകൊണ്ട് നിരക്കുകളിൽ മാറ്റം വരുത്താതെ തന്നെ ലിക്വിഡിറ്റി നിലനിർത്തുന്ന തരത്തിലുള്ള ഒ എം ഒ സങ്കേതങ്ങളിലാണ് റിസർവ് ബാങ്ക് കൂടുതലായി ഊന്നിയത്. കുറഞ്ഞതോതിലുള്ള നിഷ്ക്രിയ ആസ്തികളാണ് ഇത്തരത്തിൽ റിസർവ് ബാങ്ക് നിർദേശങ്ങൾ പ്രവർത്തിക മാക്കുന്നതിനുള്ള അനുകൂല സാഹചര്യം (മിന്റ്-2023). 2023 ജൂൺ മാസത്തിലെ കണക്കുകൾ പ്രകാരം ബാങ്കുകളുടെ മൊത്തം നിഷ്ക്രിയ ആസ്തി 25.6 ശതമാനമാണ്. എന്നാൽ നിഷ്ക്രിയ ആസ്തികൾ കുറയുന്ന സാഹചര്യത്തിലും ഇത്തരത്തിൽ റിസർവ് ബാങ്ക് നിർദേശങ്ങൾ പാലിക്കപ്പെടാത്ത സ്ഥിതിയാണ് കാണുന്നത്.

**തുടർന്നുള്ള മാറ്റം**

രണ്ടു കാരണങ്ങൾ കൊണ്ട് റിസർവ് ബാങ്ക് തങ്ങളുടെ നിലവിലെ നയത്തിൽ മാറ്റം വരുത്തുകയില്ലെന്ന് വിലയിരുത്താം. ഒന്ന്, ആർ ബി ഐ നിലപാടുകൾ പ്രായോഗികമായി സ്വീകരിക്കുന്നതിന് ബാങ്കുകൾക്ക് ഇനിയും സാവകാശമുണ്ട്. വിലക്കയറ്റമെന്ന ദുർഭൂതത്തിന്റെ പിടിയിൽ ഇനിയും അയവ് വന്നിട്ടില്ല. 4 ശതമാനം എന്ന നിലയിലേക്ക് വരുന്നത് വരെ പണപ്പെരുപ്പ നിയന്ത്രണത്തിൽ കാര്യമായ ഊന്നൽ ആവശ്യമാണ്. വളർച്ച 6.5 ശതമാനം എന്ന നിലയിലും പണപ്പെരുപ്പം 5.4 ശതമാനം എന്ന നിലയിലും തുടരുകയാണ് (രേഖാചിത്രം - 4).

എന്നാൽ പണപ്പെരുപ്പത്തിന്റെ ത്രൈമാസ സ്ഥിതിയിൽ നേരിയ മാറ്റം പ്രകടമായിട്ടുണ്ട്. രണ്ടാം പാദത്തിൽ റിസർവ് ബാങ്ക് പണപ്പെരുപ്പ അനുമാനം 20 ബി പി എസ് ഉയർത്തി 6.4 ശതമാനമാക്കിയിട്ടുണ്ട്. മൂന്നാം പാദത്തിലേക്ക് വരുമ്പോൾ ഇത് 10 ബി പി എസ് താഴ്ത്തി 5.6 ശതമാനമാണ് കണക്കാക്കുന്നത്. നാലാം പാദത്തിൽ 5.2 ശതമാനവുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ റിസർവ് ബാങ്കിന്റെ നിഗമനം അനുസരിച്ച് ശരാശരി പണപ്പെരുപ്പം 5.2 ശതമാനമായിരിക്കും. (രേഖാചിത്രം-4). എന്നാൽ നയപരമായ നിലപാട് പണപ്പെരുപ്പത്തെ

***ധനപരമായ തീരുമാനങ്ങൾ ബാങ്കിങ് രംഗത്ത് വേഗത്തിൽ നടപ്പാകുന്ന കാര്യത്തിലെ നിർണ്ണായകമായ രണ്ടു ഘടകങ്ങളാണ് ആസ്തികളും ബാധ്യതകളും തമ്മിലുള്ള അന്തരവും ഒപ്പം ലിക്വിഡിറ്റിയുമെന്ന് കാണാം.***

***റിസർവ് ബാങ്ക് നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിന് ബാങ്കുകളെ സംബന്ധിച്ചിടത്തോളം സാവകാശമുണ്ട്. എന്നാൽ പണപ്പെരുപ്പം രൂക്ഷമാകുന്ന സാഹചര്യത്തെ തള്ളിക്കളയാനാകില്ല. അത്തരം കാര്യങ്ങൾ ആർ ബി ഐ സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണ്. അതുകൊണ്ട് ഉയർന്ന അടിസ്ഥാന നിരക്കുകൾ കുറച്ചു കാലം കൂടി തുടരുന്നതിനുള്ള സാദ്ധ്യതകൾ ശക്തമാണ്.***

**Figure 4:** Changes in inflation forecast, August vis-à-vis October policy (In Percentage)




*Source: RBI*

4 ശതമാനം എന്ന നിലയിലേക്ക് പിടിച്ചു കെട്ടുക എന്നതാണ്. ഈ ലക്ഷ്യം നേടുന്ന കാര്യത്തിൽ എം പി സി വളരെ കരുതലോടെയാണ് നീങ്ങുന്നത് (ആർ ബി ഐ–2023). ഇതിനുള്ള പ്രധാന തടസങ്ങൾ വിത്തിറക്കൽ കുറയുന്നതും പരിപ്പ് വർഗങ്ങളുടെയും എണ്ണക്കുരുക്കളുടെയും വില ഉയരുന്നതുമാണ്. മഴ കുറയുന്നത് റബി സീസണിലെ കൃഷിയിറക്കലിനെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യവുമുണ്ട് ഇസ്രായേൽ – ഹമാസ് യുദ്ധം പൊട്ടിപുറപ്പെടുന്നതിന് മുൻപ് പണപ്പെരുപ്പം നിയന്ത്രിക്കാൻ കഴിയുമെന്ന ശക്തമായ പ്രതീക്ഷ റിസർവ് ബാങ്കിന് ഉണ്ടായിരുന്നു. എന്നാൽ ആഗോള രാഷ്ട്രീയ കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ ഇതിന് കടകവിരുദ്ധമായത് സംഭവിച്ചേക്കാമെന്ന ആശങ്കയും പ്രകടമാണ്. അതുകൊണ്ട് വിലകളിലെ കടുത്ത സമ്മർദം തുടരുന്നതിനുള്ള സാധ്യത തള്ളിക്കളയാനാകില്ല. പരിപ്പ് ഇനങ്ങളുടെ കുറഞ്ഞ കൃഷി, അണക്കെട്ടുകളിൽ ജലനിരപ്പ് കുറയുന്നത്, എൽ നിനോ പ്രതിഭാസം തുടങ്ങിയ നിരവധി ഘടകങ്ങൾ ഭക്ഷ്യവിലക്കയറ്റത്തെ സ്വാധീനിക്കുന്നതിനിടയുണ്ട്. ക്രൂഡ് ഓയിൽ വിലയിലെ

**Table 2**: Growth outlook unaltered (In Percentage)

| Q2FY24 | Q3FY24 | Q4FY24 | FY24 | Q1FY25 |
|---|---|---|---|---|
| 6.5 | 6.0 | 5.7 | 6.5 | 6.6 |

*Source: RBI*

അനിശ്ചിതത്വവും പണപ്പെരുപ്പത്തെ സ്വാധീനിക്കുന്ന മറ്റൊരു നിർണ്ണായക ഘടകമാണ് (പട്ടിക –2).

സാമ്പത്തിക വളർച്ച രണ്ടാം പാദത്തിൽ 6.5 ശതമാനവും മൂന്നാം പാദത്തിൽ 6 ശതമാനവും നാലാം പാദത്തിൽ 5.7 ശതമാനവും അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 6.6 ശതമാനവുമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആഗോളതലത്തിൽ പ്രതിസന്ധികൾ ഉരുണ്ടുകൂടുന്നുണ്ടെങ്കിലും ഇന്ത്യയുടെ സാമ്പത്തിക വളർച്ച ശക്തമാകുമെന്ന് തന്നെയെയാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. ആഗോള സാമ്പത്തിക പ്രതിസന്ധിയും രാഷ്ട്രീയമായ ആശങ്കകളുമാണ് വെല്ലുവിളികളായി കാണുന്നത്. സർക്കാർ മൂലധനച്ചെലവുകൾ ഉയർത്തുന്നതും ആഭ്യന്തര സാമ്പത്തിക സുസ്ഥിരതയുമാണ് വളർച്ചയെ ത്വരിതപ്പെടുത്തുന്ന പ്രധാന രാസത്വരകങ്ങൾ എന്ന് റിസർവ് ബാങ്ക് വിലയിരുത്തുന്നു.

**ഉപസംഹാരം**

അടിസ്ഥാന നിരക്കുകളിൽ മാറ്റം വരുത്താതിരിക്കുന്ന സാഹചര്യത്തിലും ഇക്കാര്യം ബാങ്കിങ് മേഖലയിലേക്ക് പരിവർത്തനം ചെയ്യപെടാതിരിക്കുന്നതിനെ കുറിച്ച് റിസർവ് ബാങ്ക് പരാമർശിക്കുന്നുണ്ട്. അതിനാൽ ഹ്യസ്വകാലത്തേക്ക് ലിക്വഡിറ്റി നിയന്ത്രിക്കുന്നതിന് ഒ എം ഒ തന്നെയാണ് അനുയോജ്യമായി റിസർവ് ബാങ്ക് കാണുന്നത്. പണപ്പെരുപ്പ നിരക്ക് കുറഞ്ഞു വരുന്നതിനെ കുറിച്ച് പ്രത്യേകം പരാമർശിക്കുന്ന ആർ ബി ഐ റിപ്പോർട്ട് ഭാവിയിൽ നിരക്ക് പരിമിതപ്പെടുത്താൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ്. ഈ സാഹചര്യത്തിൽ 2024–25 സാമ്പത്തിക വർഷത്തിൽ ശരാശരി പണപ്പെരുപ്പം 4.5 ശതമാനമാകുമെന്ന് കണക്കുകൂട്ടുന്നു. എന്നാൽ പലിശ നിരക്കുകളിലെ മാറ്റത്തെ മാത്രം ആശ്രയിക്കാതെ സമഗ്രമായ പണനയ പ്രതികരണങ്ങൾക്കായി ഇതര ഘടകങ്ങൾ കൂടി റിസർവ് ബാങ്ക് പരിഗണിക്കേണ്ടതുണ്ട്. വായ്പ നയത്തിലെ തീരുമാനങ്ങൾ പ്രതീക്ഷിച്ചതോതിൽ പ്രവർത്തികകമാകാത്ത സാഹചര്യത്തിൽ ഹൃസ്വ കാലത്തിൽ മാർക്കറ്റിലെ പണത്തിന്റെ ചംക്രമണം (ലിക്വഡിറ്റി) നിയന്ത്രിക്കുക എന്നത് ആർ ബി ഐയെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകമാണ്.

(ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ (ഗിഫ്റ്റ്) അസിസ്റ്റന്റ് പ്രൊഫസറാണ് ഡോ അശ്വതി റേച്ചൽ വർഗീസ്)

## References

1 FSR, Reserve Bank of India. (2023). *Financial Stability Report, June 2023.* Reserve Bank of India. https://rbidocs.rbi.org.in/rdocs//PublicationReport/Pdfs/0FSRJUNE20231159B36F45EA406E9D704BBC8F73D785.PDF

2 Mint, Newspaper. (2023, July 10). Back Back RBI MPC Minutes: *Inflation ruling above tolerance band, monetary policy to remain disinflationary.* https://www.livemint.com/economy/rbi-mpc-minutes-inflation-ruling-above-tolerance-band-monetary-policy-to-remain-disinflationary-11697716342968.html

3 RBI, Reserve Bank of India. (2023.). *Resolution of the Monetary Policy Committee (MPC) October 4 to 6, 2023.* Reserve Bank of India. Retrieved June 10, 2023, from https://www.rbi.org.in/Scripts/BS_PressReleaseDisplay.aspx?prid=56502

4 Trading Economics, G. B. (2023). *Trading Economics, 10Y Gsec Bonds India.* https://tradingeconomics.com/india/government-bond-yield

കേരള ഇക്കോണമി
പുസ്തകം 4 ലക്കം 3
ജൂലൈ – സെപ്റ്റംബർ 2023

GST updates

Relfi Paul

# GST collection hits Rs.1.62 trillion in september, 2023

The Central and state governments collected Rs.1,62,712 crore GST in September, marking the fourth highest monthly collection since the inception and a 10% annual growth from the year-ago period. Of the Rs. 1.62 lakh crore, CGST component was Rs 29,818 crore, SGST Rs 37,657 crore, IGST Rs 83,623 crore (including Rs. 41,145 crore collected on import of goods) and cess Rs 11,613 crore (including Rs 881 crore collected on import of goods). After IGST settlement, the central government received Rs.63,555 crore while states received Rs.65,235 crore. Proceeds from the GST cess levied on items like high-end automobiles stood at a robust Rs.11,613 crore.

The gross GST collection for the first half of the FY 2023-24 ending September, 2023 (Rs. 9,92,508 crore) was 11 per cent higher than the gross GST collection in the first half of FY 2022-23 (Rs. 8,93,334 crore). The average monthly gross collection in FY 2023-24 was Rs. 1.65 lakh crore, 11 per cent higher than average monthly gross collection for the first half of FY 2022-23 where it was Rs. 1.49 lakh crore (Figur -1).

It is clear that the revenue growth has been aided to a considerable degree by improved administrative efficiency as well as a structural shift: micro enterprises taking GST registration, broadening the tax base and increasing the formalization of the economy. While streamlining the indirect tax system has helped in stabilizing revenue collections, its potential is constrained by the vulnerability in India's consumption revival after the pandemic in the face of high inflation.

### Kerala registers 12% growth in GST revenues in September, 2023

Kerala has registered 12% year-over-year growth in GST revenue in September, 2023.Union Finance Ministry figures released on October 1 put the GST revenue collection of Kerala in September 2023 at Rs.2,505 crore. It was Rs.2,246 crore in September 2022. The collection for a given month pertains to the consumption of goods and services in the previous one. Kerala has recorded steady growth in GST revenues in the first and second quarters of the 2023-24 fiscal compared to the corresponding period last year. In the first quarter of the 2023-24 fiscal, Kerala had recorded 12% growth in GST revenues in April 2023, 11%

growth in May and 26% growth in June compared to same months in 2022. In the second quarter, State had recorded 10% growth in GST revenues in July and 13% growth in August compared to the same months in 2022. And as per the latest figures, 12% in September. The collection for July 2023 stood at Rs.2,381 crore against Rs.2,161 crore. The collection for August 2023 stood at Rs.2,306 crore. It was Rs.2,036 crore in August 2022 (Table-1).

The figures published by PIB also indicated an 8% growth in 'post-settlement State GST during the period April-September this year compared to 2022-23. Post-settlement GST is cumulative of GST revenues of the State and the SGST portion of the IGST settled to it. For Kerala, this has risen from Rs.14,594 crore during April-September 2022-23 to Rs.15,827 crore during the same period this financial year.

**Figur - 1**




**Table - 1**

| July 22 | July 23 | Growth | Aug.22 | Aug.23 | Growth | Sep.22 | Sep.23 | Growth |
|---|---|---|---|---|---|---|---|---|
| 2161 | 2381 | 10% | 2036 | 2306 | 13% | 2,246 | 2,505 | 12% |

*Source: PIB Press Release dated 1.7.23, 1.8.23, and 1.9.23*

**Recommendations of 50th and 51st GST Council Meetings**

The meeting of 50th GST Council was held under the Chairpersonship of the Union Minister for Finance & Corporate Affairs Smt. Nirmala Sitharaman in New Delhi on 11th July 2023. The meeting was also attended by Union Minister of State for Finance Shri Pankaj Chaudhary besides Finance Ministers of States & UTs and other senior officers of Central & State governments. The meeting, inter-alia the following recommendations relating to changes in GST tax rates, measures for facilitation of trade and measures for streamlining compliances in GST were made:

**I. Changes in GST Tax Rates:**

**A. Recommendations relating to GST rates on Goods**

1. It has been decided to reduce the rate on uncooked/unfried snack pellets, by whatever name called, to 5% and to regularise payment of GST on uncooked /unfried snack pellets during the past period on "as is basis".
